


ഭഗവത്ഗീതയിലെ ഉപദേശങ്ങൾ ഉൾക്കൊള്ളുന്ന ഗീതാ ക്ലാസ്സുകളാണ് ഗീതായജ്ഞം. ഭഗവാൻ ശ്രീകൃഷ്ണൻ അർജുനന് നൽകുന്ന സാരോപദേശങ്ങൾ സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ പറഞ്ഞുകൊടുക്കുക എന്നതാണ് യജ്ഞത്തിന്റെ ലക്ഷ്യം. 1951ൽ സ്വാമി ചിന്മയാനന്ദയാണ് ഗീതായജ്ഞം തുടങ്ങിവെച്ചത്. ഇപ്പോൾ കൊച്ചിയിൽ ചിന്മയ മിഷന്റെ വഴുതക്കാട് ശാഖയിലുള്ള ആചാര്യന്മാരിലൊരാളായ ഗുരു സന്ദീപ് ചൈതന്യ കൊച്ചിയിൽ നടത്തിയ ഗീതപ്രഭാവണത്തിന്റെ പൂർണ്ണരൂപമാണ് താഴെ നൽകുന്നത്

## -1-

## ഗീത പ്രമാണമാകണം

നമ്മുടെ ചെയ്തികൾക്ക് ഭഗവദ്ഗീത പ്രമാണമാകണം. അതിനുള്ള പരിശീലനമാണ് ഗീതാജ്ഞാന യജ്ഞത്തിൽ നടക്കുന്നത്. ഗീതാശാസ്ത്രം പ്രമാണമായിരിക്കട്ടെ എന്നാണ് ഭഗവാൻ കൃഷ്ണൻ അർജ്ജുനനെ ഉദ്ബോധിപ്പിച്ചത്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാർഗം ഗീതയിലൂടെ ആരായണം. ഗീതാജ്ഞാനം സ്വാംശീകരിച്ച് ഭഗവദ്ഗീത കരചരണങ്ങളിലൂടെ ഒഴുകുന്ന അവസ്ഥയെ പ്രാപിക്കണം.

## -2-

## അസൂയ ജനിക്കുമ്പോൾ യുദ്ധം തുടങ്ങുന്നു

മറ്റുള്ളവരിൽ അസൂയ ജനിപ്പിക്കുന്നിടത്താണ് യുദ്ധം ആരംഭിക്കുന്നത്. മഹാഭാരതത്തിലൂടെ വ്യാസൻ നൽകുന്ന ഈ സന്ദേശം എക്കാലവും പ്രസക്തമാണ്.

ഇന്ദ്രിയങ്ങൾക്ക് ഹരംപകരുംവിധത്തിലാണ് പാണ്ഡവർ ഇന്ദ്രപ്രസ്ഥം നിർമിച്ചത്. അസുരശില്പിയായ മയനെ ഖാണ്ഡവവനം ദഹിപ്പിച്ചപ്പോൾ രക്ഷിച്ചതിനുള്ള 'കൈക്കൂലി'യാണ് ഈ മഹാസൗധമെന്നു പറയാം. വാസസ്ഥലം എന്നലക്ഷ്യം മറന്ന് വിസ്മയിപ്പിക്കാനും അസൂയപ്പെടുത്താനുമാണിത് നിർമിച്ചത്.

ഇവിടെ ക്ഷണം സ്വീകരിച്ച് അതിഥിയായാണ് സുയോധനനെത്തിയത്. സ്ഥലജല വിഭ്രാന്തിയിൽപെട്ട് അദ്ദേഹം നിലംപതിക്കുമ്പോൾ പിടിച്ചെഴുന്നേല്പിച്ച് ക്ഷമാപണം നടത്തുകയായിരുന്നു വീട്ടുകാരിയായ പാഞ്ചാലി ചെയ്യേണ്ടിയിരുന്നത്. എന്നാൽ, വസ്ത്രങ്ങൾ സ്ഥാനംതെറ്റിയ സുയോധനന്റെ നഗ്നത കണ്ട് ചിരിക്കുകയാണ് ചെയ്തത്. ഈ നിമിഷത്തിൽ മഹാഭാരതയുദ്ധത്തിന് വിത്തുപാകപ്പെട്ടു. ഇതുപോലെ പാഞ്ചാലിയേയും പൊതുമധ്യത്തിൽ വിവസ്ത്രയാക്കി പരിഹാസ്യപാത്രമാക്കുമെന്ന് ദുര്യോധനൻ മനസ്സിലുറപ്പിച്ചു. ഈ തീരുമാനമാണ് മഹാഭാരതയുദ്ധമായി പരിണമിച്ചത്. നമ്മുടെ ഗൃഹനിർമാണവും ആഘോഷങ്ങളും വസ്ത്രധാരണവുമെല്ലാം പലപ്പോഴും മറ്റുള്ളവരെ വിസ്മയിപ്പിക്കാനും അസൂയപ്പെടുത്താനുമാണ് ലക്ഷ്യംവെയ്ക്കുന്നത്. പാണ്ഡവർ രാജസൂയം നടത്തിയതുപോലുള്ള വിവാഹ മാമാങ്കങ്ങളും ബർത്ത്ഡേ പാർട്ടികളും ആത്യന്തികമായി അസൂയയും കലഹവുമാണ് ജനിപ്പിക്കുന്നത്.ഏതു

പ്രവർത്തിക്കുമുമ്പും ധ്യാനം അനിവാര്യമാണ്. അപ്പോൾ ധർമമേത് അധർമമേത് എന്ന് വിവേചിച്ച് പ്രവർത്തിക്കാൻ കഴിയും. അങ്ങനെ ചെയ്താൽ പിന്നീട് പശ്ചാത്തപിക്കേണ്ടിവരില്ല. നരനാരായണ സംവാദമായിവേണം ഭഗവത്ഗീതയെ കാണാൻ.

# -3-

## താത്പര്യം സാധ്യമായാൽ ഗ്രന്ഥം അപ്രസക്തം

ഒരു ഗ്രന്ഥവും ഗ്രന്ഥത്തിനുവേണ്ടി രചിക്കപ്പെട്ടതല്ല. അറിവ് പകരുകയാണ് ഗ്രന്ഥത്തിന്റെ താത്പര്യം. ഇത് വായനക്കാരനിലേക്ക് പകരുന്നതോടെ ഗ്രന്ഥം അപ്രസക്തമാകും.

എണ്ണയുടെ താത്പര്യം ചുറ്റും പ്രകാശം പരത്തുകയാണ്. വെളിച്ചം പകരുന്നതോടെ എണ്ണ ഇല്ലാതാകും. ഇതുപോലെ തന്നെയാണ് ഗ്രന്ഥവും. കേവലം പുസ്തക രൂപത്തിൽ ഇതിനെ സമീപിക്കരുത്. വാക്കുകൾക്കും ലിപികൾക്കുമപ്പുറമുള്ളവയെ ആവാഹിച്ച മന്ത്രങ്ങളാണിത്. മനനം ചെയ്യുക വഴി ത്രാണനം ചെയ്യുന്നതാണ് മന്ത്രം. ഗ്രന്ഥത്തിന്റെ താത്പര്യത്തെ പ്രാപിക്കുകയാണ് വായനക്കാരൻ ചെയ്യേണ്ടത്.

പോർവാൾട്ടിനുപയോഗിക്കുന്ന പോൾ പോലെയാണ് ശാസ്ത്രം. ലക്ഷ്യം പ്രാപിക്കുമ്പോൾ പോൾ കൈവിടുന്നു. ലക്ഷ്യത്തിലെത്തിക്കുക എന്നതാണ് പോളിന്റെ താത്പര്യം.

ഭഗവദ്ഗീതയേയും ഈ മനോഭാവത്തോടെ സമീപിക്കണം. തടിയൻ ഗീതാപുസ്തകം വാങ്ങി പട്ടിൽ പൊതിഞ്ഞു സൂക്ഷിച്ചാൽ ഒരിക്കലും പ്രയോജനം സിദ്ധിക്കില്ല. സർവ്വശാസ്ത്രങ്ങളുടെയും സാരസംഗ്രഹമാണ് ഭഗവദ്ഗീത. സകല ഉപനിഷത്തുകളും ചേർന്ന പശുവായി ഗീതയെ സങ്കല്പിക്കാം. ഇതിന്റെ കറവക്കാരനാണ് കൃഷ്ണൻ. പശുക്കിടാവാകട്ടെ അർജുനനും. അർജുനന്റെ ചോദ്യങ്ങളാകുന്ന മുട്ടുകൊണ്ടാണ് ഗീതാമൃതം ചുരത്തപ്പെടുന്നത്. താമരയുടെ തേൻ നുകരുന്ന വണ്ടുകളെപ്പോലെ ഈ ഗീതാമൃതം നുകരുവാൻ സജ്ജനങ്ങൾ ലോകത്ത് എക്കാലവുമുണ്ടാകും.

മൂല്യത്തിന് ആദരവ് കല്പിക്കുന്ന സമൂഹവും ഇതുവഴി സൃഷ്ടിക്കപ്പെടുന്നു. രാഷ്ട്രീയത്തിലെയും മറ്റും അഴിമതി കണ്ട് നാട് നന്നാവില്ല എന്ന് വിധിക്കുന്നത് ശരിയല്ല. ഞാനൊരിക്കലും ഈ അഴിമതിക്ക് കൂട്ടുനിൽക്കില്ല എന്ന് ഓരോരുത്തരും തീരുമാനിച്ചാൽ മതിയാകും.

# 4

## കുരുക്ഷേത്ര യുദ്ധം വ്യക്തിമനസ്സിലെ ധർമസംഘർഷം

വ്യക്തിമനസ്സിലെ ധർമാധർമ ചിന്തകളിലേക്കാണ് ഭഗവദ്ഗീത നമ്മെ നയിക്കുന്നത്.ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും പശ്ചാത്തലത്തിലല്ല ഗീതയെ സമീപിക്കേണ്ടത്. സൂക്ഷ്മതലത്തിൽ ജ്ഞാനചക്ഷുസ്സുകൊണ്ട് നോക്കുമ്പോൾ നമ്മുടെയുള്ളിൽ തന്നെ ഈ കുരുക്ഷേത്ര യുദ്ധം കാണാം. ധർമം എന്ന വാക്കിലാരംഭിച്ച് 'മമ' എന്ന വാക്കിലാണ് ഗീത അവസാനിക്കുന്നത്. മമ ധർമത്തെക്കുറിച്ചുള്ള-എന്റെ ധർമത്തെക്കുറിച്ചുള്ള-അന്വേഷണമായി ഇതു മാറണം.

അപ്പോൾ മഹാഭാരതത്തിലെ കഥാപാത്രങ്ങളെ നമ്മുടെയുള്ളിൽത്തന്നെ കണ്ടെത്താനാകും. അന്ധനായ ധൃതരാഷ്ട്രർ കാണേണ്ടത് കാണേണ്ട രീതിയിൽ കാണാത്ത വ്യക്തിമനസ്സിൻെറ പ്രതിനിധിയാണ്. ഒരു പുഷ്പത്തെ പല രീതിയിൽ കാണാം. കച്ചവടക്കണ്ണോടെ നോക്കുന്നവൻ അതിനെ വിറ്റ് കാശാക്കുന്ന കാര്യമാകും ചിന്തിക്കുക. കവിയുടെ കണ്ണിൽ പുഷ്പം ഭാവനയുടെ സുന്ദരലോകമാകും തുറക്കുക. ഈ ധൃതരാഷ്ട്രത്വം കേരളത്തെയാകെ മലിനമാക്കിയിരിക്കുകയാണ്. പന്മനയിലെ ആശ്രമവും നെയ്യാറ്റിൻകര ബിഷപ്പ് ഹൗസും ആക്രമിക്കപ്പെട്ടപ്പോൾ പ്രതിഷേധ കോലാഹലങ്ങളായിരുന്നു. ഒരു പിഞ്ചുകുഞ്ഞിന് സർക്കാർ ബ്ലഡ് ബാങ്കിലെ പിഴവുമൂലം എയ്ഡ്സ് ബാധിച്ചപ്പോൾ ശബ്ദിക്കാനാരുമുണ്ടായില്ല. മതങ്ങൾ മനുഷ്യ പുരോഗതിക്ക് തടസ്സമാകുന്നതിൻെറ സൂചനയാണ് ഈ ധൃതരാഷ്ട്രത്വം. ഈ പള്ളിയും അമ്പലവുമില്ലെങ്കിൽ കുറേക്കൂടി സമാധാനത്തോടെ കഴിയാം എന്ന അവസ്ഥയിലേക്ക് ധൃതരാഷ്ട്രത്വം നമ്മെ എത്തിച്ചിരിക്കുന്നത്

# 5

## കൗരവപാണ്ഡവ യുദ്ധം ദുർഗുണ സദ്ഗുണ സംഘർഷം

വ്യക്തിമനസ്സിലെ എണ്ണിയാലൊടുങ്ങാത്ത ദുർഗുണങ്ങളുടെ പ്രതീകമാണ് കൗരവർ. പാണ്ഡവരാകട്ടെ എണ്ണത്തിൽ കുറഞ്ഞ സദ്ഗുണങ്ങളുടെ പ്രതീകവും. ഇവ തമ്മിൽ വ്യക്തിക്കുള്ളിൽ നടക്കുന്ന സംഘർഷമാണ് കുരുക്ഷേത്ര യുദ്ധത്തിലൂടെ വെളിപ്പെടുന്നത്.

ധർമഭൂമിയായ കുരുക്ഷേത്രത്തിൽ യുദ്ധോത്സുകരായി ഒത്തുചേർന്ന എൻെറ ആളുകളും പാണ്ഡവരും എന്ത് ചെയ്തു എന്നാണ് ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിക്കുന്നത്. ഓരോ വ്യക്തിയും സ്വന്തം അന്തഃകരണത്തിൽ ചോദിക്കേണ്ട ചോദ്യമാണിത്. ധർമഭൂമിയായ എൻെറയുള്ളിൽ എന്നോട് ചേർന്നുനിൽക്കുന്ന ദുർഗുണങ്ങൾക്കെതിരെ സദ്ഗുണങ്ങൾ എന്തെങ്കിലും ചെയ്തോ എന്നതാണ് ചോദ്യത്തിൻെറ സാരം.

ദുര്യോധനൻ ധനം ദുർവ്യയം ചെയ്യുന്നവനാണ് . ദുശ്ശാസനനാകട്ടെ തെറ്റായ ശാസനകൾ പുറപ്പെടുവിക്കുന്നവനും. ഇത്തരം അസംഖ്യം ദുർഗുണങ്ങൾക്കുമേൽ ആത്മവിഷയ തല്പരരായ പാണ്ഡവർ എന്തുചെയ്തു എന്നാണ് അന്വേഷിക്കേണ്ടത്.

ഡാർവിൻെറ പരിണാമ സിദ്ധാന്തത്തിൻെറ പൂരണമാണ് ധൃതരാഷ്ട്രരുടെ ചോദ്യത്തിലൂടെ വ്യാസൻ നിർവഹിക്കുന്നത്. വാനരനിൽ നിന്ന് നരനിലേക്കുള്ള പരിവർത്തനമാണ് ഡാർവിൻ അവതരിപ്പിച്ചത്. വ്യാസനാകട്ടെ നരനിൽ നിന്ന് നാരായണനിലേക്കുള്ള പരിവർത്തനത്തെയും. ഇത് പുരുഷനിൽ നിന്ന് പുരുഷോത്തമനിലേക്കും മാനവനിൽ നിന്ന് മാധവനിലേക്കുമുള്ള പരിണാമമാണ്.

ധൃതരാഷ്ട്രരുടേത് പ്യൂപ്പ അവസ്ഥയാണെങ്കിൽ സഞ്ജയനിലൂടെയും അർജുനനിലൂടെയും കടന്ന് ശ്രീകൃഷ്ണനിലെത്തുമ്പോൾ അത് ചിത്രശലഭമായി മാറുന്നു. ഈ പരിവർത്തനം സാധ്യമാക്കുന്നതിന് ധൃതരാഷ്ട്രരുടെ ചോദ്യം ഓരോ വ്യക്തിയും മനസ്സിൽ സദാ ഉന്നയിക്കണം.

# 6

## അഹംഭാവം മനസ്സിലെ ദുര്യോധനത്വം

ഓരോരുത്തരുടെയും ഉള്ളിലെ ദുര്യോധനത്വമാണ് അഹംഭാവമായി പ്രകടിപ്പിക്കുന്നത്. എവിടെയും ആളാകാൻ ശ്രമിക്കുന്നതും വിദ്വേഷം വളർത്തും വിധം വളച്ചുകെട്ടി സംസാരിക്കുന്നതും ആദരിക്കേണ്ടവരോടു പോലും അധികാരഭാവത്തിൽ സംസാരിക്കുന്നതും അതിൻെറ ലക്ഷണമാണ്.

ഗീതയിലെ ഒന്നാമധ്യായത്തിൽത്തന്നെ ദുര്യോധനൻ ദ്രോണരുമായി നടത്തുന്ന സംഭാഷണം അതിനു തെളിവാണ്. അങ്ങയുടെ മുഖ്യശത്രുവിൻെറ മകനായ ധൃഷ്ടദ്യുമ്നൻ നയിക്കുന്ന പാണ്ഡവ സൈന്യത്തെ നോക്കൂ എന്നാണ് പരിചയപ്പെടുത്തുന്നത്. പക ആളിക്കത്തിക്കാൻ പോന്ന സംഭാഷണം. സ്വന്തം സൈന്യത്തെ ദ്രോണർക്കു പരിചയപ്പെടുത്തുക എന്ന സാഹസവും ദുര്യോധനൻ കാണിക്കുന്നുണ്ട്. എൻെറ സൈന്യത്തിലും ശ്രേഷ്ഠരുണ്ട്. അങ്ങും ഭീഷ്മരും എന്നാണ് ദുര്യോധനൻ പറയുന്നത്. ഭീഷ്മർ മനുഷ്യരിലെ ഭയത്തിൻെറയും ദ്രോണർ രണ്ടെന്ന ഭാവത്തിൻെറയും പ്രതീകമാണ്. രണ്ടായി കാണുന്ന ഭാവമാണ് ഭയവും ഭ്രമവുമുണ്ടാക്കുന്നത്. പ്രധാന ഭയം മരണഭയമാണ്. മരണഭയവും ഏറെ പഴക്കം ചെന്ന പിതാമഹനാണ്. ഭീഷ്മരെ ജയിക്കാൻ ശിഖണ്ഡിയെ മുൻനിർത്തിയേ മതിയാകൂ. ശിഖണ്ഡി ശിഖ (കുടുമ) മുറിച്ചവനാണ്.

ശിഖ ലോകവുമായുള്ള ബന്ധത്തിൻെറ പ്രതീകമാണ്. സന്ന്യാസത്തിനു പോകുമ്പോഴാണ് ശിഖ മുറിക്കുന്നത്. സന്ന്യാസം എല്ലാ ദ്വൈതഭാവങ്ങളുടെയും അവസാനമാണ്. അവിടെ സ്ത്രീയോ, പുരുഷനോ ഇല്ല. ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ, ശൂദ്രനോ ഇല്ല. ഈ സന്ന്യാസഭാവത്തെ മുൻനിർത്തിയേ മരണഭയമെന്ന മഹാഭയത്തെ ജയിക്കാൻ പറ്റൂ,

പാണ്ഡവ സൈന്യമാവട്ടെ സത്യം, ദൃഢത, മോക്ഷം, അറിവ്, പരാക്രമം, ദാനം തുടങ്ങിയ സദ്ഗുണങ്ങളുടെ പ്രതിനിധാനമാണ്. ഭീമനും അർജുനനും സമന്മാരായവരാണ് എല്ലാവരും. ഭീമൻ മഹത്തായ കർമത്തെയും അർജുനൻ ഋജുത്വമാർന്ന അറിവിനെയും പ്രതിനിധീകരിക്കുന്നു.

പാണ്ഡവപക്ഷത്തെ വലിയ വില്ലേന്തിയ മഹാരഥന്മാരായാണ് ഗീത വർണിക്കുന്നത്. പ്രണവമന്ത്രമാണ് വില്ല്. ശരം ആത്മാവാണ്, അവനവനാണ്. ബ്രഹ്മമാണ് ലക്ഷ്യം. എയ്താൽ ശരവും ലക്ഷ്യവും ഒന്നായിത്തീരുന്നു. ഈ യുദ്ധമാണ് ധർമയുദ്ധം. ഈ ആന്തരികയുദ്ധമാണ് ഗീതയിലെ യുദ്ധം.അല്ലാതെ ആയുധം കൊണ്ടുള്ള ഒരു യുദ്ധവും ഒരുകാലത്തും ഒരാൾക്കും ധർമമോ, ശാന്തിയോ ഉണ്ടാക്കിയിട്ടില്ല. ദുഃഖം മാത്രമേ നൽകിയിട്ടുള്ളൂ.

# 7
## 'വിശ്വാമിത്ര'നാവാൻ ഗീതോപദേശം

ഓരോരുത്തരും വിശ്വാമിത്രനായി, വിശ്വത്തിൻെറ മുഴുവൻ കൂട്ടുകാരനായി മാറണമെന്ന് സ്വാമി സന്ദീപ് ചൈതന്യ പറഞ്ഞു. ആരോടും ശത്രുതയില്ലായ്മയാണ്, എല്ലാവരിലും തന്നെ ദർശിക്കാൻ കഴിയലാണ് ഗീത ഉപദേശിക്കുന്നത്; ആരുടെയെങ്കിലും നെഞ്ചിലേക്ക് അമ്പയക്കാനല്ല.

മഹാരഥന്മാരെന്നാൽ ഒറ്റയ്ക്ക് പതിനായിരം പേരോട് യുദ്ധം ചെയ്യാൻ കഴിയുന്നവരാണ്. എല്ലാവരും മഹാരഥന്മാരാണ്. ആയിരക്കണക്കിന് വികാരവിചാരങ്ങളോട് പൊരുതി ജയിക്കാൻ ഏവർക്കും കഴിയും. അവയ്ക്കനുസരിച്ച് ജീവിക്കുകയല്ല വേണ്ടത്.

ഇന്ദ്രിയങ്ങളെ, ആഗ്രഹങ്ങളെ ജയിക്കാൻ കഴിയുന്നവനാണ് ദശരഥൻ. ഇന്ദ്രിയങ്ങളെ അടക്കിയാൽ മനസ്സ് അയോദ്ധ്യ (ശാന്തമായ അവസ്ഥ) യാകും. ആയോധനം നിലച്ച ഭൂമിയാണ് അയോധ്യ. അപ്പോൾ ബോധം-രാമൻ ജനിക്കും.

സീത മനസ്സാണ്. സ്വർണമാനിനെ കണ്ട് മനസ്സ് വിഷയാസക്തിയിലേക്ക് പോകുന്നു. ബോധത്തിൽ നിന്ന് മനസ്സ് പോകുന്ന ദുഃഖമാണ് രാമൻേറത്. സ്വർണമൂടികൊണ്ട് സത്യത്തിൻെറ മുഖം മറച്ചിരിക്കുന്നു എന്ന് ഉപനിഷത് പറയുന്നു. നാമത്തിലും രൂപത്തിലും ആകൃഷ്ടരായി അതിനപ്പുറത്തുള്ള സത്യം അറിയാതെ പോകുന്നു. ഇടക്കിടെയുണ്ടാകുന്ന രാമസ്മരണ (ബോധസ്മരണ) കൊണ്ടാണ് അശോകവനിയെന്ന ദുഃഖമില്ലാത്തിടത്ത് സീതയ്ക്കു കഴിയാനാകുന്നത്.

ധർമം നശിക്കാത്തതും ക്ഷേത്രം ക്ഷയിക്കുന്നതുമാണ്. നശിക്കുന്നതും നശിക്കാത്തതുമായ സംയോഗമാണ് ധർമക്ഷേത്രം. അത് സാധ്യമായാൽ അനശ്വരനാണെന്ന് അറിയാൻ കഴിയും. ധർമം സ്വീകരിക്കുന്നവർക്ക് നാശമുണ്ടാകില്ല.

ഭാരതീയ ദർശനം ആരും സൃഷ്ടിച്ചതല്ലെന്ന് സ്വാമി വിശദീകരിച്ചു. ഋഷിമാർ മന്ത്രത്തെ കണ്ടവരാണ്, നിർമിച്ചവരല്ല. ജനിച്ചതിന് മരണമുണ്ട്. നിർമിച്ചതിന് നാശമുണ്ട്. എന്നാൽ നിർമിക്കാത്തതിനെ നശിപ്പിക്കാൻ സാധ്യമല്ല.

ശാസ്ത്രത്തെ അശുദ്ധമാക്കാൻ ആരു വിചാരിച്ചാലും പറ്റില്ല. ആരും ഒരുസമയത്തും ശാസ്ത്രം പഠിക്കാൻ അയോഗ്യരുമല്ല. പക്ഷെ മുൻവിധികളോടെ ശാസ്ത്രത്തെ സമീപിച്ചാൽ സത്യം അറിയാനോ, സൗന്ദര്യം അനുഭവിക്കാനോ കഴിയാതെ പോകും.

## കർണനാരെന്ന രഹസ്യം അറിഞ്ഞാൽ യുദ്ധമുണ്ടാകില്ല

# *8*

കർണനാരെന്ന രഹസ്യം അറിഞ്ഞാൽ യുദ്ധങ്ങളുണ്ടാകില്ല. കർണൻ സഹോദരനാണ്. നമ്മുടെ ശത്രുപക്ഷത്ത് കർണനാണ്. നാം ഇല്ലാതാക്കാനാഗ്രഹിക്കുന്ന ആളുടെ ഭൂതകാലം അന്വേഷിച്ചു ചെന്നാൽ നാം പിറന്ന അതേ വിശ്വയോനിയിലൂടെയാണ് അയാളും ജനിച്ചതെന്നറിയാം. മാതൃത്വം ഒന്നെന്നറിഞ്ഞാൽ പിന്നെ വിദ്വേഷമില്ല. ആ അറിവാണ് യഥാർഥ ജ്ഞാനം.

പാകിസ്ഥാനോട് വിദ്വേഷം പുലർത്തുന്നതാണ് ദേശാഭിമാനമെന്ന് ആരെങ്കിലും പറഞ്ഞാൽ അതുതെറ്റാണ്. വിദ്വേഷത്തിലൂടെ സത്യം അറിയാൻ സാധ്യമല്ല. മുഴുവൻ പാകിസ്ഥാനും കർണനെ പ്രതിനിധാനം ചെയ്യുന്നു.

പാഞ്ചജന്യവും ദേവദത്തവും മുഴക്കി അഗ്നിഭഗവാൻ നൽകിയ രഥത്തിലേറിയുള്ള കൃഷ്ണാർജുനന്മാരുടെ രംഗപ്രവേശം മനുഷ്യവംശത്തിന്റെ ജനനത്തെയാണ് സൂചിപ്പിക്കുന്നത് .

മനുഷ്യജന്മം മറ്റു ജന്മങ്ങളേക്കാൾ ശ്രേഷ്ഠമാണെന്ന് പറയുന്നത് വിവേകമുള്ളതുകൊണ്ടാണ്. മറ്റു മൃഗങ്ങൾക്ക് ആഹാരം, നിദ്ര, ഭയം, മൈഥുനം എന്നിവയേയുള്ളൂ. ചെയ്യാനും ചെയ്യാതിരിക്കാനും മറിച്ചു ചെയ്യാനുമുള്ള സ്വാതന്ത്ര്യമാണ് വിവേകം.

വെളുത്ത കുതിരകൾ ശുദ്ധമായ ഇന്ദ്രിയങ്ങളുടെ പ്രതീകമാണ്. മഹത്തായ അറിവ്(ബോധം) ഭഗവാന്റെ രൂപത്തിൽ രഥത്തിലിരിക്കുന്നു. ഓരോ ശിശുവിലും മാധവനുണ്ട്. രഥം അഗ്നി നൽകിയതെന്ന സങ്കല്പം ജീവൻ സൂര്യനിൽ നിന്നു വരുന്നതിന്റെ പ്രതീകമാണ്.

പഞ്ചജനൻ എന്ന അസുരനെ കൊന്നാണ് അസരൻ ഒളിച്ചിരുന്ന ശംഖ് പാഞ്ചജന്യം കൃഷ്ണനുലഭിച്ചത്. പഞ്ചജനൻ അഞ്ചിന്ദ്രിയങ്ങളിൽ രമിച്ചവനാണ്. ഇന്ദ്രിയ വിഷയങ്ങൾ സത്യമെന്നു കരുതി ജീവിക്കുന്നവരാണ് അസുരർ. അവർക്ക് സുദർശനം (നല്ലകാഴ്ച്ചപ്പാട്)നല്കി ബോധത്തിലേക്കുണർത്തുകയാണ് ഭഗവാൻ. ഇന്ദ്രിയനിഗ്രഹം നടത്തിയ ശേഷം പാഞ്ചജന്യം ധർമകാഹളത്തിനായി ഉപയോഗിക്കുന്നു. നാം തന്നെ പാഞ്ചജന്യമായി മാറുന്നു.

## 9

## പരിസ്ഥിതിനാശം മനുഷ്യനാശം

സമഷ്ടി മഹാഭൂതങ്ങളെ നന്നായി പരിപാലിച്ചാലേ വ്യഷ്ടിയിൽ സുഖകരമായ അനുഭവങ്ങളുണ്ടാകൂ. ആകാശം, ജലം, ഭൂമി, വായു, അഗ്നി എന്നീ പഞ്ചഭൂതങ്ങൾ കൊണ്ടാണ് സർവവും സൃഷ്ടിച്ചിരിക്കുന്നത്. സമഷ്ടിജലം മലിനമാക്കപ്പെട്ടാൽ വ്യഷ്ടിയിലെ ജലസംവിധാനവും തകരാറിലാകുമെന്ന് ആചാര്യന്മാർ പറയുന്നു.

അഭിമന്യു അഭിമാനമാണ്. ചക്രവ്യൂഹം ഈ ലോകം തന്നെയായ കർമവ്യൂഹവും. അവനവനാകുന്ന രഥത്തിൽ അഹം എന്ന ഭാവത്തിൽ ഇരുന്നാൽ രക്ഷപ്പെടാനാകില്ല. പ്രവൃത്തിമാർഗവും നിവൃത്തിമാർഗവും അറിയണം. സംസാരസാഗരത്തിൽ നിന്ന് എങ്ങനെയാണ് പുറത്തു കടക്കുക എന്നറിയണം. പാണ്ഡവരുടെ ശംഖനാദം പോലെയാകണം ഓരോരുത്തരുടെയും ശബ്ദം. അത് സദ്ഗുണങ്ങളുടെ ഘോഷമാണ്. കൗരവപക്ഷത്തെ കീറിമുറിച്ചു കടന്നുചെന്ന ഈ ശംഖനാദം ആകാശത്തെയും ഭൂമിയെയും കിടിലം കൊള്ളിച്ചുകൊണ്ട് മാറ്റൊലിക്കൊണ്ടു എന്ന് ഗീത പറയുന്നു.അജ്ഞാതകേന്ദ്രത്തിലേക്ക് ചെല്ലുന്ന സദ്ഘോഷങ്ങൾ കാലദേശാതീതമായി നിലനിൽക്കുമെന്നാണ് ഇവിടെ വിവക്ഷ. ഇന്ദ്രിയങ്ങളിൽ വിഹരിക്കുന്നതല്ല ഞാൻ എന്നറിഞ്ഞാൽ നമ്മുടെ സംസാരത്തിലും ഈ ശക്തിയുണ്ടാകും. ആ വാക്കിന് അജ്ഞാനത്തെ ഇല്ലാതാക്കാനും സാന്ത്വനം പകരാനും കഴിയും.

നമ്മുടെ വാക്കുകൾ ഇപ്പോൾ മിക്കപ്പോഴും ഭയവും സംശയവും ഉണ്ടാക്കുന്നവയാണ്. അപരന്റെ ശാന്തിയും സമാധാനവും കളയുകയാണ് പലരും.

വാക്കുകൾ കേൾവിക്കാരുടെ മനസ്സിൽ മുളപ്പിക്കുന്ന വിത്തുകൾ അജ്ഞാനം കളയുന്നതോ വളർത്തുന്നതോ എന്ന് ഏവരും ചിന്തിക്കണം. അറിയാത്തത് അറിയില്ലെന്നു പറയാനുള്ള അറിവാണ് ക്ഷേമമായ അറിവ്.

അറിയാത്ത കാര്യത്തിൽ ആധികാരികമായ അഭിപ്രായം പറഞ്ഞ് പലരും മറ്റുള്ളവരെ കുഴപ്പത്തിൽ ചാടിക്കുകയാണ്.

## 10

### രഥം ശരീരം, സാരഥി ബുദ്ധി, കുതിരകൾ ഇന്ദ്രിയങ്ങൾ

ഭഗവദ്ഗീതയിലെ രഥകല്പന പരമ പ്രധാനമാണ്. രഥമെന്നത് നമ്മുടെ ശരീരം തന്നെയാണ്. ബുദ്ധിയാണിതിന്റെ സാരഥി. കടിഞ്ഞാൺ മനസ്സും. അഞ്ച് കുതിരകൾ പഞ്ചേന്ദ്രിയങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

ഇന്ദ്രിയങ്ങളാകുന്ന കുതിരകളുടെ സഞ്ചാരമാർഗം വിഷയങ്ങളാണ്. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ അനുഭവങ്ങളുടെ സമാഹാരമാണ് ഇഹലോക ജീവിതം. കാതാകുന്ന കുതിര ശബ്ദമാകുന്ന വീഥിയിലൂടെയാണ് സഞ്ചരിക്കുന്നത്. ഗന്ധത്തിന്റെ വഴിയിലൂടെയാണ് നാസികയാകുന്ന കുതിര നീങ്ങുന്നത്. ഇതേപ്രകാരം ഓരോ ഇന്ദ്രിയവും അതോട് ചേർന്ന വിഷയങ്ങളിലേക്ക് നയിക്കപ്പെടുന്നു.

ഈ സഞ്ചാരത്തിൽ ബുദ്ധിയാണ് സാരഥിയെങ്കിൽ കുഴപ്പമുണ്ടാകില്ല. പക്ഷേ, പലപ്പോഴും ചഞ്ചലമായ മനസ്സ് കാര്യങ്ങൾ തീരുമാനിക്കുവാൻ ഉത്സാഹിക്കും. വേഷം മാറി ബുദ്ധിയെന്ന മട്ടിലാകും മനസ്സ് അവതരിക്കുക. ഇത് തിരിച്ചറിയാൻ നമുക്ക് കഴിയണം.

ചഞ്ചലാത്മകമായ മനസ്സ് ഒരു കുരങ്ങനെപ്പോലെയാണ്. ബുദ്ധിയാകട്ടെ ഹനുമാനെപ്പോലെ നിശ്ചലാത്മകമാണ്. ശരീരമാകുന്ന രഥത്തിന്റെ കൊടിയടയാളം സദാ കമ്പിതമാകുന്ന (ഇളകുന്ന) കപി ആയിരിക്കരുത്, നിശ്ചലബുദ്ധിയായ ഹനുമാൻ തന്നെയാകണം.

ചാഞ്ചല്യമാർന്ന വ്യക്തിത്വങ്ങളെ നിശ്ചയദാർഢ്യമുള്ളതാക്കുക എന്നതാണ് ഗീതയുടെ ലക്ഷ്യം. സാരഥിക്ക് ലക്ഷ്യബോധം നഷ്ടപ്പെടുമ്പോൾ ഇന്ദ്രിയങ്ങൾ വശംവദരാകില്ല. ശ്രീകൃഷ്ണനെപ്പോലെ ബോധമുള്ള സാരഥിയാണെങ്കിൽ അവൻ സംസാരസാഗരത്തിന്റെ മറുകര കടന്ന് വൈകുണ്ഠത്തെ പ്രാപിക്കും. നമുക്ക് ദുരിതമായി തോന്നിയ ഈ ലോകം തന്നെ എല്ലാം നമുക്കനുകൂലമാകുന്ന വൈകുണ്ഠാവസ്ഥയെ പ്രദാനം ചെയ്യും.

ഇരു സൈന്യങ്ങൾക്കിടയിൽ രഥം നിർത്തി തനിക്ക് എതിരിടേണ്ടവരെ അർജുനൻ നോക്കിക്കാണുന്നുണ്ട്. ഇത് നമ്മുടെ ചിത്തവൃത്തികളിലേക്കുള്ള നോട്ടത്തെയാണ് സൂചിപ്പിക്കുന്നത്.

നമ്മുടെയുള്ളിലെ ഏതൊക്കെ വികാരങ്ങളെയാണ് ഇല്ലാതാക്കേണ്ടതെന്ന് നാം

കാലേക്കൂട്ടി കണ്ടെത്തണം. ഇതിന് മനസ്സിനുള്ളിൽ ഒരു യുദ്ധം അനിവാര്യമാണ്. ഈ യുദ്ധം ജയിച്ചാൽ ബാഹ്യലോകത്തു നിന്നുള്ള ഒരു യുദ്ധവും പിന്നെ നാം നേരിടേണ്ടിവരില്ല.

## 11

### വേഷം മാറിയെത്തുന്ന കാമത്തെ തിരിച്ചറിയണം

**നാം** നമ്മോടുതന്നെ നടത്തുന്ന ധർമയുദ്ധത്തിൽ ജയിക്കേണ്ടത് നമ്മിൽ നിന്നു തന്നെ ജനിച്ച കാമാദികളെയാണ്. പലവിധ വേഷത്തിലാകും ഈ കാമം അവതരിക്കുക. ഇതിനെ സൂക്ഷ്മ വിശകലനത്തിലൂടെ കണ്ടെത്തി നിഗ്രഹിക്കണം.

നമ്മിലെ കാമം പലവിധ മൂല്യഭാവങ്ങളും കൈക്കൊള്ളും. ഭർത്താവ് മരിച്ച അയൽക്കാരിക്ക് സഹായവും സംരക്ഷണവും വാഗ്ദാനം ചെയ്യുന്നയാളിൽ പ്രകടമാകുന്നത് പിതൃഭാവമായിരിക്കും. വഴിയിൽ നിരാലംബയായ സ്ത്രീക്ക് തുണയേകുമ്പോൾ ജ്യേഷ്ഠഭാവമായിരിക്കും പ്രകടമാവുക. പക്ഷെ അതിസൂക്ഷ്മ വിശകലനത്തിൽ നമ്മുടെയുള്ളിലെ കാമം പ്രച്ഛന്നവേഷം ധരിച്ചെത്തിയതാണ് പിതൃ-ജ്യേഷ്ഠ ഭാവങ്ങളെന്ന് തിരിച്ചറിയാൻ കഴിയും. ഇങ്ങനെ നമ്മുടെയുള്ളിലുണരുന്ന സഹാനുഭൂതികളെയും മറ്റും സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇവ എങ്ങോട്ടാണ് നമ്മെ നയിക്കുന്നതെന്നു തിരിച്ചറിഞ്ഞാൽമതി.

മുത്തച്ഛൻമാർ, പിതാക്കന്മാർ, തനിക്കൊപ്പമുള്ള സുഹൃത്തുക്കൾ, മക്കൾ, പേരക്കുട്ടികൾ തുടങ്ങിയ അഞ്ച് തലമുറയെയാണ് യുദ്ധഭൂമിയിൽ അർജുനൻ കാണുന്നത്. ഇവയെല്ലാം വ്യക്തിക്കുള്ളിലെ വിവിധ ഭാവങ്ങളുടെ പ്രതിനിധികളാണ്. നമുക്ക് പ്രിയപ്പെട്ട ഇത്തരം ഭാവങ്ങളെ ഇല്ലായ്മ ചെയ്യാൻ പലപ്പോഴും നാം തയ്യാറാകില്ല. നമ്മെ രമിപ്പിക്കുന്നവയെ നിഗ്രഹിക്കാൻ നാം സന്നദ്ധത കാട്ടാതെ 'അതൊഴിച്ചുള്ള പുണ്യം മതി' എന്ന നിലപാടാകും സ്വീകരിക്കുക.

നമുക്ക് ചേരാത്തതിനെ നമ്മുടെയുള്ളിൽ നിന്നു ചെത്തിക്കളയാൻ നാം തയ്യാറാകണം. ശിലയിൽ ശില്പി ഒന്നും കൂട്ടിച്ചേർക്കുന്നില്ല. അതിനിണങ്ങാത്ത ഭാവങ്ങൾ കൊത്തിക്കളയുമ്പോൾ ആരാധനായോഗ്യമായ ദേവരൂപം അതിനു സിദ്ധിക്കുന്നു. നമുക്കിണങ്ങാത്ത കാമനകൾ നിഗ്രഹിച്ച് കഴിയുമ്പോൾ നാമും ആരാധനക്കിണങ്ങിയവരാകും.



## 12

### പാപമെന്നത് സ്വയം അറിയാതിരിക്കൽ

**പാ**പമെന്നത് തെറ്റിദ്ധാരണയാണ്. തന്നെ മറ്റൊന്നായി ധരിക്കുക. അതിലൂടെ മറ്റുള്ളവയേയും മറ്റൊന്നായി ധരിക്കുക അതാണ് പാപം.

അജ്ഞാനം വേദാന്തഭാഷയിൽ എന്തെങ്കിലും അറിയാതിരിക്കുകയല്ല. സ്വരൂപത്തെക്കുറിച്ചറിയാതെ ബാക്കിയെല്ലാം അറിയലാണ് അജ്ഞാനം. മൂന്നു

ലോകങ്ങൾക്കും നാഥനായ ഭഗവാൻ ഞാൻ എന്ന ബോധം തന്നെയാണ്. മൂന്ന് അനുഭവമണ്ഡലങ്ങളാണ് മൂന്നു ലോകങ്ങൾ.

ശബ്ദസ്പർശരസരൂപ ഗന്ധങ്ങളാൽ അനുഭവിക്കുന്ന ജാഗ്രത് അവസ്ഥയാണ് ഒന്നാമത്തേത്. അതാണ് ഭൂമി. സ്വപ്നം, സ്വർഗവുമായി താദാത്മ്യപ്പെട്ട അവസ്ഥയാണ്. മനസ്സിന്റെ കല്പനയാണത്. ഗാഢസുഷുപ്തിയാണ് പാതാളം - ഞാനൊന്നുമറിഞ്ഞില്ല എന്ന അവസ്ഥ.

സ്വരൂപത്തെ അന്വേഷിക്കുന്ന ഏതൊരാൾക്കുമുണ്ടാകുന്ന സംശയങ്ങളാണ് കൃഷ്ണനോട് അർജുനൻ ചോദിക്കുന്നത്. കുലക്ഷയത്തിന് നാം കാരണമാകുമോ എന്നാണ് അർജുനന്റെ സംശയം. നമ്മുടെ കുലം മനുകുലമാണ്. മനനം ചെയ്യേണ്ടവരെന്നർത്ഥം. കുലം ക്ഷയിക്കുന്നത് മനനം നിലക്കുമ്പോഴാണ്. അപ്പോൾ മൃഗങ്ങളെപ്പോലെ എന്നും പറയാൻ പറ്റില്ല. കാരണം അവർക്ക് അധമവികാരങ്ങൾ ഉണ്ടാകില്ല.

കൗരവന്മാർ ആതതായികൾ (വധാർഹർ) തന്നെയെന്ന് അർജ്ജുനൻ പറയുന്നുണ്ട്. വധം, അപഹരണം തുടങ്ങിയ നീചപ്രവൃത്തികൾ ചെയ്യവരാണ് ആതതായികൾ. എല്ലാവരും മനസ്സിലെങ്കിലും ഈ തെറ്റുകൾ ചെയ്യുന്നുണ്ട്. കാമമോഹാദികളാണ് ഇതിനു കാരണം.

അതിനാൽ അവ വധാർഹമാണ്. കൊല്ലുക എന്നതിന് ഇനി ഉണ്ടാകരുത് എന്നർത്ഥം. കാമമോഹാദികൾ മനസ്സിൽ ജനിച്ചെങ്കിൽ അവയെ കൊല്ലുക തന്നെ വേണം.

## 13

### രക്ഷിതാക്കളുടേത് ജാംബവധർമ്മം

നമ്മുടെ വാക്കുകൾ പ്രചോദനാത്മകമായിരിക്കണം. ജാംബവധർമ്മമാണ് നാം സ്വീകരിക്കേണ്ടത്. ഉറങ്ങിക്കിടക്കുന്ന സാധ്യതയെ തിരിച്ചറിയുക, ഓർമ്മപ്പെടുത്തി ഉണർത്തുക.

എന്നാൽ ഇന്ന് പലരും ശല്യരുടെ ധർമ്മമാണ് അനുഷ്ഠിക്കുന്നത്. കർണസാരഥിയായ ശല്യർ കർണനോട് പറഞ്ഞുകൊണ്ടിരുന്നതു പോലെ നിരുത്സാഹപ്പെടുത്തുന്ന വാക്കുകളാണ് പറയുന്നത്. എല്ലാ സാധ്യതകളേയും തച്ചുടയ്ക്കുന്ന വാക്കുകളാണ് ശല്യരുടേത്. കുട്ടികളോടും യുവാക്കളോടും എങ്ങനെ സംസാരിക്കണമെന്നതിന് ഉത്തമമാതൃകയാണ് അർജുനനോടുള്ള കൃഷ്ണന്റെ സമീപനം. തെറ്റായ തീരുമാനം എടുത്തിരിക്കുന്ന ഓരാളെ മോശക്കാരനാക്കി ചിത്രീകരിക്കുകയല്ല, അയാൾക്കുള്ളിൽ തീരുമാനത്തെ കുറിച്ചുള്ള സംശയം ജനിപ്പിക്കുകയാണ് വേണ്ടത്.

'നീ മിടുക്കനാണ്, ഇത് നിനക്കു ചേർന്നതാണോ എന്ന് ആലോചിക്കുക' എന്നതും കഴുതേ നീയിതേ ചെയ്യൂ' എന്നതും കേൾക്കുന്നവരിൽ ഏതുതരം ഫലങ്ങളാണുണ്ടാക്കുക എന്ന് ചിന്തിക്കുക.

നമ്മുടെ കുട്ടികളിൽ നമുക്ക് പ്രതീക്ഷയില്ലെങ്കിൽ ആർക്കാണുണ്ടാവുക? അവരെ പൂർണമായി വിശ്വസിക്കുക. ഞാനുണ്ട് നിൻെറ കൂടെ എന്നധൈര്യവും അങ്ങേയറ്റം സാന്ത്വനമേകുന്ന വാക്കുകളും നൽകുക. കൃഷ്ണനെപ്പോലെ.

ഞങ്ങൾ കൗരവരെ ജയിക്കുന്നതാണോ കൗരവർ ഞങ്ങളെ ജയിക്കുന്നതോണോ ശ്രേയസ്കരം എന്നാണ് അർജുനൻെറ സംശയം. നാം വികാരങ്ങളെ ജയിക്കണോ വികാരങ്ങൾ നമ്മെ ജയിക്കണോ എന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്. പലതും ഉപേക്ഷിക്കേണ്ടിവരും എന്ന തോന്നൽ നമുക്ക് ഭയമാണ്. അതിനുദാഹരണമാണ് ഈ സംശയം.അർജുനന് ഭഗവനാണ് ഉപദേശം നൽകുന്നത്. ഉണ്മയുടെ രഹസ്യവും ഇല്ലാതാവലിൻെറ രഹസ്യവും ആരറിയുന്നുവോ അവനെയാണ് ഭഗവാൻ എന്നു പറയുന്നത്. സമ്പൂർണ ഐശ്വര്യം, ധർമ്മം, യശസ്സ്, ശ്രേയസ്സ്, വൈരാഗ്യം, മോക്ഷം എന്നീ ഭഗകൾ ആരിലുണ്ടോ അയാളാണ് ഭഗവാൻ.

## 14

### ദുഃഖവും അറിവും ഒരുമിച്ചുണ്ടാകില്ല

ദുഃഖിക്കാൻ പാടില്ലാത്തതിനെക്കുറിച്ചാണ് അർജുനനും നാമോരോരുത്തരും ദുഃഖിക്കുന്നത്. അതേസമയം അറിവുള്ളവരെപ്പോലെ സംസാരിക്കുകയും ചെയ്യുന്നു. അറിവും ദുഃഖവും ഒരിക്കലും ചേരില്ല. ഉള്ളവരെക്കുറിച്ചും പോയവരെക്കുറിച്ചും ഓർത്ത് പണ്ഡിതർ ദുഃഖിക്കുന്നില്ലെന്ന് ഭഗവാൻ പറയുന്നു.

നമ്മുടെ സ്വാർഥതയാണ്, അജ്ഞതയാണ് ദുഃഖമായി വരുന്നത്. നമ്മുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതോ, ആഗ്രഹം പൂർത്തീകരിക്കാത്തതോ ആണ് ദുഃഖങ്ങളുടെ യഥാർഥ ഹേതു. ഏറ്റവുംവലിയ ദുഃഖം മരണമാണ്.

മനുഷ്യൻെറ അജ്ഞത ഞാനിവിടെ സ്ഥിരമാണ് എന്നതാണ്. മനുഷ്യൻെറ ജ്ഞാനവും ഞാനിവിടെ സ്ഥിരമാണ് എന്നതാണ്. ശരീരമായിട്ടുള്ള ഞാൻ സ്ഥിരമാണ് എന്നു ധരിക്കരുത്. അതേസമയം ശരീരത്തിനപ്പുറമുള്ള ചൈതന്യമാകുന്ന ഞാൻ നശിക്കില്ലെന്ന് അറിയുകയുംവേണം.

ക്രിസ്തു മരിച്ചവനെ ഉയിർപ്പിക്കുന്നതും ഇതിനു ദൃഷ്ടാന്തമാണ്. മൃതദേഹം അജ്ഞാനാവൃതമായ ശരീരമാണ്. അതിൽനിന്നും അറിവിനെ വിളിച്ചുണർത്തുകയാണ് ലാസറിനെ വിളിക്കുന്നതിലൂടെ ക്രിസ്തു ചെയ്യുന്നത്.ശോകമോഹങ്ങളാണ് ദുഃഖത്തിനു കാരണം. അവയാൽ വിവേകവും വിജ്ഞാനവും നശിക്കുന്നവർ സ്വധർമ്മത്തെ വെടിയും. അജ്ഞാനത്തോടെ സ്വധർമ്മം നിർവഹിച്ചാൽതന്നെ അത് ഫലചിന്തയോടും ഞാൻ എന്ന ഭാവത്തോടെയുമായിരിക്കും. ഞാൻ, എൻേറത് എന്നീ വാക്കുകൾ അർജുനൻ പറയുന്നത് അറിവില്ലായ്മയിൽനിന്നാണ്.

ബന്ധങ്ങളാകുന്ന ബന്ധനങ്ങളിൽനിന്ന്, മിഥ്യകളിൽനിന്ന് മോചനം തേടണം. ഇവിടെ നേടുന്ന ഭൂമിയും ധനവും മറ്റു സുഖങ്ങളും താൽക്കാലികമാണെന്ന് അറിയണം. നിത്യമായതിനെ അറിഞ്ഞാൽമാത്രമെ ശാശ്വതമായ സമാധാനം കിട്ടൂ.

## 15

### നാം തുല്യരല്ല, അതുല്യരാണ്

നാം തുല്യരാണെന്നല്ല, അതുല്യരാണെന്നാണ് ഭഗവാൻ പറയുന്നത്. നീയും ഞാനും ഇക്കാണുന്നതെല്ലാം എന്നും ഉള്ളതാണ്, അവക്കൊന്നിനും ഇല്ലായ്മ എന്നൊന്നില്ല എന്ന് അർജ്ജുനനോട് പറയുന്നു. എന്തുകൊണ്ടാണെന്നാൽ എന്തിൻെറയും സ്വരൂപം ഉണ്മയാണ്. ഇനി ശരീരതലത്തിലാണെങ്കിൽ കൗമാരയൗവനജരകൾ സംഭവിച്ചതുപോലെ ഒരു മാറ്റമായി മരണവും സംഭവിക്കുന്നു. ധീരൻ ഇതിൽ മോഹിക്കുന്നില്ല. അബോധപൂർവ്വം ഒന്നും ചെയ്യാതിരിക്കുന്നതാണ് ധീരത. സുഖദുഃഖങ്ങളെ സമീകരിച്ച – അവയെ അറിഞ്ഞ പുരുഷനെ ഒന്നും ചലിപ്പിക്കുന്നില്ല. വേദാന്തത്തിലെ പുരുഷ – മാതൃശബ്ദങ്ങൾ ആണിനും പെണ്ണിനും ഒന്നുപോലെ ബാധകമാണ്, അവ ലിംഗപരമല്ല.

ആദ്യം ജനിച്ചതിനുശേഷം ജീവിതമുണ്ടോ എന്നന്വേഷിക്കുക, എന്നിട്ടാവാം മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നത് എന്നതാണ് ഗീതയുടെ കാഴ്ചപ്പാട്. എല്ലാറ്റിനേയും നിരീക്ഷിക്കുക. നമ്മുടെ കുട്ടിക്കാലത്തെ മുതിർന്നശേഷം ഓർക്കുന്നത്, പഴയ ഫോട്ടോ കണ്ട് അത് ഞാനാണെന്നു പറയുന്നത് ഒക്കെ മാറിനിന്നുള്ള ഒരു നിരീക്ഷണമാണ്. ആ നിരീക്ഷണം വർത്തമാനകാലത്തിലേക്കും കൊണ്ടുവരിക. കരയണമെന്നു തോന്നുമ്പോൾ കരയുക, ചിരിക്കണമെന്നു തോന്നുമ്പോൾ ചിരിക്കുക. റോഡിൽ വണ്ടികയറി മരിക്കാനും തയ്യാറായിരിക്കുക. പ്രകൃതി നൽകുന്ന എന്തിനേയും പൂർണ്ണ മനസ്സോടെ, പരാതികളില്ലാതെ സ്വീകരിക്കുക. 'എന്നെ കിടത്താതെ വിളിക്കണേ' എന്ന ആവശ്യം പോലും ഭഗവാനോട് ജ്ഞാനി ഉന്നയിക്കുന്നില്ല.

രണ്ടു കാലും മുറിച്ചുമാറ്റപ്പെട്ടിട്ടുള്ള ആളോടു ചോദിക്കൂ ഞാൻ എന്ന ബോധത്തിന് മുറിവേറ്റിട്ടുണ്ടോ എന്ന്. ഈ ഒറ്റ ഉദാഹരണം മതി ഞാൻ ശരീരത്തിനപ്പുറമാണെന്നറിയാൻ. വൃക്ഷത്തിൻെറ ജനനം വിത്തിൻെറ മരണമല്ല, പൂർത്തീകരണമാണ്. നമ്മുടെ ആവിഷ്കാരമാണ് മരണം. ശരീരത്തിൻെറ നിരന്തരമായ മാറ്റമാണ് ലോകത്ത് നടക്കുന്നത്. ട്രാക്കിലൂടെ പോകുന്ന തീവണ്ടി പോലെയല്ല ജീവിതം. ഗംഗാനദി പോലെയാണ്. കുത്തിമറഞ്ഞ് കലങ്ങി വളഞ്ഞുപുളഞ്ഞ്, ആകെ മാറിമറിഞ്ഞ്, മാറ്റിമറിച്ച് ഒഴുകുന്നു.

ശരീരത്തിന് നാശമുണ്ട് എന്നത് സത്യമാണ്. പക്ഷേ അതിനേറതായ ധർമ്മങ്ങളുണ്ട്. ഉപനിഷത്തിൽ പറഞ്ഞ ധർമ്മങ്ങളൊക്കെ എന്നിൽ സംഭവിക്കണമെങ്കിൽ എൻെറ ഇന്ദ്രിയങ്ങൾ സചേതനമായിട്ടിരിക്കണം. ഇന്ദ്രിയങ്ങളെ മുഴുവൻ നിഷേധിച്ച്, ശരീരത്തെ നിഷേധിക്കുന്ന ഒരുവന് അത് സാദ്ധ്യമാകില്ല. ഇത് പരസ്പര പൂരകമാണ്. അറിവിൽ ആനന്ദമുണ്ടാകലാണ് ഭാരതീയൻെറ ലക്ഷണം. കുറിതൊട്ട് ഭാരത് മാതാ കീ ജയ് വിളിക്കലല്ല. പ്രതികാരഭാവമില്ലാത്ത സഹനം, അറിയൽ ആണ് ഗീത പറയുന്നത്. സമുദ്രം പോലെ പർവ്വതം പോലെ നിലകൊള്ളണം. അല്ലാതെ അമ്പലത്തിൽ പോയിട്ട് കാര്യമില്ല. എന്നെ അറിയാൻ ക്ഷേത്രമെന്ന മാർഗ്ഗം സഹായിക്കുമെന്നതിനാൽ, എൻെറ ഉള്ളിലെ ദൈവത്തിൻെറ പ്രതീകമായിട്ടാണ് പ്രതിഷ്ഠ എന്ന അറിവിൽ വേണം ക്ഷേത്രത്തിൽ പോകാൻ. ഇവിടെയാണ് നാമിരിക്കേണ്ടത്. നാമിരിക്കേണ്ടിടത്ത് നാമിരിക്കുന്നില്ലെങ്കിൽ വേറെ പലതും കയറിയിരിക്കും. അതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. വ്യാസഭഗവാൻ ഒരു പക്ഷവും ചേരാൻ നമ്മോടു പറയുന്നില്ല. നമുക്ക് നമ്മെ കാണാനും അതിലൂടെ ഉയരാനുമാണ് ഗീത. മറ്റുള്ളവരെ അളക്കാനുള്ളതല്ല അത്.

## 16

### വികാരങ്ങൾക്കു മുന്നിൽ നല്ല ആതിഥേയരാകുക

**ഇ**ന്ദ്രിയങ്ങളുടെയും ഇന്ദ്രിയ വിഷയങ്ങളുടെയും മുന്നിൽ സമഭാവത്തിൽ വർത്തിക്കണം. ശീതം-ഉഷ്ണം, സുഖം-ദുഃഖം, ലാഭം-നഷ്ടം തുടങ്ങി എല്ലാ ദ്വന്ദ്വങ്ങളും വരുന്നതും പോകുന്നതുമാണ്; സ്ഥിരമല്ല. അവയുമായി താദാത്മ്യം പ്രാപിക്കരുത്. അവയ്ക്കു മുന്നിൽ നല്ല ആതിഥേയരായിട്ടിരിക്കുക.

നാം കണ്ണാടി പോലെയാകണം. വിശ്വസുന്ദരി വന്നാലും വിശ്വരൂപി വന്നാലും ഒന്നും ശേഖരിക്കരുത്, ഒരുപോലെ പ്രദർശിപ്പിക്കുക. എല്ലാ പ്രവൃത്തികൾക്കിടയിലും നിഷ്ക്രിയമായിരിക്കുന്നത്, എല്ലാ മാറ്റങ്ങൾക്കിടയിലും മാറ്റമില്ലാത്തത്, എല്ലാ അനുഭവങ്ങൾക്കും സാക്ഷിയായത് - അതാണ് സത്യമായ ചൈതന്യം. അതിനെ അറിഞ്ഞവൻ അമൃതത്വം അറിഞ്ഞവനാണ്.

ഇന്ദ്രിയ വിഷയങ്ങളിൽ സുഖദുഃഖങ്ങളോടെ വർത്തിക്കുന്നവൻ അമൃതത്വത്തിന് യോഗ്യനല്ല. അതിനർത്ഥം സന്തോഷം വരുമ്പോൾ ദുഃഖിക്കണമെന്നല്ല, സന്തോഷത്തെ അറിയുക. സമത്വപൂർണമായ ഉൾക്കൊള്ളൽ ധീരതയിൽ നിന്നുണ്ടാകുന്നതാണ്, നിസ്സഹായതയിൽ നിന്നല്ല.

ഇല്ലാത്തതിന് ഉണ്മയോ ഉള്ളതിന് നാശമോ സംഭവിക്കില്ല. യാതൊന്നിനാൽ ഈ പ്രപഞ്ചം മുഴുവൻ വ്യാപിക്കപ്പെട്ടിരിക്കുന്നുവോ അത് നാശമില്ലാത്തതാണെന്ന് ഗീത പറയുന്നു. ഈശ്വരൻ വസ്തുവിലോ, വസ്തു ഈശ്വരനിലോ അല്ല, എല്ലാം ഈശ്വരനാണ്.

കുമിള, കുമിളയല്ല സമുദ്രത്തിനു മുഴുവൻ ആധാരമായ ജലമാണ് എന്നറിയുമ്പോൾ കുമിളത്വം ഇല്ല. കുമിള മാത്രമാണെന്നു കരുതുമ്പോൾ ജനനവും മരണവും ദുഃഖവുമുണ്ടാകും. കുശവൻ കലമുണ്ടാക്കുമ്പോൾ മനസ്സിൽ ഒരു കലമുണ്ട് (സങ്കല്പം), മണ്ണിൻെറ രൂപമാറ്റമുണ്ട്, നിർമിച്ച വസ്തുവിനൊരു പേരുണ്ട്. യഥാർത്ഥത്തിൽ ഇതു മൂന്നും ഇല്ലാത്തതാണ്. മണ്ണ് മാത്രമാണ് സത്യം.

എന്നാൽ ശരീരത്തിന് നാശമുണ്ട്. ബാലൻ മരിച്ചാണ് യുവാവുണ്ടാകുന്നത്. യുവാവ് മരിച്ച് വൃദ്ധനും. ശരീരത്തിന് നാശമുണ്ട്, ചൈതന്യത്തിന് നാശമില്ല എന്ന അറിവോടെ ചെയ്യുന്ന യുദ്ധം യജ്ഞമാകും. ആ അറിവില്ലാതെ ചെയ്യുന്ന യജ്ഞം യുദ്ധമാകും.

എനിക്ക് ആരേയും കൊല്ലാൻ കഴിയില്ല, ആർക്കും എന്നെ കൊല്ലാനും കഴിയില്ല. ഇതറിഞ്ഞവർ ചെയ്യുന്നതെല്ലാം 'ഞാന'ല്ല പ്രപഞ്ചമാണ്, ചൈതന്യമാണ് ചെയ്യുന്നത്. ഇതാണ് യഥാർത്ഥ അഹിംസ.

## 17

### മരണം മുഷിഞ്ഞവസ്ത്രം മാറൽ

ആത്മാവ് ഒരിക്കലും ജനിക്കുകയോ മരിക്കുകയോ ഇല്ല. ഉണ്ടായിട്ട് ഇല്ലാതെയാവുന്നതല്ല പരമമായ സത്യം. അത് ജനിക്കാത്തതാണ്, എന്നുമുള്ള താണ്, ഏറ്റക്കുറച്ചിലുകളില്ലാത്തതാണ്.

ശരീരം കൊല്ലപ്പെടുമ്പോൾ ഇത് കൊല്ലപ്പെടുന്നില്ല. ശരീരത്തിന് മുറിവേൽക്കുമ്പോൾ ഇതിന് മുറിവേൽക്കുന്നുമില്ല. അപ്പോൾ എന്താണ് മരണം? മരണം ഒരാൾ മുഷിഞ്ഞ വസ്ത്രം മാറുന്നതുപോലെയാണ്.

മനുഷ്യൻ എങ്ങനെയാണോ ജീർണിച്ച വസ്ത്രങ്ങളെ ഉപേക്ഷിച്ച് പുതിയ വസ്ത്രങ്ങളെ സ്വീകരിക്കുന്നത് അതുപോലെ ദേഹി ജീർണിച്ച ശരീരത്തെ ഉപേക്ഷിച്ച് പുതിയ ശരീരത്തെ പ്രാപിക്കുന്നു.

ആത്മാവിന് ജനനമോ മരണമോ ഇല്ലെന്ന്, നാശമില്ലെന്ന് അറിയുന്നവൻ ആരെ, എങ്ങനെ കൊല്ലുമെന്ന് ഭഗവാൻ അർജുനനോട് ചോദിക്കുന്നു. ഇതറിയാത്തവനാണ് കൊല്ലുന്നത്. സ്വന്തം എന്ന ചിന്തതന്നെ കൊല്ലലാണ്. ഹിംസ എന്നത് എൻേറത് എന്ന ചിന്തയാണ്.

സ്വന്തം സുഹൃത്തുക്കളെ എണ്ണുന്ന സമയത്ത് സ്വന്തം ശത്രുക്കളെയും എണ്ണിക്കഴിഞ്ഞു. സത്യം അറിഞ്ഞവന് മിത്രമെന്നോ ശത്രുവെന്നോ ഇല്ല. ദേശകാലാതിവർത്തിയായ ബ്രഹ്മമാണ് സത്യം. പ്രകൃതിയുമായി അടുക്കുന്ന സമയത്ത് ഈ സ്വരൂപം വെളിപ്പെട്ടു കിട്ടും. ഞാൻ തന്നെയാണ് പ്രകൃതി. പ്രകൃതിയാണ് ഈശ്വരൻ.

അമ്പലത്തിൽ പോകുന്നതിനെക്കാൾ പ്രധാനം ചുറ്റുമുള്ള വൃക്ഷലതാദികളെ പരിപാലിക്കുന്നതാണ്. പ്രത്യക്ഷനായ നാരായണനെ കോടാലിവയ്ക്കരുത്.

പൗലോ കൊയ്ലോയുടെ കഥയിലെ ആട്ടിടയൻ അവനവനെ അന്വേഷിച്ച് അവസാനം പ്രകൃതിയായി പരിണമിക്കുന്നതു പോലെ ഓരോരുത്തരും ധ്യാനത്തിലൂടെ അമ്മയുടെ ഗർഭപാത്രത്തിലേക്കും അച്ഛനിലേക്കും ഭൂമിയിലേക്കും തിരിച്ചുപോയി വിശ്വത്തിൻെറ ഭാഗമായി മാറണം.

## 18

## ചിന്തകൾ അസ്തമിക്കുമ്പോൾ ജീവിതം ആരംഭിക്കുന്നു

**ആ**ത്മാവ് ഇന്ദ്രിയങ്ങൾകൊണ്ട് അറിയാനാകാത്തതും അചിന്ത്യവും വികാരങ്ങൾക്ക് വിധേയമല്ലാത്തതുമാണ്, ചിന്തിച്ച് കണ്ടെത്താനാകാത്തതാണ് ആത്മാവ്. അതിനാൽ ചിന്തിക്കുന്നതിലൂടെയല്ല ജീവിക്കുന്നതിലൂടെയാണ് ജീവിതം അർഥമുള്ളതാകുന്നത്. എല്ലാ ചിന്തകളും അസ്തമിക്കുമ്പോഴാണ് യഥാർഥ ജീവിതം ആരംഭിക്കുന്നത്.

ആത്മാവെന്നാൽ പ്രപഞ്ചത്തിനാധാരമായ പരംപൊരുളാണ്. അല്ലാതെ കവിതയിലെ ആത്മാവല്ല എന്ന് സ്വാമി വിശദീകരിച്ചു. ആത്മാവിനെ ആയുധങ്ങൾകൊണ്ട് മുറിവേല്പിക്കാനോ, അഗ്നിയാൽ ദഹിപ്പിക്കാനോ, ജലത്താൽ നനയ്ക്കാനോ, കാറ്റിനാൽ ശോഷിപ്പിക്കാനോ സാധ്യമല്ല.

അത് എല്ലായിടത്തും ഉള്ളതാണ്, സ്ഥിരസ്വഭാവമാർന്നതാണ്, ചലനമില്ലാത്തതാണ്, എന്നും ഉള്ളതാണ്. അഥവാ ആത്മാവ് എന്നും ജനിക്കുന്നതായും എന്നും മരിക്കുന്നതായും സങ്കല്പിച്ചാലും ദുഃഖത്തിന് അവകാശമില്ലെന്ന് ഭഗവാൻ അർജുനനെ ഓർമിപ്പിക്കുന്നു. ജനിച്ചവന് മരണവും മരിച്ചവന് ജനനവും

നിശ്ചയമാണ്. പരിഹരിക്കാനാവാത്ത ഈ വിഷയത്തിൽ ദുഃഖത്തിനിടമില്ലെന്ന് ഭഗവാൻ പറയുന്നു.

ദുഃഖം അജ്ഞാനത്തിൽ നിന്നാണ് ജനിക്കുന്നത്. ദുഃഖംകൊണ്ട് ആരും കരുത്താർജിക്കുന്നില്ല. അത് ശരീരത്തെയാകെ തളർത്തുകയാണ് ചെയ്യുക. ഒരാളുടെ ദുഃഖം മറ്റുള്ളവരുടെ കൂടെ വികാരവിചാരങ്ങളെ സ്വാധീനിക്കും. ഊർജം ഇല്ലാതെയാക്കും.

ശരീരം കുടവും ആത്മാവ് അതിനകത്തെ വായുവുമാണ്. കുടത്താൽ വായു പരിമിതമാണ് എന്നു തോന്നുന്നു. കുടത്തെ നമുക്കെങ്ങോട്ടും കൊണ്ടുപോകാം. എന്നാൽ ഉള്ളിലും പുറത്തും നിറഞ്ഞിരിക്കുന്ന വായുവിന് ഒരു മാറ്റവുമുണ്ടാകുന്നില്ല. കൂടുകയോ കുറയുകയോ ചെയ്യുന്നില്ല. എവിടെയെങ്കിലും വച്ച് കുടം പൊട്ടിയാലും ഒന്നും സംഭവിക്കുന്നില്ല. ഉള്ളിലെ വായു പുറത്തെ വായുവുമായി ലയിക്കുന്നു എന്നതുപോലും നമ്മുടെ തോന്നലാണ്. കുടം പോയി. അത്ര മാത്രമേ സംഭവിക്കുന്നുള്ളു. കുടം നശിക്കുന്നതുപോലെ മാത്രമാണ് മരണം. ആത്മാവ് ഉണ്ടാവുകയോ, ജീവിക്കുകയോ, വർധിക്കുകയോ, മാറ്റം വരുകയോ, ക്ഷയിക്കുകയോ, നശിക്കുകയോ ചെയ്യുന്നില്ല.

## 19

### ഗീത നമ്മെ നമ്മോടു തന്നെ സംസാരിപ്പിക്കുന്നു

ഗീത നമ്മെ നമ്മോടുതന്നെ സംസാരിക്കാൻ പ്രാപ്തമാക്കുന്നു. മനുഷ്യനിൽ കുടികൊള്ളുന്ന ബോധത്തെ ഭഗവാനായും മനസ്സിനെ അർജുനനായും സങ്കൽപ്പിണം. ഇവിടെ ഇന്ദ്രിയത്തെ ദുര്യോധനനായി കാണണം. തൻെറ കർമത്തിൽ നിന്ന് പിന്തിരിഞ്ഞാൽ അർജുനൻെറ ശരീരത്തെ ദുര്യോധനൻ കീഴടക്കുമെന്ന് ഭഗവാൻ ഓർമപ്പെടുത്തിയിട്ടുണ്ട്. ചഞ്ചലാവസ്ഥയിലായ അർജുനനെന്ന മനസ്സിനെ ബോധത്തിലേക്ക് ഭഗവാൻ ക്ഷണിക്കുകയാണ്. ദുര്യോധനന് കീഴ്പ്പെട്ടാൽ അത് അധർമത്തിന് ഇടയാക്കും. അധർമം പാപത്തിൽ കലാശിക്കും. പാപമെന്നത് തെറ്റിദ്ധാരണയാണ്. അധർമങ്ങളിലേർപ്പെട്ട് താൻ ചെയ്യുന്നത് ശരിയെന്ന തോന്നലാണ് തെറ്റിദ്ധാരണ. ഇവിടെയാണ് ഈ യുദ്ധം ഓരോ മനുഷ്യൻെറ ഉള്ളിലും നടക്കേണ്ടത്.

വേഷംകെട്ടലുകളിലൂടെ മതമൈത്രി ഉണ്ടാകില്ല. പകരം ഇതര മതവിഭാഗങ്ങളുടെ ഗ്രന്ഥങ്ങൾ പഠിച്ച് സമാനമായ ദർശനങ്ങൾ കണ്ടെത്താൻ ശ്രമിക്കുമ്പോൾ മതമൈത്രി പിറക്കും.ക്രിസ്മസിന് ആ വിഭാഗത്തിൽപ്പെട്ടവരുടെ വീട്ടിൽപോയി സത്കാരത്തിൽ പങ്കുചേരുന്നതുകൊണ്ട് മതമൈത്രി ഉണ്ടാകില്ല. ഓണത്തിന് കുറച്ച് വളിച്ച അവിയലും മറ്റും തിരികെ കൊടുത്തയച്ചതുകൊണ്ടും പ്രയോജനമില്ല. പള്ളീലച്ചൻേറയും സ്വാമിയാരുടേയും മുല്ലാക്കയുടേയും വേഷംകെട്ടി കുട്ടികളെ വെയിലത്ത് റോഡിലൂടെ നടത്തിയാണ് മതമൈത്രി ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ശുദ്ധ വിഡ്ഢിത്തമാണിത്. അതിനു പകരം ഗീതയും ബൈബിളും ഖുറാനുമൊക്കെ വായിച്ച് മനസ്സിലാക്കാൻ ശ്രമിച്ചാൽ ഇവിടെ മതമൈത്രി പുലരും.

## 20

### ആത്മാന്വേഷണത്തിൽനിന്ന് പിന്തിരിയുന്നത് പതനമാണ്

ആത്മാന്വേഷണത്തിൽനിന്ന് പിന്തിരിയുന്നത് പതനമാണ്. സത്യാന്വേഷണം ഓരോരുത്തരുടെയും കർമമാണ്. അതിൽനിന്നും പിന്തിരിയുന്നവരെ ലോകം അപഹസിക്കും.

കർമമെന്നത് നമ്മെ അറിയാനുള്ളതാണ്. അത് വെളുത്ത തുണിപോലെയാണ്. കറ പെട്ടെന്ന് അറിയും.അന്വേഷണം സത്യമെങ്കിൽ ഒന്നും ഉപേക്ഷിക്കേണ്ട. ബന്ധങ്ങളെയും കർമത്തെയും എല്ലാം ഉപേക്ഷിച്ചാൽമാത്രമേ ഇതു കിട്ടൂ എന്ന ധാരണ തെറ്റാണ്. നിങ്ങളുടെ കർമങ്ങളൊന്നും ശാസ്ത്രമറിയുന്നതിനു പ്രസക്തമല്ല. നിങ്ങളെന്തുചെയ്തു, ചെയ്തില്ല ഒന്നും പ്രസക്തമല്ല. ഒരാളെയും മാറ്റിനിർത്താനുമാകില്ല. അറിയാനുള്ള ശ്രമം ഓരോരുത്തരുടെയും അവകാശമാണ്. ആരേയും വിലയിരുത്താൻ നമുക്ക് അവകാശമില്ല.

യോഗിയോ ഭോഗിയോ ആകട്ടെ, ബന്ധങ്ങൾ ഇല്ലാത്തവനോബന്ധങ്ങളിൽ ജീവിക്കുന്നവനോ ആകട്ടെ, ആരാണോ സത്യാന്വേഷണത്തിൽ താത്പര്യം കാണിക്കുന്നത് അവൻമാത്രം ആനന്ദിക്കുന്നു എന്ന് ശങ്കരാചാര്യർ പറയുന്നു.എന്നാൽ പരമമായ സത്യത്തിനായുള്ള പ്രാർഥന കല്യാണം നടക്കൽ, ജോലികിട്ടൽ, രോഗംമാറൽ തുടങ്ങിയ നേട്ടങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടാകരുത്. അങ്ങനെ അന്വേഷിച്ചാൽ ഏഴയലത്തെത്തില്ല. ആഗ്രഹത്തോടുകൂടി അനുഭവങ്ങളെ തേടിപ്പോയാൽ പൂർണതയെത്തില്ല. അവിടെ ആഗ്രഹമേയുണ്ടാകൂ, അനുഭവമുണ്ടാകില്ല. അവനവനിൽനിന്ന് മാറിനിന്ന് കാണാനാകണം, സന്ദീപ്ചൈതന്യ പറഞ്ഞു.

സ്വന്തം കർമത്തിൽനിന്ന് പിന്മാറിയാൽ മഹാന്മാർ നിന്നെ പേടിച്ചോടിയവൻ എന്നു പറയുമെന്ന് ഭഗവാൻ അർജുനന് മുന്നറിയിപ്പുനൽകുന്നു. ഭയംകൊണ്ട് ചിലർ ആധ്യാത്മികതയുടെ ലോകത്ത് വരുന്നില്ല. നന്നായിപ്പോകുമോ എന്ന പേടിയാണവർക്ക്. നമുക്കാവശ്യമുള്ള സുഖം കിട്ടുന്ന കൊള്ളരുതായ്മകൾ ഉപേക്ഷിക്കുവാനുള്ള പേടി.

ഗീതകേട്ടാൽ നന്നാവും എന്ന ധാരണ വേണ്ട. എല്ലാവരും ഇപ്പോഴേ നല്ലതാണ്. എല്ലാവരും വ്യത്യസ്തരാണ്, ശരിയാണ്, ചിന്തിക്കുന്നവരാണ്-അതാണ് ഗീത. കേട്ടിട്ട്, കണ്ടിട്ട്, ചിന്തിച്ചിട്ട് ആധ്യാത്മികത ആരും അറിയുന്നില്ല. ആർക്കും നിർവചിക്കാൻ സാധിക്കില്ല. മനസ്സിനപ്പുറത്തേക്ക് നമ്മെ കൊണ്ടുപോകുന്ന ശാസ്ത്രമാണ് ഗീത. അതേസമയം ചന്ദനം ചൂണ്ടിക്കാണിക്കുന്ന കൈവിരൽ ഒരിക്കലും ചന്ദനമല്ല. ശാസ്ത്രം ചൂണ്ടുപലകമാത്രമാണ്.

## 21

## ഭോഗാസക്തിയുടെ ഫലം മരണം

മനസ്സിനെ കാമനകൾ അപഹരിക്കുമ്പോഴാണ് ഒരുവൻ ഭോഗാസക്തിയിൽ നിപതിക്കുന്നത് ഇതിൻെറ ആത്യന്തികഫലം മരണമായിരിക്കും. കാമനകൾ ആധിപത്യം സ്ഥാപിക്കുന്ന മനസ്സിൽ നിശ്ചിതരൂപത്തിലുള്ള ബുദ്ധി സ്ഥിതി ചെയ്യില്ല. ആഗ്രഹിക്കുന്നതെന്തും നിവർത്തിക്കപ്പെടുന്നതാണ് സ്വർഗമെന്ന മിഥ്യാധാരണയിലാവും അവർ ജീവിക്കുക. കടം മേടിച്ച് ആഡംബരജീവിതം നയിക്കുന്നവർ ഇത്തരക്കാരാണ്. ലോൺമേളകളുടെ കാലത്ത് കിട്ടാവുന്നിടത്തു നിന്നെല്ലാം വായ്പ വാങ്ങും. ഒടുക്കം തിരിച്ചടയ്ക്കാൻ ഗതിയില്ലാതെ കൂട്ടആത്മഹത്യ ചെയ്യും. കേരളീയരുടെ ജീവിതം ഇതിന് ദൃഷ്ടാന്തമായിക്കൊണ്ടിരിക്കുകയാണ്.

കർമങ്ങൾ ഒന്നിനോടും ഒട്ടലില്ലാതെ ചെയ്യുക എന്നതാണ് നമ്മുടെ കർത്തവ്യം. അത് പാലിക്കുമ്പോൾ സ്വർഗീയാനുഭവം നമുക്ക് പ്രാപ്യമാകും. എതിർപ്പുകൾ സംഘർഷങ്ങൾക്ക് വിത്തിടും. നാം നിർവഹിക്കേണ്ട കർമങ്ങളെ എതിർക്കുകയല്ല നിർമമതയോടെ പൂർത്തീകരിക്കുകയാണ് വേണ്ടത്. സുഖദുഃഖങ്ങൾ, ലാഭനഷ്ടങ്ങൾ, ജയപരാജയങ്ങൾ എന്നിവ നമ്മുടെ കർമത്തിന് നിദാനമാകരുത്. കേവലം ഒരുപകരണമായി വേണം കർമങ്ങളിലേർപ്പെടാൻ. അപ്പോൾ അതിൻെറ ഫലത്തെക്കുറിച്ചുള്ള ഉത്കണ്ഠ നമ്മിലുണ്ടാകില്ല.

## 22

## കർമം ചെയ്യുക, ഫലം ഇച്ഛിക്കരുത്

കർമം ചെയ്യുക എന്നതാണ് വ്യക്തിയുടെ ധർമം. ഒരിക്കലും ഫലം ഇച്ഛിക്കരുത്. ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള കർമങ്ങൾ ആത്യന്തികമായി നിരാശ പകരും.

കർമം എപ്രകാരമാകണമെന്ന് വ്യക്തിക്ക് തീരുമാനിക്കാം. പക്ഷെ, ഫലം വ്യക്തിയുടെ അധീനതയിലുള്ളതല്ല. നമുക്കധീനമല്ലാത്ത കാര്യങ്ങളിൽ പ്രതീക്ഷവെച്ചാൽ ഉത്കണ്ഠയും നിരാശയുമാകും ഭവിക്കുക. മനസ്സ് ഫലേച്ഛയിൽ ഒട്ടുന്നതോടെ കർമത്തിൽ ശ്രദ്ധകുറയും, സംശയങ്ങൾ ജനിക്കും. അതോടെ കർമത്തിൻെറ പൂർണത നഷ്ടപ്പെടുകയും ഫലംതന്നെ ഇല്ലാതാവുകയും ചെയ്യും.

എണ്ണപുരട്ടിയശേഷം ചക്കപ്പഴം മുറിക്കുമ്പോൾ ഒന്നിലും ഒട്ടലുണ്ടാവില്ല. അതുപോലെ ജ്ഞാനമാകുന്ന തൈലംപുരട്ടി ലോകത്തിൽ കർമംചെയ്താൽ ഒന്നിനോടും മമത ജനിക്കില്ല.

വസ്തുസിദ്ധിയല്ല, ചിത്തശുദ്ധിയാകണം കർമകാരണം.
ഭഗവത്സമർപ്പിതമായിട്ടാകണം കർമങ്ങൾ അനുഷ്ഠിക്കേണ്ടത്. ഒരു നിശ്ചിത ഫലം ഉദ്ദേശിച്ച് ഒരിക്കലും കർമം ചെയ്യരുത്. അതേപോലെ കർമവിമുഖനാകുന്ന അവസ്ഥയിൽ നിപതിക്കുകയും ചെയ്യരുത്.

സത്വ-തമോ-രജോഗുണ പ്രധാനമാണ് പ്രകൃതിയും അതിൽ ജീവിക്കുന്ന മനുഷ്യരും. ഈ ത്രിഗുണങ്ങൾ ഏറിയും കുറഞ്ഞും വ്യക്തിയിലുണ്ടാകും. ഏതെങ്കിലും ഗുണം ആധിപത്യം സ്ഥാപിക്കുമ്പോൾ അത് സ്വഭാവത്തിൽ പ്രകടമാകും. ഈ മൂന്നു ഗുണത്തിനുമപ്പുറം സത്തായ ഗുണത്തെ പ്രാപിക്കാനാണ് ശ്രമിക്കേണ്ടത്. ആത്മജ്ഞാനം നേടുന്നതിലൂടെയാണ് പ്രപഞ്ചാതീതമായ ആ അവസ്ഥയിലെത്തുക. അതോടെ സകല ഭേദഭാവങ്ങളും നശിക്കുകയും കർമയോഗത്തിന്റെ പൊരുൾ ഗ്രഹിക്കാനും ആവും.

## 23

### കർമം അറിവിന്റെ നിറവിലായിരിക്കണം

കർമത്തെക്കുറിച്ച് സമ്പൂർണമായ അറിവ് ചെയ്യുന്നവർക്കുണ്ടാകണം. അറിവുള്ളവർക്ക് ഫലേച്ഛയോടു കൂടിയ കർമം നിന്ദ്യമാണ്. ബുദ്ധിയെ ശരണമാക്കണമെന്ന് ഭഗവാൻ അർജുനനെ ഉപദേശിക്കുന്നു. ബുദ്ധിയാകണം കാര്യങ്ങൾ തീരുമാനിക്കേണ്ടത്; മനസ്സാകരുത്. മനസ്സും ബുദ്ധിയും ഒന്നായി നിലനിർത്താൻ കഴിയുന്നവനാണ് സമദർശി.

കർമങ്ങളൊക്കെ ധ്യാനാവസ്ഥയിൽ, അറിവോടെ, പ്രാർത്ഥനയോടെ ചെയ്യണം. ബോധപൂർവമായിരിക്കണം നമ്മുടെ കരചരണ പ്രവർത്തനങ്ങൾ. മനുഷ്യനെ സമൂലം മാറ്റിമറിക്കാൻ നിഷേധാത്മക ചിന്തകളെക്കൊണ്ട് സാധ്യമല്ല. കർമം ചെയ്യാതിരിക്കുക എന്ന ചിന്ത ഒരിക്കലും പാടില്ല. അരുത്, അരുത് എന്നതുകേട്ട് മനുഷ്യ മനസ്സാകെ മരവിച്ചിരിക്കുകയാണ്.

സമബുദ്ധിയോടെ കർമം ചെയ്യുന്നവന് സുകൃതമോ, ദുഷ്കൃതമോ ഇല്ല. അവൻ പുണ്യത്തിന്റേയോ പാപത്തിന്റേയോ പക്ഷത്തു നിൽക്കുന്നില്ല. രണ്ടിനേയും അതിവർത്തിക്കുന്ന കർമയോഗത്തിനായി നാം പരിശ്രമിക്കണം. കർമങ്ങളിലെ കുശലതയാണ് യോഗം.

യുക്തമായ ബുദ്ധിയുള്ളവർ കർമഫലത്തെ ഉപേക്ഷിച്ച് ജന്മബന്ധങ്ങളിൽ നിന്ന് വേർപെട്ടവരായി ദുഃഖരഹിതമായ, തടസ്സങ്ങളില്ലാത്ത അവസ്ഥയെ പ്രാപിക്കുന്നു. ദുഃഖങ്ങൾ ഉണ്ടാകാതിരിക്കണം എന്നല്ല അതിനെ അതിജീവിക്കാനുള്ള മാനസികാവസ്ഥയിലേക്ക് തന്നെ ഉയർത്തണേ എന്നാണ് ശാന്തിമന്ത്രത്തിലൂടെ പ്രാർത്ഥിക്കുന്നത് .

യോഗസ്ഥനായി സംഗം ഉപേക്ഷിക്കലാണ് പൂർണ സ്വാതന്ത്ര്യത്തിലേക്കുള്ള വഴി. ഒന്നുമായി താദാത്മ്യം പ്രാപിക്കാതിരിക്കലാണത്. കിട്ടിയതിലും കിട്ടാത്തതിലും സമഭാവനയായിരിക്കലാണത്. പലതിനോടുമുള്ള ഒട്ടലാണ് സംഗം. നമ്മുടെ ബന്ധങ്ങൾ പലപ്പോഴും സ്വാർത്ഥതയിൽ നിന്നു ജനിക്കുന്നതാണ്.

മകനോടുള്ള സംഗം അവനിന്നതായിത്തീരണമെന്ന നമ്മുടെ ആഗ്രഹമാണ്. നമുക്കാവാത്തത് മകനായി നമുക്കതിന്റെ ഫലം കിട്ടണം എന്ന മോഹം. കടമ, സ്നേഹം, ഉത്തരവാദിത്വം എന്നിവയൊക്കെ പലപ്പോഴും സ്വന്തം സ്വാർത്ഥതയെ ധരിപ്പിക്കുന്ന കുപ്പായങ്ങളാണ്.

## 24

## അപരനെ പൂർണമായി സ്വീകരിക്കുക

**അ**പരനെ നാം പൂർണമായി സ്വീകരിക്കേണ്ടതുണ്ട്. നമുക്ക് ശത്രുക്കളുണ്ടാകരുത്. വിശ്വമായിരിക്കുന്നതേ ഞാനാണെന്നറിഞ്ഞാൽ പിന്നെ എന്തിന് മറ്റുള്ളവരോട് മത്സരിക്കണം? വ്യക്തി, വിദ്വേഷങ്ങൾക്ക് അതീതനാണ്. അതേസമയം പ്രവൃത്തികളെ വിമർശിക്കാം.

കോപം, ഭയം, ആശ ഇതൊക്കെ ഒഴിഞ്ഞിട്ടുള്ളവനാണ് മുനി. പ്രതീക്ഷകൾ അകലുമ്പോൾ ഒരുവനിൽ മൗനമുണ്ടാകുന്നു. മൗനമാചരിക്കുന്നവൻ, മനനം ചെയ്യുന്നവൻ, വ്യാമോഹത്തെ ഭജിക്കാത്തവൻ – അവനാണ് മുനി. ഒരു ചിത്രത്തിലെ ബിംബങ്ങളായി പ്രപഞ്ചത്തിലെ എല്ലാം കാണാൻ കഴിയണം. പല ജനങ്ങൾ, ആകൃതികൾ, പേരുകൾ, വേഷങ്ങൾ ഒക്കെ. അവരിലൊരാളായി തന്നെയും കാണണം. ഇതാണ് സ്ഥിതപ്രജ്ഞന്റെ ലക്ഷണം.

ദുഃഖങ്ങളിൽ, അനുകൂലമല്ലാത്ത അനുഭവങ്ങളിൽ ക്ഷോഭിക്കാതെ അവയെ ഉൾക്കൊള്ളുന്നവനും സുഖത്തിൽ ആഗ്രഹമില്ലാത്തവനും സ്മരണാരൂപത്തിൽ അവയെ താലോലിക്കാത്തവനുമാണ് മുനിയെന്ന് അർജുനനോട് ഭഗവാൻ വിശദീകരിക്കുന്നു. എല്ലാ മനോഗതങ്ങളേയും കാമനകളേയും എപ്പോൾ ഒരുവൻ പൂർണമായി വിട്ടുകളഞ്ഞ് തന്നിൽ തന്നെ രമിക്കുന്നുവോ അവനാണ് സ്ഥിതപ്രജ്ഞൻ.

മനസ്സ് ബാഹ്യമായ വസ്തുക്കളിൽ രമിക്കുന്നവൻ വിഷയാരാമനും തന്നിൽത്തന്നെ രമിക്കുന്നവൻ ആത്മാരാമനുമാണ്. സുഖം ആത്മനിഷ്ഠമാണെന്നറിഞ്ഞവർ അവനവനെ അന്വേഷിക്കുന്നു. സ്വയം അറിഞ്ഞവന് തന്നിൽതന്നെ ആനന്ദമുണ്ടാകുന്നു. ഒന്നിന്റെയും ഭാവവും അഭാവവും അപ്പോൾ അല്പം പോലും ഇളക്കമുണ്ടാക്കുന്നില്ല. അവന്റെ പ്രജ്ഞ സ്ഥിരമാണ്.അജ്ഞാനത്താൽ ഭ്രമിക്കപ്പെട്ട ബുദ്ധി എപ്പോഴാണോ ധ്യാനഭൂമികയിലെത്തി ഇളക്കമില്ലാതെ സ്ഥിരമായി സ്ഥിതി ചെയ്യുന്നത് അപ്പോൾ നീ യോഗിയായിത്തീരുമെന്ന് ഭഗവാൻ അർജുനനോട് പറയുന്നു. എല്ലാവരും കാറ്റത്തിളകാത്ത ദീപം പോലെ യോഗിയായിത്തീരണം. മോഹങ്ങളെ അതിജീവിക്കാൻ കഴിയണം. കർമത്തിലൂടെ ആത്മാന്വേഷണം സാധ്യമാണ്. മോക്ഷം മരണാനന്തര ബഹുമതിയല്ലെന്ന് സ്വാമി പറഞ്ഞു. നിസ്സംഗഭാവത്തോടെ കർമമനുഷ്ഠിച്ച് ഇവിടെത്തന്നെ സാധിക്കാവുന്നതാണ്. ബുദ്ധിയുക്തന്മാർ കർമത്തിൽ നിന്ന് ഇന്നതു കിട്ടണമെന്ന മോഹത്തെ പൂർണമായി പരിത്യജിച്ച് അമൃതത്വത്തെ സാക്ഷാത്കരിക്കുന്നു. സന്തോഷത്തോടെ, ആഹ്ലാദത്തോടെയായിരിക്കണം കർമം ചെയ്യേണ്ടത്. വീണ്ടും ചെയ്യാനുള്ള പ്രചോദനം കിട്ടണം. സമഭാവത്തെ കൈവരിച്ച മനസ്സ് ചെയ്യുന്ന പ്രവൃത്തി സന്തോഷകരമായിരിക്കും.

## 25

## പരിത്യാഗം കൃഷ്ണനിൽ നിന്ന് പഠിക്കണം

പരിത്യാഗം കൃഷ്ണനിൽ നിന്നാണ്, ബുദ്ധനിൽ നിന്നല്ല പഠിക്കേണ്ടത് . കൃഷ്ണന്റെ പരിത്യാഗം ഒന്നിനേയും ഉപേക്ഷിക്കലല്ല, എല്ലാറ്റിനേയും സ്വീകരിക്കലാണ്. അവിടെ ഞാനില്ല. സമ്പൂർണ സ്വീകാര്യതയാണ്. ബുദ്ധൻ ഭാര്യയേയും മകനേയും ഉപേക്ഷിച്ചിട്ടാണ് ആത്മാന്വേഷണം ആരംഭിക്കുന്നത്.

ഉള്ളിലേക്കുള്ള യാത്രയിൽ ഒരു പ്രയാസവും ഉണ്ടാകാൻ പാടില്ല. അവനവൻ പോലും അറിയാതെ വേണം ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്ന് നിവർത്തിക്കാൻ. ഒരു പൂ വിടരുന്നതുപോലെ അനായാസമായിരിക്കണമത്. ഇന്ദ്രിയങ്ങളെ സംയമനം ചെയ്തവരുടെ, സ്വ സ്വാധീനത്തിലാക്കിയവരുടെ പ്രജ്ഞ ഉറപ്പുള്ളതാണ്.

പ്രയത്നിക്കുന്ന, പണ്ഡിതനായ മനുഷ്യന്റെ മനസ്സുപോലും ക്ഷോഭമുണ്ടാക്കുന്ന ഇന്ദ്രിയങ്ങൾ ബലമായി അപഹരിക്കുന്നു. നമ്മൾപോലും അറിയാതെയാണ് ഇന്ദ്രിയങ്ങൾ അവയുടെ വിഷയങ്ങളിലേക്ക് പോകുന്നത്. നാം ധ്യാനനിരതരായി ഏതു ഗുഹാമുഖത്തിരുന്നാലും നമ്മുടെ മുന്നിൽ സർവസൗന്ദര്യത്തോടുംകൂടി നൃത്തംവയ്ക്കുന്ന വിഷയങ്ങളുണ്ട്, നമ്മുടെ തപസ്സിളക്കാൻ. ഇവിടെ നാം ബലമായ ഒരേർപ്പാടിനും നിൽക്കരുത്. അത് ഞരമ്പുരോഗം സൃഷ്ടിക്കും. അതിവർത്തിക്കുക ഒരു കലയാണ്. കടിച്ചുപിടിച്ചു നേടാവുന്നതല്ല. ഇന്ന് പല വ്രതങ്ങളും ശരീരത്തേയും മനസ്സിനേയും പീഡിപ്പിക്കുന്നതാണ്. എന്തോ കിട്ടുമെന്നു കരുതിയാണിത്. ഒന്നും കിട്ടില്ല. പലപ്പോഴും ഉപവാസമിരിക്കുന്നവന്റെ ചിന്ത മുഴുവൻ ആഹാരത്തെക്കുറിച്ചാകും. എന്താണ് ബലമായി വേണ്ടെന്നുവയ്ക്കുന്നത് അത് പതിന്മടങ്ങ് ശക്തിയോടെ ഉള്ളിലുണ്ടാവും.

പ്രമേഹരോഗി പഞ്ചസാര വേണ്ടെന്നു പറയുന്നതുപോലെയല്ല ജ്ഞാനി ഇന്ദ്രിയസുഖങ്ങൾക്കു പിറകെ പോകാത്തത്. അതിന്റെ നിസ്സാരത ബോധ്യപ്പെട്ടതുകൊണ്ടാണ്. നിരാഹാരമിരിക്കുന്നവന്റെ മനസ്സിൽ ആഗ്രഹമുണ്ട്. പരമമായതിനെ അറിഞ്ഞതിനാൽ സ്ഥിതപ്രജ്ഞനിൽ ആഗ്രഹംപോലും ഉണ്ടാകുന്നില്ല.

ആമ തന്റെ അവയവങ്ങൾ ഉള്ളിലേക്കു വലിക്കുന്നതുപോലെ ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നു പിൻവലിക്കണമെന്ന് ഗീത പറയുന്നു. ആമ ഭയംകൊണ്ടായിരിക്കാം ഇതു ചെയ്യുന്നത്. എന്നാൽ, ജ്ഞാനി അറിവുകൊണ്ടാണ്. ഇന്ദ്രിയങ്ങൾ സ്വന്തം ഉള്ളിലേക്കു തിരിക്കുന്നവന്റെ, പിൻവലിക്കുന്നവന്റെ ബുദ്ധി ഉറച്ചതാകുന്നു.

## 26

## ധ്യാനം നന്മതിന്മകളുടെ ഉറവിടം

നമ്മളെന്തൊക്കെ ചെയ്യുന്നുണ്ടോ അതെല്ലാം ധ്യാനത്തിൽ ഉറച്ചതാണ്. നമ്മളെന്താണ് ധ്യാനിക്കുന്നത് അതാണ് നമുക്ക് കിട്ടുക. നിരന്തരം മനസ്സ് വ്യാപരിക്കുന്ന മേഖലയേതാണ് അതാകും നമ്മുടെ പ്രവൃത്തിയും.

ഒന്നും ആകസ്മികമായല്ല സംഭവിക്കുന്നത്. ഇന്ന സാഹചര്യം വന്നാൽ ഞാൻ ഇങ്ങനെയാകും പ്രതികരിക്കുക എന്ന് നേരത്തെ ആലോചിച്ചുറപ്പിച്ചിട്ടുണ്ടാകും. ഇത്തരത്തിൽ ആലോചനയിൽ ഏർപ്പെടുന്നതാണ് ധ്യാനം. ധ്യാനം രണ്ടു തരമുണ്ട്. ആസുരികമായതും ദൈവികമായതും. ആസുരിക ധ്യാനത്തിൽ ഹിരണ്യായ നമഃ (സ്വർണത്തിന് നമസ്കാരം) എന്ന ഭോഗത്തെ സ്തുതിക്കുന്നു. ദൈവിക ധ്യാനത്തിൽ നാരായണായ നമഃ എന്ന ത്യാഗത്തെ സ്തുതിക്കുന്നു.

ഇന്ദ്രിയവിഷയങ്ങളെ ധ്യാനിച്ചിരുന്നാൽ അവയോട് സംഗം (ഒട്ടൽ) ഉണ്ടാകും. സംഗത്തിൽ നിന്ന് കാമം (കിട്ടിയേ തീരൂ എന്ന ആഗ്രഹം) ജനിക്കും. ആഗ്രഹത്തെ പൂർത്തീകരിക്കാതെ വരുമ്പോൾ ക്രോധമുണ്ടാകും. ക്രോധത്തിൽ കാര്യാകാര്യവിവേകം നഷ്ടപ്പെടും. അപ്പോൾ പഠിച്ചതും കേട്ടതുമായ മൂല്യങ്ങളൊക്കെ മറന്നുപോകും. ബുദ്ധി നശിക്കും. അതോടുകൂടി സർവനാശമാണ്. പിന്നെ തൻെറ ചെയ്തികൾ എന്തൊക്കെയാണെന്ന് പറയാൻ പറ്റില്ല. ഒരു ജനതയുടെ സംസ്കാരം രൂപപ്പെടുന്നത് വിചാരങ്ങളിലാണ് അഥവാ ധ്യാനത്തിലാണ്.

സാഹചര്യം അനുകൂലമല്ലാത്തപ്പോൾ ശാസ്ത്രം ഓർമയിലെത്തുമെങ്കിൽ മാത്രമേ വിദ്യാഭ്യാസം നേടിയിട്ടുണ്ടെന്ന് പറയാനാകൂ. അതോർമ്മ വന്നാൽ ദേഷ്യത്തെ ജയിക്കാനാകും. അശാന്തനായ ഒരുവന് എവിടെ നിന്ന് സുഖം കിട്ടും? ആത്മനിയന്ത്രണം അനിവാര്യമാണ്. മനസ്സ് കാറ്റത്തിട്ട തോണിപോലെ ആകരുത്. നിയന്ത്രണമില്ലാത്ത മനസ്സിനെ ഇന്ദ്രിയങ്ങൾ പലവഴിക്ക് കൊണ്ടുപോകും. ഇന്ദ്രിയത്തിനെതിരാകണമെന്നല്ല, ഇന്ദ്രിയത്തിനപ്പുറത്ത് നിലകൊള്ളണമെന്നാണ് ഇവിടെ വിവക്ഷ.

മറ്റെല്ലാവർക്കും പകലായിരിക്കുമ്പോൾ ഇന്ദ്രിയനിഗ്രഹം സാധിച്ച ജ്ഞാനിക്ക് രാത്രിയായിരിക്കും. മറ്റുള്ളവർക്ക് രാത്രിയായിരിക്കുമ്പോൾ ജ്ഞാനിക്ക് പകലും. എല്ലാവരും യാതൊന്നിലേക്കാണോ ഉണർന്നിരിക്കുന്നത് ആ വിഷയങ്ങളിൽ, ഇന്ദ്രിയസുഖങ്ങളിൽ ജ്ഞാനി ഉറങ്ങിയിരിക്കും. എല്ലാവരും ഉറങ്ങിയിരിക്കുന്ന ആത്മാവിൽ ജ്ഞാനി ഉണർന്നിരിക്കും.

## 27

### അന്വേഷിക്കേണ്ടത് അന്വേഷകനെത്തന്നെ

പല നദികളായി എത്ര ജലം വന്നു ചേർന്നാലും ഇളകാത്ത സമുദ്രംപോലെ എത്ര കാമനകൾ വന്നാലും ഇളകാത്തവനാണ് ജ്ഞാനി . അന്വേഷിക്കേണ്ടത് അന്വേഷകനെത്തന്നെയാണ്. ക്ഷേത്രത്തിലോ, പള്ളിയിലോ, ആശ്രമത്തിലോ, ഗുരുദ്വാരകളിലോ അന്വേഷിച്ചാൽ സത്യം കിട്ടില്ല. ദുനിയാവിലെ സകല കിത്താബിൽ തിരഞ്ഞാലും കിട്ടില്ല. അത് ഓരോരുത്തരുടേയും ഉള്ളിലാണ്.

തീർത്ഥാടനം തൻെറ തന്നെ ഉത്ഭവത്തിലേക്കു ഉള്ള യാത്രയാണ്. ക്ഷേത്രത്തോടൊപ്പം വനങ്ങളിലും സമുദ്രത്തിലും പർവതങ്ങളിലും പോകണം. അവിടെ ഉദയാസ്തമയം ചീട്ടാക്കി കാലങ്ങൾ കാത്തിരിക്കേണ്ട. സർവചരാചരങ്ങളും നേദ്യങ്ങളർപ്പിക്കുന്ന പൂജ കാണാം. ഇപ്പോൾ ഈശ്വരൻ കല്ലിലും ഫോട്ടോയിലും കോണിച്ചുവട്ടിലുമൊക്കെയാണ്. അവിടെ നിന്നിറങ്ങി പ്രകൃതിയിൽ ഈശ്വരനെ കാണണം.

ക്ഷേത്രത്തിലൂടെ ഈശ്വരനെക്കുറിച്ച് പഠിപ്പിക്കാൻ ശ്രമിച്ചപ്പോഴൊക്കെ പരാജയപ്പെട്ടിട്ടുണ്ട്. ശാസ്ത്രങ്ങൾ ഉണ്ടാകുമ്പോൾ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നില്ല. നദി മലിനമാകുന്നു എന്ന വാർത്തയിൽ വേദനിക്കാത്തവരാണ് ക്ഷേത്രത്തിൻെറ ഓടിന് കല്ലെറിഞ്ഞു എന്നു കേൾക്കുമ്പോൾ ജാഥ നടത്തുന്നത്.

ഭക്തൻ പ്രപഞ്ചത്തിന് ഒരുവിധത്തിലും പോറലേല്പിക്കാത്തവനാണ്. നദിയെ പൂജിക്കുക എന്നതിനർത്ഥം അതിലേക്ക് പലതും ഒഴുക്കി വിടുക എന്നല്ല. ആരാധനയ്ക്കർത്ഥം അറിയുക, ദോഷം ചെയ്യാതിരിക്കുക എന്നാണ്. ഗോവർദ്ധനോദ്ധാരണത്തിലൂടെയും കാളിയമർദ്ദനത്തിലൂടെയും കൃഷ്ണൻ കാണിച്ചുതന്നത് അതാണ്.

ആഗ്രഹങ്ങളില്ലാത്തവനായി, നിർമമനായി, നിരഹങ്കാരനായി വർത്തിക്കുന്നവൻ ശാന്തിയെ പ്രാപിക്കുന്നു, പ്രകൃതിയുമായി താദാത്മ്യപ്പെടുന്നു എന്ന് ഗീത പറയുന്നു. ഈ ആന്തരിക പരിവർത്തനത്തിനാണ് ക്രിസ്തുദേവനും പരിശ്രമിച്ചത്. ബാഹ്യമായ പരിവർത്തനങ്ങൾകൊണ്ട് ഒരു ഫലവുമില്ല.ഒരുവനെ മാറ്റിത്തീർക്കുവാൻ നിഷേധാത്മക സംബോധനകൾ അരുത്. പാപി എന്ന വിളി ഒരുവനിലെ എല്ലാ സാധ്യതകളേയും തച്ചുടയ്ക്കലാണ്. ആർക്കും ആരെയും അങ്ങനെ വിളിക്കുവാൻ അധികാരമില്ല. ഗീത 'ഹേ, അനഘ' (അല്ലയോ, പാപരഹിത) എന്നാണ് സംബോധന ചെയ്യുന്നത്.കർമ്മത്തിൽ നിന്ന് ഒളിച്ചോടുന്നത് നിന്ദ്യമാണെന്ന് ഗീത ഉപദേശിക്കുന്നു. പ്രപഞ്ചത്തിൽ അണുവിൻെറ അണുപോലും നിരന്തരം കർമ്മം (ചലനം) ചെയ്തുകൊണ്ടിരിക്കുകയാണ്. ബാഹ്യമായി കർമ്മം ചെയ്യാതെ മനസ്സുകൊണ്ട് ഇന്ദ്രിയസുഖങ്ങളെ സ്മരിച്ചു കഴിയുന്നവൻ കാപട്യക്കാരനാണ്.

## 28

### ഇന്ദ്രിയങ്ങളല്ല മനസ്സാണ് പ്രവർത്തിക്കുന്നത്

ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ട് നിയമനം ചെയ്ത് ആസക്തിയില്ലാതെ കർമം ചെയ്യുന്നവൻ ശ്രേഷ്ഠനാണ്. അയാളുടെ ഇന്ദ്രിയങ്ങൾ കർമഭൂമിയിൽ വ്യാപരിച്ചാലും സംഗം ഉണ്ടാകുന്നില്ല. വിശ്വസുന്ദരിയെക്കാണുമ്പോൾ ആ സൗന്ദര്യത്തെ സൃഷ്ടിച്ച വിശ്വകരങ്ങളെക്കൂടി കാണണം. അപ്പോഴേ സൗന്ദര്യം പൂർണമാകൂ. അല്ലാതെ കാണുമ്പോൾ സ്വന്തമാക്കണം എന്ന ആഗ്രഹമാണ്. എൻേറത്, എനിക്ക് എന്നൊക്കെ കരുതുമ്പോൾ വിഭജനവും യുദ്ധവും ദുഃഖവുമുണ്ടാകും.

കർമങ്ങളെ നല്ലതെന്നും മോശമെന്നും വിഭജിക്കുന്നതിൽ അർഥമില്ല. എല്ലാ കർമവും ഭഗവദ് പൂജയാണ്. പൂജാമുറി വൃത്തിയാക്കുന്ന അതേഭാവമാണ് കുളിമുറി വൃത്തിയാക്കുമ്പോഴും വേണ്ടത്. അമ്പലത്തിൽ നിന്ന് തരുന്നത് ജലമല്ല, തീർത്ഥമാണ്. ആ കാഴ്ച നൽകുവാനാണ് ക്ഷേത്രം. ക്ഷേത്രം ദർശനത്തിൻെറ ആരംഭവും അവസാനവുമാണ്. കല്ല് ദൈവമെന്നറിഞ്ഞവന് മറ്റെന്താണ് ദൈവമല്ലാത്തത്?

പുറത്തെ ജലത്തിലും തീർത്ഥ സങ്കല്പം ഉണ്ടാക്കാനാകുന്നില്ലെങ്കിൽ അത്തരം ക്ഷേത്രങ്ങൾ നിലനിൽക്കണോ എന്നുചിന്തിക്കണം. അമ്പലത്തിൽ നിന്ന് തരുന്നതുമാത്രമല്ല, നാം കഴിക്കുന്നതൊക്കെയും ഭഗവദ് പ്രസാദമായി കാണുവാനാകണം. ഒരു വലിയ കർമത്തിൻെറ, കൂട്ടായ്മയുടെ ഫലമാണ് അത്. കർമത്തെ യജ്ഞമായി കാണണം.യജ്ഞഭാവത്തിലല്ലാത്ത കർമമാണ് ബന്ധനത്തെ

ഉണ്ടാക്കുന്നത്. അതിനാൽ ഫലേച്ഛയില്ലാത്തകർമം ചെയ്ത് മുക്തി നേടണം. ഓരോരുത്തർക്കും നിശ്ചയിക്കപ്പെട്ട കർമമാണ് ചെയ്യേണ്ടത്. ഇപ്പോൾ മറ്റുള്ളവരുടെ കർമത്തിലാണ് ശ്രദ്ധ. അല്പമായതിനെ ത്യജിച്ച് പൂർണതയെ വരിക്കലാണ് യജ്ഞം. ഒരാൾക്കും ഒന്നിൻേറയും ഉടമയായിരിക്കാൻ സാധ്യമല്ലെന്ന സത്യം അറിഞ്ഞാൽ സന്ന്യാസഭാവം വരും.

രണ്ടാമധ്യായത്തിൽ ഭഗവാൻ പരമമായ സത്യത്തെ വെളിപ്പെടുത്തിയെങ്കിൽ അത് പ്രവൃത്തിപഥത്തിലേക്ക് എങ്ങനെ കൊണ്ടുവരാം എന്നാണ് മൂന്നാമധ്യായത്തിൽ വിശദീകരിക്കുന്നത്.

## 29

## ത്യജിച്ചുകൊണ്ട് ഭുജിക്കുക

പങ്കുവയ്ക്കലിലൂടെ, ത്യാഗത്തിലൂടെ സന്തോഷത്തെ കൈവരിച്ച് ജീവിക്കണം. സ്വന്തമാക്കി വയ്ക്കാൻ ശ്രമിക്കുമ്പോൾ സംഘർഷമുണ്ടാകും, നൽകുമ്പോൾ ആഹ്ലാദമുണ്ടാകും. യജ്ഞഭാവത്തിലാണ് പ്രകൃതി നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ആ യജ്ഞഭാവം കൊണ്ടാണ് നാം അഭിവൃദ്ധിപ്പെടേണ്ടത്. യജ്ഞം ഇഷ്ടമായതിനെത്തരുന്ന കാമധേനുവാണ്.

യജ്ഞം പരസ്പര സഹകരണവും കൂട്ടായ്മയുമാണ്. എന്നെ ഞാനാക്കി നില നിർത്തുന്നതിന് പ്രപഞ്ചത്തിലെ ഒരുപാടു ഘടകങ്ങൾ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനാൽ ചുറ്റുപാടുമുള്ളവയുടെ നില നില്പിനുതകണം നമ്മുടെ പ്രവർത്തനങ്ങൾ. യജ്ഞം കൊണ്ട് ദേവന്മാരെ സന്തോഷിപ്പിച്ചാൽ ദേവന്മാർ നമ്മെളെയും സന്തോഷിപ്പിക്കുമെന്ന് ഗീത പറയുന്നു. ദേവന്മാരെ സന്തോഷിപ്പിക്കൽ അമ്പലത്തിൽ വഴിപാടു നടത്തുന്നതല്ല.

നിരന്തരം ശല്യം ചെയ്യുന്നതല്ല, അവരെ അവരായി നിൽക്കാൻ അനുവദിക്കുന്നതാണ് സന്തോഷിപ്പിക്കൽ. പ്രകൃതിയിലെ വായുവും വെള്ളവും ഭൂമിയുമൊക്കെയാണ് ദേവന്മാർ. നദിയെ വിഷമയമാക്കാതിരുന്നാൽ, നശിപ്പിക്കാതിരുന്നാൽ അത് നമുക്ക് സന്തോഷം തരും. ഈ പരസ്പര സഹകരണത്തിലൂടെ പരമമായ ശ്രേയസ്സിനെ പ്രാപിക്കാം. തിരിച്ചൊന്നും നൽകാതെ ദേവന്മാരിൽ നിന്നുള്ള (പ്രകൃതിയിൽ നിന്നുള്ള) പുണ്യാനുഭവത്തെ ഭുജിക്കുന്നവർ കള്ളന്മാരാണ്. അതിനാലാണ് പണ്ടുള്ളവർ വൃക്ഷങ്ങൾ നട്ടിരുന്നത്. ലോകാനുഭവത്തെ തരുന്ന ഇന്ദ്രിയങ്ങൾക്ക് നാം ബ്രഹ്മാനുഭവത്തെ നൽകണമെന്നും ഈ ശ്ലോകത്തെ വ്യാഖ്യാനിക്കാം.

യജ്ഞശിഷ്ടം അനുഭവിക്കുന്ന (സേവനത്തിലൂടെ കിട്ടുന്ന, മുൻകൂട്ടി ആഗ്രഹിക്കാത്ത) സജ്ജനങ്ങൾ എല്ലാം തെറ്റുകളിൽ നിന്നും മുക്തിനേടും. എന്നാൽ തനിക്കുവേണ്ടി മാത്രം പാകം ചെയ്യുന്നവർ ഭക്ഷിക്കുന്നതേ പാപമാണ്. എല്ലാവർക്കും കൊടുത്തശേഷമാണ് ഭക്ഷിക്കേണ്ടത്.

## 30

### കച്ചവടമനസ്സിന്‌ ഒരിക്കലും യജ്ഞം കാണാനാകില്ല

കച്ചവടമനസ്സിന്‌ യജ്ഞഭാവം ഒരിക്കലും കൈവരില്ല. നാമെല്ലാം കച്ചവടമനസ്സോടെ കാണുന്നു, പൂക്കളെപ്പോലും. ജനിക്കാത്ത നമ്മളെ ഒന്നാലോചിക്കൂ. നമുക്കുവേണ്ടി ജലം, മണ്ണ്‌, വായു, ചന്ദ്രൻ, സൂര്യൻ ഒക്കെ എന്തൊക്കെ ചെയ്തു? അത്ര വലിയ യജ്ഞത്തിലൂടെയാണ്‌, പലതിന്റെയും നിസ്വാർത്ഥ സമർപ്പണത്തിലൂടെയാണ്‌ നാം വന്നത്‌.

ഇത്‌ എന്റേത്‌ അല്ല, ഞാൻ പോലും എന്റേതല്ല. ഞാൻ വിശ്വത്തിനവകാശപ്പെട്ടതാണ്‌, കാരണം വിശ്വമാണ്‌ നമ്മെ സൃഷ്ടിച്ചത്‌. ഇതാണ്‌ യജ്ഞം, ഇഷ്ടിക നിരത്തി 'സ്വാഹ' പറയലല്ല. കർമത്തിൽ നിന്ന്‌ യജ്ഞവും യജ്ഞത്തിൽ നിന്ന്‌ മഴയും അതിൽ നിന്ന്‌ അന്നവും ഉണ്ടാകുന്നു. അന്നത്തിൽ നിന്നാണ്‌ ഭവിച്ചതെല്ലാം ഉണ്ടായത്‌. അന്നമാണ്‌ മനസ്സ്‌. ആ തേജസ്സോടുകൂടിയതാണ്‌ വാക്ക്‌.

കർമം ബ്രഹ്മത്തിൽ നിന്നുണ്ടായി. ബ്രഹ്മം അക്ഷയമായ (നാശമില്ലാത്ത) പരമാത്മാവിൽ നിന്ന്‌ ഉത്ഭവിച്ചു. എല്ലായിടത്തും നിറഞ്ഞുനിൽക്കുന്ന ബ്രഹ്മം അതുകൊണ്ട്‌ യജ്ഞത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നു.

ഈ കർമചക്രത്തെ അനുഷ്ഠിക്കാത്തവന്റെ ജീവിതം നിഷ്‌ഫലമാണ്‌. ഇതറിഞ്ഞവന്‌ എന്തെങ്കിലുമൊക്കെ ചെയ്തിട്ട്‌ നേടാനോ, ചെയ്യാതിരുന്നിട്ട്‌ നഷ്ടപ്പെടാനോ ഒന്നുമില്ല. അവനാണ്‌ കർമം, അവനാണ്‌ കർമഫലം. എടുക്കുക, കൊടുക്കുക എന്ന വ്യാപാര മനസ്സ്‌ അവിടെ ഇല്ല.

നമുക്കെന്താണോ ഈ പ്രപഞ്ചം നൽകിയിട്ടുള്ളത്‌ അതിനെ തട്ടിമാറ്റാതിരിക്കുക, മറ്റുള്ളവന്‌ കിട്ടിയതിലേക്ക്‌ എത്തിപ്പിടിക്കാതിരിക്കുക. അതിനാൽ സംഗമില്ലാതെ എല്ലായ്‌പ്പോഴും ചെയ്യേണ്ടതായിട്ടുള്ള കർമങ്ങളെ നല്ലവണ്ണം ചെയ്താൽ മുക്‌തിയെ പ്രാപിക്കും. എന്തു ചെയ്യുന്നു എന്നല്ല, എങ്ങനെ ചെയ്യുന്നു എന്നതാണ്‌ കാര്യം. കർമത്തെ പൂജയാക്കുക.

ഈശ്വരൻ വസ്തുക്കളിലോ, വസ്തുക്കൾ ഈശ്വരനിലോ അല്ലെന്ന്‌ സ്വാമി വിശദീകരിച്ചു. എല്ലാം ഈശ്വരനാണ്‌. നാമരൂപാദികൾ മാറ്റിയാൽ എന്താണോ അവശേഷിക്കുന്നത്‌ അതാണ്‌ സത്യം. നാമരൂപാദികൾ സത്യത്തെ മറച്ചിരിക്കുകയാണ്‌. ആത്മബോധത്തിലൊഴിച്ച്‌ മറ്റെല്ലായിടത്തും എല്ലാം വ്യത്യസ്തമാണ്‌. അവ അയഥാർ

## -31-

### കർമ്മങ്ങൾ മാതൃകയാകണം

നമ്മുടെ കർമ്മങ്ങൾ മറ്റുള്ളവർക്ക്‌ മാതൃകയാകും വിധമായിരിക്കണം. നമ്മെ അനുകരിക്കാൻ വെമ്പിനിൽക്കുന്ന സമൂഹമാണ്‌ ചുറ്റുമുള്ളത്‌. നമ്മുടെ മക്കൾ നമ്മെ അനുകരിച്ചാകും വളരുക.

മാതൃകാ പുരുഷന്മാരെ ചൂണ്ടിക്കാണിക്കുന്നതിനൊപ്പം നമ്മെ തന്നെ മാതൃകയായി ഉദാഹരിക്കാനും കഴിയണം.

നമ്മുടെ കർമ്മങ്ങൾ മറ്റുള്ളവർക്ക് ആശയക്കുഴപ്പമുണ്ടാക്കും വിധമാകരുത്. ഭക്തിയുടെയും ആത്മീയതയുടെയും പേരു പറഞ്ഞ് ജനങ്ങളിൽ ചിന്താക്കുഴപ്പമുണ്ടാക്കുന്നവർ പെരുകിവരുന്ന കാലമാണ്. ഇതിന്റെ പേരിൽ അനാചാരങ്ങളും അന്ധവിശ്വാസങ്ങളുംവരെ പ്രചരിക്കുന്നുണ്ട്.

അജ്ഞാനി കർമ്മം ചെയ്യുന്നത് ആസക്തിയോടെയാകും. ജ്ഞാനിയാവട്ടെ ആസക്തിയില്ലാതെ കർമ്മം നിർവ്വഹിക്കും. അപ്പോഴത് ലോകക്ഷേമത്തിനു കാരണമാകും.

ജനങ്ങളുടെ ക്ഷേമം മുൻനിർത്തി കർമ്മം ചെയ്ത മാതൃകാ പുരുഷനാണ് ജനകമഹാരാജാവ്. അധികാരവും കീർത്തിയും സമ്പത്തുമൊന്നും ജനകനെ കർമ്മത്തിൽ നിന്നും പിന്തിരിപ്പിച്ചില്ല. രാമൻ സീതയെ കാട്ടിലയക്കുമ്പോൾ അവളുടെ പിതാവായ ജനകൻ ഇടപെടുന്നില്ല.

ലോകക്ഷേമത്തിനായി വിവേക ബുദ്ധിയോടെ കർമ്മങ്ങളിൽ വ്യാപരിക്കണമെന്ന് തിരിച്ചറിവുള്ളതുകൊണ്ടാണ് ജനകൻ ഈ സമയം രംഗത്തു വരാത്തത്.

സ്വന്തം കർമ്മങ്ങളിൽ അഹങ്കാരം പാടില്ല. ഞാനല്ല എന്നിലെ പരമാത്മാവാണ് കർമം ചെയ്യുന്നതെന്ന ബോധ്യമുണ്ടാകണം. അഹംഭാവമല്ല, അഹംബോധമാണ് നമുക്കുണ്ടാകേണ്ടത്.

## -32-

### രാഗദ്വേഷങ്ങൾ സാധകന്റെ ശത്രുക്കൾ

രാഗദ്വേഷങ്ങൾക്ക് സാധകൻ വശഗനാകരുത്. എല്ലാം ഭഗവാനിൽ സമർപ്പിച്ച് കർമങ്ങളിൽ പൂർണസ്വാതന്ത്ര്യം പ്രാപിക്കുകയാണ് സാധകന്റെ കർമം.

ഇന്ദ്രിയങ്ങൾ അതിനു ചേർന്ന വിഷയങ്ങളിലേക്ക് പോവുക സാധാരണമാണ്. ഇതുമൂലം നമ്മിൽ ജനിക്കുന്ന താല്പര്യങ്ങളാണ് രാഗം. ഇന്ദ്രിയാനുഭവങ്ങളിലൂടെ നമ്മിലുണ്ടാകുന്ന പ്രതികൂലപ്രതികരണങ്ങളാണ് ദ്വേഷം. ഇന്ദ്രിയങ്ങൾ പോകുന്ന വഴികളിലെ നന്മതിന്മകൾ നിരൂപിച്ച് നാം സംഘർഷത്തിന് അടിപ്പെടരുത്.

ഈ ലോകവും ഇതിലെ സർവവും ഈശ്വരൃചൈതന്യമാണെന്ന് തിരിച്ചറിയുന്നതോടെ ഇന്ദ്രിയമാർഗങ്ങളെ ചൊല്ലിയുള്ള ആകുലതകൾ ഇല്ലാതാകുന്നു. മനസ്സ് ആകാശത്ത് പറക്കുന്ന പട്ടം പോലെ സ്വതന്ത്രമായി വ്യാപാരിക്കും. അതിനെ നിയന്ത്രിക്കുന്ന ചരട് ഈശാവാസ്യമിദംസർവം എന്ന തിരിച്ചറിവാകണമെന്നുമാത്രം. അങ്ങനെ വന്നാൽ ഇന്ദ്രിയങ്ങൾ സൃഷ്ടിക്കുന്ന രാഗദ്വേഷങ്ങൾക്ക് മനസ്സിൽ ഇടമില്ലാതാകും.

എല്ലാ കർമങ്ങളും ഭഗവാനിൽ സമർപ്പിച്ച് ചെയ്യണം. ഇതിന് 'ഞാൻ' എന്ന അഹങ്കാരം ഇല്ലാതാകണം. അഹങ്കാരത്തിന്റെ നാശത്തിലാണ് ആത്മബോധം ഉദിക്കുന്നത്. ഇതോടെ വ്യക്തിയുടെ മനസ്സിന് സിദ്ധിക്കുന്ന സ്വാതന്ത്ര്യം തന്നെയാണ് മോക്ഷം. സംന്യാസം സ്വീകരിക്കുന്നവർ തനിക്ക് തന്നെ പിണ്ഡം വെക്കുന്നത് ഈ അഹംബോധത്തെ ഇല്ലായ്മ ചെയ്യുന്നതിന്റെ പ്രതീകമാണ്. പിന്നെ ബാക്കിയുള്ളത് ആത്മവിചാരത്തോടു കൂടിയ ബുദ്ധിയാണ്.

അസൂയ പലപ്പോഴും അഹങ്കാരത്തെ ഇല്ലാതാക്കുന്നതിന് തടസ്സമാകും. അസൂസയെ ജയിക്കാൻ അതിന് കാരണമായതിനോട് ബഹുമാനം വളർത്തുകയാണ് ഏറ്റവും നല്ല ഉപാധി.

## -33-

## ആഗ്രഹങ്ങളാണ് പാപങ്ങൾക്കു കാരണം

ആരാണ് ഓരോരുത്തരെക്കൊണ്ടും കൊടിയ പാപങ്ങൾ ചെയ്യിക്കുന്നതെന്ന് അർജുനൻ ഭഗവാനോടു ചോദിക്കുന്നു. അത് രജോഗുണത്തിൽനിന്നുണ്ടാകുന്ന, എത്ര കിട്ടിയാലും മതിയാകാത്ത ആഗ്രഹമാണെന്ന് ഭഗവാൻ വിശദീകരിച്ചു. ആഗ്രഹമാണ് ഓരോരുത്തരെക്കൊണ്ട് ഓരോന്നു ചെയ്യിക്കുന്നത്.

ഭാരതീയ ദർശനത്തിൽ ആഗ്രഹം നിഷിദ്ധമായി പറഞ്ഞിട്ടില്ല. എന്നാൽ അവ ധർമാനുസാരിയാകണം. മനോബുദ്ധികളെ ഏകമാക്കിയിട്ടുള്ള ആഗ്രഹപൂർത്തീകരണങ്ങൾ ലോകത്തിനുതന്നെ അനുഗ്രഹമാകും. ഏതാഗ്രഹങ്ങളേയും ധർമവുമായി ചേർത്തുവച്ച് നോക്കുക. ധർമാനുസൃതമായി എത്ര ധനം വേണമെങ്കിലും സമ്പാദിക്കാം, ഏതു കർമം വേണമെങ്കിലും ചെയ്യാം. ആഗ്രഹമാണ് ലക്ഷ്യമെങ്കിൽ പൂർത്തിയാക്കുന്നതിനുള്ള മാർഗം ധർമാനുസാരമാണോ എന്ന് ആലോചിക്കണം.

ഏതെങ്കിലും ആഗ്രഹ നിവൃത്തിക്കായി തെറ്റായ പ്രവൃത്തികൾ ചെയ്താൽ വീഴ്ചകൾ പറ്റും. നമ്മുടെ എല്ലാ വിഷമങ്ങൾക്കു പിന്നിലും ഇത്തരം ആഗ്രഹങ്ങളുണ്ട്. ഈ ആഗ്രഹവും അതിൽനിന്നുണ്ടാകുന്ന ക്രോധവുമാണ് മനുഷ്യന്റെ ശത്രുക്കൾ.

ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നീ തലങ്ങളിൽ വിവിധ രൂപത്തിൽ സത്യം മറയ്ക്കപ്പെട്ടിരിക്കുന്നു. ബുദ്ധിതലത്തിൽ അഗ്നിയെ ചാരം മൂടിയിരിക്കുന്നതു പോലെയാണ്. ഒന്ന് ഊതിയാൽ മറ മാറും. മനസ്സിന്റെ തലത്തിൽ കണ്ണാടിയിൽ അഴുക്ക് പിടിച്ചതുപോലെയാണ്. തുടയ്ക്കണം, പ്രയത്നിക്കണം. ഇന്ദ്രിയതലത്തിൽ ഗർഭസ്ഥശിശുവിനെ പൊതിഞ്ഞിരിക്കുന്ന ചർമാവരണം പോലെയാണ്. കാലമാണ് ആ മറ നീക്കുക. എല്ലാവരുടെ ഉള്ളിലും ആ ശക്തിസ്രോതസ്സുണ്ട്. നാം മറ നീക്കുകയേ വേണ്ടൂ.

ആത്മജ്ഞാനത്തെ മറയ്ക്കുന്ന ആഗ്രഹങ്ങളാണ് ജ്ഞാനിയുടെ നിത്യ ശത്രു. ധനം കാമനകളെ ദൂരീകരിക്കുമെന്ന ധാരണയിലാണ് പണത്തിനു പിന്നാലെ പോകുന്നത്. ആ യാത്ര കൂടുതൽ അസ്വസ്ഥതകളാണുണ്ടാക്കുക. എന്നാൽ, ഇന്ദ്രിയങ്ങളെ മറികടക്കണം എന്നു പറയുമ്പോൾ അവക്കെതിരായി എന്നല്ല അർഥം. ബലം പ്രയോഗിച്ചുള്ള അമർത്തൽ ജീവിതം അസ്വസ്ഥമാക്കും, രോഗങ്ങളുണ്ടാക്കും. അതിൽ നിന്ന് ഒരു പടി കൂടി ഉയർന്നുനിന്ന് കാര്യങ്ങൾ കാണലാണത്. ആ കാഴ്ചയിലൂടെ അറിവിനേയും അനുഭവജ്ഞാനത്തേയും നശിപ്പിക്കുന്ന ആഗ്രഹങ്ങൾ ഉപേക്ഷിക്കണം.

ഇന്ദ്രിയങ്ങൾ ശ്രേഷ്ഠമാണ്. അതിനെക്കാൾ ശ്രേഷ്ഠമാണ് മനസ്സ്. അതിലും ശ്രേഷ്ഠമാണ് ബുദ്ധി. എന്നാൽ ഇവയെല്ലാം ആഗ്രഹത്തിന്റെ ഇരിപ്പിടങ്ങളാണ്. ഏറ്റവും ശ്രേഷ്ഠമായത് ആത്മാവാണ്. അതാണ് ഓരോരുത്തരും. ഈ സത്യം അറിയണം.

## 34

### ഭഗവാൻ ജന്മമെടുക്കുന്നത് മനസ്സുകളിലാണ്

എപ്പോഴാണോ ധർമത്തിന് നാശം സംഭവിക്കുന്നത് അപ്പോഴെല്ലാം ഞാൻ അവതരിക്കുമെന്ന് ഭഗവാൻ പറയുന്നു. അധർമം ഉണ്ടാകുന്നത് ഏതെങ്കിലും ഭൂപ്രദേശത്തല്ല, ഓരോരുത്തരുടേയും മനസ്സിലാണ്. ഭഗവാൻ അവതാരമെടുക്കുന്നതും വേറെങ്ങുമല്ല. ധർമച്യുതി വ്യക്തിയുടെ അന്തരംഗത്തിലാണ്. അവിടെയാണ് ഭഗവാൻ ബോധരൂപത്തിൽ ജന്മമെടുക്കുന്നതും. അല്ലാതെ ബാഹ്യമായ സ്ഥലങ്ങളിലല്ല. ഭഗവാന് ഭൂമിയിൽ യാതൊരു താത്പര്യങ്ങളുമില്ല.

തെറ്റു ചെയ്യാനൊരുങ്ങുമ്പോൾ, ചിന്തിക്കുമ്പോൾ അരുതെന്ന് ഉള്ളിലിരുന്നു പറയുന്ന ബോധമാണ് ഭഗവാൻ. ധർമബോധമാണ് കള്ളംപറയുമ്പോൾ മാനസികസംഘർഷം ഉണ്ടാക്കുന്നത്. സജ്ജനങ്ങളുടെ രക്ഷയ്ക്കായി, ദുഷ്ചെയ്തികളുടെ നാശത്തിനായി ധർമം സ്ഥാപിക്കാൻ നിരന്തരം താൻ സംഭവിച്ചുകൊണ്ടിരിക്കുമെന്ന് ഭഗവാൻ പറയുന്നു. നാമെല്ലാവരും സജ്ജനങ്ങളാണ്. കർമത്തിൽ മാത്രമാണ് തെറ്റും ശരിയും. ഭഗവാൻ പറയുന്നത് ദുഷ്ടരെന്നല്ല, ദുഷ്കർമങ്ങളെന്നാണ്. നിരന്തരം ബോധമുദിക്കുമ്പോൾ നാം ദുഷ്കർമങ്ങളിൽനിന്ന് അകലുന്നു. ഇതാണ് ഭഗവാൻെറ ജന്മവും കർമവും. ദിവ്യങ്ങളായ ഈ ജന്മകർമങ്ങളെ താത്വികമായി അറിഞ്ഞവന് പിന്നെ ജന്മങ്ങളില്ല. ബോധവാനായാൽ ശരീരമല്ല ഞാൻ എന്നറിയും. അതറിഞ്ഞാൽ പിന്നെ ജനിമൃതികളില്ല. സുദർശനം (നല്ല കാഴ്ചപ്പാട്) കൊണ്ട് ഭഗവാൻ ആസുരികഭാവങ്ങളെ ഇല്ലായ്മചെയ്യുന്നു.

കർമത്തേയും ജ്ഞാനത്തേയും സംബന്ധിച്ച രഹസ്യം ഞാൻ സൂര്യനും സൂര്യൻ മനുവിനും മനു ഇക്ഷ്വാകുവിനും ഉപദേശിച്ചതാണ്. പിന്നീടത് നഷ്ടപ്പെട്ടുപോയി. ഇപ്പോൾ വീണ്ടും വെളിപ്പെടുത്തുന്നു എന്ന് ഭഗവാൻ പറയുന്നു. ഇവിടെ ഭഗവാൻ ബോധമാണ്. ബോധം ബുദ്ധിക്ക് (സൂര്യന്) ഉപദേശിച്ചു. ബുദ്ധി സ്വപുത്രനായ മനസ്സിലേക്ക് (മനു) പകർന്നു. മനസ്സ് ഇന്ദ്രിയങ്ങളിലേക്കും. കാര്യങ്ങൾ നടപ്പിലാക്കുന്നവർ ഇന്ദ്രിയങ്ങളാണ്. അതിനാൽ രാജാവിനോടുപമിക്കുന്നു. ഇന്ദ്രിയങ്ങളിൽനിന്നാണ് ഈ അറിവ് നഷ്ടപ്പെട്ടുപോയത്. നഷ്ടപ്പെട്ട യോഗ (ജ്ഞാന) രഹസ്യത്തിൻെറ പ്രതീകമാണ് ധൃതരാഷ്ട്രർ.

ധർമാധർമ സംഘർഷം മനസ്സിലാണ്. ധർമക്ഷേത്രമാണ് ശരീരം. എൻേറത് എന്നതാണ് യുദ്ധത്തിനു നിദാനം. എൻെറ കർമത്തിൽ നിസ്വാർത്ഥമായി ഞാൻ എന്തൊക്കെ ചെയ്തു എന്നാണ് ആലോചിക്കേണ്ടത്. അറിയുന്ന ധർമമനുസരിച്ച് പ്രവർത്തിക്കുന്നവരും അറിയുന്ന അധർമത്തിൽനിന്ന് മാറുന്നവരുമാണ് പാണ്ഡവർ. ധർമമറിഞ്ഞിട്ടും പ്രവർത്തിക്കാത്തവരും അധർമം അറിഞ്ഞിട്ടും അതിൽനിന്ന് മാറാത്തവരുമാണ് കൗരവർ. ഈ സംഘർഷത്തിൽ ബോധസ്വരൂപനായ ഭഗവാൻെറ സാമീപ്യമുള്ള, മനസ്സിൽ ബോധം ജനിച്ചിട്ടുള്ളവർ പരമമായ സത്യത്തെ അറിഞ്ഞ് മോക്ഷം പ്രാപിക്കുന്നു.

## -35-

### ജാഗ്രതയിൽ ഭയം നീങ്ങുന്നു

**ധ്യാ**നം സംഭവിക്കുമ്പോൾ നാം ജാഗ്രതയുള്ളവരാകുന്നു. ജാഗ്രതയോടെ എന്തുചെയ്യുമ്പോഴും ഭയമുണ്ടാകില്ല. ഭയത്തിൽ നിന്നാണ് വിദ്വേഷവും യുദ്ധവും ഉണ്ടാകുന്നത്. ഒരിക്കലും ഭഗവാനെ ഭയത്തോടെ സമീപിക്കരുത്. എല്ലാം ഒന്നായി അറിഞ്ഞാൽ പിന്നെ ഒന്നിനേയും ഭയമുണ്ടാകില്ല. ഗീതയിൽ ഭഗവാൻ നാലുപ്രകാരത്തിലുള്ള മോക്ഷത്തെക്കുറിച്ച് വിശദീകരിക്കുന്നു. സാലോക്യം, സാമീപ്യം, സാരൂപ്യം, സായുജ്യം എന്നിവയാണവ. രാഗഭയക്രോധങ്ങളെ അതിജീവിച്ചുകൊണ്ട് ഒരേ സത്യത്തെ തുടർന്ന് കണ്ടുകൊണ്ടിരിക്കുന്നതാണ് സാലോക്യം. ഈശ്വരൻെറ അടുത്തുവന്ന് ഉപാസിക്കുന്നതാണ് സാമീപ്യം. സമീപത്തിരിക്കുന്നതിനെ ദൂരെ അന്വേഷിക്കരുത്. പ്രകൃതിയാണ് ഈശ്വരൻ എന്നറിയുക. മൂന്നാമത്തേത് ഭഗവാൻെറ രൂപത്തെപ്രാപിക്കുകയാണ് - സാരൂപ്യം. പരമമായ മോക്ഷം ഭഗവാൻെറ ഭാവത്തെ പ്രാപിക്കലാണ് സായുജ്യം.

നാമെല്ലാം നാമം കൊണ്ടോ രൂപം കൊണ്ടോ ആണ് ആരാധിക്കുന്നത്. അതിൽ നിന്ന് സത്യത്തിലേക്കെത്താൻ പറ്റും. തുടർച്ചയായ നാമജപം നാമത്തെ മറക്കും. വാല്മീകിയല്ല, ആരു തന്നെ രാമ എന്ന് ജപിച്ചാലും അത് മര എന്നായിത്തീരും. രാമയിൽ തന്നെ നിൽക്കുന്നവൻ അപരിഷ്കൃതനാണ്. അവിടെ ഒറ്റശ്രദ്ധ നാമം മറയരുത് എന്നാണ്. നാമം കീഴ്മേൽ മറിയുന്നതോടെ ജപിക്കുന്നവനും നാമവും ഒന്നായിത്തീരും. അപ്പോൾ രാമൻ (ബോധം) സംഭവിക്കും. തുടർച്ചയായി രൂപത്തെ ആരാധിക്കുമ്പോൾ എല്ലാ രൂപങ്ങളും അരൂപിയാകും. വിശേഷമായി തത്വം ഗ്രഹിക്കാനുതകുന്നതാണ് വിഗ്രഹം.

ശ്ലോകം മനഃപാഠമാക്കാനല്ല ഗീത. നമ്മിൽ ഒരു പരിണാമം ശാന്തി സംഭവിക്കാനാണത്. നിത്യജീവിതത്തിൽ ഉപകരിക്കാതെ ആരാധിച്ചിട്ട് കാര്യമില്ല. പ്രപഞ്ചമനസ്സ് അഹം ബോധത്തിലിരുന്ന് അവൻെറ ആപത്കാല സംശയങ്ങൾക്കു നൽകുന്ന മറുപടിയാണ് ഗീത.

ഓരോരോ പ്രകാരത്തിൽ തന്നിലേക്കെത്തുന്ന ഉപാസകരെ അതേപ്രകാരങ്ങളിൽ തന്നെ ഭഗവാൻ അനുഗ്രഹിക്കുന്നു. ഇപ്പോഴനുഭവിക്കുന്നതൊക്കെ നാം ചോദിച്ചുവാങ്ങിയതാണ്, ഒന്നൊഴിയാതെ.

## -36-

### ആരാണ് ബ്രാഹ്മണൻ? എന്താണ് കർമവും അകർമവും?

'ചാതുർവർണ്യം മയാസൃഷ്ട'മെന്ന ശ്ലോകം ഏറെ തെറ്റിദ്ധരിക്കപ്പെട്ടതാണ്. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രാദി ജാതികളെക്കുറിച്ചാണ് ഈ ശ്ലോകമെന്ന് വ്യാഖ്യാനിച്ചാലും ആരാണ് ബ്രാഹ്മണൻ എന്ന ചോദ്യമുയരും. വ സൂചികോപനിഷത്ത് ഈ ചോദ്യത്തെ ആധാരമാക്കിയുള്ളതാണ്. ജീവനോ, ദേഹമോ, ജാതിയോ, ജ്ഞാനമോ, കർമമോ, ധാർമികതയോ ഒരുവനെ ബ്രാഹ്മണനാക്കുന്നില്ലെന്ന് ഉപനിഷത് വിശദീകരിക്കുന്നു.

എല്ലാ ശരീരങ്ങളിലും ഒരേ ജീവനാണ്. അതിനാൽ ജീവനല്ല. എല്ലാ ശരീരവും ഒരുപോലെ പഞ്ചഭൂതനിർമിതമാണ്. അപ്പോൾ ശരീരമല്ല. ഭിന്നജാതി പ്രാണികളിൽ

നിന്നു പോലും മഹർഷിമാരുണ്ടായിരിക്കുന്നു. മാനിൽ നിന്നാണ് ഋഷ്യശൃംഗൻ ജനിച്ചത്. പുല്ലിൽ നിന്ന് കൗശികനും കുറുക്കനിൽ നിന്ന് ജാംബൂകനും കലശത്തിൽ നിന്ന് അഗസ്ത്യനും ജനിച്ചു. ഈ കഥകൾ ജന്മമോ ജാതിയോ ഒരുവൻെറ ബ്രാഹ്മണ്യത്തെ കുറിക്കുന്നില്ലെന്ന് സൂചിപ്പിക്കാനുള്ളതാണ്. എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരും അറിവ് നേടുന്നുണ്ട്. അതിനാൽ അറിവല്ല. എല്ലാ പ്രാണികളും കർമം ചെയ്യുന്നു. എല്ലാവരിലും ധാർമികതയുണ്ട്. അതിനാൽ ഇതൊന്നും ബ്രാഹ്മണ്യത്തിന് ആധാരമല്ല.ജാതി ഗുണക്രിയാരഹിതമായ ദാഹം, വിശപ്പ്, ജര, മരണം, ശോകം, മോഹം, ജനനം, വളർച്ച, പരിണാമം, ക്ഷയം, നാശം ഇതൊക്കെ നീങ്ങിയ സത്യജ്ഞാനാനന്ദ സ്വരൂപത്തോടു കൂടിയ എല്ലാറ്റിനും ആധാരമായ ആകാശംപോലെ ഉള്ളിലും പുറത്തും കാണപ്പെടുന്ന അപ്രമേയമായ ആത്മാവിനെ കരതലാമലകം (ഉള്ളം കൈയിലെ നെല്ലിക്ക) പോലെ ആരാണോ സാക്ഷാത്കരിച്ച് കൃതാർഥനായത് അവനാണ് ബ്രാഹ്മണൻ. ചെയ്യുന്ന തൊഴിലിൻെറ അടിസ്ഥാനത്തിലും ഈ വിഭജനം ആവാം. ബുദ്ധിജീവികൾ, സംരക്ഷകർ, വ്യവസായികൾ, തൊഴിലാളികൾ എന്നിങ്ങനെ. അങ്ങനെ വരുമ്പോൾ എല്ലാ തൊഴിലും ശ്രേഷ്ഠമെന്നും കാണണം.

ശരീരത്തിലും നാലു വിഭാഗങ്ങളുണ്ട്. ബുദ്ധി ഇരിക്കുന്ന ശിരസ്സ് ബ്രാഹ്മണനും ക്ഷതങ്ങളിൽ നിന്നും രക്ഷിക്കുന്ന (ക്ഷതങ്ങളിൽ നിന്നു ത്രാണനം ചെയ്യുന്നവൻ ക്ഷത്രിയൻ) കൈകൾ ക്ഷത്രിയനും നമ്മെ താങ്ങി നിർത്തുന്ന തുടകകൾ വൈശ്യരും കൊണ്ടുനടക്കുന്ന കാലുകൾ ശൂദ്രരുമാണ്. ഒരുപാട് പ്രയത്നം ചെയ്ത കാലുകളെ കൈകൾ തടവുന്നതും നാം ഭഗവാൻെറ പാദാരവിന്ദങ്ങളിലാണ് പ്രണമിക്കുന്നതെന്നതും ഇവിടെ ഓർക്കണം. സത്യത്തെ ഇന്ദ്രിയങ്ങളിലൂടെ നാലുവിധത്തിൽ അറിയാം. ഗന്ധം, തേജസ്, വായു, ജലം എന്നിങ്ങനെ. മൂക്ക്, കണ്ണ്, ചെവി, ത്വക് എന്നിവയിലൂടെ. നിരവധി ദ്വാരങ്ങളുള്ള കുടത്തിനകത്ത് ചെരാത് തെളിച്ചുവെച്ചാൽ ആ ദ്വാരങ്ങളുടെ രൂപത്തിലാണ് പലരും വെളിച്ചം കാണുന്നത്. ആ രൂപത്തിന് ആധാരം ചെരാതിലെ വെളിച്ചമാണ്. എന്നാൽ, അതിന് ആ രൂപമല്ല.

'ഗുണത്തിൻെറയും കർമത്തിൻെറയും വൈവിധ്യത്താൽ ഞാൻ നാലുവിധത്തിൽ കാണപ്പെടുന്നു. അതിൻെറ കർത്താവും അകർത്താവും ഞാൻ തന്നെ' ഇതാണ് ശ്ലോകത്തിൻെറ യഥാർഥ താല്പര്യം. ഇന്ദ്രിയങ്ങളിലൂടെ അറിയുന്നത് ഞാൻ സൃഷ്ടിച്ചതാണ്. എന്നാൽ, അവ ഞാനല്ല എന്ന് ഭഗവാൻ(ബോധം) വിശദീകരിക്കുന്നു.

## -37-

## കർമാകർമദർശനം

കർമങ്ങൾ ഒരിക്കലും എന്നെ സ്വാധീനിക്കുന്നില്ല. അതുകൊണ്ട് കർമഫലത്തിൽ എനിക്ക് ആഗ്രഹവുമില്ല. ഇപ്രകാരം ഏതൊരുവൻ അവനവനെത്തന്നെ അറിയുന്നുവോ അവൻ കർമങ്ങളാൽ ബന്ധിക്കപ്പെടുന്നില്ല. കർമം വിവിധ തരമുണ്ട്. കർതൃഭാവം ഇല്ലാത്തകർമം, അസദ്ഭാവകർമം, കർതൃഭാവം ഉള്ള കർമം, സദ്ഭാവകർമം. അതുതന്നെ രണ്ടുവിധം. കർത്തവ്യകർമവും അകർത്തവ്യകർമവും, അവസാനത്തേത് വികർമം - ചെയ്യാൻ പാടില്ലാത്തതാണ്. അതിനുമുമ്പുള്ളത് കർമം. അസദ്ഭാവ കർമം അകർമം.

കർമമയമായ പ്രപഞ്ചത്തിൽ അകർമത്തെയും (ബ്രഹ്മത്തെയും) ചലനരഹിതമായ ആ ബ്രഹ്മത്തിൽ ചലനമയമായ കർമത്തെയും കാണുന്നവൻ ബുദ്ധിമാനും പൂർണകർമം ചെയ്യുന്ന യോഗിയുമാണ്. കർമരഹിതമായ ബോധവസ്തുവിലാണ് ഓരോ ചലനവും നടക്കുന്നത്. ഓരോ ചലനത്തിലും ചലനരഹിതമായ ബോധം സ്ഥിതി ചെയ്യുന്നു. ഇതുതന്നെയാണ് മറ്റൊരു രൂപത്തിൽ ചാതുർവർണ്യം മയാസൃഷ്ടമെന്ന ശ്ലോകത്തിൽ ഭഗവാൻ വിശദീകരിക്കുന്നത്.

ഒരു നാടകശാലയിലെ ബൾബിനു ചുറ്റുമുള്ള വർണക്കടലാസു പതിപ്പിച്ച തകിട് കറക്കുമ്പോൾ സ്റ്റേജിൽ വിവിധ വർണങ്ങൾ പതിക്കുന്നു. ബൾബിൻെറ പ്രകാശത്തിന് യഥാർത്ഥത്തിൽ നിറമില്ല. സ്റ്റേജിലെ വർണപ്രകാശങ്ങൾ ബൾബ് സൃഷ്ടിച്ചതാണ്. അതേസമയം തന്നെ ആ നിറങ്ങളൊന്നും ബൾബ് ഉണ്ടാക്കിയതുമല്ല. അപ്പോൾ ബൾബ് പറയുന്നു, 'ചാതുർവർണ്യം മയാസൃഷ്ടം'

ഇതുപോലെ വ്യത്യസ്ത ഗുണ കർമങ്ങളോടു കൂടിയ ഭാവങ്ങളെല്ലാം ഭഗവാൻ (ബോധം) സൃഷ്ടിച്ചതാണ്. അവയുടെ കർത്താവും അകർത്താവുമാണ് ഭഗവാൻ. ഗീത ഏതെങ്കിലും ജാതി വ്യവസ്ഥയുടെ വിശദീകരണമല്ല. യാതൊന്നറിഞ്ഞാൽ അശുഭത്തിൽ നിന്ന് മോചിതമാകുമോ അതുപദേശിക്കാം എന്നാണ് ഗീത പറയുന്നത്. ജാതിവ്യവസ്ഥ വച്ചിരുന്നാൽ ഒരു കാലത്തും മോചിതരാകില്ല.

അറിവുള്ളവർ ജ്ഞാനമാകുന്ന അഗ്നിയാൽ കാമനകളെ ദഹിപ്പിക്കണം. കർമഫലത്തിൽ ആസക്തിയില്ലാതെ, എപ്പോഴും തൃപ്തനായി, ഒന്നിനേയും ആശ്രയിക്കാതെ, കർമത്തിൽ നേരിട്ട് പ്രവർത്തിക്കുന്നവൻ ഒന്നും ചെയ്യുന്നില്ല. ആഗ്രഹമൊട്ടുമില്ലാത്തവനായി, ആത്മാവിനെ ബോധത്തിൽ നിർത്തി, എല്ലാറ്റിൻേറയും ഉടമസ്ഥതയെ കൈവിട്ട് ശരീര സംബന്ധമായി മാത്രം കർമം ചെയ്യുന്നവന് കർമ ബന്ധനങ്ങൾ, പാപം ഉണ്ടാകുന്നില്ല.

അവിചാരിതമായി വന്നു ചേർന്നവയിലെല്ലാം തൃപ്തരാകുക, സുഖദുഃഖം, ലാഭനഷ്ടം, സന്തോഷ സന്താപം തുടങ്ങിയ വിപരീതങ്ങൾക്കെല്ലാം അതീതനായിരിക്കുക (അവയെ അറിയുക), മാത്സര്യം വെടിയുക, കിട്ടിയതിലും കിട്ടാത്തതിലും ഇളക്കമില്ലാത്തവനാകുക. ഇങ്ങനെയുള്ളവൻ ചെയ്യുന്ന കർമങ്ങളെല്ലാം ലോകസേവനമാണ്.

## 38

### എല്ലാ കർമങ്ങളും ബ്രഹ്മപൂജയാണ്

**എ**ല്ലാ കർമങ്ങളും ബ്രഹ്മപൂജയാണ്, യജ്ഞമാണ് . യജ്ഞം എൻേറതല്ലാതാക്കലാണ്. ഞാൻ സമർപ്പിക്കുന്നു എന്നത് തെറ്റാണ്. സമർപ്പണത്തിൽ ഞാൻ ഇല്ല.

അർപ്പണം ബ്രഹ്മമാണ്, ഹോമിക്കുന്ന ഹവിസ്സ് ബ്രഹ്മമാണ്, അഗ്നി ബ്രഹ്മമാണ്. ഹോമംചെയ്യുന്ന ഹോതാവ് ബ്രഹ്മമാണ്. ബ്രഹ്മമാകുന്ന സമാധിയിൽ മനസ്സിനെ ഉറപ്പിച്ച് പ്രാപിക്കുന്നതും ബ്രഹ്മമാണ്. സാധകനും സാധ്യവും ലക്ഷ്യവും മാർഗവും എല്ലാം ബ്രഹ്മം തന്നെ. നാമെന്തൊക്കെ ചെയ്യുന്നോ അതെല്ലാം ബ്രഹ്മമാണ്. ഭഗവാൻ ഉള്ളിലാണ്. നാം ഇപ്പോൾ വിലാസം മാറിയാണ് ഭഗവാനെ അന്വേഷിക്കുന്നത്. ബാഹ്യമായ ഹോമത്തിനപ്പുറം ഉള്ളിലെ ഈ ഹോമത്തെ അറിയണം. സംയമനാഗ്നി ജ്വലിപ്പിച്ച് വിഷയങ്ങളെ സമർപ്പിക്കണം.

പലരും പലതരത്തിൽ യജ്ഞമനുഷ്ഠിക്കുന്നു. ചിലർ ദൈവം യജ്ഞമായി അതിനെ ഉപാസിക്കുന്നു. ഹൃദയത്തിൽ ദൈവസമ്പത്തിനെ നിറയ്ക്കുന്നു. അസുരസമ്പത്തിനെ നീക്കുന്നു. ചിലർ യജ്ഞത്തെ തന്നെ യജ്ഞമാക്കുന്നു. മറ്റു ചിലർ ഇന്ദ്രിയങ്ങളെ സംയമനം ചെയ്യുന്നു. ചിലർ മനസ്സിനെ സംയമനം ചെയ്യുന്നു. ചിലർ ചിന്തയടക്കമുള്ള എല്ലാ ഇന്ദ്രിയ വ്യാപാരങ്ങളും ശരീരത്തിനകത്തെ കർമങ്ങളായ പ്രാണവ്യാപാരങ്ങളും ആത്മസംയമന യോഗാഗ്നിയിൽ ഹോമിക്കുന്നു. ചിലർ ദാനധർമാദികളാകുന്ന ദ്രവ്യയജ്ഞം ചെയ്യുന്നു. ചിലർ തപസ്സു ചെയ്യുന്നു, ചിലർ അറിവ് പകരുന്നു. ചിലർ യോഗത്തെ യജ്ഞമാക്കുന്നു. പ്രാണായാമത്തിലൂടെയും ആഹാര നിയന്ത്രണത്തിലൂടെയും ചിലർ യജ്ഞം ചെയ്യുന്നു. ലോകോപകാരപ്രദമായി കർമം ചെയ്യുന്നവരെല്ലാം യജ്ഞമാണ് ചെയ്യുന്നത്. അഥവാ ഇവർ ചെയ്യുന്നതെല്ലാം ലോകനന്മയ്ക്കുതകും.

യജ്ഞശിഷ്ടമായ അമൃതം ഭുജിക്കുന്നവർ (നാം അനുഭവിക്കുന്നതൊക്കെ യജ്ഞശിഷ്ടമാണ്. കാണുന്ന സിനിമ വരെ-അതറിഞ്ഞ് അനുഭവിക്കണം) പരമപദത്തെ പ്രാപിക്കുന്നു. യജ്ഞം ചെയ്യാത്തവന് ഈ ലോകം തന്നെയില്ല. പിന്നയല്ലേ മോക്ഷം? ഇപ്രകാരമുള്ള അനേകം യജ്ഞങ്ങൾ വേദമുഖത്തിൽ തന്നെ വിവരിച്ചിരിക്കുന്നതാണ്. എല്ലാം കർമത്തിൽ നിന്ന് ജനിച്ചതാണ്. ഇതറിയുന്നവർ മോചിതരാകും. അതിനാൽ കർമങ്ങളെല്ലാം ബ്രഹ്മപൂജാ ഭാവത്തിൽ ചെയ്യണം. പക്ഷിയുടെ രണ്ടു ചിറകുകളാണ് കർമവും ജ്ഞാനവും. ഒന്നൊടിഞ്ഞാൽ ലക്ഷ്യത്തിലെത്താനാകില്ല.

## 39

## ഈശ്വരവിശ്വാസി മരിച്ചവനാണ്

**ഈ**ശ്വരവിശ്വാസി മരിച്ചവനാണ്. നാമൊക്കെ വിശ്വാസികളായതാണ് കുഴപ്പം. വിശ്വാസത്തിലെപ്പോഴും സംശയമുണ്ട്. ഈശ്വരാന്വേഷകരാണ് ആകേണ്ടത്. ശ്രദ്ധയോടെ അന്വേഷിച്ചാൽ അത് വ്യക്തമാകും. അതറിഞ്ഞാൽ പിന്നെ പുണ്യം, പാപം, സൗഖ്യം, ദുഃഖം, മന്ത്രം, തീർത്ഥം, വേദം, ഗുരു, ശിഷ്യൻ ഇതൊന്നുമില്ല.

ശ്രദ്ധയുള്ളവന്, ഇന്ദ്രിയങ്ങളെ സംയമനംചെയ്തവന് ജ്ഞാനം ലഭിക്കും. ആ ജ്ഞാനം പരമമായ ശാന്തി നൽകും. ശ്രദ്ധയുണ്ടാകുമ്പോൾ ചോദ്യങ്ങളുണ്ടാകും, അന്വേഷണമുണ്ടാകും. സ്നേഹത്തിൽനിന്നാണ് ശ്രദ്ധയുണ്ടാകുന്നത്. അമ്മയ്ക്ക് പിഞ്ചുകുഞ്ഞിന്റെ കാര്യത്തിലുള്ള ശ്രദ്ധയാണ് അറിവന്വേഷിക്കാൻ വേണ്ടത്.

ദ്രവ്യയജ്ഞത്തേക്കാൾ ശ്രേഷ്ഠമാണ് ജ്ഞാനയജ്ഞം. ധനത്തിന്റെ ഉടമ എപ്പോഴും ഭയത്തിന്റേയും ഉടമയായിരിക്കും. എന്നാൽ, എല്ലാ കർമവും ഒന്നൊഴിയാതെ ജ്ഞാനത്തിൽ പരിസമാപിക്കുന്നു. അറിവാണ് മോചനം. അറിവില്ലായ്മയാണ് ബന്ധനം. സാഷ്ടാംഗ നമസ്കാരംചെയ്ത്, സമ്പൂർണ സമർപ്പണംചെയ്ത് അറിവുനേടണം. മനസ്സിലേ ശാന്തിയുണ്ടാകൂ. ശാന്തിയിൽ നിന്നുയരുന്ന ചോദ്യങ്ങൾ ആരോഗ്യകരമായിരിക്കും.

എവിടെനിന്നാണോ അറിവുനേടേണ്ടത് ആ സ്രോതസ്സിനോട് വിനീതമായ, സേവാപൂർണമായ സമീപനം വേണം. അപ്പോഠ തത്ത്വദർശികഠ അറിവുപദേശിക്കും. അറിവ് ആർക്കും നിഷേധിക്കാൻ പറ്റില്ല. ഗീത പാപികളിലെ കൊടും പാപിയെ വരെ സ്വീകരിക്കുന്നു. ആ വിശ്വ സർവകലാശാലയുടെ കവാടം എപ്പോഴും തുറന്നുകിടക്കും. ആർക്കും എപ്പോഴും വരാം, പോകാം. പൂർണ സ്വാതന്ത്ര്യമുണ്ട്.

ചെയ്ത കർമങ്ങളോ, തെറ്റുകളോ ജ്ഞാനാന്വേഷണത്തിന് തടസ്സമല്ല. പാപത്തിന്റെ മൂർത്തിമദ്ഭാവമായി ഭവിച്ചവർപോലും അറിവാകുന്ന തോണിയിൽ സംസാരസാഗരം കടക്കും. നന്നായി കത്തിജ്വലിക്കുന്ന അഗ്നിയിൽ വിറക് ഭസ്മമാകുന്നതുപോലെ ജ്ഞാനാഗ്നിയിൽ എല്ലാ കർമങ്ങളും ഭസ്മമാകും. അറിവിനോളം പവിത്രമായി ഈ ലോകത്ത് മറ്റൊന്നുമില്ല. കാലംകൊണ്ട് യോഗികളായിത്തീർന്നവർ അതിനെ സ്വബോധത്തിൽ അറിയുന്നു. തന്നെ താൻ അറിയുന്നു. തന്നിൽ നിന്നന്യമായി അറിവില്ലെന്നറിയുന്നു. അല്ലാതെ ആരെയും കഷ്ടപ്പെടുത്താനോ നന്നാക്കാനോ എവിടേയും ആരും ഇരിക്കുന്നില്ല.

## 40

## മേഘങ്ങളെയല്ല; ആകാശത്തെ കാണുക

സ്ഥിരമായതിനെ പ്രാപിച്ചവനാണ് സന്യാസി. ആകാശത്തിൽ മേഘങ്ങളെന്നപോലെയാണ് സ്ഥിരമായതും അസ്ഥിരമായതും. നാം ആകാശത്തിലേക്കു നോക്കുന്നതായി പറയുകയും കൊച്ചുമേഘങ്ങളെ നോക്കിയിരിക്കുകയും ചെയ്യും. അപ്പോഠ ആകാശം നഷ്ടപ്പെടുന്നു. സ്ഥിരമായത് ഞാനാണ്. എന്നിൽ മേഘങ്ങളെപ്പോലെ വന്നും പോയുമിരിക്കുന്നതാണ് കർമ്മവും കർമ്മഫലവും ചിന്തയം വികാരവുമെല്ലാം.

ഒന്നിനോടും വെറുപ്പുണ്ടാകരുതെന്ന് ഗീത പറയുന്നു. എല്ലാം ഈശ്വരനാണ് ഏതിനോടെങ്കിലും വെറുപ്പ് തോന്നിയാൽ അത് ഈശ്വരനോടുള്ള വെറുപ്പാണ്. ഒന്നിനെയും വെറുക്കാത്തവൻ, ഒന്നും ആഗ്രഹിക്കാത്തവൻ, സുഖ ദുഃഖം, ലാഭനഷ്ടം തുടങ്ങിയ വിപരീതങ്ങഠ അകന്നവൻ -ഇവൻ നിത്യസന്യാസിയാണ്. എല്ലാ കർമബന്ധങ്ങളിൽനിന്നും മോചിതനായവൻ.

ജ്ഞാനയോഗവും കർമയോഗവും ഒന്നുതന്നെയാണ്. അല്ലെങ്കിൽ ഒന്നിനെയെങ്കിലും നന്നായി അനുഷ്ഠിക്കുന്നതിലൂടെ രണ്ടിന്റെയും ഫലം സിദ്ധിക്കും. എന്നാൽ കർമസന്യാസത്തേക്കാഠ കർമ്മയോഗമാണ് വിശേഷപ്പെട്ടതെന്ന് അർജുനനോട് ഭഗവാൻ പറയുന്നു. ചെയ്യേണ്ട കർമങ്ങഠ ചെയ്യേപറ്റൂ.ജ്ഞാനയോഗം അറിയാത്തവന് കർമയോഗിയായി ഇരിക്കാൻ സാധ്യമല്ല. കർമയോഗി എന്ന നിലയിലല്ലാതെ ജ്ഞാനയോഗിയാവുകയും അസാധ്യം. അതുകൊണ്ട് അജ്ഞാനത്തിൽ നിന്നുത്ഭവിച്ച സംശയത്തെ അറിവാകുന്ന വാളാൽ ഛേദിക്കുവാൻ ഗീത ഉപദേശിക്കുന്നു. സംശയമുള്ളവൻ നശിച്ചു. പൂർണമായി മനസ്സിലാകാത്തവന്റെ, വ്യക്തമാകാത്തവന്റെ അഭയകേന്ദ്രമാണ് വിശ്വാസം. അതിനാൽ വിശ്വാസമുള്ളവനിൽ സംശയമുണ്ട്. സംശയമുള്ളവന് അറിവൊട്ടുമില്ല. അശ്രദ്ധയിൽനിന്നാണ് സംശയമുണ്ടാകുന്നത്. അവൻ ആകെ അസ്വസ്ഥനായിരിക്കും. അവന് ഈ ലോകംതന്നെയില്ല, പിന്നെയല്ലേ പരമാനന്ദം.

പാപങ്ങൾ എന്നുപറയുന്നത് അറിവില്ലായ്മയാണ്, തെറ്റിദ്ധാരണയാണ്. അറിവാകുന്ന അഗ്നിയിൽ പാപങ്ങളെല്ലാം വെന്തുവെണ്ണീറാകും. ഈ ഭസ്മീകരണപ്രക്രിയയിലാണ് ഒരുവൻ തടവറയിൽനിന്നും മോചിതനാകുന്നത്. പരിപൂർണ സമർപ്പണത്തോടെ സേവാഭാവത്തിൽ അർഥിക്കുമ്പോൾ തത്ത്വദർശിയായ ഗുരു അറിവ് ഉപദേശിക്കുന്നു. ഗുരു അന്ധകാരത്തെ നീക്കി വെളിച്ചം പരത്തുന്നവനാണ്.

**-41-**

## സംന്യാസത്തിന് കാഷായരുദ്രാക്ഷങ്ങൾ വേണ്ട

നമ്മുടെ ദൈനംദിന പ്രവൃത്തികളിൽ നമ്മുടെ സമീപനം എന്തായിരിക്കണം എന്നതാണ് ഗീത പറയുന്നത്. സംന്യാസം പിടിച്ചുകെട്ടലല്ല, സ്വാതന്ത്ര്യമാണ്. കൃഷ്ണൻ ബാഹ്യമായി ഒന്നിനേയും പരിത്യജിച്ചില്ല. ആന്തരികമായി ഒന്നിനെ സ്വീകരിച്ചു. അപ്പോൾ പോകേണ്ടത്-അഹങ്കാരം-പോയി. ഈ പ്രപഞ്ചത്തിൽ മറ്റു ജീവജാലങ്ങളിൽ അഹങ്കാരത്തിന്റെ അംശംപോലുമില്ല. അതിനാൽ മൃഗസദൃശമാകുക ഉയർന്ന ഒരവസ്ഥയാണ്. അഹങ്കാരം പ്രകൃതിയിൽ നിന്ന് നമ്മെ മാറ്റിനിർത്തുന്നു.

തത്ത്വത്തെ അറിഞ്ഞിട്ടുള്ള യോഗി കാണുന്നു, കേൾക്കുന്നു, സ്പർശിക്കുന്നു, മണക്കുന്നു, ഭക്ഷിക്കുന്നു, സംസാരിക്കുന്നു, പിടിക്കുന്നു, നടക്കുന്നു, വിസർജിക്കുന്നു, ശ്വസിക്കുന്നു, കണ്ണടയ്ക്കുന്നു, തുറക്കുന്നു, ഉറങ്ങുന്നു. അതിനോടൊപ്പം ഇന്ദ്രിയങ്ങളാണ് ഇന്ദ്രിയവിഷയങ്ങളിൽ പ്രവർത്തിക്കുന്നത് (നമ്മുടെ ധാരണ ഞാൻ എന്നാണ്). ഞാൻ ഒന്നുംതന്നെ ചെയ്യുന്നില്ല എന്നറിയുന്നു. ഞാൻ എല്ലാം ചെയ്യുന്നു, പക്ഷേ, ഒന്നും ഞാനല്ല.

സാധാരണ ജീവിതത്തിൽ ഒരാൾ (ഗൃഹസ്ഥൻ) നേടേണ്ട സംന്യാസത്തെക്കുറിച്ചാണ് ഗീത പറയുന്നത്. എല്ലാം ചെയ്യുന്നു, എല്ലാം അനുഭവിക്കുന്നു. ഉടമസ്ഥതാബോധം വിടുന്നു. ഇത്രകാലം എന്റേത് എന്നു കരുതിയത് എന്റേതല്ല എന്നറിയുന്നു. എന്തെങ്കിലും ഉള്ളിൽ സംഭവിക്കുന്നു എങ്കിൽ അത് അവനവൻപോലുമറിയാതെ ആയിരിക്കണം. ഒന്നും ബലമായി അടിച്ചമർത്തലോ, ഉപേക്ഷിക്കലോ അല്ല സംന്യാസം. എല്ലാം ചെയ്ത്, അനുഭവിച്ച് ഫലങ്ങളിൽ സംഗമില്ലാതെ ഇരിക്കലാണ്.

സംന്യാസമാകട്ടെ കർമയോഗത്തിൽ നിന്നല്ലാതെ പ്രാപിക്കാൻ പ്രയാസമാണ്. സംന്യാസത്തെ പ്രാപിക്കേണ്ടത് കർമത്തിലൂടെയാണ്. ഈ സംന്യാസം സുഹൃത്താണ്, ലക്ഷ്യമാണ് എന്നറിയണമെങ്കിൽ അതിർവരമ്പുകൾ സൃഷ്ടിക്കാതിരിക്കണം. കാഷായമോ, രുദ്രാക്ഷമോ ധരിച്ചല്ല ഗൃഹസ്ഥൻ സംന്യാസിയാകേണ്ടത്. ഭാര്യ കാവിയുടുത്ത് 'മകനേ വരൂ' എന്നു പറഞ്ഞാൽ ഭർത്താവിന് ഉൾക്കൊള്ളാനാകില്ല. ഭർത്താവെന്നും ഭാര്യയെന്നും മകനെന്നും സഹോദരനെന്നുമെല്ലാമുള്ള കർത്തവ്യങ്ങൾ സംഗമില്ലാതെ നിറവേറ്റുകയാണ് വേണ്ടത്. ഗൃഹസ്ഥരാണ് ഏറ്റവും കൂടുതൽ സങ്കീർണമായ കർമങ്ങളിലൂടെ കടന്നുപോകുന്നത്. അവർക്കാണ് നന്നായി സംന്യാസ ഭാവം വേണ്ടത്; ഗുഹയിലോ കാട്ടിലോ ഇരിക്കുന്നവർക്കല്ല. ഒരുവൻ പൂർണനാകുന്നത് സംന്യാസത്തിലാണ്. സംന്യാസം ഓരോരുത്തരുടേയും അവകാശമാണ്. ഈ സംന്യാസത്തിൽ ഒന്നിനേയും ഉപേക്ഷിക്കുന്നില്ല, എന്നാൽ എല്ലാറ്റിനേയും ഉപേക്ഷിക്കുന്നു.

## 42

## ഭഗവാനല്ല ലോകംസൃഷ്ടിച്ചത്

പ്രപഞ്ചനാഥൻ ലോകത്തിന് കർതൃഭാവം സൃഷ്ടിക്കുന്നില്ല. ഭഗവാനല്ല സൃഷ്ടിച്ചത്. സൃഷ്ടിയുടെ ഉടമസ്ഥനുമല്ല. കർമ്മങ്ങളേയും ഭഗവാനല്ല സൃഷ്ടിച്ചത്. കർമ്മത്തേയുംഫലത്തേയും ചേർത്തുവയ്ക്കുന്നതോ വിഭജിക്കുന്നതോ അദ്ദേഹമല്ല. ഓരോന്നും അതിൻെറ പ്രകൃതത്തിന്, സ്വഭാവത്തിന് അനുസൃതമായി പ്രവർത്തിക്കുന്നു. എവിടെയോ ഇരുന്ന് എന്തോ തരുന്ന എന്തൊക്കെയോ ചെയ്യിക്കുന്ന ഒന്നല്ല ഭഗവാൻ. കണ്ടെത്തേണ്ട ഒന്നല്ല, അറിയേണ്ട ഒന്നാണ് . അതിനാൽ സ്വചെയ്തികം ഭഗവാനിൽ ആരോപിച്ച് ഒളിച്ചോടരുത്.

ഇന്ദ്രിയങ്ങളെ സ്വസ്വാധീനത്തിലാക്കിയിട്ടുള്ള മനുഷ്യൻ എല്ലാകർമ്മങ്ങളേയും ചെയ്ത് മനസുകൊണ്ട് സന്യസിച്ച് ഒന്നുംചെയ്യാത്തവനായി ഇരിക്കുന്നു. വ്യത്യസ്തമായ പ്രവൃത്തികളെല്ലാം ചെയ്യുമ്പോഴും ഉടമസ്ഥതാബോധമില്ലാത്ത ഞാൻ എന്ന ഭാവമില്ലാത്ത ഈ അവസ്ഥയെയാണ് 'ചാതുർവർണ്യം മയാസൃഷ്ട'മെന്ന ശ്ലോകവും വിശദീകരിക്കുന്നത്. കർത്താവും അകർത്താവും ഞാൻ തന്നെ. ഞാൻ ഒന്നും ചെയ്യുന്നില്ല, ചെയ്യിക്കുന്നുമില്ല. സുഖമായി ഇരിക്കുന്നു.

സന്യാസമായിരിക്കണം നമ്മുടെ പ്രേമഭാജനം സന്യാസത്തെ വാരിപ്പുണരാനുള്ള മനസ്സാണ് നമുക്ക് വേണ്ടത്. ജീവിതത്തിൽ പരാജയം സംഭവിക്കുന്ന സമയത്ത് സ്വീകരിക്കാനുള്ള മാർഗ്ഗമായി സമൂഹം സന്യാസത്തെ കാണുന്നു.

ഈ ഒളിച്ചോട്ടമല്ല സന്യാസം. സന്യാസത്തെ ഒന്നുമായും ബന്ധിപ്പിക്കരുത്. സന്യാസി ബലം പിടിക്കുന്നില്ല. ദൈനംദിന പ്രവൃത്തികളൊന്നും സന്യാസത്തെ ബാധിക്കുന്നില്ല.

ബ്രഹ്മത്തിൽ സമർപ്പിച്ച്, ഫലചിന്തയും വിഷയാസക്തിയും ഉപേക്ഷിച്ച് ആര് കർമ്മം ചെയ്യുന്നുവോ അവൻ ജലത്തിലെ താമര പോലെയാകുന്നു. പാപത്താൽ (തെറ്റിദ്ധാരണകളാൽ) നനയ്ക്കപ്പെടുന്നില്ല. സന്യാസിയുടെ പ്രതീകമാണ് താമര. എങ്ങനെ ജീവിക്കണമെന്നതിൻെറ മികച്ച ഉദാഹരണം.

ദുർഗന്ധം വമിക്കുന്ന ചെളിയിലാണ് താമരയുടെ വേര്. അത് ജലത്തിൽ (ലോകത്തിൽ) സ്ഥിതിചെയ്യുന്നു, എന്നാൽ അല്പം ഉയർന്ന്. (ലോകത്താണ് എന്നാൽ ലോകത്തല്ല) ചുറ്റുപാടും പരത്തുന്നത് സുഗന്ധം. താമരയിതളിൽ അല്പം പോലും പറ്റിപ്പിടിക്കാൻ ജലത്തിന് സാധ്യമല്ല. അല്പം ജലം അതിൽ വീണാൽ തന്നെ അത് അഴകിന് മാറ്റുകൂട്ടുകയാണ് ചെയ്യുന്നത്.

ആ പതിച്ച വെള്ളത്തുള്ളിൽ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നമ്മെത്തന്നെയും പ്രതിഫലിപ്പിച്ച് , പ്രകാശിപ്പിച്ച് നിലകൊള്ളും. താമരയുടെ ഒട്ടലില്ലായ്മയാണ് വേണ്ടത്. ഒരു തരത്തിലുള്ള അടയാളങ്ങളും ഏല്പിക്കാതെ ലോകത്തിൽതന്നെ, എന്നാൽ അല്പം ഉയർന്ന് നിലകൊണ്ട് താനാർജിച്ച സുഗന്ധം ലോകത്തിനാകെ നൽകി ലോകത്തിൽ തന്നെ വിലയിക്കുന്നു. മൃദുലതകൊണ്ടല്ല ഈ ഗുണം കൊണ്ടാണ് കണ്ണ്, കൈ തുടങ്ങി ഭഗവാനെയാകെ താമരയാൽ ഉപമിക്കുന്നത്.

## -43-

## മോക്ഷം മരണാനന്തര ബഹുമതിയല്ല

മോക്ഷം മരണാനന്തര ബഹുമതിയല്ലെന്നും ഇവിടെത്തന്നെ, ഇപ്പോൾ തന്നെ പ്രാപിക്കാവുന്നതാണ്. തെറ്റിദ്ധാരണകളും സംശയവും നീങ്ങിയവർ, ആത്മനിയന്ത്രണം നേടിയവർ, കാമക്രോധം നീങ്ങിയവർ, സകല പ്രാണികളുടെയും ഇഷ്ടത്തെ ചെയ്യുന്നവർ, തന്നിൽ തന്നെ ആനന്ദം കണ്ടെത്തിയവർ ഇങ്ങനെയുള്ള ബ്രഹ്മജ്ഞാനികൾ മോക്ഷം നേടുന്നു എന്ന് ഗീത പറയുന്നു.

മരണത്തിനു മുമ്പ് ഇവിടെ ( ഈ ജന്മത്തിൽ, ഈ ചുറ്റുപാടിൽ) കാമക്രോധങ്ങളിൽ നിന്നുത്ഭവിക്കുന്ന മനഃക്ഷോഭത്തെ അടക്കാൻ കഴിവുള്ളവരാകണം (അങ്ങനെയാണ്, അതറിഞ്ഞാൽ മതി). വിഷയ ജാതങ്ങളായ സുഖാനുഭവങ്ങൾ ദുഃഖത്തിന്റെ ഉറവിടമാണ്. കാരണം, അവയ്ക്ക് തുടക്കവും ഒടുക്കവുമുണ്ട്. അതിൽ ജ്ഞാനി രമിക്കുന്നില്ല (അത് വേണ്ടെന്നല്ല). അറിയുക ഉൾക്കാഴ്ചയാണ്. മതപണ്ഡിതൻ (അതിനെ തലക്കനമാക്കിയവൻ) അജ്ഞാനത്തിന്റെ ഓളങ്ങളിൽ മുങ്ങിത്താഴുമ്പോൾ സ്വാത്മസാക്ഷാത്കാരം നേടിയവർ (അതിനെ ജീവിതമാക്കിയവർ) കരകയറും.

ജ്ഞാനിക്ക് ഇന്ദ്രിയ വ്യാപാരങ്ങളിൽ ആസക്തിയുണ്ടാകുന്നില്ല. അതേസമയം, ഇന്ദ്രിയങ്ങൾ വ്യാപരിക്കുന്നുണ്ട്. ജ്ഞാനി എന്നു പറയുന്നത് മറ്റാരെയോ കുറിച്ചല്ല. ഏതൊരു സാധാരണക്കാരനും സാധാരണ ജീവിതം നയിച്ചുകൊണ്ട് ആയിത്തീരാവുന്നതാണത്. ഉള്ളിലെ ഒരു കൊളുത്തു നീങ്ങാൻ സ്വയമറിയാത്ത ഒരു നിമിഷം മതി. അന്ധകാരത്തിൽ വരുന്ന മിന്നൽപ്പിണർ കാണിച്ചു തരുന്ന കാഴ്ചയെ തുടർന്നു വരുന്ന എത്ര ഗഹനമായ ഇരുട്ടിനും വിസ്മൃതമാക്കാനാവില്ല. അറിവ് ഒരിക്കൽ സ്വായത്തമാക്കിയാൽ വിട്ടുപോകില്ല. എവിടെയാണോ അവിടെ തന്നെ, ആ അവസ്ഥയെ പൂർണമനസ്സോടെ സ്വീകരിച്ച് അറിയുക. അതിന് കാശിയിലോ ആശ്രമത്തിലോ പോകേണ്ട. ചന്തയുടെ നടുക്കാണ് ഇരുത്തിയിരിക്കുന്നതെങ്കിൽ അവിടെയിരുന്ന് അറിയണം. മറ്റെവിടെ നിന്നും കിട്ടില്ല.

വിദ്യയിൽ നിന്നുള്ള വിനയംകൊണ്ട് ജ്ഞാനി ബ്രാഹ്മണനേയും പശുവിനേയും ആനയേയും നായയേയും അതിനെ പാകം ചെയ്യുന്നവനേയും ഒന്നായി കാണുന്നു. ഭേദചിന്തയില്ല. എന്തിനെങ്കിലും ഒന്നിനായി പ്രവർത്തിക്കണമെന്ന തോന്നലുമില്ല. അവൻ എല്ലമായിത്തീർന്നവനാണ്. ഒന്നിനോടും എതിരിടാത്തവനാണ്.

ഈശ്വരൻ ഒരുവന്റെയും പാപം ഏറ്റെടുക്കുന്നില്ല. ഒരുവന്റെയും പുണ്യവും ഏറ്റെടുക്കുന്നില്ല. ഭഗവനാണ് ഇതൊക്കെ തന്നത് എന്നത് നമ്മുടെ തെറ്റിദ്ധാരണയാണ്. ഭഗവാൻ ഒന്നിന്റെയും കർതൃത്വം ഏറ്റെടുക്കുന്നില്ല. കർതൃത്വം തികച്ചും മാനുഷികമാണ്. കർമ്മം ചെയ്യത് ഞാനാണ് എന്നു പറയുന്നത് അഹങ്കാരമാണ്. ലോകത്തിന്റെ കർതൃത്വഭാവം ഭഗവാൻ ഏറ്റെടുക്കാത്തതിന് കാരണം എല്ലാവരും ഭഗവനായിത്തീരണം എന്ന ആഗ്രഹമാണ്. പ്രവൃത്തിയെ പ്രദർശനവസ്തുവാക്കുന്നവർ ഈശ്വരനിൽ നിന്ന് അകലും.

## -44-

## രാഷ്ട്രീയവും മതവും യുവത്വത്തെ നശിപ്പിച്ചു

മറ്റുള്ളവർക്ക് ഉപയോഗിക്കാൻ വേണ്ടിയാകരുത് നിങ്ങൾ. യുവത്വം നശീകരണ പ്രവർത്തനങ്ങൾക്കുള്ളതല്ല. മുഴുവൻ സർഗശേഷിയും പുറത്തുകൊണ്ടുവന്ന് ലോകത്തിനും തനിക്കും അനുഗ്രഹത്തെ നൽകാനുള്ളതാണ്. അത് ബസ്സിനു കല്ലെറിഞ്ഞും കോലം കത്തിച്ചും റാഗ് ചെയ്തും നശിപ്പിക്കരുത്. നിങ്ങളുടെ യുവത്വത്തെ നശീകരണ പ്രവർത്തനങ്ങൾക്കായാണ് രാഷ്ട്രീയവും മതവും ഉപയോഗിക്കുന്നത്.യുവത്വം ആൽവൃക്ഷത്തെപ്പോലെയാകണം. ആശാരിക്കോ അടുപ്പിനോ ഉപയോഗിക്കാൻ പറ്റരുത്. എന്നാൽ, എല്ലാവരേയും അനുഗ്രഹിക്കുന്ന സ്വന്തമായ നിലനിൽപ്പ് വേണം. യുവത്വത്തിന് അസാധാരണമായ ഊർജമുണ്ട്. അതിനെ നേർവഴിക്ക് നയിക്കണം. യൂത്ത് യൂസ്ലെസ് (ഉപയോഗശൂന്യമായവർ) അല്ല. യൂസ്ഡ്ലെസ് (അല്പം മാത്രം ഉപയോഗിക്കപ്പെട്ടവർ) ആണ്. ഇപ്പോൾ യൂസ്ചെയ്യുന്നത് യൂസ്ലെസ്സുകൾ ആണ്. ഒരുത്തൻെറ കാൽക്കീഴിലും നമ്മുടെ സർഗശേഷിയെ അടിയറവയ്ക്കരുത്.

നാം നമ്മുടെ ശത്രുവാണ്, ബന്ധുവുമാണ്. സ്വയം ഉയർത്തുമ്പോൾ, ഉണർത്തുമ്പോൾ, ബന്ധുവാണ്. അധമവികാരങ്ങളെ താലോലിക്കുമ്പോൾ ആ മനസ്സിനൊപ്പം യാത്ര ചെയ്യുമ്പോൾ ശത്രുവാണ്. വിവേകമാർജ്ജിച്ച ബുദ്ധികൊണ്ട് തളർന്നു കിടക്കുന്ന മനസ്സിനെ ഉണർത്തണം. സ്വാത്മാവിനെ ഒരിക്കലും താഴ്ത്തരുത്. നിനക്ക് ഞാനുണ്ട് എന്നു പറയാൻ ബുദ്ധിമുട്ടാണെന്ന് ഭഗവാൻ പറയുന്നു. നിനക്ക് നീ മാത്രമേയുള്ളൂ. നീ അനുവദിക്കാതെ ഒന്നിനും സാധ്യമല്ല. ഉയർത്തുന്നതും താഴ്ത്തുന്നതും അവനവൻ തന്നെ.

കർമ്മമാണ് യോഗാവസ്ഥയെ പ്രാപിക്കാൻ നിമിത്തമാകുന്നത്. ഒരു കരിയില വീഴുന്നതു കണ്ടപ്പോഴാണ് ചൈനയിലെ ലവോത്സുവിന് ബോധോദയം ഉണ്ടായത്. ഒരു നിമിഷം, ഒരു ചലനം മതി അറിവിന് കാരണമാകാൻ. അതുണ്ടായാൽ നിയന്ത്രിതമായ മനസ്സുകൊണ്ട് യോഗപ്രാപ്തി നേടാനാകും.

കർമ്മഫലത്തിൽ ചിന്ത വയ്ക്കാതെ, ചെയ്യേണ്ട കർമ്മം ചെയ്യുന്നവൻ സന്ന്യാസിയാണ്. അവൻ നിമിഷംപ്രതി ജീവിക്കുന്നവനാണ്. ശത്രുപാളയത്തിൽ കടന്നുചെന്ന യോദ്ധാവിനെപ്പോലെ ജാഗ്രതയുള്ളവനാണ്. വിജനമായ തെരുവുപോലെ നിസ്സംഗനാണ്. കർമ്മം ചെയ്യാത്തവൻ യോഗിയോ സന്ന്യാസിയോ അല്ല.

പുറമെയുള്ളതിനെ പുറത്തുതന്നെവയ്ക്കണം. ഗീത പറയുന്നത് പുറത്തേക്ക് നോക്കാനല്ല, മറ്റുള്ളവരെത്ര യോഗ്യരാണ് എന്നാണ് നാമിപ്പോൾ നോക്കുന്നത്. കൃഷ്ണനെ ധ്യാനിച്ചു തുടങ്ങിയാൽ കൃഷ്ണൻ നായരിലും അയാൾ തരാനുള്ള പണത്തിലുമാണ് എത്തുക. അല്ലെങ്കിൽ നിദ്രാവസ്ഥയിലെത്തും. ധ്യാനം ശ്വാസോച്ഛ്വാസത്തെ സമമാക്കി ശ്രദ്ധയെ ഏക ബിന്ദുവിൽ കേന്ദ്രീകരിക്കലാണ്. അങ്ങനെയാണ് എല്ലാറ്റിനും പ്രിയങ്കരനായ ഈശ്വരനെ അറിയുന്നതും ഈശ്വരനായി തീരുന്നതും. ഈശ്വരനെ ചൂണ്ടി പേടിപ്പിക്കരുത്. പേടിക്കേണ്ടതായി എന്തെങ്കിലുമുണ്ടെങ്കിൽ അത് എല്ലാ പ്രാണികൾക്കും സുഹൃത്തായ ഈശ്വരനാണ്.

## -45-

## ധ്യാനം

ഭഗവാൻ അർജുനനെ 'പാണ്ഡവ' എന്നു വിളിക്കുന്നത് ഒരോർമപ്പെടുത്തൽ കൂടിയാണ്. പാണ്ഡു ബാഹ്യമായ എല്ലാം ഉപേക്ഷിച്ച് കാട്ടിലേക്കു പോയി. ആന്തരികമായ കാമനയെ ഉപേക്ഷിച്ചില്ല. അതിൽപ്പെട്ട് ദഹിച്ചുപോയി. ആന്തരികമായ കാമനയെ ഉപേക്ഷിച്ച്, രാജ്യത്തിൽ തന്നെ ജീവിച്ചിരുന്നുവെങ്കിലും കുഴപ്പമുണ്ടാകുമായിരുന്നില്ല. ബാഹ്യമായ കർമങ്ങളെ ഉപേക്ഷിച്ചാലോ ബാഹ്യമായ ലക്ഷണങ്ങളെ സ്വീകരിച്ചാലോ ഒരുവൻ സംന്യാസിയോ യോഗിയോ ആകില്ല. ഗതകാല കർമങ്ങളോടും കർമഫലങ്ങളോടുമുള്ള വിട പറയലാണ്, സംഗമില്ലായ്മയാണ് സംന്യാസം.

നാം ആശ്രയിക്കേണ്ടത് നമ്മെത്തന്നെയാണ്. ഉൾക്കാഴ്ചയുള്ള ബോധമനസ്സിലേക്ക് ആഴ്ന്നിറങ്ങിയ നമ്മളെ, അവനവനെ സ്വയം ജയിച്ചവന് അവൻ തന്നെ ആത്മാർത്ഥസുഹൃത്ത്. തന്നെത്തന്നെ ജയിക്കാത്തവന് അവൻ തന്നെ ശത്രു. നമ്മുടെ ശത്രു നാം തന്നെയാണ്. മനസ്സിനെ ജയിച്ച് പ്രശാന്തനായവന് ശീതോഷ്ണങ്ങളും സുഖദുഃഖങ്ങളും മാനാപമാനങ്ങളും, എല്ലാ വിപരീതങ്ങളും ഒരുപോലെയാകുന്നു.

അറിവ് അനുഭവമായ ഇളക്കമില്ലാത്തവർക്ക് മൺകട്ടയും സ്വർണവും സമമാണ്. യോഗി സ്വർണത്തെ മൺകട്ടയെപ്പോലെ എറിയുമെന്നല്ല. മണ്ണിന് മണ്ണും സ്വർണത്തിന് സ്വർണവും വേണം. യോഗി രണ്ടിൻേറയും കാരണത്തെക്കൂടി കാണുന്നു. അവയെ അറിയുന്നു. നഷ്ടബോധം ഇല്ലാത്തവനാകുന്നു.

ഏതിലും സമബുദ്ധിയുള്ളവൻ, സമദൂരമുള്ളവൻ വിശേഷപ്പെട്ടവനാണ്. ഒന്നിലും ഏർപ്പെടരുതെന്നല്ല, എന്തു ചെയ്യുന്നു എന്ന് പൂർണമായി അറിഞ്ഞ് പ്രത്യേക വികാരങ്ങളില്ലാതെ ചെയ്യണം. സഹായിച്ചാൽ നന്ദി പോലും പ്രതീക്ഷിക്കരുത്. ശാന്തമായ, അസ്വസ്ഥതകളെ അകറ്റിനിർത്തിയ മനസ്സിനേ ധ്യാനാവസ്ഥയിലാകാൻ പറ്റൂ. കലഹത്തിലിടപ്പെട്ട് വന്നിരുന്ന് ധ്യാനിക്കാൻ പറ്റില്ല.

ഉൾക്കാഴ്ച ധ്യാനത്തിലൂടെയാണ് ഉണ്ടാകുന്നത്. ധ്യാനിക്കാൻ, മനസ്സിനെ സാമ്യാവസ്ഥയിലാക്കാൻ നിങ്ങൾക്കു സാധ്യമായ സമയമേതോ അതാണ് ബ്രാഹ്മമുഹൂർത്തം. അത് രാവിലെയോ ഉച്ചയ്ക്കോ എപ്പോൾ വേണമെങ്കിലുമാകാം. ശരീരവും പരിസരവും വൃത്തിയാക്കി ഉറപ്പുള്ള ഒരിടത്തിരിക്കണം. അധികം ഉയരെയോ താഴെയോ ആകരുത്. ഒരു പുൽപ്പായ മടക്കി അതിനു മുകളിൽ വൃത്തിയുള്ള തുണിവിരിച്ച് ഇരിക്കാം. തറയിൽ നേരിട്ട് ഇരുന്നാൽ കാൽ മരവിക്കും. നമ്മുടെ വീട്ടിലെ വായുസഞ്ചാരമുള്ള, ശ്രദ്ധ വ്യതിചലിക്കുന്ന ഒന്നും ഇല്ലാത്ത മുറി മതി ധ്യാനിക്കാൻ. അയഞ്ഞ വസ്ത്രങ്ങൾ ധരിക്കണം. ഉണർവോടുകൂടിയിരിക്കണം. ഭക്ഷണത്തിനു ശേഷമാകരുത്. ശരീരം, കഴുത്ത്, ശിരസ്സ് എന്നിവ നേർരേഖയിലാക്കി ഇളകാതെ കണ്ണ് മൂക്കിൻെറ അഗ്രത്തിൽ കേന്ദ്രീകരിച്ച്, ഭയരഹിതനായി മനസ്സിനെ ബോധത്തിലേക്ക് ഏകാഗ്രമാക്കണം.

## -46-

## ധ്യാനവിഷയത്തിൽ സ്വയം കബളിപ്പിക്കരുത്

ധ്യാനയോഗം മഹാ മനുഷ്യർക്കുള്ളതാണെന്നും സാധാരണക്കാരന് അപ്രാപ്യമാണെന്നുമുള്ള ചിന്ത ശരിയല്ല. കൃത്യമായി ശീലിച്ചാൽ ആർക്കുംസ്വായത്തമാക്കാവുന്ന ഒന്നാണ് ധ്യാനമാർഗം. പക്ഷേ, ധ്യാനവിഷയത്തിൽ നാം നമ്മെത്തന്നെ കബളിപ്പിക്കാനോ, വഞ്ചിക്കാനോ പാടില്ല. ആത്മാർഥതയും സമ്പൂർണ സമർപ്പണവും ഇതിന് അനിവാര്യമാണ്.ധ്യാനത്തിലൂടെ നാം നമ്മെത്തന്നെ അറിയുകയാണ്. ധ്യാനയോഗത്തിലെ 10 മുതൽ 14 വരെയുള്ള ശ്ലോകങ്ങൾ ഇക്കാര്യത്തിൽ സാധകന് മാർഗനിർദേശം നൽകുന്നു. എന്നിലെ ചിന്തകളെ ഞാൻ വിശകലനം ചെയ്ത് അതിന് ആധാരമായ ബോധത്തെ അറിയുകയാണ് ധ്യാനത്തിലൂടെ ചെയ്യുന്നത്. ഒന്നിനുപിറകെ ഒന്നായി വരുന്ന വിചാരങ്ങളുടെ സമ്മേളനമാണ് മനസ്സ്. ഇതിലെ ഓരോ വിചാരത്തെയും നാം വിശകലനം ചെയ്ത് മറികടക്കുമ്പോഴാണ് ബോധത്തിലേക്കെത്തുക. നമ്മുടെ അകവെളിവിൽ വിലയം പ്രാപിച്ചിരിക്കുന്ന ബോധമാണ് സൂക്ഷ്മശരീരം. ഇതിനെയും ഭേദിച്ച് ഉള്ളിലേക്ക് പ്രവേശിക്കാൻ ധ്യാനയോഗം പ്രാപ്തനാക്കുന്നു.പട്ടാളച്ചിട്ടയോടെയിരുന്ന് നിർബന്ധ ബുദ്ധിയാൽ സാക്ഷാത്കരിക്കാവുന്ന അവസ്ഥയല്ല ധ്യാനം. ഇത് സ്വാഭാവിക ജീവിതപ്രക്രിയതന്നെയായി മാറണം. അമിത ഭക്ഷണവും ഭക്ഷണമില്ലായ്മയുമൊക്കെ ധ്യാനത്തിന് വിരുദ്ധമാണ്. അധികം ഉറങ്ങുന്നവനും ഒട്ടും ഉറങ്ങാത്തവനും ഇതു സാധ്യമാകില്ല. എല്ലാ കാര്യത്തിലും ഒരു ക്രമം അനിവാര്യമാണ്. ഒപ്പം ശരീരത്തിലും മനസ്സിലും നിയന്ത്രണവും വേണം. കുട്ടിക്കാലം മുതൽക്കുതന്നെ ധ്യാനയോഗം ശീലിച്ചുതുടങ്ങാം.

## -47-

## അപൂർണനാണ് ആഗ്രഹം

എല്ലാറ്റിലും ഞാനാണ്, എല്ലായിടത്തും ഞാനാണ് എന്നറിഞ്ഞവൻ പിന്നെ ആഗ്രഹിക്കുന്നില്ല. അപൂർണനാണ് ആഗ്രഹം. 'അതു'കൂടി കിട്ടിയാൽ പൂർണമാകുമെന്നതാണ് ആഗ്രഹത്തിന്റെ അടിസ്ഥാനം. വിശ്വത്തിന് ഉണ്മ നൽകുന്നത് ഞാനാണെന്ന അറിവിലാകണം നമ്മുടെ അടിത്തറ. ഞാനെന്ന ബോധമാണ് ചുറ്റുപാടുമുള്ള എല്ലാറ്റിനേയും നിലനിർത്തുന്നത്. നിദ്രയിലേക്ക് പ്രവേശിക്കുമ്പോൾ കാലവും ദേശവും ഇല്ല. എല്ലാം എവിടെയോ ലയിക്കുന്നു. ആനന്ദമെന്ന അനുഭവത്തിലേക്കാണ് ഇങ്ങനെ ദിവസവും നാം അറിയാതെ പ്രവേശിക്കുന്നത്. അതിലേക്ക് ബോധപൂർവ്വം പ്രവേശിക്കലാണ് ധ്യാനം. ഇളകാത്ത ദീപത്തെപ്പോലെയാകണം നമ്മൾ.

മിതമായ ഭക്ഷണം, ഉറക്കം, വിഹാരകർമങ്ങൾ. എല്ലാം മിതമായ രീതിയിൽ വേണം. മിതത്വമാണ് ഒരുവനെ സത്യം അറിയാൻ സഹായിക്കുന്നത്. അത് വിഷമം പിടിച്ച ഒന്നല്ല. ഒരുപാട് പ്രയാസങ്ങൾ വേണ്ട അത് നേടാൻ. ക്രമമായ ഭക്ഷണം, വിനോദം, കർമവ്യാപാരം, ഉറക്കം, ഉണരൽ - എല്ലാറ്റിലും ക്രമത്തെ പിന്തുടരുന്നവർക്ക് യോഗഫലമായി ദുഃഖനിവൃത്തിയുണ്ടാകും. ഗതകാല സങ്കല്പങ്ങളോ ഭാവികാല ആശങ്കകളോ ഇല്ലാതെ അങ്ങേയറ്റത്തെ ജാഗ്രതയാണ് ധ്യാനം. ഒരു ഉൾവലിയൽ, ഊർജസമാഹരണം ആണ് ധ്യാനം. ധ്യാനത്തിൽ നിന്ന് ഉറക്കത്തിലേക്കല്ല, കർമത്തിലേക്കാണ് വരിക. പൂർണമായി വർത്തമാനത്തിൽ

വർത്തിക്കലാണ് അത്. എല്ലാം നമ്മൾ കാണും കേൾക്കും. ആ ഇന്ദ്രിയങ്ങൾ വേറെയാണ്. കാതിൻെറ കാതും കണ്ണിൻെറ കണ്ണും ഒക്കെയായി നിലകൊള്ളുന്ന പ്രാണനാണ് അത്. സ്വപ്നം കാണുന്ന കണ്ണും സ്വപ്നത്തിൽ കേൾക്കുന്ന കാതും ഏതാണെന്ന് ആലോചിക്കുക. ധ്യാനത്തിൽ സൂക്ഷ്മേന്ദ്രിയങ്ങൾ പ്രവർത്തനനിരതമാകും. ചിന്തകൾ ഏത്, എപ്പോൾ, എങ്ങനെ വരുമെന്ന് പറയാനാകില്ല അവ വരും. പക്ഷേ, അവയ്ക്കു പിറകേ പോകരുത്. ആത്മാവുകൊണ്ട് ആത്മാവിനെ കാണുന്നവൻ, തന്നിൽ തന്നെ സന്തോഷിക്കുന്നവൻ ആണ് യോഗി.

വൃക്ഷത്തെ കാണുമ്പോൾ ജാതി തിരിച്ചാണ് (മാവ്, തെങ്ങ്, കവുങ്ങ് എന്നിങ്ങനെ) കാഴ്ചയെങ്കിൽ സത്യം മനസ്സിലാകുന്നില്ല. അവർണനീയമായ തലങ്ങളിലേക്ക് ദൃശ്യത്തേയും ശബ്ദത്തേയുമൊക്കെ കൊണ്ടുപോകുന്നതാണ് ധ്യാനം. മനനം ചെയ്യാൻ പറ്റുന്നതിലും അപ്പുറത്താണത്. വിശ്വം മുഴുവൻ ഒരു നടനമാണ്. നൃത്തത്തിൽ നടനവും നർത്തകനും രണ്ടല്ല. അതുമായി ഇഴുകിച്ചേരണം. ആ ഭാവത്തിൽ ഭൂമിയുടേയും നക്ഷത്രങ്ങളുടേയും സംഗീതം വരെ കേൾക്കാം. നാം ജനലിലൂടെ പുറത്തുനോക്കുമ്പോൾ പുതിയതൊന്നുമില്ലെന്ന് തോന്നുന്നുവെങ്കിൽ നാം ഒന്നും കാണുന്നില്ല. ഇപ്പോൾ കച്ചവടക്കണ്ണുകൊണ്ട് എല്ലാം വില നിശ്ചയിച്ചാണ് കാണുന്നത്. പഴയതൊക്കെ നിലനിൽക്കെ കാഴ്ചപ്പാടിൽ ഒരു മാറ്റമാണ് ധ്യാനമുണ്ടാക്കുന്നത്. ഉന്നതമായ ഒരു തലത്തിലേക്കുള്ള ഉയർച്ച. നിയന്ത്രിതമാർന്ന, ഒരു പ്രലോഭനങ്ങൾക്കും വഴങ്ങാത്ത, ഒരൊത്തുതീർപ്പിനുമില്ലാത്ത മനസ്സ് മറ്റൊന്നിലും ആശ്രയിക്കാതെ തന്നിൽതന്നെ നിൽക്കുമ്പോൾ എല്ലാ ആഗ്രഹങ്ങളും വിട്ടുപോകും. പുറത്തേക്കല്ല ധ്യാനം വേണ്ടത്. ഇപ്പോൾ എന്തു പറഞ്ഞാലും ഭഗവാനേ എന്നു പറഞ്ഞ് പുറത്തേക്ക് ധ്യാനിക്കും. ഉള്ളിലേക്കൊഴിച്ച് മറ്റെല്ലായിടത്തും നാം നോക്കും. ഉള്ളിലാണ് ഭഗവാൻ. താൻ തന്നെയാണ് ലക്ഷ്യമാകേണ്ടത്.

ഇന്ദ്രിയങ്ങളെ പുറത്തേക്കാക്കിയാണ് സൃഷ്ടിച്ചത്. അമൃതത്വം ആഗ്രഹിക്കുന്നവൻ എല്ലാറ്റിൻേറയും ആധാരമറിയാൻ ഉള്ളിലേക്ക് തിരിയും.

## -48-

## ആത്മസാക്ഷാത്കാരത്തിന് വിലക്കുകൾ വിഘാതം

ആത്മീയ ജീവിതത്തിൽ 'അരുതു'കൾ അപ്രസക്തങ്ങളാണ്. വിലക്കുകളിലൂടെയും അരുതുകളിലൂടെയും ഒരിക്കലും ആത്മസാക്ഷാത്കാരം കൈവരിക്കാനാവില്ല.

അരുതെന്ന് പറയുന്നതിനെ അനുഭവിക്കാനുള്ള ത്വര മനുഷ്യസഹജമാണ്. അരുത് എന്ന കല്പന ചെന്നുതറയ്ക്കുക വ്യക്തിയുടെ അഹംബോധത്തിലാണ്. സ്വാഭാവികമായി അതിനെ മറികടക്കാനുള്ള പ്രവണതയും വ്യക്തിയിൽ ഉടലെടുക്കും. അരുതിനെ അഹങ്കാരത്തിൻെറ അന്നമായി വിശേഷിപ്പിക്കാം.

വിലക്കിനുപരി എല്ലാറ്റിനെയും സ്വീകരിക്കുകയും അനുഭവിക്കുകയുമാണ് അഭികാമ്യം. അതുവഴി ആത്യന്തികമായി അതിനെ അപ്രസക്തമെന്നു നിരീക്ഷിക്കാനും അതിജീവിക്കാനും കഴിയും. എല്ലാറ്റിനെയും സ്വീകരിക്കുമ്പോൾ അഹന്തയുടെ വിനാശം സംഭവിക്കുന്നു. ഇതാണ് ഭഗവാൻെറ മാതൃക.

യുദ്ധസമയത്ത് യുദ്ധം ചെയ്യും ലീലകളാടേണ്ടസമയത്ത് അതിൽ മുഴുകിയുമാണ് ഭഗവാൻ അവതരിക്കുന്നത്.മത്സരങ്ങൾ പെരുകുന്നത് ആത്മീയ ജീവിതത്തിന് യാതൊരു ഗുണവും ചെയ്യില്ല. ലോകത്തിൽ ഏറ്റം നികൃഷ്ടമായവയാണ് മത്സരങ്ങളിൽ നിന്നും ലഭ്യമാകുന്ന ഫലങ്ങൾ. ഒളിമ്പിക്സായാലും ഇന്ത്യാ-പാകിസ്ഥാൻ ക്രിക്കറ്റ് മത്സരമായാലും ആത്യന്തികഫലം നികൃഷ്ടമായതായിരിക്കും. മത്സരങ്ങൾ ഉത്പാദിപ്പിക്കുന്നത് വിദ്വേഷമാണ്. ഒരു മത്സരത്തിനും മാറ്റം കൊണ്ടുവരാനാവില്ല. മാറ്റമുണ്ടാക്കുന്നതാണ് വിശിഷ്ടം.

## -49-

### ഈശ്വരനെ വിഭജിക്കരുത്

**ഈ**ശ്വരൻ അവിടെയില്ല; ഇവിടെയാണ്; അതല്ല ഇതാണ് എന്നൊക്കെ പറയുന്നത് ഈശ്വരനെ വിഭജിക്കലാണ്. ചഞ്ചലമായ വ്യവസ്ഥയില്ലാത്ത മനസ്സ് ഏതേതു വിഷയങ്ങളിൽ വ്യാപരിക്കുന്നുവോ അതിനെ നിയമനം ചെയ്ത് ആത്മാവിലേക്ക് മനസ്സിനെ കൊണ്ടുവരണം എന്ന് ഗീത പറയുന്നു. ഇന്ദ്രിയ വിഷയങ്ങളിൽ നിന്നടർത്തി ഈശ്വരോന്മുഖമാക്കണം മനസ്സ് എന്നു സാരം.ഈശ്വരനെന്നുകേൾക്കുമ്പോൾ പൂജാമുറിക്കകത്തേക്കോ ക്ഷേത്രത്തിലേക്കോ ആണ് ചിന്ത പോകുക. ഇദം സർവം ഈശാവാസ്യമെന്നറിഞ്ഞവന് എല്ലാം ഈശ്വരനാണ്. മനസ്സ് എവിടേക്കെങ്കിലും പോകട്ടെ അതൊക്കെ ഈശ്വരനാണെന്നറിയുക എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത് ഇന്നതാണ് എന്നറിയുക. ഉപയോഗിക്കുന്നവയിലെ അനുഭവിക്കുന്നതിലെ നിത്യതയെ അറിയുക. അവിടെ ഉപയോഗം കുറയുന്നില്ല, അനുഭവത്തെ ഉപേക്ഷിക്കുന്നില്ല.

ആനന്ദമാണ് നമ്മുടെ സ്വരൂപം. എനിക്ക് സന്തോഷമില്ലെന്ന് പറയുന്നത് വീട്ടിലിരുന്ന് ഞാനിവിടെയില്ലെന്ന് പറയുന്നതുപോലെയാണ്. ഞാൻ ബ്രഹ്മാവല്ല എന്നു പറയാൻ യോഗിക്ക് സാധ്യമല്ല. പ്രശാന്തമായ, രജോഗുണങ്ങളടങ്ങിയ, അല്പം പോലും അഹങ്കാരമില്ലാത്ത മനസ്സ് നിത്യമായ ആനന്ദം അനുഭവിക്കുന്നു. പലവിധത്തിലുള്ള മക്കളെ അമ്മ ഒരേ പോലെ കാണുന്നപ്രകാരം എല്ലായിടത്തും പരമമായ സത്യത്തെ കാണണം. സമദർശിയാകണം. എല്ലാറ്റിലുമുള്ള ഒന്നിനെ കാണുക. തന്നെ എല്ലാറ്റിലും കാണുക. എല്ലാറ്റിലും തന്നേയും കാണുക. എല്ലാറ്റിലും എന്നേയും എന്നിൽ എല്ലാറ്റിനേയും കാണുന്നവന് ഞാൻ നശിക്കുന്നില്ലെന്നും അവൻ എനിക്കും നശിക്കുന്നില്ലെന്നും ഭഗവാൻ പറയുന്നു. നമ്മിൽ ഈശ്വരൻ നിലനിൽക്കുന്നുണ്ടെങ്കിൽ അതിനടിസ്ഥാനം ഈ ദർശനമാണ്. എന്നാൽ ഇന്ന് എല്ലാവർക്കും ഈശ്വരനിൽ നിന്നു വേണം, ആർക്കും ഈശ്വരനെ വേണ്ട എന്നതാണ് സ്ഥിതി. സകലജീവികളിലും നിലകൊള്ളുന്ന ഭഗവദ് ചൈതന്യത്തെ സമബുദ്ധിയോടെ സേവിക്കുന്നവൻെറ എല്ലാ പ്രവൃത്തികളും ഈശ്വരോന്മുഖമാണ്. അവൻ എന്തുചെയ്താലും ഭഗവാനിലാണ് ചെയ്യുന്നത്.

## 50

### നമ്മുടെ പാതയിലെ വെളിച്ചം നാംതന്നെ

**ത**ൻെറ മാർഗത്തിൽ തനിക്കു വെളിച്ചം താൻതന്നെയാണ്. ആ വെളിച്ചം അണയ്ക്കുന്ന കാമനകളെ അതിനാൽ കൊണ്ടുവരാതിരിക്കുക. സർവ്വത്ര സുഖമാകട്ടെ, ദുഃഖമാകട്ടെ ആത്മസാദൃശ്യംകൊണ്ട് എല്ലാറ്റിനേയും സമമായി കാണുക. അധികം ചിരിക്കരുത്, കരയേണ്ടിവരും എന്നല്ല, ചിരിവരുമ്പോൾ നന്നായി ചിരിക്കുക, കരച്ചിൽ വരുമ്പോൾ കരയുക. രണ്ടിൻേറയും കാരണവും ക്ഷണികതയും അറിയുക.

വിശ്വത്തിനാധാരമായ അത്ֹ പൂർണമാണ്ֹ. സൃഷ്ടിയായ നമ്മളും പൂർണരാണ്ֹ. അപൂർണതാ ബോധമേ വേണ്ട. പൂർണത്തിൽനിന്ന്ֹ പൂർണമുണ്ടാകുന്നു, പൂർണമെടുത്താൽ പൂർണം ബാക്കിയാകുന്നു. ഇതിൽ എന്തെങ്കിലും വസ്തു എടുത്തുമാറ്റുന്നതല്ല വിവക്ഷ. കാലദേശരൂപാദികൾ ഒഴിവാക്കി അറിയലാണ്ֹ. അയഥാർഥമായതിനെ അന്വേഷിക്കുക, ഇല്ലാത്തതാണെന്ന്ֹ മനസ്സിലാക്കുക. മായയെ ജയിക്കുക.

മനസ്സ്ֹ ഇന്ദ്രിയങ്ങളെ മഥിക്കുന്നതും ഒട്ടിനിൽക്കുന്നതുമാണ്ֹ. അതിനെ സംയമനം ചെയ്യൽ, അറിയൽ വായുവിനെ പിടിച്ചുകെട്ടുന്നപോലെ ദുഷ്ֹകരമാണ്ֹ. എന്നാൽ പരിശീലനം കൊണ്ടും വിരക്തി വൈരാഗ്യം (വിരക്തി)കൊണ്ടും അത്ֹ സാധിക്കും.

നിത്യമായതിനോടുള്ള രാഗവും അനിത്യമായതിനോടുള്ള രാഗമില്ലായ്മയുമാണ്ֹ വൈരാഗ്യം. മനസ്സിനെ സ്വദാസനാക്കാൻ കഴിയാത്തവന്ֹ യോഗം പ്രാപിക്കാനാകില്ല. മനസ്സിനെ സ്വാധീനത്തിലാക്കിയവൻ, അറിഞ്ഞവൻ ഏതാഗ്രഹത്തേയും ബുദ്ധിയുമായി ചേർത്ത്ֹ ഇത്ֹ നിറവേറ്റേണ്ടതാണോ എന്ന്ֹ പരിശോധിക്കുന്നു. അവനാണ്ֹ യോഗത്തിനർഹമായവൻ.

ഒരു മരത്തിൽ രണ്ടുപക്ഷികളുണ്ട്ֹ. ഒന്ന്ֹ ഓരോ മധുരഫലവും മാറിമാറി കൊത്തിചാടിച്ചാടി നടക്കുന്നു. മറ്റേത്ֹ നിശ്ശബ്ദമായി ചാടുന്ന പക്ഷിയെ നിരീക്ഷിക്കുന്നു. ഇവിടെ ചാടിനടക്കുന്നത്ֹ മനസ്സും നിരീക്ഷിക്കുന്നത്ֹ ബോധവുമാണ്ֹ. ഇങ്ങനെ മനസ്സിൻെറ പ്രവൃത്തികളെ മാറിനിന്ന്ֹ നിരീക്ഷിക്കാനാകണം.

## 51

## വീണക്കമ്പികളെപ്പോലെ ജീവിതം മീട്ടുക

**ഒ**രുപാട്ֹ ഉറങ്ങുക അല്ലെങ്കിൽ തീരെ ഉറങ്ങാതിരിക്കുക, വാരിവലിച്ച്ֹ തിന്നുക അല്ലെങ്കിൽ ഒട്ടും ഭക്ഷണം കഴിക്കാതിരിക്കുക. മനുഷ്യമനസ്സിന്ֹ എന്തിൻെറയും പരമാവധിയേ അറിയൂ. മധ്യവർത്തിയാകാൻ അറിയില്ല. വീണക്കമ്പി അങ്ങേയറ്റം മുറുകിയിരുന്നാലോ തീരെ അയഞ്ഞിരുന്നാലോ സംഗീതമുണ്ടാകില്ല. പാകത്തിനാകണം. ജീവിതചര്യയും അധ്യാത്മിക ജീവിതവും വീണക്കമ്പി പോലെയാകണം. മിതമായ ഭക്ഷണം, ഉറക്കം എന്നിവ വേണം. ശരീരത്തെ പീഡിപ്പിച്ചാൽ മനസ്സ്ֹ ശാന്തമാകില്ല. അതിനാൽ കടുത്ത ശപഥങ്ങളെടുക്കരുത്ֹ.

ശ്രദ്ധയോടുകൂടി അറിയാൻ പ്രയത്നിച്ചുവെങ്കിലും പൂർണജ്ഞാനം നേടാൻ കഴിയാതെ വന്നാൽ, അതിനു മുമ്പ്ֹ മരിച്ചുപോയാൽ അവൻെറ ഗതി എന്താകും എന്ന്ֹ അർജുനൻ ചോദിക്കുന്നു. ശ്രമം ഒരിക്കലും വൃഥാവിലാവില്ലെന്ന്ֹ ഭഗവാൻ പറയുന്നു.

തുടങ്ങിവച്ചവന്ֹ വിനാശം സംഭവിക്കുന്നില്ല. ശുഭകർമ്മം ചെയ്ത ഒരുവനും ദുർഗതി വരില്ല. തുടങ്ങിവച്ച അറിവ്ֹ പരമമായ ശാന്തിയിലേക്ക്ֹ നിശ്ചയമായും നയിക്കും. തുടങ്ങിവച്ചത്ֹ പൂർത്തിയാക്കാനുതകുംവിധം ഐശ്വര്യസമ്പൂർണമായ ഗൃഹത്തിലോ ജ്ഞാനികളുടെ കുലത്തിലോ ആണ്ֹ ആ ആത്മാവ്ֹ പുതിയ ശരീരം സ്വീകരിക്കുക, ജന്മമെടുക്കുക.

നാം പൂർണരാണ്. പക്ഷേ, ജന്മമെടുക്കുമ്പോൾ ഭാഗികമായി മാത്രമേ പ്രകടമാകുന്നുള്ളു. ശരീരം മുഴുവൻ കെട്ടിവരിഞ്ഞ് ചെറുവിരൽ മാത്രം സ്വതന്ത്രമായ അവസ്ഥയാണത്. നാം മോചനത്തിനായി, പൂർണതയ്ക്കായി നിരന്തരം ആഗ്രഹിക്കുന്നു. എല്ലാറ്റിലും എല്ലായിടത്തും നാമുണ്ടായിരിക്കാൻ, വിശ്വമായിത്തീരാൻ ആഗ്രഹിക്കുന്നു. ആ പൂർണതയെ പ്രാപിച്ചാൽ, അറിഞ്ഞാൽ പിന്നെ ജനിമൃതികളില്ല.

നമ്മെ സത്യം ഗ്രഹിപ്പിക്കാനായി പലരും പല പ്രകാരത്തിൽ ശ്രമിച്ചിട്ടുണ്ട്. എവിടെയൊക്കെയോ ആരൊക്കെയോ ആരംഭിച്ചതിൻെറ തുടർച്ചയാണ് നമ്മുടെ ഇപ്പോഴത്തെ അന്വേഷണവും.

## 52

## ജന്മം എന്നത് അനുഭവങ്ങളാണ്

**പ**ല ജന്മങ്ങളിലൂടെ പരമമായ ശാന്തിയെ പ്രാപിക്കും എന്ന് ഗീത പറയുന്നത് ഒരുപാട് അനുഭവങ്ങളിലൂടെ സത്യം അറിയും എന്നതിനെയാണ്. എന്തെങ്കിലും കാരണവശാൽ അറിയാനുള്ള ശ്രമത്തിനിടയിൽ ഈ ദേഹം വെടിയേണ്ടി വന്നാൽ സൂക്ഷ്മ ശരീരം അടുത്ത ദേഹത്തിലൂടെയും ആ അന്വേഷണം തുടരും. ഈ ജന്മത്തിൽ അപരിചിതമായ കാര്യങ്ങൾ ആദ്യകാഴ്ചയിൽ തന്നെ പരിചിതമായി തോന്നുന്നത് അതിനാലാകാം. ആത്മ സാക്ഷാത്കാരത്തിനായുള്ള മാർഗ്ഗത്തോട് അങ്ങേയറ്റം നീതി പുലർത്തണം. യോഗരഹസ്യം അറിയാൻ ആഗ്രഹിക്കുന്നവൻ പോലും കർമ്മഫലങ്ങളെ അതി ജീവിക്കുന്നു.

യോഗി തപസ്വികളേക്കാൾ, ജ്ഞാനികളേക്കാൾ, കർമ്മങ്ങളേക്കാൾ ശ്രേഷ്ഠനാണ്. യോഗി പരമസത്യവുമായി ചേർന്നവനാണ്. താദാത്മ്യം പ്രാപിച്ചവനാണ്. ഉൾക്കൊണ്ടതുമായി താദാത്മ്യം പ്രാപിച്ച് സ്വജീവിതത്തെ വ്യാപാരങ്ങളിൽ അനുഭവിക്കുന്നവനായിത്തീരണം. അറിവിലും കർമ്മത്തിലും ചേർച്ചയുണ്ടാകണം.

ആശ്രമത്തിൽ വിദ്യയഭ്യസിച്ച മഹാബ്രാഹ്മണൻ കൗശികൻ പരം പൊരുളിനെ അറിഞ്ഞത് വീട്ടമ്മയിൽ നിന്നും ഇറച്ചി വെട്ടുകാരിൽ നിന്നുമാണ്. തന്നെ അറിയുന്നതിലൂടെ സർവ്വം അറിയുകയാണ് ജ്ഞാനം. തന്നെത്തന്നെ ആശ്രയമായിക്കണ്ട് അങ്ങേയറ്റം ആസക്തിയോടെ സമഗ്രമായി ജ്ഞാനത്തെ അറിയണം. ഈശ്വരനെക്കുറിച്ച് 'കുറച്ചറിയൽ' അസാധ്യമാണ്.

ഏത് അറിഞ്ഞിട്ട് ഇവിടെ വീണ്ടും വേറൊന്നും അറിയേണ്ടതായി ഇല്ലയോ ആ ജ്ഞാനത്തെ അനുഭവ സഹിതം ഒന്നൊഴിയാതെ പറഞ്ഞു തരാമെന്ന് ഭഗവാൻ പറയുന്നു. അത് നീ തന്നെയാണ്. (തത്ത്വം അസി). ഇത് ഉപദേശ വാക്യമാണ്. ഇതു കേട്ടവർ അറിവ് ബ്രഹ്മമാണെന്നും (പ്രജ്ഞാനം ബ്രഹ്മ) ആത്മാവ് ബ്രഹ്മമാണെന്നും (അയമാത്മാബ്രഹ്മ) മനനം ചെയ്യുന്നു. അവസാനം അനുഭവ വാക്യമായി അഹം ബ്രഹ്മാസ്മി - ഞാൻ ബ്രഹ്മാവാകുന്നു- പുറത്തു വരുന്നു. ആയിരത്തിൽ ഒരാളേ ഇതിനായി യത്നിക്കുന്നുള്ളൂ. അതിൽ ആയിരത്തിൽ ഒരാളേ താത്വികമായി, ശരിയാംവണ്ണം അറിയുന്നുള്ളൂ.

## -53-

## പ്രകൃതിയെ മലിനമാക്കുന്നവൻ ഭക്തനല്ല

ഭഗവാൻ തൻെറ മേൽവിലാസം (പ്രകൃതം) വിശദീകരിക്കുന്നു. ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹംബോധം ഇതെല്ലാം ഭഗവാൻെറ പ്രകൃതിയാണ്. ഭഗവാൻ ഇവയിൽ പരമാത്മാവായി വർത്തിക്കുന്നു. ഈ എട്ടു ഭിന്നപ്രകൃതികളിലാണ് വിശ്വത്തിൽ കാണുന്ന എല്ലാം. ഇവയെല്ലാം ഭഗവാനാണ്.

അതുകൊണ്ട് ഭക്തൻ എപ്പോഴും പ്രകൃതിയുമായി അങ്ങേയറ്റം സമരസപ്പെട്ടു കഴിയുന്നവനായിരിക്കും. അപ്പോൾ പ്രപഞ്ചത്തിൻെറ സംഗീതം കേൾക്കാൻ തുടങ്ങും. അതായിത്തീരും. ഈശ്വരൻെറ ഭിന്നപ്രകൃതികളോട് അങ്ങേയറ്റം ആദരവോടെയാണ് നാം പെരുമാറേണ്ടത്.

ഭൂമി എല്ലാം സഹിക്കുന്നു, എല്ലാ വൈവിധ്യങ്ങളേയും ഉൾക്കൊള്ളുന്നു; ജലം എല്ലാ തടസ്സങ്ങളേയും മൃദുവായി അതിജീവിക്കുന്നു, എവിടെയും സ്വന്തം വഴി കണ്ടെത്തുന്നു; അഗ്നി എല്ലാം പരിശുദ്ധമാക്കുന്നു. ഇത്തരത്തിലുള്ള എല്ലാ സവിശേഷതകളേയും ഉൾക്കൊള്ളാൻ നമുക്കും കഴിയണം.

അതിനു പകരം ഭൂമിപൂജ നടത്തി എല്ലാവർക്കും പ്ലാസ്റ്റിക്ഗ്ലാസിൽ പായസം നൽകി ആകെ മലിനമാക്കിയാൽ ഭൂമിയെ ദ്രോഹിക്കലാകും. നദീതീരത്തെ വിഷം വമിപ്പിക്കുന്ന ഫാക്ടറികൾ ആധുനിക കാലത്തെ കാളിയന്മാരാണ്.പലതരം ആഭരണങ്ങൾ നമ്മുടെ കാഴ്ചയാണ്. സ്വർണക്കടക്കാരന് എല്ലാം സ്വർണമാണ്. ഇങ്ങനെ എല്ലാം പഞ്ചഭൂതങ്ങൾ മാത്രമാണെന്നറിഞ്ഞ ധീരന് ഒന്നിലും മോഹമുണ്ടാകില്ല. നാം സമുദ്രം പോലെയാകണം. അനാവശ്യമായ ഒന്നിനേയും സമുദ്രം സ്വീകരിക്കുന്നില്ല. പുൽക്കൊടിയിട്ടാൽ പോലും തിരിച്ചു കരയിൽ കൊണ്ടുവരും. ഒരു പുൽക്കൊടിയെ സ്വീകരിച്ചാൽ എല്ലാ പുല്ലും വരും. അപ്പോൾ സ്വപ്രകൃതം മാറും. ഞാൻ ഞാനായി നിൽക്കണം. സ്വാഭാവികമായി വന്നു ചേരുന്നതെല്ലാം സ്വീകരിക്കണം. എത്ര വന്നു ചേർന്നാലും എത്ര എടുത്താലും മാറ്റം വരരുത്.

പിതൃതർപ്പണത്തിലൂടെ മരിച്ച വ്യക്തിക്ക് ഒന്നും കിട്ടുന്നില്ലെന്ന് സ്വാമി പറഞ്ഞു. അതേസമയം, ശ്രാദ്ധം ശ്രദ്ധാപൂർണം ചെയ്യേണ്ട ഒന്നാണ്. അത് ഉറങ്ങിക്കിടക്കുന്ന പാരസ്പര്യത്തെ ഉണർത്തലാണ്, കടമ നിറവേറ്റലാണ്, സ്വമനസ്സിനെ സാന്ത്വനിപ്പിക്കലാണ്.

## 54

## നേതാവുണ്ടായാൽ സനാതനധർമം നശിക്കും

ഹിന്ദുമതത്തിന് നേതാവുണ്ടായാൽ സനാതനധർമം നശിക്കും. ഒരു മതപുരോഹിതൻെറയും ആവശ്യമില്ലാതെ സത്യമറിഞ്ഞ് സ്വതന്ത്രനായി നിലനിൽക്കുവാനുള്ള തൻേറടമാണ് ഗീത നൽകുന്നത്. വസുദേവനന്ദനനായ ശ്രീകൃഷ്ണൻ എന്ന രൂപത്തെക്കുറിച്ചല്ല ഗീത പറയുന്നത്. വിശ്വത്തിനു മുഴുവൻ ആധാരമായ ചൈതന്യത്തെക്കുറിച്ചാണ്. അത് ഏതെങ്കിലുമൊരു ആകാരത്തിൽ ഒതുക്കിനിർത്താൻ പാടില്ല.പ്രകൃതി ഭഗവാൻെറ സ്ഥൂലഭാവമാണ്.

ഈ ജഗത്തിന് ആധാരമായ ജീവസ്വരൂപമാണ് ഭഗവാൻെറ സൂക്ഷ്മഭാവം. സൂക്ഷ്മത്തിൽ നിന്ന് സ്ഥൂലം ആവിർഭവിക്കുന്നു. ഈ പ്രപഞ്ചത്തിലെന്തൊക്കെ ഉണ്ടായിട്ടുണ്ടോ അതെല്ലാം തന്നെ ഈ സ്ഥൂല സൂക്ഷ്മ ഭാവങ്ങളിൽ നിന്ന് പ്രകടമായതാണ്. ഉല്പത്തിക്ക് കാരണമെന്നപോലെ അവ ലയിക്കുന്നതും ഇതിലാണ്. ചരടിൽ മണികളെന്നപോലെ എല്ലാം ഭഗവാനിൽ കോർക്കപ്പെട്ടിരിക്കുന്നു.

നൂല് നോക്കിയാൽ കാണില്ല. എന്നാൽ ആ നൂലിലാണ് എല്ലാം നിലനിൽക്കുന്നത്. ചരടിനോട് സമർപ്പണമനോഭാവമുണ്ടാകാൻ വേണ്ടിയാണ് ആരാധനയ്ക്കായി പൂർവികർ രൂപങ്ങൾ നൽകിയത്. എന്തെങ്കിലും കിട്ടാൻ വേണ്ടിയല്ല. വിശ്വാസത്തെയോ അവിശ്വാസത്തെയോ ആശ്രയിച്ചു നിൽക്കുന്നതല്ല ഈ ചരട്. എല്ലാറ്റിലേയും സൂക്ഷ്മാംശമാണ്. ജലത്തിൻെറ രസവും ചന്ദ്രസൂര്യന്മാരുടെ പ്രഭയും എല്ലാ വേദങ്ങളിലേയും പ്രണവവും ആകാശത്തിലെ ശബ്ദവും മനുഷ്യരിൽ മനുഷ്യത്വവും ഭൂമിയുടെ ഗന്ധവും അഗ്നിയുടെ തേജസ്സും സർവജീവികളുടേയും ജീവചൈതന്യവും സനാതനബീജവും ബുദ്ധിമാന്മാരുടേ ബുദ്ധിയും തേജസ്വികളുടെ തേജസ്സും തപസ്വികളിൽ തപസ്സും ബലവാന്മാരുടെ കാമരാഗങ്ങൾ തീണ്ടാത്ത ബലവും ഭഗവാനാണ്.

ഒരു കാര്യത്തിൻെറ സാക്ഷാത്കാരത്തിനായി സദാജാഗരൂഗമായി എല്ലാ ഇഷ്ടാനിഷ്ടങ്ങളും മാറ്റിവെച്ച് പ്രയത്നിക്കുന്നതാണ് തപസ്സ്. സന്തോഷപൂർവം അനുഷ്ഠിക്കുന്ന യാതനകളാണത്. ഗർഭകാലം ഒരു തപസ്സാണ്. നാം ചെയ്യുന്ന ഓരോ കാര്യവും തപസ്സാകണം. കുട്ടിയുടെ അ എന്നെഴുതാനുള്ള ശ്രദ്ധയും ആത്മസാക്ഷാത്കാരത്തിനായുള്ള ശ്രദ്ധയും തപസ്സാണ്. എന്നാൽ പിന്നീട് പറഞ്ഞു നടക്കുന്ന ത്യാഗം തപസ്സല്ല.സ്നേഹത്തിൽ നിന്നു ജനിക്കുന്ന ബലമാണ് ഭഗവദ്ചൈതന്യം. ഹിറ്റ്ലറുടെയോ മുസ്സോളിനിയുടെയോ ചെങ്കിസ്ഖാൻെറയോ ബലമല്ല. അത് ഭീരുക്കളുടെ ബലമാണ്. നശീകരണത്തിനല്ല, ഉത്കർഷത്തിനാകണം ബലം.

## 55

### ആചാരാനുഷ്ഠാനങ്ങൾ ഈശ്വരസേവയല്ല

ആചാരാനുഷ്ഠാനങ്ങളല്ല ഈശ്വരസേവ. തനിക്ക് മൂന്നു തെറ്റുകൾ പറ്റിയെന്ന് ശങ്കരാചാര്യർ ഭഗവാനോട് ക്ഷമാപണം ചെയ്യുന്നുണ്ട്. രൂപമില്ലാത്ത അങ്ങയെ രൂപംവച്ച് ധ്യാനിച്ചു. അനിർവചനീയമായ അങ്ങയെ വാക്കുകൾകൊണ്ട് സ്തുതിച്ചു. അങ്ങയുടെ അനന്തമായ വ്യാപ്തിയെ തീർത്ഥാടനത്തിലൂടെ പരിമിതപ്പെടുത്തി. ഇവ തെറ്റാണെന്ന് അറിഞ്ഞുകൊണ്ടാണ് ചെയ്യേണ്ടത്. ക്ഷേത്രത്തിൽ പോയി പ്രാർത്ഥിക്കുമ്പോൾ ഈ ഭാവം മനസ്സിലുണ്ടാകണം. അല്ലെങ്കിൽ കേവലം ശില മാത്രമാകും നമുക്ക് ഭഗവാൻ. വിലവിവരപ്പട്ടിക വച്ചതോ സ്വർണത്തിൽ പൊതിഞ്ഞതോ കാവലുള്ളതോ ആയിരുന്നില്ല പഴയ ക്ഷേത്രങ്ങൾ. അവിടെ ജോലി തേടിയോ, പരീക്ഷ ജയിക്കാനോ, രോഗം മാറാനോ അല്ല പോകേണ്ടത്. സത്യം അറിയാനും ശാന്തി കിട്ടാനുമാണ്.

ഈശ്വരസേവയെന്നാൽ ഈശ്വരനെ അന്വേഷിക്കലാണ്. അന്വേഷിക്കുന്നവൻ, നിർമമൻ, ഏകാന്തൻ (മറ്റൊന്നിനെ ആശ്രയിക്കാത്തവൻ), ലോകബന്ധങ്ങൾ വെടിഞ്ഞവൻ, സത്വരജതമോ ഗുണങ്ങളോ അതിജീവിച്ചവൻ, യോഗത്തേയും (നേടാനുള്ളത്) ക്ഷേമത്തേയും (നേടിയതിൻെറ സംരക്ഷണം), കർമ്മഫലത്തേയും കർമ്മത്തിൽ 'ഞാൻ ചെയ്തു' എന്ന ഭാവത്തേയും സുഖദുഃഖാദി ദ്വന്ദ്വങ്ങളേയും എന്തിന് വേദങ്ങളെപോലും ഉപേക്ഷിച്ച്, അതിവർത്തിച്ച് കേവലം കൈവല്യപ്രാപ്തിയിൽ മാത്രം നിലകൊള്ളുന്നവനാണ് മായയെ ജയിക്കുന്നത്.

സാത്വികവും താമസവും രാജസവുമായ എല്ലാ ഭാവങ്ങളും എന്നിൽ നിന്ന് ഉണ്ടായതാണെന്ന് ഭഗവാൻ പറയുന്നു. അവയെല്ലാം എന്നിലാണ്. എന്നാൽ അവയൊന്നും ഞാനല്ല. തിരമാല എന്നിലാണെന്നും ഞാൻ തിരമാലയിലില്ലെന്നും സമുദ്രം പറയുന്നതുപോലെയാണിത്. ഈ ഗുണങ്ങളാൽ മറക്കപ്പെട്ടിരുന്നതുകൊണ്ട് പലപ്പോഴും നാം ഈശ്വരനെ അറിയുന്നില്ല. പുറമെയുള്ളതുവിട്ട് ഉള്ളിലേക്കു നോക്കുന്നവനേ, ഈശ്വരനെ അറിയുന്നവനേ മായയേ മറികടക്കൂ. ഇന്ദ്രിയങ്ങളിൽ രമിക്കുന്ന ആസുരികമായ ഭാവത്തോടെ മായയാൽ അപഹരിക്കപ്പെട്ട ജ്ഞാനത്തോടെ ദുഷ്ചെഷ്ടികൾ ചെയ്യുന്ന മൂഢന്മാർ ഈശ്വരനെ പ്രാപിക്കുന്നില്ല.

ദുഃഖിതരും (കാമംമൂലം) ജിജ്ഞാസുക്കളും (ധർമ്മം, അറിയാനുള്ള ആഗ്രഹംമൂലം), അർത്ഥാർത്ഥികളും (ധനം കിട്ടണമെന്നുള്ള ആഗ്രഹം) ജ്ഞാനികളും (മോക്ഷേച്ഛ) ഈശ്വരനെ ഭജിക്കുന്നു. ഇവരുടെ കൂട്ടത്തിൽ താനും ഈശ്വരനും ഒന്നാണെന്ന ഉറച്ചബോധമുള്ള ജ്ഞാനി വിശേഷപ്പെട്ടവനാണ്.

## 56

### ഈശ്വരനെ വ്യക്തിയായി കാണുന്നവൻ മൂഢനാണ്

കൃഷ്ണൻ ആരെന്നറിയുവാൻ നാം ഇനിയും സംസ്കാര സമ്പന്നരാകണം. വസുദേവനന്ദനനായി അറിഞ്ഞാൽ കുഴപ്പമാണ്. എൻെറ നാശരഹിതമായ , ശ്രേഷ്ഠമായ , പരമമായ ഭാവത്തെ അറിയാത്ത ബുദ്ധിഹീനന്മാർ അവ്യക്തമായ എന്നെ വ്യക്തിയായി വിചാരിക്കുന്നുവെന്ന് ഭഗവാൻ ഗീതയിൽ പറയുന്നു. നമ്മെ അറിയേണ്ടതും ഇങ്ങനെയാണ്. സ്വയം വ്യക്തിയായി കരുതിയാൽ പരിമിതപ്പെട്ടുപോകും.നാമം, രൂപം തുടങ്ങിയ മായകളാൽ ആവൃതമായിരിക്കുന്ന ഭഗവാൻ എല്ലാവർക്കും കാണാൻ പറ്റുന്നവനല്ല. മൂഢന്മാർ ഭഗവാൻ ജനിക്കാത്തവനാണ്, നശിക്കാത്തവനാണ് എന്ന് അറിയുന്നില്ല. ശ്രീകൃഷ്ണജയന്തിക്ക് പോകുമ്പോൾ ഇതറിയണം. കാരണം ജനിച്ചവന് മരണമുണ്ട്. ജനിമൃതികളിൽ ശ്രദ്ധവയ്ക്കുന്നവൻ മൂഢനാണ്.

ഈശ്വരൻ എന്നും ശിലയായി, ലോഹമായി ക്ഷേത്രവളപ്പിൽ തളച്ചിടപ്പെടണമെന്നാണ് ചിലർ ആഗ്രഹിക്കുന്നത്. ഒരിക്കലും പ്രത്യക്ഷപ്പെടരുത്. അങ്ങനെ വിളിച്ചുകൊണ്ടിരിക്കണം. അതിലാണ് മതത്തിൻെറ നിലനിൽപ്പ്. ഇപ്പോൾ എല്ലാം ഈശ്വരനാണെന്നറിയാൻ പേടിയാണ്. കാരണം കുറേ ആഗ്രഹങ്ങളുണ്ട്. അതെല്ലാം നഷ്ടപ്പെടുമോ എന്ന ഭയം. നമ്മുടെ ശ്രദ്ധ ഏതിലാണോ അതാണ് നമ്മുടെ ഈശ്വരൻ. സ്വന്തം പൂർവവാസനയാൽ ഓരോ ആഗ്രഹങ്ങളിൽ പെട്ടവർ ആ ദേവതകളെ പ്രാപിക്കുന്നു. അത്തരം ദൈവങ്ങളെ (ഇന്ദ്രിയവിഷയങ്ങളെ) ആശ്രയിക്കുന്നവർക്ക് ഭഗവാൻ തന്നെ അതിൽ ഇളകാത്ത ശ്രദ്ധയെ കൊടുക്കുന്നു. നാം ആവശ്യപ്പെടുന്നത് കിട്ടുന്നു. ആരാധിക്കുന്ന ദേവതയിൽ നിന്ന് ഇഷ്ടപ്പെട്ട ഫലത്തെ ഭഗവാൻ തന്നെ നൽകുന്നു. ഭഗവാനെ വേണ്ടവർക്ക് ഭഗവാനെ കിട്ടും. ഭഗവാനിൽ നിന്നുവേണ്ടവർക്ക് അതുംകിട്ടും. അനുഭവിക്കുന്ന എല്ലാം നാം ചോദിച്ചുവാങ്ങിയതാണ്. സാഹചര്യങ്ങളെ കുറ്റം പറയരുത്.ലക്ഷ്യത്തിലേക്ക് അടുപ്പിക്കാതിരിക്കുന്ന ചങ്ങലകളെ നിങ്ങളെത്രമാത്രം സ്നേഹിക്കുന്നു എന്ന് ബുദ്ധൻ ചോദിക്കുന്നു. സംസ്കാരത്തെ ഹനിക്കുന്ന, സ്വയം താഴ്ത്തുന്ന പലതും പരിഷ്ക്കാരത്തിൻെറ പേരിൽ കുടുംബവുമായിചേർന്ന് ആസ്വദിക്കുന്നു, അനുഭവിക്കുന്നു. എന്നാൽ അല്പബുദ്ധി തൻെറ പ്രാർത്ഥനയാൽ നേടുന്ന അനുഭവങ്ങൾ നാശമുള്ളതാണ്. അനേകം ജന്മങ്ങളുടെ (അനുഭവങ്ങളുടെ ) ഒടുവിൽ ജ്ഞാനി എല്ലാം വാസുദേവൻ എന്നറിയുന്നു.

## -57-

## ഭൂമിയെ നരകമായി വിശേഷിപ്പിക്കരുത്

**ഈ** നരകത്തിൽ നിന്നെന്നെ കരകേറ്റേണേ എന്നു പ്രാർത്ഥിക്കുന്നവർ ഒരു കാലത്തും ഗുണം പിടിക്കില്ല. ഇങ്ങനെയുള്ളവരെ എവിടെ കൊണ്ടിട്ടാലും അവരവിടെ നരകമുണ്ടാക്കും. ചുറ്റുപാടും നരകമായി ചിത്രീകരിക്കുന്നത് ഭക്തിയല്ല. ആ കാഴ്ചപ്പാട് ശാസ്ത്ര വിരുദ്ധമാണ്. എനിക്കു കിട്ടിയത് ഏറ്റവും ഉത്തമമെന്നു കരുതുക. മനുഷ്യജന്മം ഏറ്റവും ശ്രേഷ്ഠമെന്നാണ് ശാസ്ത്രം പറയുന്നത്. ബാഹ്യമായതിനെ മാറ്റണം എന്നല്ല ഭഗവാൻ പറയുന്നത്. കാഴ്ചപ്പാട് മാറ്റാനാണ്.

ഭഗവാൻെറ പേരിൽ പ്രക്ഷോഭം നടത്തുന്നത് മുഴുവൻ മൂഢത്വമാണ്. സമരംചെയ്ത് ഭഗവാനെ ഉറപ്പിക്കേണ്ടതില്ല. ഭഗവാൻ അതിനെല്ലാം അതീതനാണ്. ഗീതയെക്കുറിച്ച് മോശമായി പറയുന്നവരെ അവരുടെ വഴിക്കു വിട്ടേക്കുക. അതിനെതിരെ പൊതുയോഗം വിളിക്കുന്നത് അജ്ഞാനികളാണ്.

കഴിഞ്ഞു പോയതും ഇപ്പോഴുള്ളതും വരാനികരിക്കുന്നതും ഞാനറിയുന്നു. കാരണം ഞാൻ എന്നുമുള്ളവനാണ്. എന്നാൽ എന്നെ ആരും അറിയുന്നില്ല എന്ന് ഭഗവാൻ പറയുന്നു. എല്ലാറ്റിനും സാക്ഷിയായി നിൽക്കുന്ന അവനവനെ സ്വാത്മചൈതന്യത്തെ ആരും അറിയുന്നില്ല എന്നു സാരം. ശരീരത്തോടു കൂടിയിരിക്കുമ്പോൾ രാഗദ്വേഷങ്ങളിൽ നിന്നുണ്ടായിട്ടുള്ള ദ്വന്ദ്വഭാവങ്ങൾ (സുഖദുഃഖം, ലാഭനഷ്ടം, മാനാപമാനം ഇത്യാദി) എല്ലാ ജീവികളിലും മൂഢതയുണ്ടാക്കുന്നു. അറിവുകൊണ്ട് തെറ്റിദ്ധാരണകൾ നീങ്ങി ധ്യാനമനസ്സോടെ കർമ്മങ്ങൾ ചെയ്യുന്നവർ ദ്വന്ദ്വഭാവങ്ങളെയൊക്കെ അതിവർത്തിച്ച് ഇളക്കമില്ലാത്തവരായിരുന്നു.

അധിഭൂതം, അധിദൈവം, അധിയജ്ഞം ഇവയോടുകൂടി മനസ്സിനെ നിയമനം ചെയ്തവർ മരണകാലത്തുപോലും എന്നെ അറിയുന്നു. പെട്ടെന്നുണ്ടാകുന്ന ഉൾക്കാഴ്ചയാണത്. അറിഞ്ഞാൽ പിന്നെ ഞാനില്ല. ഈ ലോകം വിട്ടുപോകും. അതിനുമപ്പുറത്താണ് ഞാൻ എന്നറിയും. ജരാമരണമോക്ഷത്തിനായി ഭഗവാനെ ആശ്രയിച്ച് പ്രയത്നിക്കുന്നവർ ബ്രഹ്മത്തേയും അധ്യാത്മരഹസ്യത്തേയും കർമ്മത്തിൻെറ സമഗ്രതയേയും അറിയും.

## -58-

## കളിവീട് കടലെടുക്കുന്നപോലെ സ്വമരണത്തെ കാണുക

**കു**ട്ടിക്കാലത്ത് മണപ്പുറത്തുണ്ടാക്കിയ കളിവീട് കടലെടുക്കുമ്പോൾ നോക്കിച്ചിരിച്ച് നടന്നുപോയപോലെ ശരീരം നശിക്കുമ്പോഴും പോകാൻ കഴിയണം.

നശ്വരമായ ഭാവമാണ് അധിഭൂതം. നശിക്കാത്ത ചൈതന്യമാണ് അധിദൈവതം. ഈ ദേഹത്തിൽ ഭഗവാൻതന്നെയാണ് അധിയജ്ഞൻ. ഇവയോടുകൂടിയവർ മരണസമയത്തുപോലും എന്നെ അറിയുന്നു. പരമവും നാശരഹിതവുമായ ബ്രഹ്മത്തെയും (സ്വരൂപം) അതിൻെറ സ്വഭാവമായ അധ്യാത്മരഹസ്യവും (ജീവഭാവം) എല്ലാ സൃഷ്ടികൾക്കും ഹേതുവായ കർമത്തിൻെറ സമഗ്രതയെയും അറിയുന്നു.

അവസാനകാലത്ത് ഏതുഭാവത്തെ സ്മരിച്ചുകൊണ്ടാണോ ദേഹം വിടുന്നത് ആ ഭാവത്തെതന്നെ പ്രാപിക്കും. മരണസമയത്തും ഭഗവാനെതന്നെ സ്മരിക്കുന്നവർ ഭഗവാനെ പ്രാപിക്കും. വിഷയങ്ങളെ സ്മരിക്കുന്നവർ അതതിനെ പ്രാപിക്കും. ജാഗ്രതവസ്ഥയിൽ ഈശ്വരനെന്തെന്നറിഞ്ഞാലേ മരണസമയത്തും ആ സ്മരണ വരൂ. അതിനാൽ എല്ലായ്പ്പോഴും ഈസ്വരസ്മരണയിലാകണം മനസ്സ്. ഇത് എപ്പോഴും നാമംജപിക്കലല്ല. ഈശ്വരനല്ലാതെ മറ്റൊന്നുമില്ലെന്നും കർമങ്ങളെല്ലാം ബ്രഹ്മപൂജയാണെന്നും അറിയലാണ്. മരണസമയം എപ്പോഴെന്ന് ആർക്കും അറിയാൻപറ്റില്ല. അതിനാൽ എപ്പോഴും ഈശ്വരസ്മരണയിലായിരിക്കണം.

നിരന്തരപരിശീലനംകൊണ്ട് മറ്റു വിഷയങ്ങളിൽ പോകാത്ത സ്വമനസ്സുകൊണ്ട് ധ്യാനിക്കുന്നവൻ പ്രകാശരൂപനായ പരമപുരുഷനെ പ്രാപിക്കുന്നു. സർവജ്ഞനും കാലാതീതനും ലോകനിയന്താവും അണുവിൻെറ അണുവും എല്ലാറ്റിൻെറയും അടിസ്ഥാനവും ചിന്തിച്ചറിയാനാവാത്തവനും സൂര്യനെപ്പോലെ ജ്യോതിർമയനുമായ പരംപൊരുളിനെ, അഭ്യാസബലം നിമിത്തം ഉറച്ച (ഏകാഗ്രമായ) മനസ്സുകൊണ്ട് പ്രാണനെ പുരികങ്ങൾക്കിടയിൽ നിർത്തി ആരാണോ മരണസമയത്തുപോലും ധ്യാനിക്കുന്നത് അവൻ മോക്ഷംപ്രാപിക്കുന്നു.

വിജനമായ ഒരിടത്ത് ഏകാന്തതയിൽ ശാന്തമായി ധ്യാനിക്കാനുള്ളതാണ് പ്രണവം. പ്രണവത്തെ സ്മരിച്ചുകൊണ്ടുള്ള ജീവിതം നമ്മെ മുക്തരാക്കും. അതൊരിക്കലും സംഘർഷത്തിൻെറ ചിഹ്നമാകരുത്. ഓംകാരം ടെലിഫോൺപോസ്റ്റിലോ ചുമരിലോ ഒക്കെ മറ്റുള്ളവരിൽ ഭീതിജനിപ്പിക്കുംവിധം പതിപ്പിക്കുന്നത് സനാതനധർമത്തെ അവഹേളിക്കലാണ്. പുറത്തു കാണിക്കുന്ന ചിഹ്നം പുറത്തുതന്നെയാകും. അതിനാൽ പ്രണവം ഉള്ളിലാണ് ധരിക്കേണ്ടത്. ഹൃദയത്തിലാണ് എഴുതേണ്ടത്. അത് തെരുവിലിറക്കാനുള്ളതല്ല. റോഡിൻെറഡിവൈഡറായും സ്വന്തം സ്ഥലം സംരക്ഷിക്കാനും മതചിഹ്നങ്ങൾ വയ്ക്കുന്നവരുണ്ട്, സർക്കാർ മതത്തിൽ തൊടില്ല എന്ന ധൈര്യത്തിൽ. അവർ ആ ചിഹ്നങ്ങൾക്ക് അത്രവിലയേ നൽകുന്നുള്ളു.

## -59-

## ഉണർന്നിരിക്കുന്നത് ബ്രഹ്മഭാവത്തിലൂടെ

നാം ഉറങ്ങുന്നത് ബ്രഹ്മത്തിലാണ്. ഉണർന്നിരിക്കുന്നതും ബ്രഹ്മഭാവത്തിലാകണം. ബ്രഹ്മലോകം മുതലുള്ള ലോകങ്ങൾ (അനുഭവമണ്ഡലങ്ങൾ) ആവർത്തിക്കുന്നതാണ്. വരവും പോക്കുമുണ്ട്. ബ്രഹ്മാവിനുതന്നെ ജനനവും മരണവുമുണ്ട്. ഭഗവാനെ പ്രാപിച്ചവനുമാത്രമേ ജനിമൃതികൾ ഇല്ലാതാകുന്നുള്ളൂ. പിന്നെ തിരിച്ചുവരവില്ല. ബ്രഹ്മാവിൻെറ പകൽ ആയിരം യുഗമാണ്. രാത്രിയും അത്രതന്നെ. ഇതറിയുന്നവർ കാലത്തെ അറിയുന്നു. അപാരമായ ജഗത്തിൻെറ മുന്നിൽ മനുഷ്യൻ എത്ര നിസ്സാരനെന്ന് ഇത് സൂചിപ്പിക്കുന്നു. ഭഗവാൻ കാലാതീതനാണ്. നമ്മുടെ സമയം 'സെക്കൻറി'ൽ ആരംഭിക്കുന്നു. 'ഫസ്റ്റ്'ാണ് ഭഗവാൻ. കാലത്തിനും മുമ്പേ. അറിയലിനുമുമ്പേയുള്ളതിനെ അറിയാൻ കഴിയില്ല എന്ന അറിവാണ് ഗീത പറയുന്ന അറിവ്. പ്രവൃത്തികൊണ്ട് ഇതിനെ നേടാൻ പറ്റില്ല എന്ന അറിവിൽ ചെയ്യുന്ന കർമ്മമാണ് നിഷ്കാമ കർമ്മം.

ബ്രഹ്മാവിൻെറ പകലിൽ അവ്യക്തതയിൽനിന്ന് (ചൈതന്യപ്രകൃതിയിൽനിന്ന്) വ്യക്തമായത് (ചരാചരങ്ങൾ) ഉണ്ടാകുന്നു. രാത്രിയിൽ ഈ അവ്യക്തതയിൽ തന്നെ എല്ലാം ലയിക്കുന്നു. ഇതുപോലെയാണ് നമ്മുടെ ജീവിതവും.
നമ്മളുണരുമ്പോഴാണ് എല്ലാം ജനിക്കുന്നത്. ഉറങ്ങുമ്പോൾ എല്ലാം ലയിക്കുന്നു.

ഉണർന്നവനാണ് ലോകം. നാം ഉണർന്നാൽ, അല്പമൊന്നുയർന്നാൽ വളരെയേറെ ഊർജം ചെലവഴിക്കുന്ന പലതും എത്ര നിസ്സാരമാണെന്ന ബോധമുണ്ടാകും. പ്രാണിസമൂഹം അസ്വതന്ത്രരായി വീണ്ടും വീണ്ടും ജനിക്കുന്നത് ഭഗവാൻെറ അറിവോടെയാണ്. ഒരു വൃക്ഷത്തിൻെറ നിശ്ശബ്ദമായ അറിവുകൂടാതെ ഒരിലയും ചലിക്കുന്നില്ല, പൊഴിയുന്നില്ല.

ഭവിച്ചിട്ടുള്ളതെല്ലാം യാതൊന്നിൻെറ ഉള്ളിൽ സ്ഥിതിചെയ്യുന്നോ, എന്ത് ഈ വിശ്വമാകെ വ്യാപിച്ചിരിക്കുന്നുവോ ആ ഭഗവാനെ അനന്യഭക്തികൊണ്ട് നേടാം. അന്യചിന്തകൂടാതെ എല്ലാസമയവും ഭഗവാനെ സ്മരിക്കുന്ന യോഗിക്ക് ഭഗവാൻ സുലഭനായിരിക്കും. മനസ്സെവിടെ വേണമെങ്കിലും പോകട്ടെ, പോകുന്നിടമെല്ലാം ഈശ്വരനാണെന്നറിയുക. ഭഗവാനെ പ്രാപിക്കുക എന്നത് അസ്ഥിരമായ ഒന്നുമായും താദാത്മ്യം പ്രാപിക്കാതിരിക്കലാണ്. ഇങ്ങനെ പരമഗതിപ്രാപിക്കാനുള്ള മന്ത്രമാണ് എല്ലാ ശബ്ദങ്ങളും ഉൾക്കൊള്ളുന്ന പ്രണവം.

## 60

## സ്നേഹിക്കുക; ദോഷങ്ങൾ കാണാതിരിക്കുക

സ്നേഹംകൊണ്ട് ഒരാൾക്കും ഒരാളുടേയും ദോഷം കാണാൻ സാധ്യമല്ല. അസൂയയിൽ നിന്നാണ് എല്ലാ ദോഷദർശനവും ഉണ്ടാകുന്നത്. മറ്റുള്ളവരുടെ ഗുണങ്ങളിൽ ദോഷത്തെ ആവിഷ്കരിക്കുന്നതാണ് അസൂയ. അസൂയ ഒഴിഞ്ഞെങ്കിൽ മാത്രമേ പരമമായ സത്യത്തെ അറിയാൻ കഴിയൂ.

ആത്മതത്ത്വത്തെ വെളിപ്പെടുത്തുന്ന വിദ്യ രഹസ്യങ്ങളിൽ രഹസ്യവും വിദ്യകളിൽ രാജാവുമാണ്. പരിശുദ്ധവും ഉത്തമവുമായ അത് പ്രത്യക്ഷമായി അറിയാവുന്നതാണ്. ധർമ്മശാസ്ത്രാനുസാരിയായ അത് അനുഷ്ഠിക്കാൻ എളുപ്പമുള്ളതാണ്, നാശമില്ലാത്തതാണ് . വ്യക്തമല്ലാത്ത രൂപത്തോടുകൂടിയ ഭഗവാൻ ഈ പ്രപഞ്ചമാകെ വ്യാപിച്ചിരിക്കുന്നു. എല്ലാം ഭഗവാനിൽ ഇരിക്കുന്നവയാണ്. എന്നാൽ അവയിലൊന്നും ഭഗവാനില്ല. ചേരാതെയുള്ള ചേർച്ചയാണിത്. ഞാൻ പ്രവർത്തിതാവല്ല, അനുഭോക്താവല്ല, പ്രകൃതിയുടെ സാക്ഷിമാത്രം എന്ന് ഭഗവാൻ പറയുന്നു. ഇതേഭാവമാണ് നമുക്കും വേണ്ടത്. വികാരങ്ങൾ നമ്മിലുണ്ടാകാം. നാം അവയിലുണ്ടാകാൻ പാടില്ല.

ഈ ധർമ്മത്തിൻെറ സ്വരൂപത്തിലും ഫലത്തിലും ശ്രദ്ധയില്ലാത്തവർ ജനനമരണങ്ങളുള്ള സംസാരമാർഗ്ഗത്തിൽ തന്നെ വർത്തിക്കുന്നു. അഗ്നി, പകൽ, വെളുത്തപക്ഷം, ദക്ഷിണായനം എന്നിവകളിൽ ദേഹം വിടുന്നവർ ബ്രഹ്മത്തെ പ്രാപിക്കും. പുക, രാത്രി, അമാവാസി, ദക്ഷിണായനം എന്നിവകളിൽ ദേഹം വിടുന്നവർ സംസാരത്തിലേക്ക് തിരിച്ചുവരുന്നു.

പ്രകാശത്തിൻെറ, വെളുപ്പിൻെറ മാർഗം അറിവിൻെറ മാർഗമാണ്. അറിവുമൂലം സത്കർമ്മം ചെയ്യുന്നവർ എപ്പോൾ പോകുന്നോ അതാണ് ഉത്തരായനം. ഞാൻ ശരീരമാണ് എന്ന മിഥ്യാധാരണയുള്ളവരുടെ (അജ്ഞാനികളുടെ) മാർഗമാണ് ദക്ഷിണായനം. അതിനാൽ കാലാതീതനായി വർത്തിക്കുക. വൃക്ഷത്തിൽ നിന്ന് കരിയില ഓടയിൽ വീണാൽ നികൃഷ്ടമായി എന്നു കരുതേണ്ട, ക്ഷേത്രവളപ്പിൽ വീണതുകൊണ്ട് പ്രത്യേകിച്ച് പുണ്യവുമില്ല.

മനസ്സ് ഏതെങ്കിലും ആഗ്രഹത്തിനുപുറകെപോയാൽ ഗതികിട്ടില്ല. അതിനാൽ നിഷ്കാമകർമ്മം ചെയ്ത് എല്ലാറ്റിനേയും അതിവർത്തിക്കണം.

## -61-

## വേണ്ടത് യുക്തിഭദ്രമായ അറിവ്

യുക്തിക്കതീതമാണ് പരമമായ അറിവ്. എന്നാൽ അതിനായുള്ള അന്വേഷണത്തിൽ യുക്തിഭദ്രമായ, ശാസ്ത്രാനുസാരിയായ സമീപനം വേണം. അജ്ഞനാണ് ഈശ്വരനെ രാഷ്ട്രീയക്കാരെപ്പോലെ പുകഴ്ത്തുക. എല്ലാറ്റിന്റേയും അധീശനെന്ന ഉത്കൃഷ്ടഭാവത്തെ അറിയാത്ത മൂഢന്മാർ എന്നെ മനുഷ്യദേഹത്തെ ആശ്രയിച്ചവനായി അവഹേളിക്കുന്നു എന്ന് ഭഗവാൻ പറയുന്നു. സൃഷ്ടിയിലൂടെ വേണം സ്രഷ്ടാവിനെ അന്വേഷിക്കാൻ. വൃക്ഷം, ജലം, ജീവികൾ, ഭൂമി തുടങ്ങിയവയൊന്നുമല്ലാത്ത ഒരു ഈശ്വരനില്ല.

എല്ലായിടത്തും സഞ്ചരിക്കുന്ന മഹത്തായ വായു ഏതു പ്രകാരമാണോ ആകാശത്തിൽ (ഇടം) സ്ഥിതിചെയ്യുന്നത് അതുപോലെ എല്ലാം ഭഗവാനിൽ നിലകൊള്ളുന്നു. നമ്മുടെയും നിലനില്പ് ഇത്തരത്തിലാകണം. ഒന്നും ചെയ്യാൻ ശ്രമിക്കാതെ എല്ലാം ചെയ്യുക, ഒന്നും നേടാൻ ശ്രമിക്കാതെ എല്ലാം നേടുക. എല്ലാം ഭഗവാനിൽ ലയിക്കുന്നതാണ് പ്രളയം. ഭഗവാനിൽ നിന്നു തന്നെ എല്ലാ ചരാചരങ്ങളും പുറത്തുവരുന്നു. സ്വന്തം സ്വഭാവം കാരണം പ്രകൃതിക്ക് വശമായതുകൊണ്ട് അസ്വതന്ത്രമായിട്ടുള്ള എല്ലാംതന്നെ വീണ്ടും വീണ്ടും സൃഷ്ടിക്കപ്പെടും.

എന്നാൽ ആ കർമ്മങ്ങളിൽ ആസക്തിയില്ലാതെ ഉദാസീനനെപ്പോലെ (പ്രത്യേക താല്പര്യമില്ലാതെ) ഇരിക്കുന്ന ഭഗവാനെ ആ കർമ്മങ്ങളൊന്നും ബന്ധിക്കുന്നില്ല.

പാഴ്മോഹങ്ങളുള്ള, ഫലശൂന്യമായ കർമ്മങ്ങൾ ചെയ്യുന്ന, പ്രയോജനരഹിതമായ അറിവോടുകൂടിയ വിപരീത ബുദ്ധികൾ മോഹകരവും ഹിംസാത്മകവും കാമാദിപൂർണ്ണമായതുമായ (ആസുരികമായ) പ്രകൃതിയെ ആശ്രയിച്ചവരാണ്. മഹാത്മാക്കളാകട്ടെ എല്ലാറ്റിനും കാരണമായ നശിക്കാത്ത ഭഗവാനെ അറിഞ്ഞിട്ട് ഏകാഗ്രചിത്തയോടെ ഭജിക്കുന്നു. (സേവനമാണ് ഭജനം). എപ്പോഴും ഭഗവാനെ കീർത്തിച്ച് (ജാഗ്രതയോടെയുള്ള ഏത് സംസാരവും കീർത്തനമാണ്) ദൃഢപ്രയത്നം ചെയ്ത് വിനയഭാവത്തിൽ ശ്രദ്ധയോടെ ഉപാസിക്കണം. ഈ നമസ്കാര (വിനയ) ഭാവമാണ് ഗീതയിലെ വില്ലുകുലക്കൽ. മുകളിലെ അറ്റം താഴേക്കും അടിഭാഗം മുകളിലേക്കുമുയരും വില്ലുകുലയ്ക്കുമ്പോൾ. അഹങ്കാരത്തിന്റെ നാശവും അഹംബോധത്തിന്റെ ഉയർച്ചയും ഇത് സൂചിപ്പിക്കുന്നു. അങ്ങനെ സാമ്യാവസ്ഥയെ പ്രാപിക്കലാണ് നമസ്കാരം.

## -62-

## പകരംവീട്ടുന്ന രീതി സനാതനധർമത്തിന്റേതല്ല

ഭഗവാനെ ഒരാളായോ ഒരു ദേശമായോ കാലമായോ പരിമിതിപ്പെടുത്താൻ പറ്റില്ല. ഇപ്പോൾ മാർഗത്തെ ലക്ഷ്യമായി തെറ്റിദ്ധരിച്ചിരിക്കുകയാണ്. വിശുദ്ധമെന്നു പറയുന്ന സ്ഥലങ്ങളൊക്കെ ഇപ്പോൾ വിവാദങ്ങളിലാണ്, കലാപങ്ങളിലാണ്. ജറുസലേം, ഹസറത്ത്ബാൽ, അയോധ്യ ഒക്കെ. അയോധ്യ ഭൂപ്രദേശമല്ല, ആയോധനം നിലച്ച ഭൂമിയാണ്, മനസ്സാണ് എന്ന് മനസ്സിലാക്കുന്നില്ല.

ഈശ്വരൻ കാരുണ്യവാനാണ്, സമാധാനമാണ് എന്നു പറയുക. എന്നിട്ട് ഈശ്വരനെ എന്തെങ്കിലും പറഞ്ഞാൽ ശരിയാക്കിക്കളയും എന്നും പറയുക. ഇതു രണ്ടും ചേരില്ല. ഈശ്വരന്റെ പേരിൽ ആരെങ്കിലും എന്തെങ്കിലും കാർട്ടൂൺ വരയ്ക്കുകയോ, പറയുകയോ ചെയ്താൽ ഒരു പ്രകാരത്തിലും വിഷമിക്കേണ്ട. സാമൂഹ്യദ്രോഹികൾക്ക് കയ്യേറ്റം ചെയ്യാൻ പറ്റുന്നവനല്ല ഭഗവാൻ. ഭഗവാൻ മുറിപ്പെടാതിരിക്കുമ്പോൾ നാമും മുറിപ്പെടരുത്.

ചിലർ അറിവ് പകർന്നു കൊടുക്കുന്ന യജ്ഞത്തിലൂടെ പ്രപഞ്ചത്തിന്റെ പൂർണതയെ കാണുന്നു. ചിലർ ഒന്നായും ചിലർ പലതായും ഉപാസിക്കുന്നു. വൈദികമായ യാഗം, സ്മൃതിപ്രോക്തമായ കർമം, ഋഷിയജ്ഞം, പിതൃക്കൾക്കുള്ള അന്നം, ഔഷധം, മന്ത്രം, അർപ്പിക്കുന്ന നെയ്യ്, അഗ്നി, ഹോമം ചെയ്യുന്നത് എല്ലാം ഭഗവനാണ്. എല്ലാം ഭഗവാനെന്ന രീതിയിൽ പൂർണമനസ്സോടെ സ്വീകരിക്കുക.

എല്ലാ വൈരുധ്യങ്ങളും ഭഗവാൻ തന്നെ. എല്ലാറ്റിനും ഉപരിയായും ഭഗവാൻ നിലകൊള്ളുന്നു. ഭഗവാനാണ് പ്രപഞ്ചത്തിന്റെ മാതാവും പിതാവും പിതാമഹനും. അറിയേണ്ടത് ഭഗവാനെയാണ്. പ്രപഞ്ചത്തെ ധരിച്ചവനും ഓംകാരവും വേദങ്ങളും അതുതന്നെ. ലക്ഷ്യസ്ഥാനവും ഭരിക്കുന്നവനും എല്ലാം നടത്തുന്നവും (പ്രഭു) അറിയുന്നവനും (സാക്ഷി) എല്ലാറ്റിന്റേയും ഇരിപ്പിടവും ആശ്രയസ്ഥാനവും സുഹൃത്തും സൃഷ്ടിയും സ്ഥിതിയും സംഹാരവും നിധാനവും നാശമില്ലാത്ത ബീജവും ഭഗവാനാണ്. ഭഗവാൻ ചൂട് പിടിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നു. മരണമില്ലായ്മയും മരണവും ഉണ്മയും ഇല്ലായ്മയും എല്ലാം ഭഗവാൻ തന്നെ. വൈദികകർമങ്ങൾ ചെയ്യുന്നവർ സ്വർഗലോകത്തെ പ്രാപിച്ച് പുണ്യം ക്ഷയിക്കുമ്പോൾ മർത്ത്യലോകത്തേക്കു തിരിച്ചുവരുന്നു. വേദധർമത്തെ ശരണംപ്രാപിച്ച വിഷയേച്ഛുക്കൾക്ക് ഇങ്ങനെ വരവും പോക്കുമായി കഴിയേണ്ടിവരും.

## -63-

## ആന്തരിക സാധ്യതയെ ആവിഷ്കരിക്കുക

നമ്മിലെ അപാരമായ ആന്തരിക സാധ്യതയെ നാം ആവിഷ്കരിക്കണം. ഭഗവാനാകാനുള്ള അവസരം നാം പാഴാക്കരുത്. ജലം, ഇല, പൂവ്, ഫലം എന്നിവ ഭക്തിപൂർവം (ശ്രദ്ധയോടെ) സമർപ്പിക്കുന്നത് ഞാൻ സ്വീകരിക്കുന്നു എന്ന് ഭഗവാൻ പറയുന്നു. കായും പൂവുമെല്ലാം പറിച്ച് അമ്പലത്തിലേല്പിക്കണം എന്നല്ല ഇവിടെ സാരം. വ്യഷ്ടിയുടേയും സമഷ്ടിയുടേയും പാരസ്പര്യമാണിത്. രഹസ്യങ്ങളുടെ രഹസ്യമായ ജീവിതചക്രത്തിന്റെ വിശദീകരണം.

എല്ലാ ജീവന്റേയും ഉത്ഭവം ജലമാണ്. ജലത്തിൽ നിന്നാവിർഭവിച്ച ഇലയാണ് നമുക്കു വേണ്ട അന്നം തരുന്നത്. തന്നെപ്പോലെ വേറൊരു സൃഷ്ടി നടത്താൻ യോഗ്യരാകുന്ന സമയമാണ് പുഷ്പിക്കൽ. പൂവിന്റെ പൂർത്തീകരണമാണ് ഫലം. അടുത്തതിന്റെ വിത്ത്. ജലത്തിൽ ജീവശക്തിയായി ആരംഭിച്ച് നാമായിത്തീർന്ന പ്രയാണം തിരിച്ചറിയുന്ന വേളയിൽ നമ്മുടെ ഭാവം സമർപ്പിതമായിത്തീരും, വിനയാന്വിതമായിത്തീരും. ഈ സമർപ്പണമാണ് ഭഗവാൻ സ്വീകരിക്കുന്നത്. ഈ രഹസ്യം ഒരിക്കലറിഞ്ഞാൽ ഭഗവാനായിത്തീരും. പിന്നെ ഭേദമില്ല.

എന്തു ചെയ്യുന്നുവോ അതെല്ലാം - ഭക്ഷിക്കുന്നത്, അനുഭവിക്കുന്നത്, ഹോമിക്കുന്നത്, ദാനം ചെയ്യുന്നത്, തപശ്ചര്യകളിൽ ഏർപ്പെടുന്നത് - ഒക്കെ ഭഗവാനിലർപ്പിച്ച് ചെയ്യണം.

അർപ്പിക്കുമ്പോൾ പിന്നെ നാമില്ല. അപ്പോൾ 'ഞാൻ ചെയ്തു', 'ഞാൻ കാരണം', 'ഞാൻ', 'ഞാൻ' എന്നു പറയാൻ പറ്റില്ല. ചെയ്യുന്നതൊക്കെ ഭഗവാൻ. അതാണ് ശരിയായ ആരാധന. അപ്പോൾ പല്ലുതേയ്ക്കുന്നത് ബ്രഹ്മപൂജയാകും, കുളിക്കുന്നത് ഈശ്വരനെ കുളിപ്പിക്കുന്നതാകും, ലൈംഗികബന്ധം ഹോമത്തിനു തുല്യമാകും.അന്യദേവതകളെ ഉപാസിക്കാതെ എന്നെ ഉപാസിക്കുന്നവരുടെ യോഗക്ഷേമം ഞാൻ വഹിക്കുന്നു എന്ന് ഭഗവാൻ പറയുന്നു. കൃഷ്ണൻ മാത്രം ദൈവം എന്നല്ല ഇവിടെ വിവക്ഷ. അന്യദേവതകൾ വിവിധ ചിന്തകളാണ്, ഇന്ദ്രിയവിഷയങ്ങളാണ്. അവ വിട്ട് പരമാത്മ ചൈതന്യത്തിലായിരിക്കണം ശ്രദ്ധ എന്നാണ് അർത്ഥം.

## -64-

## എല്ലാ വിവേചനങ്ങളെയും ഗീത നിഷേധിക്കുന്നു

ഗീത എല്ലാ വിവേചനങ്ങളേയും നിഷേധിക്കുന്നുവെന്നും എല്ലാവരും ശാസ്ത്രത്തിനധികാരികളാണെന്ന് സമർഥിക്കുന്നു. വിവേചനം കല്പിച്ചുപോന്ന സ്ത്രീകൾ, കച്ചവടക്കാർ, ശൂദ്രർ, തെറ്റുകളിൽനിന്ന് ജനിച്ചവർ തുടങ്ങിയവരെല്ലാവരും എന്നെ ആശ്രയിച്ചാൽ പരമമായ ഗതിയെ പ്രാപിക്കുമെന്നും ഭഗവാൻ പറയുന്നു. ഭഗവാനെ അറിയുന്നതുവരെ മാത്രമാണ് എല്ലാ വ്യത്യാസങ്ങളും.

ദുർനടപ്പിന്റെ മൂർത്തിപോലും ഒരിക്കൽ ശ്രദ്ധവെച്ചാൽ ശ്രേഷ്ഠനായിത്തീരും. ഒരാളെയും മാറ്റിനിർത്തുന്നതല്ല ഭാരതസംസ്കാരം. ഭഗവാനെ ഒരിക്കലെങ്കിലും അറിഞ്ഞവർ നാശമില്ലാത്തവരാകുന്നു. പൂർണമായി മനസ്സിനെ ഭഗവാനിൽത്തന്നെ ഉറപ്പിച്ചുള്ള ധ്യാനം, ജ്ഞാനം, ഭക്തി ഇതൊക്കെ പരമാത്മാവിലേക്കുള്ള വഴികളാണ്. വിഷയാനുഭവങ്ങളെ ദേവതകളാക്കി അവയെ ഭജിക്കുന്നവരും ആത്യന്തികമായി ഭഗവാനെയാണ് ഭജിക്കുന്നത്. അവയെയും സൃഷ്ടിച്ചത് ഭഗവാനാണല്ലോ. എന്നാൽ ആ ഭജനം വിധിയാംവണ്ണമല്ലാത്തതിനാൽ അവർക്ക് വീഴ്ചയുണ്ടാകുന്നു. അതിനാൽ നമ്മുടെ നമസ്കാരം രൂപത്തിനല്ല, അതിനുള്ളിലെ പരമാത്മ ചൈതന്യത്തിനാകണം. അനിത്യവും അസുഖവുമായ ലോകത്തിൽ നിത്യത്വും സുഖത്തിനുമായി ഭഗവാനെ എപ്പോഴും ഭജിക്കണം. സദാനാമജപം എന്നല്ല അർഥം. ദൈനംദിന വൃത്തികളെല്ലാം, കർമ്മങ്ങളെല്ലാം ഭഗവത്സ്മരണയിൽ ഫലകാംക്ഷയില്ലാതെ ചെയ്യണം. അതാണ് ഭജനം.

ഭഗവാന് എല്ലാറ്റിലും ഒരുപോലെയാണ്. എനിക്ക് ആരോടും ദ്വേഷ്യമോ പ്രിയമോ ഇല്ല. (കീർത്തിക്കുന്നവരോട് ഇഷ്ടമോ ദ്വേഷിക്കുന്നവരോട് ദ്വേഷ്യമോ ഇല്ല, ആർക്കും ഒന്നും കൊടുക്കുന്നില്ല) ആരാണോ ശ്രദ്ധയോടുകൂടി ചൈതന്യസ്വരൂപത്തെ അറിയുന്നത്, അവർ ഭഗവാനിലും ഭഗവാൻ അവരിലും ഇരിക്കുന്നു. ഭഗവാനായിത്തീരാനുള്ള വിദ്യയാണ് ഗീത ഉപദേശിക്കുന്നത്. ഭഗവാനിൽ നിന്നെന്തെങ്കിലും നേടാനുള്ള വിദ്യയല്ല.

-65-

## സ്വീകരിച്ചുകൊണ്ട് സ്വാംശീകരിക്കുക

ഒന്നിനേയും മാറ്റിവയ്ക്കലല്ല, തടഞ്ഞുനിർത്തലല്ല സ്വാംശീകരിച്ചുകൊണ്ട് ഉദാത്തീകരിക്കണം. അഹിംസ, ഇന്ദ്രിയ നിഗ്രഹം, സർവഭൂതദയ, ക്ഷമ, ശാന്തി, തപസ്സ്, ധ്യാനം, സത്യം എന്നിവയാണ് ഭഗവാനു പ്രിയപ്പെട്ട പൂക്കൾ. എൻേറത്, അവൻേറത് എന്നെണ്ണുന്നവൻ ഹിംസാലുവാണ്. ഞാൻ ഒന്നിനേയും ഹിംസിക്കില്ല എന്ന ചിന്തതന്നെ ഹിംസയാണ്. ഞാൻ എന്നും എൻേറത് എന്നും ചിന്തിച്ചു കഴിഞ്ഞാൽ നമുക്ക് കൊല്ലേണ്ടിവരും.

ബുദ്ധി, ജ്ഞാനം, വിവേകം, ക്ഷമ, സത്യം, ദമം, ശമം, സുഖം, ദുഃഖം, അഭാവം, ഭയം, അഭയം, അഹിംസ, സമത്വം, തുഷ്ടി, തപസ്സ്, ദാനം, യശസ്സ്, ദുഷ്കീർത്തി തുടങ്ങി എല്ലാ ചിത്തവൃത്തികളും ഭഗവാനിൽ നിന്നുണ്ടായതാണ്. സപ്തർഷികളും നാല് മനുക്കളും മനഃസംബന്ധിയായ ഭഗവാൻെറ ഭാവങ്ങളാണ്. മനുക്കൾ മനസ്സിൻെറ നാല് അവസ്ഥകളാണ് – ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നിവ. സപ്തർഷികൾ മനസ്സിൻെറ 7 ഗുണങ്ങളാണ് – ഉപായചിന്ത, ധനലാഭചിന്ത, അപ്രായോഗികജ്ഞാനം, പ്രായോഗികജ്ഞാനം, മനോരാജ്യം, ബോധമാത്രത്വം, ചിന്താരാഹിത്യം എന്നിവ. വൈദ്യുതി വിവിധ ഉപകരണങ്ങളിലൂടെ വിവിധ ഭാവങ്ങൾ പ്രകടിപ്പിക്കുന്നതു പോലെയാണിവ. കാറ്റ്, ചൂട്, തണുപ്പ് ഇതൊക്കെ വൈദ്യുതി ഉണ്ടാക്കിയതാണ്, എന്നാൽ ഇതൊന്നും വൈദ്യുതിയല്ല. ഭഗവാൻെറ ഈ വിഭൂതിയേയും (വിസ്താരം) യോഗത്തേയും (ചേർച്ച) അറിയണം. മായകൊണ്ട് പലതായി തോന്നുന്നത്, പ്രപഞ്ചമായി സത്യത്തെ പെരുപ്പിക്കുന്നത് ആണ് വിസ്താരം. ഇതിൽ ചേരാതെ ചേരുന്നതാണ് യോഗം.

ഭഗവാൻ എല്ലാറ്റിൻേറയും ഉത്പത്തിസ്ഥാനമാണ്, ഭഗവാനിലാണ് എല്ലാം പ്രവർത്തിക്കുന്നത്. ഇതിൽ മനസ്സുവച്ച് പ്രാണനൊപ്പം പ്രണവത്തെ ചേർത്ത് പാരസ്പര്യത്തെ അറിയണം. എൻെറ ഉത്പത്തി ദേവകളും മഹർഷികളും പോലും അറിയുന്നില്ല. എന്തുകൊണ്ടെന്നാൽ ഞാൻ അവർക്കും ആദിയാകുന്നു എന്ന് ഭഗവാൻ പറയുന്നു. ദേവകൾ എന്നാൽ ഇന്ദ്രിയങ്ങളെന്നും മഹർഷികൾ എന്നാൽ മനോബുദ്ധികൾ എന്നുമാണ് അർത്ഥം. അവയ്ക്കെല്ലാമപ്പുറത്താണ് ഭഗവാൻ.

66

## ഗുരു പ്രകൃതിയാകട്ടെ

പ്രകൃതി മുഴുവൻ ഇത് അറിഞ്ഞവയാണ്. അവ നമുക്ക് അറിവുതരാൻ കാത്തിരിക്കുകയുമാണ്. ആത്മാർത്ഥമായ ചോദ്യമുണ്ടെങ്കിൽ ഏതെങ്കിലും മൂലയിൽ പോയിരുന്നാൽ കടിക്കാൻ വരുന്ന കൊതുകു പറഞ്ഞുതരും ബ്രഹ്മസത്യം. ആ മൂളലിൽ നിന്ന് എല്ലാം നമുക്കറിയാൻ കഴിയും. പൂന്തോട്ടത്തിൽ പോയാൽ പൂവ് ഇത് പറഞ്ഞുതരും. കാഷായവസ്ത്രധാരികൾ മാത്രമല്ല പറഞ്ഞുതരാൻ യോഗ്യർ. നാം അങ്ങനെ കരുതിയതുകൊണ്ടാണ് പ്രകൃതി അനുഗ്രഹിക്കാത്തത്. എന്താണ് ഈശ്വരൻ, എങ്ങനെയാണ് അറിയേണ്ടത്. ഇന്ന് വിഭൂതിയോഗത്തിൽ ഭഗവാൻ വിശദീകരിക്കുന്നു. ഭഗവാൻെറ വിസ്താരത്തിന് അവസാനമില്ല. അതിനാൽ പ്രാധാന്യമുള്ളത്, ആവശ്യമുള്ളത് മാത്രമാണ് പറയുന്നത്. എല്ലാറ്റിൻേറയും ഉള്ളിലെ ആത്മാവ് ഭഗവാനാണ്. ആദിയും മധ്യവും അന്തവും അതുതന്നെ.

ഒരുവന് ഈശ്വരനെ ഉപാസിക്കാൻ എന്തെങ്കിലും ബിംബം വേണമെങ്കിൽ ഏറ്റവും ഉത്തമം സൂര്യനാണ്. പ്രാണനും പോഷകവും ഒക്കെ നൽകി സൂര്യൻ വിശ്വത്തെ മുഴുവൻ അനുഗ്രഹിക്കുന്നു. എല്ലാ അജ്ഞാനത്തേയും ദൂരീകരിക്കാൻ പോന്ന പ്രകാശം പരത്തുന്നു. നാമും സൂര്യനെപ്പോലെയാകണം. സാന്നിദ്ധ്യത്താൽ ചുറ്റുപാടും പ്രകാശം പരത്തണം. സമഷ്ടിയിലെ സൂര്യനാണ് വ്യഷ്ടിയിലെ ബുദ്ധി. ബുദ്ധിചൂടുപിടിക്കുമ്പോൾ മനസ്സ് തണുപ്പിക്കണം. ചന്ദ്രനാണ് മനസ്സ്. ആ മനസ്സ് സംഘർഷങ്ങളുണ്ടാക്കരുത്. നമ്മെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന സൂര്യചന്ദ്രന്മാർ എപ്പോഴും ഉള്ളിലുണ്ടാകണം. ഭഗവാൻ നശിപ്പിക്കുന്നത് അജ്ഞാനത്തെ മാത്രമാണ്. അറിവാകുന്ന ദീപം കൊണ്ട് അജ്ഞാനജന്യമായ ഇരുട്ടിനെ നീക്കുന്നു. ആനന്ദമാണ് ഭഗവാൻ. ആനന്ദം എങ്ങിനെ നേടണമെന്നറിയാതെ പലരും തെറ്റിദ്ധാരണകളിൽ പെട്ടുഴലുന്നു. സദ്ഭാവങ്ങളും അസദ്ഭാവങ്ങളും എല്ലാം ഭഗവാനിൽ നിന്നുണ്ടായതാണ്. നല്ലത് ഈശ്വരനെന്നും അല്ലാത്തതൊക്കെ ചെകുത്താനെന്നും ഗീതക്ക് ഭേദമില്ല.

## -67-

## ചില്ലുകൊട്ടാരത്തിലെ കാഴ്ച

ചില്ലുകൊട്ടാരത്തിൽ കയറിയ നമ്മളെ നാം കാണുന്നപോലെ ഭഗവാൻെറ വിഭൂതിയെ അറിയണം. ചുറ്റും എല്ലാം നാമാണ്, ഭഗവാനാണ്. തൻെറ തന്നെ നേർക്കാണ് ഓരോരുത്തരും നിഷ്ഫലമായി കുരച്ചുചാടി തളർന്നുവീഴുന്നത്. അത് താനാണെന്നറിയാതെയാണിത്. അറിഞ്ഞാൽ സർവവും ഞാനെന്ന ആനന്ദമാണ്.

തൻെറ വിസ്താരങ്ങളിൽ പ്രധാനപ്പെട്ടവയെ ഭഗവാൻ വിവരിക്കുന്നു. ഓരോ ഗണത്തിലും വിശേഷപ്പെട്ടവ, ആ ഗണത്തിൻെറ ഉന്നതമായ സർവഭാവങ്ങളും ഉൾക്കൊള്ളുന്നവ ഭഗവാൻ എടുത്തുകാട്ടുന്നു. അവ ഭഗവാനെന്നറിഞ്ഞാൽ മറ്റുള്ളവ പറയേണ്ടതില്ലല്ലോ. ഓരോ ഗണത്തിനും ഭഗവാൻ ഓരോ ലക്ഷ്യത്തെ കൊടുക്കുകയാണ് ഇതിലൂടെ. ആരായിത്തീരണം എന്ന സാധ്യതയെ. എല്ലാ സാധ്യതകളേയും പുറത്തെടുത്ത് പൂർണമായി മഹത്തരമായി വിരാജിക്കണം. അങ്ങനെയുള്ളവയെല്ലാം പ്രചോദിപ്പിക്കുന്നവയാണ്.

ആദിത്യന്മാരിൽ വിഷ്ണു, ജ്യോതിർഗോളങ്ങളിൽ സൂര്യൻ, മരുത്തുക്കളിൽ മരീചി, നക്ഷത്രങ്ങളിൽ ചന്ദ്രൻ, വേദങ്ങളിൽ സാമം, ദേവന്മാരിൽ ഇന്ദ്രൻ, ഇന്ദ്രിയങ്ങളിൽ മനസ്സ്, ജീവികളിൽ ചേതന, രുദ്രന്മാരിൽ ശങ്കരൻ, യക്ഷരക്ഷസ്സുകളിൽ കുബേരൻ, വസുക്കളിൽ അഗ്നി, പർവതങ്ങളിൽ മേരു, പുരോഹിതന്മാരിൽ ബൃഹസ്പതി, സേനാനികളിൽ സുബ്രഹ്മണ്യൻ, ജലാശയങ്ങളിൽ സമുദ്രം, മഹർഷിമാരിൽ ഭൃഗു, വാക്കുകളിൽ പ്രണവം, യജ്ഞങ്ങളിൽ ജപം, സ്ഥാവരങ്ങളിൽ ഹിമാലയം, വൃക്ഷങ്ങളിൽ അരയാൽ, ദേവർഷികളിൽ നാരദൻ, ഗന്ധർവന്മാരിൽ ചിത്രരഥൻ, സിദ്ധരിൽ കപിലമുനി, കുതിരകളിൽ ഉച്ചൈഃശ്രവസ്സ്, ആനകളിൽ ഐരാവതം, മനുഷ്യരിൽ രാജാവ്, ആയുധങ്ങളിൽ വം, പശുക്കളിൽ കാമധേനു, ഉല്പത്തിക്ക് കാരണമായത് കാമദേവൻ, സർപ്പങ്ങളിൽ വാസുകി, നാഗങ്ങളിൽ അനന്തൻ, ജലജീവികളിൽ വരുണൻ, പിതൃക്കളിൽ ആര്യമാവ്, ദണ്ഡനീതി നടത്തുന്നവരിൽ യമൻ, അസുരരിൽ പ്രഹ്ലാദൻ, ഗണിക്കാവുന്നവയിൽ കാലം, മൃഗങ്ങളിൽ സിംഹം, പക്ഷികളിൽ ഗരുഡൻ, ശുദ്ധീകരിക്കുന്നവയിൽ കാറ്റ്, ആയുധധാരികളിൽ ശ്രീരാമൻ, മത്സ്യങ്ങളിൽ മകരം, നദികളിൽ ഗംഗ, വിദ്യകളിൽ അധ്യാത്മവിദ്യ, വാദിക്കുന്നവരുടെ വാദം, അക്ഷരങ്ങളിൽ അകാരം, സമാസങ്ങളിൽ ദ്വന്ദം, അക്ഷയമായത് കാലം, സർവതോമുഖനായ വിധാതാവ് തുടങ്ങിയവയെല്ലാം ഇത്തരത്തിൽ പ്രചോദനാത്മകമായ ഭഗവദ് സ്വരൂപ മാണ്.

## -68-

## ആസ്തികനും നാസ്തികനും ഒരു പോലെ തന്നെ

**ആ**സ്തികനും നാസ്തികനും നിൽക്കുന്നത് ഒരേ സ്ഥലത്തുതന്നെയാണ്. നാസ്തികൻ ലോകത്തെ സ്വീകരിക്കുന്നു. പുറകിലൊരു ചൈതന്യമുണ്ടെന്നത് നിഷേധിക്കുന്നു. ആസ്തികൻ ഭഗവാനെ സ്വീകരിക്കുന്നു. ലോകത്തെ നിഷേധിക്കുന്നു. രണ്ടും വിഭജനമാണ്. ലോകത്തിനെതിരായി ചിന്തിക്കുന്നത് ഗീതക്കനുസൃതമല്ല. ലോകത്തേയും ഭഗവാനേയും വിഭജിക്കാതെ ഒന്നിച്ച് അറിയലാണ് ഗീത. നാം ഇതുവരെ പ്രപഞ്ചത്തെ പഠിച്ചത് പല അളവുകോലുകൾ വച്ചാണ്. ഈ അളവുകൾക്കൊന്നും വഴങ്ങാത്തതാണ് പ്രപഞ്ചസത്യം.

സ്ത്രീകളുടെ കീർത്തി, ശ്രീ, വാക്ക്, ഓർമ, ധൈര്യം, ക്ഷമ എന്നിവ ഭഗവാനാണ്. ഭഗവാനെന്നവില സ്ത്രീകളുടെ വാക്കിന് നൽകണം. പുരുഷന്മാരേക്കാൾ ധൈര്യവും ക്ഷമയും സ്ത്രീകൾക്കാണ്. ഛന്ദസ്സുകളിൽ ഗായത്രിയാണ് ഭഗവാൻ. ഒരു മതത്തിൻേറതുമല്ലാത്ത മന്ത്രമാണ് ഗായത്രി. സർവ്വതിനും ആധാരമായ പരമസത്യത്തെ ഞങ്ങൾ ധ്യാനിക്കുന്നു. ആ ദേവൻ ധർമബോധം വന്ന ഞങ്ങളുടെ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ എന്നാണു പ്രാർത്ഥന. ഗർഭാവസ്ഥയിൽ സ്ത്രീകൾ ഗായത്രി ഉപാസന നടത്തിയാൽ മക്കൾ തേജസ്വികളാകുമെന്ന് ആചാര്യർ പറയുന്നു.

അറിവിനെ പക്വതയില്ലാതെ സ്വീകരിക്കരുത്. അതാണ് പലതെറ്റിദ്ധാരണകൾക്കും കാരണം. ആണവറിയാക്കറിൽ മുൻകരുതലില്ലാതെ കയററുതെന്നതു പോലെയാണ് അത്. അതുകൊണ്ടാണ് ക്ഷേത്രങ്ങളിൽ അറിവുള്ളവരേ പ്രവേശിക്കാവൂ എന്ന് പുരാതന കാലത്ത് പറഞ്ഞ്. എന്നാൽ ഇന്ന് പൂജകർക്കുപോലും ആ യോഗ്യതയുണ്ടോ എന്ന് ചിന്തിക്കണം. പൂജയെക്കാളുപരി ശാസ്ത്രമാണ് അവർക്കറിയേണ്ടത്. ബ്രഹ്മചൈതന്യത്തെ സാക്ഷാത്കരിച്ച ആർക്കും പൂജാരിയാകാം, അവർ മാത്രമേ ആകാവൂ. എന്നാലേ ക്ഷേത്രം ഈശ്വരനിലേക്കുള്ള മാർഗ്ഗമാകൂ. അല്ലെങ്കിൽ മറ്റുപലതുമായി അധഃപതിക്കും.

സാമഗാനങ്ങളിൽ ബൃഹത്സാമവും മാസങ്ങളിൽ ധനുവും ഋതുക്കളിൽ വസന്തവും തേജസ്വികളുടെ തേജസ്സും ജയവും പരിശ്രമവും സജ്ജനങ്ങളുടെ സത്വഗുണവും വൃഷ്ണികളിൽ വാസുദേവനും പാണ്ഡവരിൽ അർജുനനും മുനികളിൽ വ്യാസനും കവികളിൽ ശുക്രനും ജയേച്ഛുക്കളുടെ നീതിയും രഹസ്യങ്ങളിലെ മൗനവും ജ്ഞാനികളുടെ ജ്ഞാനവും ഭഗവനാണ്.

## 69

## വിശ്വരൂപം പുരോഹിതർ തടയുന്നു

ഉദാത്തമായവ മാത്രമല്ല സർവവും ഞാനെന്നു വിശദീകരിക്കാൻ ചൂതാട്ടക്കാരുടെ ചൂതും ശിക്ഷകളിൽ ദണ്ഡനവും താൻ തന്നെയാണെന്ന് ഭഗവാൻ പറയുന്നു. ആ വിസ്താരത്തിന് അവസാനമില്ല. തൻെറ ഒരംശം മാത്രമാണ് ഈ ജഗത്തു മുഴുവൻ. ഭഗവാൻ തൻെറ വിശ്വരൂപത്തെ അർജുനനു കാട്ടിക്കൊടുക്കുന്നു. ആകാശത്തിൽ ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചതിനു സദൃശമാണ് ആ പ്രകാശം. ഇതുവരെ കണ്ടതും കാണാത്തതുമായ എല്ലാം അർജുനൻ കാണുന്നു. സാധാരണ മാംസചക്ഷുസുകൊണ്ട് വിശ്വരൂപം ദർശിക്കാനാവാത്തതിനാൽ ഭഗവാൻ നൽകിയ ദിവ്യനേത്രങ്ങളാലാണ് അർജുനൻെറ കാഴ്ച.

എണ്ണമറ്റ മുഖങ്ങൾ, കണ്ണുകൾ, കണക്കില്ലാത്ത അത്ഭുതക്കാഴ്ചകൾ, അനേകം ദിവ്യാഭരണങ്ങൾ, ആയുധങ്ങൾ തുടങ്ങിയവയെല്ലാം ആ ശരീരത്തിലുണ്ട്. നാനാവിധത്തിലും വർണത്തിലും ആകൃതിയിലും വിഭജിക്കപ്പെട്ട ജഗത്തു മുഴുവൻ അതിലുണ്ട്. പ്രപഞ്ചത്തിൻെറ ആദികാരണം മുതൽ എല്ലാ ദേവന്മാരേയും ചരാചരങ്ങളേയും പ്രകൃതിയേയും ഉൾക്കൊള്ളുന്നു. ഒരാളെ നോക്കുമ്പോൾ വിശ്വം മുഴുവൻ കാണണമെന്നതാണ് ഇവിടെ വിവക്ഷ.

ഏതോ കാലത്ത് ഏതോ ഒരാൾ ആകാശത്ത് വലിയൊരു രൂപം കണ്ടു എന്നു മനസ്സിലാക്കാതെ മറ്റുള്ളവരിൽ വിശ്വരൂപം കാണാനുള്ള സംസ്കാരം സൃഷ്ടിക്കുന്നതിനുള്ള സൂചനയാണിതെന്ന് അറിയണം. അപ്പോൾ ശിവകാശി കലണ്ടർ ഓർക്കരുത്. ഒരു വാക്കിനും വരയ്ക്കും ആവിഷ്ടരിക്കാനാവാത്തതാണത്. ഓരോരുത്തർക്കും ഓരോ തരത്തിലാണ് വിശ്വരൂപ ദർശനം. എല്ലാറ്റിൻേറയും എല്ലാ വൈവിധ്യങ്ങളുടേയും സമ്മേളനം ഒന്നിൽ കാണുന്നുവെങ്കിൽ അത് വിശ്വരൂപ ദർശനമാണ്. ഇത് സാധാരണ നേത്രങ്ങൾ കൊണ്ട് കാണാൻ പറ്റില്ല. അറിവാകുന്ന ചക്ഷുസു കൊണ്ടേ പറ്റൂ.

വിശ്വരൂപം ദർശിച്ചാൽ പിന്നെ ഒരു മതവുമില്ല. എല്ലാ പുരോഹിതന്മാരും കുപ്പായങ്ങൾ അഴിച്ചുവെക്കേണ്ടി വരും. അതിനാൽ അവർ പണ്ടുണ്ടായതാണ്, ഇപ്പോൾ കാണാൻ പറ്റില്ല എന്നെല്ലാം തെറ്റിദ്ധരിപ്പിച്ച് അന്വേഷകരെ നിരുത്സാഹപ്പെടുത്തുന്നു. ഇപ്പോൾ നമ്മുടെ കാഴ്ച വലിയൊരു കൊട്ടാരം താക്കോൽപഴുതിലൂടെ കാണുന്നതു പോലെയാണ്. എന്തൊക്കെയോ ചിലത് കാണാം. പക്ഷേ, അത് വളരെ ചെറിയൊരംശം മാത്രമാണ്. വാതിൽ തുറന്ന് നാം കാഴ്ച പൂർണമാക്കണം.

## -70-

## എല്ലാ കാഴ്ചയും വിശ്വരൂപമാണ്

വിശ്വരൂപം ആനന്ദകരമായ കാഴ്ച മാത്രമാണെന്നുകരുതരുത്. ഒന്നൊഴിയാതെ എല്ലാം വിശ്വരൂപമാണ്. പൂവിരിയുന്നതും ഏറ്റവും ദാരുണമായ സംഭവവും അതിലുണ്ട്. ഒരേ പോലെ ഇവ കാണാൻകഴിയണം. പലദാരുണസംഭവങ്ങളും ജീവിതത്തിലുണ്ടാകാം. പലതും കാണേണ്ടിവരും. അതിനുള്ള കരുത്തുനൽകുകയാണ് ഗീത. ഭയപ്പെടുത്തുവാൻ പോന്ന കാഴ്ചകളൊക്കെ വിശ്വരൂപമായി കാണണം.

ആകാശത്തിൻേറയും ഭൂമിയുടേയും ഇടയ്ക്കുള്ള സ്ഥലവും സകലദിക്കും ഭഗവാൻ നിറഞ്ഞിരിക്കുന്നു. അത്ഭുതകരവും ഭയാവഹവുമായ രൂപം കണ്ടിട്ട് മൂന്നുലോകവും ഭയപ്പെട്ടുവെന്ന് അർജുനൻ പറയുന്നു. അസഖ്യം വായകൾ, കണ്ണുകൾ, തുടകൾ, കൈകൾ, പാദങ്ങൾ, വയറുകൾ, ദംഷ്ട്രകൾ ഒക്കെ അടങ്ങിയ ഭയാനകരൂപമാണ് ദർശിക്കുന്നത്. ആദിമധ്യാന്തങ്ങൾ അറിയാത്തതും ജ്വലിക്കുന്ന വലിയകണ്ണുകളോടുകൂടിയതും കാലാഗ്നിപോലുള്ള വായുള്ളതുമാണത്. കൗരവരും ഭീഷ്മരും ദ്രോണരും കർണനും പാണ്ഡവയുദ്ധവീരരും ആ വായിലേക്ക് പാഞ്ഞുചെല്ലുന്നു. ചിലർ ഉടഞ്ഞു തകർന്ന തലകളോടെ പല്ലുകൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നു. ഇയ്യാമ്പാറ്റകൾ തീയിലേക്ക് വീഴുന്നപോലെ , പല നദീപ്രവാഹങ്ങൾ സമുദ്രത്തിലേക്കൊഴുകുന്നപോലെ സകലരും

മരണത്തിലേക്കൊഴുകുന്നുവെന്ന് ഇതു കാണിക്കുന്നു. അളവറ്റപ്രഭാവത്തോടെ ചന്ദ്രസൂര്യന്മാരാകുന്ന കണ്ണുകളോടെ അനന്തബാഹുവായി വിശ്വത്തിനുമുഴുവൻ പ്രകാശമേകുന്നതും ഈ തേജസ്സാണ്. ബാഹ്യലോകത്തെ അനന്തമായ കർമ്മപദ്ധതികളാകെ ഇവിടെ ഉൾക്കൊള്ളുന്നു.

ഇത് ദർശിച്ച അർജുനൻ ഭഗവാൻ അറിയേണ്ടപരബ്രഹ്മമാണെന്നും വിശ്വത്തിൻെറ പരമമായ ആശ്രയസ്ഥാനമാണെന്നും നാശമില്ലാത്തവനും നിത്യധർമ്മസംരക്ഷകനുമായ പ്രപഞ്ചാത്മാവാണെന്നും മനസ്സിലാക്കുന്നു. ഇതാണ് വിശ്വരൂപദർശനത്തിലൂടെ ഉണ്ടാകേണ്ടത്. ഒരു പ്രത്യേകസ്ഥലത്തല്ല ഭഗവാൻ, നോക്കുന്നിടത്തെല്ലാം ഭഗവാനാണ്. ഇത് കാണാനുള്ള ദിവ്യനേത്രം ആർക്കും നൽകുവാനോ സ്വീകരിക്കുവാനോ സാധ്യമല്ല. സമർപ്പിത ഭാവത്തിലൂടെ അങ്ങേയറ്റത്തെ പ്രേമത്തിലൂടെ അന്തരാത്മാവിനെ കണ്ടെത്താനുള്ള പാകതയാണത്. ഏതൊരാൾക്കും സംഭവിക്കാവുന്നതാണ്. നേടാവുന്നതാണ് അത്. ഒരു തുള്ളിജലത്തിൽ സമുദ്രവും ഒരു വിത്തിൽ മഹാവനവും അപ്പോൾകാണാം.

## -71-

## നിയമങ്ങളൊക്കെ തടവറകളാണ്

കൃഷ്ണൻ എല്ലാ നിയമങ്ങൾക്കും വിപരീതമായി പ്രവർത്തിച്ചവനാണ്. പാരമ്പര്യത്തെ നിഷേധിച്ചു. എല്ലാറ്റിനും പൂർണത നൽകി. ഗീത നൽകുന്നത് വലിയ സ്വാതന്ത്ര്യമാണ്. സ്വന്തം വഴി തുറക്കലാണത്. എല്ലാ ചട്ടക്കൂടുകളിൽ നിന്നും മാറി നിങ്ങളെ നിങ്ങളാക്കി നിർത്തുക. സ്വന്തംകാലിൽ നിൽക്കുമ്പോൾ ഒരു പുരോഹിതനും നിങ്ങൾക്കാവശ്യമില്ല.

ലോകത്തെ മുഴുവൻ തപിപ്പിക്കുന്ന വിശ്വരൂപം ദർശിച്ച് അർജുനൻ പറയുന്നു: 'അല്ലയോ ദേവശ്രേഷ്ഠ, അങ്ങേയ്ക്ക് നമസ്കാരം'. ഈ ഭാവമാണ് നമുക്കും വേണ്ടത്. ദാരുണമായ കാഴ്ചകളിൽ ഭഗവാനെ പഴിപറയുന്ന ശീലമാണ് നമുക്ക്. പ്രശ്നസങ്കീർണതയിൽ നാം കൈവരിക്കേണ്ട മനോഭാവം വിധിയെഴുത്തല്ല. മനസ്സിലാകാത്ത പലതും ജീവിതത്തിൽ സംഭവിക്കുന്ന സമയത്ത് 'എല്ലാറ്റിനും ആധാരമായ ഭഗവാനെ ഞാനറിയാനാഗ്രഹിക്കുന്നു' എന്ന മനോഭാവമുണ്ടായാൽ എല്ലാം തെളിഞ്ഞു കിട്ടും. വിശ്വരൂപ ദർശനത്തിൽ വൈരുപ്യവും സൗന്ദര്യമാകും. നല്ലതും അല്ലാത്തതും ഉള്ളതും ഇല്ലാത്തതും ഒക്കെ അവിടെ സമന്വയിക്കുന്നു. ലോകത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാലമാണ് ഭഗവാൻ. ഇത് നിലനിർത്തൽ കൂടിയാണ്. കാരണം അനുസ്യൂതമായ മാറ്റമാണ് നിലനില്പിനടിസ്ഥാനം.

ഈ യോദ്ധാക്കൾ നീ ഇല്ലെങ്കിലും ഇല്ലാതായിത്തീരുമെന്ന് ഭഗവാൻ അർജുനനോട് പറയുന്നു (ജനനത്തോടൊപ്പം മരണവും നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന് സാരം). നീ നിമിത്തം മാത്രമാണ്. ആ ഭാവത്തിൽ കർമം ചെയ്ത് ജയിച്ച് ഐശ്വര്യപൂർണമായ ലോകത്തെ അനുഭവിക്കൂ. ഭഗവാൻെറ ഈ ചൈതന്യം കണ്ട് എല്ലാം ഓടുന്നു എന്നത് എല്ലാവരും ഭഗവദ്സാന്നിധ്യത്താൽ വിശ്രമരഹിതമായി കർമങ്ങൾ ചെയ്യുന്നു എന്നു കാണിക്കുന്നു.

സത്തിനും (ഉള്ളത്) അസത്തിനും (ഇല്ലാത്തത്) അപ്പുറമുള്ള നാശരഹിതമായ പരംപൊരുളാണ് ഭഗവാനെന്ന് അർജുനൻ വിശ്വരൂപദർശനത്തിലൂടെ അറിയുന്നു.

## -72-

## എല്ലാ നാമങ്ങളിൽ നിന്നും ഈശ്വരനെ മാറ്റുക

**ഭ**ഗവാൻെറ മഹിമ അറിയാതെ സ്നേഹിതനെന്നു കരുതി കരുതലില്ലാതെയോ സ്നേഹാധികൃത്താലോ കൃഷ്ണനെന്നും യാദവനെന്നും സഖേയെന്നും വിളിച്ചതും കളിയാക്കിയതുമെല്ലാം ക്ഷമിക്കണമെന്ന് അർജുനൻ പ്രാർഥിക്കുന്നു. ഈശ്വരൻ വ്യക്തിയല്ലെന്ന തിരിച്ചറിവാണിത്. നാം നമ്മുടെ കുട്ടിയായി, ഭർത്താവായി, ഭാര്യയായി, അച്ഛനായി, അമ്മയായി, സുഹൃത്തായി വിചാരിച്ചത് യഥാർഥത്തിൽ അതല്ല എന്ന തിരിച്ചറിവുകൂടിയാണിത്. വ്യക്തികൾ തമ്മിലേ സംവാദം സാധ്യമാകൂ. ഈശ്വരൻ വ്യക്തിയല്ല. അതിനാൽ നാം എന്തൊക്കെ വാദങ്ങൾ നടത്തിയിട്ടുണ്ടോ അതെല്ലാം അപ്രസക്തമാണ്. സാന്നിധ്യമാണ് ഈശ്വരൻ. അതിനെ അനുഭവിക്കുകയാണ്വേണ്ടത്. എല്ലാ നാമങ്ങളിൽനിന്നും ഈശ്വരനെ മാറ്റുക, എല്ലാ രൂപങ്ങളിൽനിന്നും.

സമർപ്പണത്തിലൂടെയുള്ള ധ്യാനാവസ്ഥയിലാണ്, ഏകാഗ്രതക്കായാണ് ആചാരാനുഷ്ഠാനങ്ങൾ ചെയ്യേണ്ടത്. ചെയ്യിക്കേണ്ടവയല്ല ചെയ്യേണ്ടവയാണത്. നാം അറിവുകൊടുക്കുക. അറിയാതെ ചെയ്യുക. അർജുനൻ വിശ്വമൂർത്തേ എന്നാണ് സംബോധന ചെയ്യുന്നത്. എല്ലാ വ്യക്തിത്വ കല്പനകളിൽ നിന്നും അടർത്തിമാറ്റിയാലേ വിശ്വമൂർത്തിയാകൂ. ഒരു രൂപത്തിൽ കണ്ടാൽ എല്ലാമാകില്ല, അതു മാത്രമേ ആകൂ. സഹസ്രബാഹുവാണത്. നമുക്കും ആയിരം കൈകളുണ്ട്, ആയിരം സാധ്യ തകളുണ്ട്.

വേദയജ്ഞാധ്യയനം കൊണ്ടോ ദാന, ക്രിയ, തപശ്ചര്യകൾകൊണ്ടോ നിനക്കല്ലാതെ മറ്റൊരാൾക്കും വിശ്വരൂപം കാണാനാവില്ലെന്ന് ഭഗവാൻ പറയുന്നു. ഇവിടെ അർജുനൻ ശ്രദ്ധയുള്ള ജിജ്ഞാസുവായ നമ്മളോരോരുത്തരെയും പ്രതിനിധാനംചെയ്യുന്നു. തൻെറ ഭയാനകരൂപംകണ്ട് പേടിക്കുകയോ വ്യാമോഹിക്കുകയോ വേണ്ടെന്നുപറഞ്ഞ് ഭഗവാൻ വീണ്ടും സൗമ്യരൂപം കൈക്കൊള്ളുന്നു. വിശ്വത്തിൽ രണ്ടു രൂപവുമുണ്ട്. അനുകൂലവും പ്രതികൂലവും. ചിലർ കുറവുകൾമാത്രമേ കാണാറുള്ളു. എല്ലാം ഭഗവാനെന്ന തലത്തിൽ വിരാജിക്കുകയും സ്വകർമംചെയ്യാൻ ഇറങ്ങിവരുകയും ചെയ്യുമ്പോൾ മാത്രമേ അറിവ് പൂർണതയിലെത്തൂ.ആ അറിവിൽ ഭഗവാൻ ലോകപിതാവും ഗുരുവും വായുവും യമനും അഗ്നിയും വരുണനും ചന്ദ്രനും പ്രജാപതിയും പ്രപിതാമഹനും എല്ലാമാകുന്നു. അവിടെ ശരീരത്തെ ഭൂമിക്കു സമർപ്പിച്ച് പ്രണമിക്കണം. കടന്നുവന്ന വഴിയെ സ്മരിക്കണം എന്നു സാരം. ഈ സമർപ്പിതഭാവത്തിലൂടെ, വിനയാന്വിതനായി വേണം നാം വിശ്വത്തെ കാണേണ്ടത്. അപ്പോൾ ഓരോരുത്തരും ഗീതയ്ക്ക് സ്വന്തം വ്യാഖ്യാനങ്ങൾ കണ്ടെത്തും.

## -73-

## കാണേണ്ടത് വ്യാവഹാരികവും പാരമാർത്ഥികവുമായ സത്യം

**അ**റിവില്ലായ്മയിൽ നിന്ന് അറിവിലേക്കുള്ള (ശിലായുഗത്തിൽ നിന്ന് ആധുനികകാലത്തേക്കുള്ള) പ്രയാണമായിട്ടാണ് ചരിത്രത്തെ ഇന്ന് നാം പഠിക്കുന്നത്. എന്നാൽ, ഋഷികളുടെ പഠനരീതി വിപരീതമായിരുന്നു.

ഉപനിഷദ്‌ പറയുന്നു: ''കുട്ടീ, ഇവിടെ അറിവ്‌, ഉണ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ നിന്നാണ്‌ അറിവില്ലായ്‌മയിലേക്ക്‌ പോകുന്നത്‌.'' ഇല്ലായ്‌മയിൽ നിന്നല്ല ഭഗവാൻ ലോകം സൃഷ്ടിച്ചത്‌. ഇല്ലായ്‌മയിൽ നിന്ന്‌ ആർക്കും ഒന്നും ഉണ്ടാക്കാൻ പറ്റില്ല. ഉള്ള ആ സദ്‌വസ്തു ആഗ്രഹിച്ചു പലതാകാൻ. മറ്റുള്ളവ ഉണ്ടായി എന്നതു തന്നെ ഒരു തോന്നൽ മാത്രവുമാണ്‌. ഈ ഒരു രീതി ഉപനിഷദിലും ഗീതയിലുമൊക്കെയേയുള്ളൂ. മറ്റു മതഗ്രന്ഥങ്ങളിലില്ല. എല്ലാറ്റിലുമുള്ള ആ സദ്‌വസ്‌തുവെ കാണലാണ്‌ വിശ്വരൂപദർശനം.

വ്യാവഹാരിക സത്യവും പാരമാർത്‌ഥിക സത്യവും കാണേണ്ടതുണ്ട്‌. സൂര്യോദയം കണ്ട്‌ പൂർണമായി അനുഭവിക്കാനും അതോടൊപ്പം അത്‌ അയഥാർഥമാണെന്ന്‌ അറിയാനും കഴിയണം. സൂര്യൻ ഉദിക്കുന്നുമില്ല, അസ്‌തമിക്കുന്നുമില്ല. നിലനിൽക്കുന്നേയുള്ളൂ. ഉദയവും അസ്‌തമയവും ഭൂമിയിലുള്ളവരുടെ തോന്നലാണ്‌. ഭഗവാനെ കാണുന്നതിന്‌ തടസ്സം ആഗ്രഹങ്ങളാണ്‌. സ്വന്തമാക്കണമെന്ന തോന്നലിൽ പൂവിനെ നോക്കുമ്പോൾ നമുക്ക്‌ പൂവ്‌ നഷ്ടമാകുന്നു.

ഭഗവാനെ പരമാർത്‌ഥികമായി അറിയാനും കാണാനും പ്രവേശിക്കാനും അനന്യമായ ഭക്തികൊണ്ടേ സാധ്യമാകൂ. ഭക്തൻ അതീവ ശ്രദ്ധാലുവാണ്‌. ഇന്ന്‌ കാണുന്ന ഭക്തർ എല്ലാം ഭഗവാനെ ഏല്പിച്ച്‌ അനങ്ങാതിരിക്കുന്നവരാണ്‌. ഭഗവാനുവേണ്ടി എല്ലാ കർമങ്ങളും ചെയ്യുന്നവർ, ഭഗവാൻ മാത്രം ലക്ഷ്യമായവർ (നമുക്ക്‌ ലക്ഷ്യം വേറെ പലതുമാണ്‌. വേറെയാവുന്നത്‌ വേറെ പേരിൽ അറിയുന്നതു കൊണ്ടാണ്‌. അത്‌ ആനന്‌ദത്തിനു വേണ്ടിയാണ്‌. പക്ഷേ, ആ വഴിയിൽ അതു കിട്ടുകയുമില്ല), ഒന്നിനോടും ദ്വേഷമില്ലാത്തവർ ഇവരൊക്കെ ഭഗവാനെ പ്രാപിക്കും. പരമലക്ഷ്യം ഭഗവാനായാൽ മറ്റു കാര്യങ്ങൾ എങ്ങനെ നടക്കും എന്നാണ്‌ പേടി. അതു ശരിയായാൽ മറ്റെല്ലാം ശരിയാവും. ഇപ്പോൾ ഒന്നും സ്വസ്ഥമല്ലാത്തതും ലക്ഷ്യം വേറെയായതിനാലാണ്‌.

ക്ഷേത്രം, ആരാധന തുടങ്ങിയവയിലൂടെ സഗുണനായി ഭജിക്കുന്നവനാണോ, അവ്യക്തവും നാശരഹിതവുമായി കണ്ട്‌ ഗുണരഹിതനായി ഭജിക്കുന്നവനാണോ ശ്രേഷ്ഠൻ എന്ന്‌ അർജുനൻ ചോദിക്കുന്നു. കൊച്ചുകുട്ടിയെ ചേർത്തുപിടിച്ച്‌ ''നീയല്ലേ എന്റെ കുട്ടൻ'' എന്നു പറഞ്ഞ്‌ മുതിർന്നവനെ നോക്കി കണ്ണിറുക്കി കാട്ടുന്ന മാതൃഭാവത്തിലാണ്‌ ഇവിടെ ഭഗവാന്റെ മറുപടി. കൊച്ചുകുട്ടിക്ക്‌ ആ ശ്രദ്ധയും കരുതലും ആവശ്യമാണ്‌. എന്നിൽ മനസ്സിനെ പ്രവേശിപ്പിച്ച്‌ എല്ലാം സമർപ്പിക്കുന്നവരായി ദേശകാലവസ്തു പരിമിതികളില്ലാതെ ശ്രദ്ധയോടെ ഉപാസിക്കുന്നവർ ശ്രേഷ്ഠരാണെന്ന്‌ ഭഗവാൻ പറയുന്നു.

## -74-

## പ്രേമിക്കുന്നവർക്ക്‌ മരണമില്ല

മധുരമുള്ള ഫലം ഭക്ഷിക്കുമ്പോൾ ഉള്ളിൽ അതിനോടു പറയുക - നിന്റെ മാധുര്യം ഞാനെടുക്കുന്നു. പക്ഷേ നീ ഇല്ലാതാവുന്നില്ല. മാധുര്യമുള്ള വാക്കായി

ഞാൻ അത് എല്ലാവർക്കും നൽകും. ഇത് സമർപ്പണമാണ്, ഉപാസനയാണ്, പ്രേമമാണ്. പ്രേമത്തിൽ മരണമില്ല, സ്വന്തമാക്കലോ, കൊടുക്കലോ വാങ്ങലോ ഇല്ല. ഒളിച്ചോട്ടവും വിവാഹവുമില്ല. നാം കാമത്തെ പ്രേമമായി തെറ്റിദ്ധരിച്ചിരിക്കുകയാണ്. അതിൽ നാശമാണ്. പ്രേമം ഭക്തിയാണ്. സ്നേഹത്തിൽ നിന്നാണ് ശ്രദ്ധയുണ്ടാകുന്നത്. അടുക്കളയിൽ ജോലി ചെയ്യുന്ന അമ്മയ്ക്ക് ഉമ്മറത്ത് കളിക്കുന്ന കൊച്ചുകുട്ടിയോടുള്ള ഭാവമാണ് ശ്രദ്ധ. ശ്രദ്ധയിൽ നിന്ന് അന്വേഷണമുണ്ടാകും. ഈശ്വരാന്വേഷകരാണ്, ഈശ്വരവിശ്വാസികളല്ല ഉണ്ടാകേണ്ടത്. അന്വേഷി എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കും.

പ്രകൃതിയിൽ ഏതിനെ വേണമെങ്കിലും ഈശ്വരനായി ആരാധിക്കാം. കല്ലോ, മരമോ, അഗ്നിയോ, വെള്ളമോ, സൂര്യനോ മണ്ണോ എന്തും. ഈശ്വരനിലേക്കെത്താൻ നാം തിരഞ്ഞെടുക്കുന്ന മാർഗ്ഗമേത് എന്നതല്ല അതിലെത്ര ശ്രദ്ധയുണ്ട് എന്നതാണ് കാര്യം. നമുക്ക് തത്ത്വത്തെ നന്നായി ബോധിപ്പിച്ചു തരുന്നതാണ് വിഗ്രഹം. ഈശ്വരനെന്ന പൂട്ട് തുറക്കാനുള്ള താക്കോലാണ് ക്ഷേത്രം. മനുഷ്യാവബോധത്തിൻെറ അടിത്തട്ടിൽനിന്നാവിർഭവിച്ചതാണത്. അതിനെ നിഷേധിക്കാൻ ആരുമായിട്ടില്ല. ഉച്ചരിക്കുന്ന മന്ത്രങ്ങളെ പ്രതിധ്വനിപ്പിച്ച് പരിസരമാകെ ശബ്ദപൂരിതമാക്കി ചിന്തയെ ഇല്ലാതാക്കി ഏകാഗ്രതയിലേക്ക് നയിക്കാനാണ് ക്ഷേത്രം. പണ്ട് ഇങ്ങനെ ഈശ്വരസാക്ഷാത്കാരത്തിനാണ് ക്ഷേത്രത്തിൽ പോയിരുന്നത്. ഇന്ന് ജോലി കിട്ടാനും കല്ല്യാണം നടക്കാനും രോഗം മാറാനുമൊക്കെയാണ്. അത് ശ്രദ്ധയില്ലായ്മയാണ്.

ഏതെങ്കിലും ഭാവത്തിൽ (വിഗ്രഹത്തിൽ) ഈശ്വരനെ ആരാധിക്കുന്നത് സഗുണാരാധനയാണ്. ഇങ്ങനെ വിഗ്രഹാരാധകരല്ലാത്തവരായി ലോകത്ത് ആരുമില്ല. ദേശീയ പതാകയിൽ ദേശത്തെ ഉൾക്കൊള്ളിക്കുന്നു, കൊടിയിൽ പാർട്ടിയെ കാണുന്നു, പ്രാർത്ഥനക്കു പകരം മുദ്രാവാക്യവും ക്ഷേത്രങ്ങൾക്കു പകരം രക്തസാക്ഷി മണ്ഡപങ്ങളുമുണ്ടാക്കുന്നു. ക്ഷേത്രങ്ങൾ നശിച്ചാലെന്താ എന്നുചോദിക്കുന്നവർ കൊടികീറിയാൽ തുണിയല്ലേ എന്നു കരുതുന്നില്ല. ശുഭയാത്ര, സുപ്രഭാതം എന്നൊക്കെ പറയുന്നതു പോലും മതപരമാണ്. ഒരു ആശിർവാദത്തെ ആവാഹിക്കുന്നു. എല്ലാം സ്വവിശ്വാസത്തെ ഒന്നിൽ ആരോപിച്ച് ആരാധിക്കുന്നതാണ്. ഒന്ന് അന്ധവിശ്വാസമാണെങ്കിൽ എല്ലാം അന്ധവിശ്വാസമാണ്. കാണുന്നതിനെ വിശ്വസിക്കാൻ യുക്തിവേണ്ട. കണ്ടതിലൂടെ കാണാത്തതിനെ അറിയാനാണ് യുക്തിവേണ്ടത്.ഈശ്വര സാക്ഷാത്കാരം നിർഗുണമായോ സഗുണമായോ ചെയ്യാം. സാക്ഷാത്കാരത്തിന് ക്ഷേത്രത്തിൻെറയോ സങ്കേതത്തിൻെറയോ ആവശ്യമില്ല. അതുപയോഗിച്ചാലും കുഴപ്പവുമില്ല. ഇവ തമ്മിൽ യാതൊരു സംഘർഷവുമില്ല. രണ്ടും ശ്രേഷ്ഠമാണ്.

## -75-

## യാഥാർത്ഥ്യത്തിൽ ജീവിക്കുക

ജ്ഞാനകർമേന്ദ്രിയങ്ങളും മനസ്സും നിയമനം ചെയ്ത് സർവത്ര സമഭാവനയുള്ളവരായി സർവജീവികളുടേയും നന്മയിൽ തല്പരരായി, ഇന്നപ്രകാരത്തിലെന്ന് നിർദേശിക്കാൻ പറ്റാത്ത, ചിന്തിക്കാൻ പറ്റാത്ത, സർവവ്യാപിയും ഇളക്കമില്ലാത്തതും (എല്ലായിടത്തുമുള്ളതിന് ചലനമുണ്ടാകില്ല, ഇല്ലാത്തിടത്തേക്ക് നീങ്ങലാണല്ലോ ചലനം) അവ്യക്തവും നാശരഹിതവും മറ്റുള്ളവയെ മാറ്റാൻ സഹായിച്ച് സ്വയം മാറാതെ നിൽക്കുന്നതുമായ ബ്രഹ്മത്തെ അറിഞ്ഞ് ആ അറിവിൽ വിരാജിക്കുന്നതാണ് നിർഗുണോപാസന. ഞാൻ ശരീരമെന്ന ഭാവമുള്ളവന് അത് ക്ലേശകരമാണ്.

സർവകർമ്മങ്ങളും ഭഗവാനിൽ സമർപ്പിച്ച് (എവിടെയൊക്കെയാണോ കരചരണങ്ങൾ അവിടത്തന്നെ മനോബുദ്ധികളുമായിരിക്കുക) മറ്റൊന്നിനെ വിഷയമാക്കാതെ (ചെയ്താൽ എന്തു കിട്ടും എന്നു കരുതാതെ) അങ്ങേയറ്റം ശ്രദ്ധയോടെ ഭഗവദ്സാമീപ്യത്തിൽ ഉപാസിക്കുന്നവർ മൃത്യുസംസാര സാഗരത്തിൽ നിന്ന് കരകയറുന്നു. ഭഗവാനെ ഉപാസിക്കാൻ നിരവധി മാർഗങ്ങൾ ഗീത ഉപദേശിക്കുന്നു.

ഭഗവാനിൽ തന്നെ മനസ്സും ബുദ്ധിയും ഉറപ്പിക്കലാണ് ഒരുമാർഗം. വിശ്വത്തിലോരോന്നിനേയും രണ്ടുരീതിയിൽ നോക്കാം. ഞാൻ ഉൾപ്പെട്ടതും ഞാനില്ലാതെയും. ഞാനോടുകൂടിയാണെങ്കിൽ കാഴ്ച അപൂർണമാണ്. ഞാനും പ്രകൃതിയും വേറിട്ടുനിൽക്കും. അതാണ് ദ്വൈതഭാവം. ഞാനില്ലാതാകുമ്പോൾ ലോകം മാത്രമേയുള്ളു. ആ പൂർണമായ സമർപ്പണത്തിൽ എല്ലാം പരിശുദ്ധമാകുന്നു. ധ്യാനമാണ് ഇത്.

മനസ്സിനെ ഉറപ്പിക്കാൻ സാധ്യമായില്ലെങ്കിൽ പിന്മാറരുതെന്നും നിരന്തരമായ അഭ്യാസംകൊണ്ട് ഇത് സാധിക്കാമെന്നും ഗീത പറയുന്നു. അതും കഴിയില്ലെങ്കിൽ എല്ലാ കർമ്മങ്ങളും ഭഗവാനു വേണ്ടി ചെയ്യുക. താനെന്ന സൃഷ്ടിയുടെ പൂർണതയ്ക്കായി കർമ്മം ചെയ്യുക. ഇതിനും അശക്തനാണെങ്കിൽ മനഃസംയമനത്തോടെ സർവകർമ്മങ്ങളുടേയും ഫലത്തെ ത്യജിക്കുക. അപ്പോൾ പ്രവർത്തിക്കുന്നവൻ ഇല്ല, സാക്ഷി മാത്രം. യാഥാർത്ഥ്യത്തിൽ ജീവിക്കലാണിത്. നമ്മുടെ മനസ്സ് യാഥാർത്ഥ്യത്തിൽ നിന്ന് അയാഥാർത്ഥ്യത്തിലേക്കാണ് സഞ്ചരിക്കുന്നത്. ഒന്നും യഥാർത്ഥത്തിൽ നമ്മുടേതല്ലെന്ന അറിവിൽ എല്ലാ അനുഭവങ്ങളേയും (അനുകൂലമോ പ്രതികൂലമോ ആവട്ടെ) സ്വീകരിക്കുക.

അഭ്യാസത്തിൽ നിന്നുള്ള അറിവ് ശ്രേയസ്കരമാണ്. അതിനേക്കാൾ വിശേഷമാണ് ജ്ഞാനത്തിൽ നിന്നുള്ള ധ്യാനം. ധ്യാനം ഹേതുവായി കർമ്മഫല ത്യാഗമുണ്ടാകും. ത്യാഗത്തിൽ നിന്നേ ശാന്തിയുണ്ടാകൂ. എന്നെങ്കിലും നാം ശാന്തി അനുഭവിച്ചിട്ടുണ്ടെങ്കിൽ അവിടെയൊക്കെ ത്യാഗമുണ്ടായിരിക്കും.

## -76-

## പരാതിയോ പ്രതീക്ഷയോഇല്ലാത്തവരാണ് ഭക്തർ

തന്റെ ഭക്തർ, തനിക്കു പ്രിയപ്പെട്ടവർ ഇപ്രകാരമെന്ന് ഭഗവാൻ വിശദീകരിക്കുന്നു. സർവജീവികളോടും വെറുപ്പോ അറപ്പോ ദ്വേഷ്യമോ ഇല്ലാതിരിക്കുക, കാരുണ്യവും സുഹൃദ് ഭാവവും ഉണ്ടായിരിക്കുക. നിർമമത്വം പാലിക്കുക. നിരഹങ്കാരിയാവുക. ക്ഷമയുള്ളവരാകുക, എല്ലായ്പ്പോഴും സന്തുഷ്ടിയുള്ളവരാകുക. മനസ്സ് സംയമനം ചെയ്ത് നിശ്ചയ ദാർഢ്യത്തോടെ മനോബുദ്ധികളെ ഭഗവാനിൽ അർപ്പിക്കുക. ഇതെല്ലാം ഭക്തരുടെ ലക്ഷണമാണ്. ഭക്തൻ നിമിത്തം ലോകം ക്ഷോഭിക്കുന്നില്ല. ലോകം കാരണം ഭക്തനും ക്ഷോഭിക്കുന്നില്ല. മനുഷ്യനും പ്രകൃതിയും തമ്മിൽ ഒരു പ്രകാരത്തിലും സംഘർഷം പാടില്ല. ഇവിടെ ഉത്കൃഷ്ടമെന്നോ നികൃഷ്ടമെന്നോ എണ്ണാൻ പാടില്ല. മനസ്സിന്റെ തെറ്റായ കല്പനകളാണവ. സന്തോഷം, കോപം, ഭയം, ഉത്കണ്ഠ എന്നിവയിൽ നിന്നൊക്കെ മോചിതരായവരാണ് ഭക്തർ. അവർക്ക് പരാതിയോ പ്രതീക്ഷയോ ഉണ്ടാകില്ല. (എല്ലാം ഈശ്വരനാണെന്നറിഞ്ഞാൽ പ്രത്യേകിച്ചൊന്നും പ്രതീക്ഷിക്കില്ല. പ്രതീക്ഷകളകന്ന മനസ്സിന്റെ ഭാവമാണ് മൗനം). ഉള്ളിലെ അധമ വികാരങ്ങളെ ഇല്ലായ്മ ചെയ്യൽ മാത്രമാണ് ഭക്തരുടെ ശത്രുസംഹാരം. അല്ലാതെ മറ്റൊന്നും അവരുടെ ശത്രുവല്ല.

ഒന്നും അപേക്ഷിക്കാത്തവർ (ഒന്നും ആവശ്യമില്ലാത്തവർ), സമർത്ഥർ (അന്ധമായ വിശ്വാസങ്ങൾക്കടിപ്പെടാത്തവർ), ശുചിത്വമുള്ളവർ-വാക്കിലും മനസ്സിലുമടക്കം പരിശുദ്ധരായവർ, ഒന്നിനോടും പക്ഷപാതിത്വങ്ങളില്ലാത്തവർ, വ്യാകുലങ്ങളില്ലാത്തവർ, എല്ലാറ്റിന്റേയും ആരംഭത്തെ പരിത്യജിച്ചവർ (എല്ലാ കർമങ്ങളുടെയും ആരംഭം ഞാൻ എന്ന ഭാവമാണ്) ഇവരൊക്കെ ഭക്തരാണ്.

അവർ താത്കാലിക നേട്ടങ്ങളിൽ സന്തോഷിക്കുന്നില്ല. ഒന്നിനേയും കുറ്റപ്പെടുത്തുന്നില്ല, ഒന്നിലും ദുഃഖിക്കുന്നില്ല, ഒന്നിനായും ആഗ്രഹിക്കുന്നില്ല. അവർക്ക് ശുഭാശുഭങ്ങളോ നന്മതിന്മകളോ ഇല്ല. അവർ ശത്രുമിത്രം, മാനാപമാനം, ശീതോഷ്ണം, സുഖദുഃഖം, സ്തുതി-നിന്ദ ഇവയൊക്കെ തുല്യമായി കാണും. കിട്ടിയതുകൊണ്ട് സന്തോഷിക്കും. ഭഗവാനിൽ വസിക്കുന്ന അവർക്ക് എല്ലായിടവും വാസസ്ഥാനമായതിനാൽ പ്രത്യേകിച്ചൊരു വാസസ്ഥാനമില്ല, സ്വന്തമെന്ന ഒട്ടലില്ല. മറ്റുള്ളവരേയും ഈ മാർഗത്തിൽ നയിക്കാൻ പോന്ന ഭക്തർ ഭഗവാനിൽ ഉറച്ച മനസ്സുള്ളവരാണ്.

## 77

## ശരീരമാണ് ക്ഷേത്രം

അയഥാർത്ഥ്യങ്ങളുമായി താദാത്മ്യം പ്രാപിക്കാതെ കാപട്യങ്ങളില്ലാതെ സത്യസന്ധനായി ജീവിക്കുന്നവനാണ് ഭക്തൻ. നമ്മുടെ സാന്നിധ്യം മറ്റുള്ളവർക്ക് എങ്ങനെ എന്നു നോക്കിയാൽമതി നാമെങ്ങിനെ എന്നറിയാൻ.

ശരീരമാണ് ക്ഷേത്രം എന്ന് ഭഗവാൻ പറയുന്നു. നശിക്കുന്നതാണ് ക്ഷേത്രം. നശിക്കാതിരിക്കണമെങ്കിൽ നശിക്കാത്തതുമായി സമ്പർക്കം വേണം. അപ്പോൾ ക്ഷേത്രമെന്ന നിലയിലല്ല അതിനപ്പുറത്ത് നില നില്പുണ്ടാകും. അനശ്വര ഭാവത്തിലേക്ക് നശ്വരമായ ശരീരം ഉയരണമെങ്കിൽ ധർമവുമായി ചേരണം. അല്ലെങ്കിൽ സംഘർഷവും നാശവുമുണ്ടാകും.

കർമത്തെ ബീജമായി കണക്കാക്കുമ്പോൾ അതിന്റെ ഫലം അനുഭവിക്കുന്ന വിളനിലമാണ് ശരീരം. അതിനാലാണ് പൂർവ്വികർ കർമം ശുദ്ധമാകണമെന്നു പറഞ്ഞത്. ശരീരത്തിന്റെ, ഉണ്ടായി നില നിന്ന് നശിക്കുന്ന പരിണാമ ഭാവങ്ങളെ ഇല്ലാതാക്കാൻ സാധ്യമല്ല. സ്വയം ഞാനിതിനപ്പുറമാണെന്നും ഇവയെ നിരീക്ഷിക്കാൻ എനിക്കു കഴിയുമെന്നും അറിയണം. ഇങ്ങനെ ഞാൻ ശരീരമല്ലെന്നുള്ള അറിവാണ് ശരീരത്തെ അറിയൽ. ഇതറിഞ്ഞവനാണ് ക്ഷേത്രജ്ഞൻ.

എല്ലാ ക്ഷേത്രങ്ങളിലും അതതിനെ അറിഞ്ഞ ക്ഷേത്രജ്ഞൻ ഭഗവാനാണ്. ശരീരത്തിൽ അറിവായി, സാക്ഷിയായി എല്ലാ മാറ്റങ്ങളും അറിയുന്നവനായി മാറാതെ വർത്തിക്കുന്നത് ഭഗവാൻ തന്നെ. ഇങ്ങനെ ക്ഷേത്രത്തേയും ക്ഷേത്രജ്ഞനേയും അറിയലാണ് ജ്ഞാനം.

പഞ്ചമഹാഭൂതങ്ങൾ, അഹങ്കാരം (ഞാൻ ചെയ്യുന്നു, ഞാൻ അനുഭവിക്കുന്നു എന്നഭാവം), ബുദ്ധി (കാര്യകാരണവിവേചനശേഷി), അവ്യക്തമായ മൂലപ്രകൃതി, ജ്ഞാന കർമേന്ദ്രിയങ്ങൾ, മനസ്സ്, ഇന്ദ്രിയവിഷയങ്ങൾ, ആഗ്രഹം, വിരോധം, സുഖദുഃഖം (അനുഭവങ്ങൾ, അനുകൂല പ്രതികൂല പ്രതികരണങ്ങൾ), സംഘാതം (വിഷയങ്ങളുമായി ഇന്ദ്രിയങ്ങളുടെ ചേർച്ച) ചേതന (ജീവൻ), ഓജസ്സ് എന്നിവ ചേർന്നതാണ് ക്ഷേത്രം. 24 ഘടകങ്ങളാൽ (പഞ്ചഭൂതങ്ങൾ മുതൽ ഇന്ദ്രിയ വിഷയങ്ങൾ വരെ) ഉണ്ടായ ശരീരത്തിൽ ഇച്ഛ മുതൽ ഓജസ്സുവരെ ഏഴു വികാരങ്ങളും ഉൾക്കൊള്ളുന്നു എന്ന് ഭഗവാൻ പറയുന്നു.

## -78-

## അറിവിൻെറ ലക്ഷണം

ഭഗവാൻ ഗീതയിൽ 20 ഗുണങ്ങളെ ജ്ഞാനലക്ഷണങ്ങളായി പറയുന്നു. മാനി എന്ന ഭാവം ഇല്ലായ്കയാണ് ഒന്നാമത്തേത്. ഞാനെന്നഭാവം മാറി വിനയാന്വിതരാകുക. ഫലസമൃദ്ധമാകുമ്പോഴാണ് വൃക്ഷങ്ങൾ ശിരസ്സുതാഴ്ത്തുന്നത്. ദംഭമില്ലായ്മയാണ് രണ്ടാമത്തെ ഗുണം. തനിക്കില്ലാത്ത ഗുണം ഉണ്ടെന്നു നടിക്കാതിരിക്കുക. അഹിംസ എന്ന ഗുണം ഒന്നിനേയും ഒരു പ്രകാരത്തിലും ഉപദ്രവിക്കാതിരിക്കൽ എന്നതിലുപരി ഞാൻ എന്നും, എൻേറത് എന്നും എണ്ണാതിരിക്കലാണ്. ആ എണ്ണലാണ് എല്ലാ ഹിംസയ്ക്കും കാരണം. ശാന്തി എന്ന ഗുണമുണ്ടാകുന്നത് ഏകാഗ്രതയിലാണ്. മനസ്സിൽ പല ചിന്തകൾ വരുമ്പോൾ സമാധാനം നഷ്ടപ്പെടും. ആർജവം വക്രതയില്ലായ്മയാണ്. ഉള്ളത് നേരെ പറയാനുള്ള ധൈര്യം.

ഗുരുശുശ്രൂഷയില്ലാതെ ഒന്നും പൂർണമാകില്ല. എവിടെയെങ്കിലും അറിവിനായി സമീപിക്കുകയും അവിടെ പൂർണമായി സമർപ്പിക്കുകയും വേണം. ഗുരുവായി സന്യാസിയേയോ അച്ഛനേയോ അമ്മയേയോ മക്കളേയോ സൂര്യനേയോ സമുദ്രത്തേയോ എന്തിനെ വേണമെങ്കിലും സ്വീകരിക്കാം. ജ്ഞാനത്തിന് വാക്ക്, ശരീരം, കർമം, കുലം, മനസ്സ് എന്നിവയുടെ ശുചിത്വം ആവശ്യമാണ്. ആത്മസംയമനവും ഇന്ദ്രിയവിഷയങ്ങളിൽ വൈരാഗ്യവും സ്ഥിരതയും വേണം.

അഹങ്കാരമില്ലാതിരിക്കുക (ഞാനാണ് ചെയ്യുന്നതെന്ന ചിന്തയില്ലായ്മ); ജനനം, മരണം, ജര, വ്യാധി എന്നിവ ദുഃഖമായി കാണാതിരിക്കുക; പുത്രൻ, ഭാര്യ, ഗൃഹം മുതലായവയിൽ ഒട്ടലില്ലാതിരിക്കുക; ആസക്തിയില്ലാതിരിക്കുക; ഇഷ്ടമായോ അനിഷ്ടമായോ എന്തു വന്നാലും സമചിത്തത പാലിക്കുക; ഭഗവാനല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലാത്ത, തെറ്റിപോകാത്ത ഭക്തിയുണ്ടാകുക; വിജനവാസം (മാസത്തിലൊരിക്കലെങ്കിലും മറ്റെല്ലാംവിട്ട് ഏകാന്തതയിലിരിക്കുക); ജനക്കൂട്ടത്തിലിരിക്കാൻ ഇഷ്ടമില്ലായ്മ (നാട്ടുകാരുടേയും വീട്ടുകാരുടേയും എല്ലാ കാര്യങ്ങളുമറിയണം എന്ന നിർബന്ധമില്ലാതിരിക്കുക); ആത്മീയജ്ഞാനത്തിൽ എപ്പോഴും മനസ്സിനെ നിർത്തുക, തത്വജ്ഞാനംകൊണ്ടുള്ള പ്രയോജനം അറിയുക. ഇതെല്ലാമാണ് ജ്ഞാനത്തിൻെറ ലക്ഷണങ്ങൾ. മറ്റെല്ലാം അറിവില്ലായ്മയാണ്.

## -79-

## ബാഹ്യമായോ ആന്തരികമായോ ഒരീശ്വരനില്ല

ബാഹ്യമായി ഒരീശ്വരനേയോ ആന്തരികമായി ഒരീശ്വരനേയോ ഗീത സങ്കല്പിക്കുന്നില്ല. പ്രപഞ്ചാകാരമാണ് ഈശ്വരൻ. അത് അകത്തും പുറത്തുമാണ്. ചലിക്കുന്നതും ചലിക്കാത്തതുമാണ്, അങ്ങേയറ്റം സൂക്ഷ്മവും അറിയാനാവാത്തതുമാണ്, ദൂരെയും അടുത്തുമാണ്. അന്വേഷിക്കുന്നവന് അത് അടുത്താണ്. അന്വേഷിക്കാത്തവന് അകലെയാണ്. അന്വേഷിക്കുന്നത് അന്വേഷകനെ തന്നെയായതിനാൽ അത് സൂക്ഷ്മമാണ്.

എല്ലാ കൈകളുംകാലുകളും ആ ബ്രഹ്മമാണ്. എല്ലായിടത്തേക്കും അതിൻെറ ശിരസ്സും മുഖവും കണ്ണുകളും ചെവികളും തിരിഞ്ഞിരിക്കുന്നു. ലോകത്തിൽ എല്ലാറ്റിനേയും ആവരണം ചെയ്തിരിക്കുന്നതിന് ഒരു രൂപം കല്പിക്കാൻ പറ്റില്ല.

ഒരുബീജം വൃക്ഷാവസ്ഥപ്രാപിച്ച് ഫലരൂപത്തിലെത്താൻ ആഗ്രഹിക്കുന്നതുപോലെ പരിമിതികളിൽ നിന്നെല്ലാം വിട്ട് അപരിമേയമായതിനെ പ്രാപിക്കാനുള്ള ആഗ്രഹം മനുഷ്യനുമുണ്ട്. മനുഷ്യൻെറ രൂപാന്തരം ഈശ്വരനാണ്. എനിക്ക് പലതാകണം എന്ന ആഗ്രഹം വിശ്വത്തിനെല്ലാമുണ്ട്.

സദ്വസ്തുവായ ബ്രഹ്മമാണ് എല്ലാ ഇന്ദ്രിയങ്ങളുടെയും ഗുണങ്ങളെ പ്രകാശിപ്പിക്കുന്നത്. എന്നാൽ എല്ലാ ഇന്ദ്രിയങ്ങളിൽ നിന്നും അത് ഒഴിഞ്ഞുനിൽക്കുന്നു. ഒന്നിനോടും ഒരു ബന്ധവും ഇല്ലാത്തതും എല്ലാറ്റിനേയും ഭരിക്കുന്നതും ഗുണരഹിതവും ഗുണഭോക്താവും അതാണ്.

എല്ലാറ്റിനും ആധാരമായ അത് വിഭജിക്കാവുന്നതുപോലെ ഇരിക്കുന്നതും അവിഭാജ്യവുമാണ്. ജ്യോതിസ്സുകൾക്കു മുഴുവൻ ജ്യോതിസ്സായ, തമസ്സിന് അപ്പുറമായ അത് എല്ലാവരുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു. അറിവും അറിയേണ്ടതും അറിവുകൊണ്ട് നേടേണ്ടതും അതു തന്നെ. ഇവയെല്ലാം അറിയുന്നവൻ മാത്രമാണ് ഭഗവാനായിത്തീരാൻ യോഗ്യൻ.

പ്രകൃതിയും പുരുഷനും അനാദിയാണ്. വികാരങ്ങളും ഗുണങ്ങളും പ്രകൃതിയിൽ നിന്നുണ്ടാകുന്നു. കാര്യകാരണങ്ങൾക്ക് ഹേതു പ്രകൃതിയാണ്. നിറഞ്ഞു നിൽക്കുന്ന ആത്മാവ് (പുരുഷൻ) സുഖദുഃഖാനുഭവത്തിന് ഹേതുവാണ്.

## 80

## ഒരു കർമവും ആത്മാവിനെ ബാധിക്കുന്നില്ല.

ഒരു കർമവും ആത്മാവിനെ ബാധിക്കുന്നതല്ലെന്ന് സ്വാമി സന്ദീപ് ചൈതന്യ വിശദീകരിച്ചു. സത്കർമവും ദുഷ്കർമവുമൊക്കെ മനസ്സിനെ ബാധിക്കുന്നതാണ്. എല്ലാം സ്ഥിതി ചെയ്യുന്ന ആകാശം (ഇടം) ഒന്നിനാലും ബാധിക്കപ്പെടാത്തതുപോലെയാണത്. ഏകനായ സൂര്യൻ എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്നതുപോലെ ആത്മാവ് എല്ലാ ശരീരങ്ങളേയും പ്രകാശിപ്പിക്കുന്നു. പലതായുള്ളത് ഒന്നാണ്. സ്വർണ്ണത്തിൻെറ വിവിധ ഭാവങ്ങളാണ് കമ്മൽ, മാല, വള തുടങ്ങിയ ആഭരണങ്ങൾ എന്ന പോലെയാണ്.എല്ലാ കർമവും പ്രകൃത്യാ (പ്രകൃതിയാൽ) ചെയ്യുന്നതാണ്. പ്രകൃതിഗുണത്തിനനുസൃതമായി എല്ലാം എപ്പോഴും കർമം ചെയ്തുകൊണ്ടേയിരിക്കുന്നു. എന്നാൽ ആത്മാവ് ഒന്നും ചെയ്യുന്നില്ല. എല്ലായിടത്തും ഒരു വ്യത്യാസവുമില്ലാതെ തുല്യമായി സ്ഥിതി ചെയ്യുന്ന ഈശ്വരനെ കാണുന്നവർ ആത്മാവിനാൽ ആത്മാവിനെ (സ്വയം) ഹിംസിക്കുന്നില്ല. ചിലർ എപ്പോഴും എവിടേയും മരണത്തെക്കാണുന്നു. ഭയപ്പെടുന്നു. ചിലർ എല്ലാം ഈശ്വരനെന്നറിഞ്ഞ് പരമാനന്ദത്തിലിരിക്കുന്നു. 'ഞാൻ ഓറഞ്ചിൻെറ ഓരോ തുള്ളിയും ആസ്വദിക്കുന്നുവെന്ന് വിവേകാനന്ദൻ പറയുന്നു. 'ഞാൻ ഒന്നിനും എതിരല്ല, എല്ലാം ഭഗവനാണ്'.

നശ്വര വസ്തുക്കളിൽ അനശ്വരനായി ഈശ്വര ചൈതന്യത്തെ കാണണം. വിത്തിൻെറ മരണമാണ് വൃക്ഷത്തിൻെറ ജനനം. വിത്ത് മരിക്കുന്നില്ല. ആ മുളയെ കാണുന്നവൻ പരമേശ്വരനെ കാണുന്നു. ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാ സൃഷ്ടികളും ക്ഷേത്ര ക്ഷേത്രജ്ഞ സംയോഗം കൊണ്ടുണ്ടായതാണ്. വിചാരങ്ങളടക്കം എല്ലാം. ധ്യാനം കൊണ്ടോ സാംഖ്യം കൊണ്ടോ (വിചാരം) കർമയോഗം കൊണ്ടോ ഇവയറിയാത്തവർ, അറിയുന്നവരിൽ നിന്ന് കേട്ടിട്ടുള്ള ഉപാസനയിലൂടെയും ആത്മചൈതന്യത്തെ സാക്ഷാത്കരിക്കുന്നു. ധ്യാനം മനനമാണ്. മനഃശക്തി നൽകുന്നു, സാംഖ്യം ബുദ്ധിശക്തിയും കർമയോഗം നിഷ്ഠയും നൽകുന്നു. ഈ സമർപ്പണത്തിൻെറ അഭാവത്തിലാണ് പരാജയമുണ്ടാകുന്നത്. ജീവൻെറ വ്യത്യസ്ത ഗുണങ്ങളോടുള്ള സംഗമാണ് ഭാവി ജന്മം (ജീവിതം) ഉത്കൃഷ്ടമോ നികൃഷ്ടമോ ആക്കുന്ന ത്.

## -81-

### ബ്രഹ്മമാണ് വിശ്വയോനി ബീജം ഭഗവാനും

മഹത്തായ ബ്രഹ്മം എന്റെ യോനി (ഉല്പത്തികേന്ദ്രം) യാകുന്നുവെന്നും അതിൽ ഞാൻ ഗർഭാധാനം ചെയ്യുന്നുവെന്നും ഭഗവാൻ പറയുന്നു. സർവചരാചരങ്ങളും അതിൽ നിന്നാണ് ഉണ്ടാകുന്നത്. എല്ലാ യോനികളും ചേരുന്നതാണ് വിശ്വയോനി. അതിൽ നിന്നാണ് എല്ലാം ഉണ്ടാകുന്നത്. ജനനത്തിനായി സ്വീകരിക്കുന്ന മാർഗമാണ് യോനി. ഏതെല്ലാം ശരീരങ്ങൾ ഉണ്ടാകുന്നുണ്ടോ അവയ്ക്ക് മഹത്തായ ബ്രഹ്മപ്രകൃതി തന്നെയാണ് യോനി. പിതാവ് ഭഗവാനും. അച്ഛൻ, അമ്മ എന്നെല്ലാം പറയുമ്പോൾ ഈ വിശ്വപിതാവുമായി, വിശ്വമാതാവുമായി ചേരണം.

പ്രകൃതിയിൽ നിന്നുണ്ടാകുന്ന ഗുണങ്ങളിൽ നിർമലവും പ്രകാശിക്കുന്നതും അനാമയവുമായ സത്വഗുണം സുഖസംഗംകൊണ്ടും ജ്ഞാനസംഗംകൊണ്ടും നാശരഹിതനായ ജീവാത്മാവിനെ ശരീരത്തിൽ ബന്ധിക്കുന്നു. രാഗ(താല്പര്യം) രൂപത്തിലുള്ള രജോഗുണം തൃഷ്ണയിലും സംഗത്തിലും നിന്നുണ്ടാകുന്നു. അത് കർമ്മസംഗത്തിലൂടെ ജീവാത്മാവിനെ ബന്ധിക്കുന്നു. അറിവില്ലായ്മയിൽ നിന്നു ജനിച്ച തമോഗുണം സകലജീവികൾക്കും മോഹമുണ്ടാക്കുന്നു. പ്രമാദം, ആലസ്യം, നിദ്ര ഇവകൊണ്ട് ബന്ധിക്കുന്നു. തമോഗുണം ജ്ഞാനത്തെ മറച്ച് തെറ്റിൽ ചേർക്കുന്നു. ഒന്നിനെ മറ്റൊന്നായി മനസ്സിലാക്കലാണ് തെറ്റ്. ഓരോ ഗുണവും മറ്റു രണ്ടു ഗുണങ്ങളെ മറച്ച് പ്രകടമാകുന്നു. തമോഗുണം പ്രകടമായിരിക്കുന്ന വ്യക്തിക്ക് വിശ്രമവും നിദ്രയുമാണ് ആവശ്യം. അയാൾ കർമ്മം ചെയ്യാൻ ശ്രമിച്ചാലും പൂർണമാകില്ല. ഗുണത്തിനനുസരിച്ച് വേണം കാര്യങ്ങൾ ചെയ്യാൻ.

അനുഭവജ്ഞാനത്തെ ആശ്രയിച്ച് ഭഗവദ് ധർമ്മത്തെ പ്രാപിച്ചിട്ടുള്ളവർ സൃഷ്ടിയുടെ ആരംഭത്തിൽ പോലും ജനിക്കുന്നില്ല. പ്രളയത്തിൽ ദുഃഖിക്കുന്നുമില്ല. അവർക്ക് ജനിമൃതികളില്ല. ആഭരണമല്ല സ്വർണമാണ് എന്നറിഞ്ഞു കഴിഞ്ഞാൽ പിന്നെ കമ്മലും മാലയും വളയുമൊന്നുമില്ല. എല്ലാം സ്വർണമാണ്. അത് പിന്നെ എല്ലാക്കാലവും സ്വർണക്കട്ടിയായി രൂപമാറ്റം വരാതെ ഇരിക്കും എന്നല്ല. രൂപം മറന്നുവെന്ന ഭാവം സ്വർണത്തിന് ഉണ്ടാകില്ല.

## -82-

### നാം ഈ ലോകത്തെ അനുഭവിക്കാതെ പോകരുത്

**നാം** ഈ ലോകത്തെ അനുഭവിക്കാതെ പോകരുതെന്ന് സ്വാമി സന്ദീപ് ചൈതന്യ പറഞ്ഞു. രജോഗുണം വർധിക്കുമ്പോഴാണ്ലോഭം (മതിവരായ്ക) , ഫലത്തിനായുള്ള കർമ്മങ്ങളുടെ തുടക്കം, അടക്കമില്ലായ്മ, ഒരുപാട് കിട്ടണമെന്ന തീരാത്ത ആഗ്രഹം എന്നിവയുണ്ടാകുന്നത്. ഒരു സാവകാശവുമില്ലാതെ ത്വരിതഗതിയിൽ ഓടിക്കൊണ്ടിരിക്കും. ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ മനസ്സ് ചന്ദ്രനിലായിരിക്കും, ഭാര്യയുടെ കൂടെയിരിക്കുമ്പോൾ ഉഗാണ്ടയിലെ ഓഫീസിലായിരിക്കും. ഒരിക്കലും മനസ്സ് കൂടെയുണ്ടാകില്ല. ഈ യാന്ത്രികതയെ തച്ചുടച്ച് സ്വാഭാവികതയിലേക്ക് വരണം. ജീവിക്കാൻ മറന്നുപോയവരാകരുത് നമ്മൾ. നമ്മുടെ സന്താനങ്ങൾ പോലും യാന്ത്രികമായി ആവിർഭവിച്ചവരാണ്.

ഈ ദേഹത്തിലെ എല്ലാ ജ്ഞാനേന്ദ്രിയ കവാടങ്ങളിലും ജ്ഞാനമാകുന്ന പ്രകാശം എപ്പോൾ പ്രകടമാകുന്നുവോ അപ്പോഴാണ് സത്വഗുണം വികസിച്ചിരിക്കുന്നത്. അകത്തുനിന്ന് പൂട്ടി താക്കോൽ നമ്മുടെ പോക്കറ്റിലിട്ടിട്ടാണ് നാം തുറക്കാൻ പറ്റുന്നില്ലല്ലോ എന്ന് വിഷമിക്കുന്നത്. തമോഗുണം വർധിച്ചസമയത്ത് അജ്ഞത (വെളിവില്ലായ്മ) , അലസത, തെറ്റായ പ്രവൃത്തി, മോഹം ഇതൊക്കെ ജനിക്കുന്നു. സത്വഗുണം വർധിക്കുന്നസമയത്ത് ദേഹം നശിക്കുന്നവർ ഉത്തമജ്ഞാനികളുടെ ലോകത്തെ പ്രാപിക്കുന്നു. അറിവിൽ ഞാൻ ശരീരമെന്ന വിചാരത്തിൻെറ നാശമുണ്ടാക്കുന്നു. ഈ വഴിമാത്രമേ മരണത്തെ അതിവർത്തിക്കാനാകൂ. രജോഗുണം വർധിച്ചിരിക്കുമ്പോൾ മരിച്ചവർ കർമ്മാസക്തരിലും തമോഗുണഭാവത്തിൽ മരിക്കുന്നവർ മൂഢയോനിയിലും ജനിക്കുന്നു. സുകൃതഫലം സാത്വികമായ നിർമ്മലവുമാണ്. ഈശ്വരാർപ്പണ ബുദ്ധിയോടെ കർമ്മം ചെയ്യുന്നവർ പൂർണതമാത്രമേ ദർശിക്കുന്നുള്ളു. രജോഗുണഫലം ദുഃഖം മാത്രമാണ്. തമോഗുണഫലം അജ്ഞാനവും.

സത്വഗുണത്തിൽ നിന്ന് അറിവും രജോഗുണത്തിൽ നിന്ന് അത്യാഗ്രഹവും തമോഗുണത്തിൽ നിന്ന് തെറ്റുകളും മോഹങ്ങളും അറിവില്ലായ്മയും ഉണ്ടാകുന്നു. സത്വഗുണികൾക്ക് ഉയർച്ചയുണ്ടാകും. രജോഗുണികൾ ഇടയ്ക്കുനിൽക്കും. തമോഗുണികൾ ഒരിടത്തും നിൽക്കാതെ താഴേക്ക് പോയ്ക്കൊണ്ടിരിക്കും. ജ്ഞാനിയായ ഒരുവൻ എപ്പഴാണോ ഗുണങ്ങളിൽ നിന്ന് വേറിട്ട് ഒരു കർത്താവിനെ കാണാതിരിക്കുകയും ഗുണങ്ങളിൽ നിന്ന് ഉപരിയായി ആത്മാവിനെ അറിയുകയും ചെയ്യുന്നത് അപ്പോൾ ഭഗവദ്ഭാവത്തെ പ്രാപിക്കുന്നു.

## -83-

### ഗുണാതീത ലക്ഷണം

**ജ്ഞാ**നി പ്രകാശത്തേയും (ജ്ഞാനത്തേയും) കർമ്മത്തേയും മോഹത്തേയും (അജ്ഞാനത്തേയും) ചേർന്നിരിക്കുമ്പോൾ വെറുക്കുന്നില്ല. അവൻ അവനെ വെറുക്കുന്നില്ല, അവൻെറ കർമങ്ങളെയും വെറുക്കുന്നില്ല. പലരും കഴിഞ്ഞകാല ചെയ്തികളെ ഓർത്ത് സ്വയംവെറുത്ത്, ശപിച്ച് കഴിയുന്നു. ഗുണങ്ങൾ വന്നുപോകുന്നതാണ്. വരുമ്പോൾ ദ്വേഷ്യവും ഇല്ലാത്തപ്പോൾ അതിനായി ആഗ്രഹിക്കുകയും ചെയ്യേണ്ടതില്ല. ഏതെങ്കിലും ഗുണങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ട് അനുഭവിച്ച സുഖത്തെ മനസ്സിൽ ഓർത്തുവയ്ക്കരുത്. ജ്ഞാനി ഗതകാല സങ്കല്പങ്ങളിലും ഭാവികാല ആശങ്കകളിലുംപെട്ട് വർത്തമാനകാലത്തെ വൃഥാ കളയുന്നില്ല. ഗുണാതീതൻ എപ്പോഴും വർത്തമാനകാലത്തിലായിരിക്കും.

അവൻ ഗുണങ്ങളാൽ ഇളകുന്നവനല്ല, ഒന്നുമായും കക്ഷിചേരാത്ത ഉദാസീനനാണ്. ഗുണങ്ങൾ അവയുടെ സ്വാഭാവിക ധർമ്മം കാട്ടുന്നു എന്നറിഞ്ഞ് അവൻ സ്ഥിരചിത്തനായിരിക്കുന്നു. പൊട്ടിക്കരയണമെന്നു തോന്നുമ്പോൾ കരയുന്നു. പൊട്ടിച്ചിരിക്കണമെന്നു തോന്നുമ്പോൾ ചിരിക്കുന്നു. പക്ഷേ, അവയുമായി താദാത്മ്യപ്പെടുന്നില്ല, അവ ഓർത്തുവയ്ക്കുന്നില്ല. നമ്മുടെ അധിപൻ എപ്പോഴും നാം തന്നെയായിരിക്കണം.

സുഖദുഃഖങ്ങളെയും പ്രിയാപ്രിയങ്ങളെയും നിന്ദയേയും സ്തുതിയേയും സമമായി കാണുന്ന ഗുണാതീതൻ സ്വസ്ഥനായിരിക്കുന്നു. അചഞ്ചലനായിരിക്കുന്ന അവൻ സ്വർണത്തെയും മൺകട്ടയെയും ഒരുപോലെ അറിയുന്നു. സ്വർണത്തെ മൺകട്ടയായോ മൺകട്ടയെ സ്വർണമായോ കാണുന്നു എന്നല്ല. രണ്ടിനേയും പൂർണമായി കാണുന്നു എന്നാണ് ഇതിനർഥം. മറ്റുള്ളവരെ പഴിക്കാത്ത, സ്വചെയ്തികൾക്ക് ന്യായീകരണങ്ങൾ

കണ്ടെത്താത്ത അവൻ ധീരനായിരിക്കും.മാനത്തേയും അപമാനത്തേയും ശത്രുമിത്രപക്ഷങ്ങളേയും തുല്യമായി കാണും. എല്ലാ ഉദ്യമങ്ങളുടെയും ആരംഭത്തിലെ ഞാൻ എന്ന കർതൃത്വഭാവം, അഹങ്കാരം ഉപേക്ഷിച്ചവരായിരിക്കും ഗുണാതീതർ. അങ്ങേയറ്റം ശ്രദ്ധയുള്ളവനാണ്‌ ഗുണാതീതൻ. എന്താണ്‌ എന്നിൽ സംഭവിക്കുന്നത്‌ - ദേഷ്യം വന്നു, സങ്കടം വന്നു, സന്തോഷം വന്നു എന്നൊക്കെ അറിയുന്നവനാണ്‌ അവൻ. തെറ്റിപ്പോകാത്ത ഭക്തിയോഗത്താൽ പരമാത്മാവിനെ സേവിക്കുന്നവർ ഗുണങ്ങളെയെല്ലാം അതിവർത്തിക്കുന്നു. ബ്രഹ്മത്തിൻെറയും അക്ഷയമായ അമൃതത്തിൻെറയും സനാതനധർമത്തിൻെറയും ഇരിപ്പിടമാണ്‌ ഞാൻ എന്നറിയുന്നു.

## -84-

## മോക്ഷം ജലത്തിലെ സൂര്യാംശം സൂര്യനിൽ ചേരുന്നപോലെ

ജലത്തിലെ സൂര്യൻ (പ്രതിഫലനം) ജലം വറ്റുമ്പോൾ സൂര്യനിൽപോയി ചേരുന്നപോലെ പരമാത്മാവിലേയ്ക്ക്‌ നാം തിരിച്ചുപോകും. പിന്നെ തിരിച്ചുവരവില്ലെന്ന്‌ പറയുന്നു. ചേരുന്നു എന്ന്‌ ഭാവനചെയ്യുന്നതാണ്‌. യഥാർഥത്തിൽ തിരിച്ചുപോക്കോ ചേർച്ചയോ വരവോ ഇല്ല. എല്ലാം പ്രകാശമാണ്‌. എല്ലാം പരമാത്മാവാണ്‌.

എൻെറ പരമപദത്തെ പ്രകാശിപ്പിക്കാൻ, തെളിയിച്ചുതരാൻ സൂര്യനോ ചന്ദ്രനോ അഗ്നിക്കോ കഴിയില്ല. അതിനെ പ്രാപിച്ചാൽ പിന്നെ തിരിച്ചുവരവുമില്ലെന്ന്‌ ഭഗവാൻ പറയുന്നു. ഭഗവാൻ ജീവിതവൃക്ഷത്തെ അരയാലായി ഉപമിക്കുന്നു. ആ വൃക്ഷത്തിൻെറ വേര്‌ മുകളിലും ശിഖരങ്ങൾ താഴെയുമാണ്‌. ഇലകൾ വേദങ്ങളാണ്‌. ശിഖരങ്ങൾ മുകളിലേക്കും താഴേക്കും പോയിരിക്കുന്നു.

എല്ലാറ്റിനും ആസ്പദമായിരിക്കുന്ന, സർവ്വപ്രകാരത്തിലും വ്യാപിച്ചിരിക്കുന്ന, എല്ലാറ്റിനും കാരണമായ പരമമായ ബ്രഹ്മമാണ്‌ ഏറ്റവും മുകളിൽ. ജീവിതത്തിനു കാരണമായ വേര്‌ ബ്രഹ്മമാണ്‌. ഏറ്റവും ഉയർന്നതാണത്‌. താഴെയുള്ള ശിഖരങ്ങളാണ്‌ സ്ഥൂലജീവിതം. അത്‌ ഉദാത്തചിന്തകളുമായി മുകളിലേക്കുയർന്നതും അധമവികാരവിചാരങ്ങളുമായി താഴേയ്ക്കു തിരിഞ്ഞതുമായി രണ്ടു തരമുണ്ട്‌. വേദങ്ങളാണ്‌, അറിവാണ്‌ അതിൻെറ ഇലകൾ. അറിവിലാണ്‌ നാം നിറയേണ്ടത്‌. അത്‌ കൊഴിഞ്ഞുപോകേണ്ടതും പുതിയത്‌ കിളിർക്കേണ്ടതുമാണ്‌.

ഗുണങ്ങളാൽ പോഷിപ്പിക്കപ്പെട്ട വിഷയങ്ങളാകുന്ന സംസാരവൃക്ഷത്തിൻെറ വേരുകൾ കർമബന്ധങ്ങളായി മനുഷ്യലോകത്തിൽ വ്യാപിച്ചിരിക്കുന്നു. ഇത്തരം വൃക്ഷത്തിൻെറ രൂപം കാണാനാവില്ല. അതിൻെറ ആദിയും അന്തവും നിലനില്പും അറിയില്ല. ഇതിൻെറ ഉറപ്പുള്ള വേരുകൾ അസംഗമാകുന്ന ആയുധംകൊണ്ട്‌ മുറിച്ചുവേണം പരമപദം അന്വേഷിക്കുവാൻ. സംഗം വളർച്ച മുരടിപ്പിക്കും. കർമബന്ധങ്ങളെ ഛേദിക്കണം.

ഭഗവാൻെറ സനാതനമായ അംശം ജീവാത്മാവായി തീർന്ന്‌ സംസാരലോകത്തിൽ പ്രകൃതിനിഷ്ഠമായ മനസ്സുൾപ്പെടെയുള്ള ഇന്ദ്രിയങ്ങളെ വലിച്ചിഴക്കുന്നു. ഇന്ദ്രിയങ്ങളെ നമുക്ക്‌ നിയന്ത്രിക്കാനും നേർവഴിക്ക്‌ നയിക്കാനും കഴിയണം. മനുഷ്യനെ സ്വയം എങ്ങനെ ഉപയോഗിക്കണമെന്ന കൈപ്പുസ്തകമാണ്‌ ഗീത.

85

## വിശപ്പ് ഭഗവാനാണ്

ഭഗവാൻ ജാഠരാഗ്നിയായി (വിശപ്പായി) പ്രാണാപാനവായുക്കളോടു ചേർന്ന് നാലുതരത്തിലുള്ള അന്നത്തെയും ദഹിപ്പിക്കുന്നു. പൊട്ടിച്ച്, ചവച്ചരച്ച്, കുടിച്ച്, നക്കി നാലുവിധത്തിൽ കഴിക്കാവുന്ന ഭക്ഷണം; ഗന്ധ, തേജോ, വായു, ജല രൂപങ്ങളിലുള്ള ഭക്ഷണം. ഇങ്ങനെയൊക്കെ ഭക്ഷണത്തെ നാലായി തിരിക്കാം. പ്രാണൻ ഉള്ളിലേക്കെടുക്കുന്നതും അപാനൻ വിസർജിക്കുന്നതുമാണ്.

ബാഹ്യമായ അഗ്നിയിൽ ഹവിസ്സ് ഹോമിക്കുന്നത് നിർത്തി ജാഠരാഗ്നിയിൽ ഹോമിക്കാൻ ഉപനിഷദ് പറയുന്നു. വിശക്കുന്ന ആർക്കും ഭക്ഷണം നൽകണം. മറ്റുള്ള ജീവജാലങ്ങളോട് നമുക്കു കടപ്പാടുണ്ട്. അവയ്ക്ക് അന്നം നൽകാനാണ് പൂർവികർ ഓരോ അനുഷ്ഠാനങ്ങളുണ്ടാക്കിയത്. ബലിച്ചോറ് അതിനാണ്. ഉറുമ്പുകൾക്കായാണ് കോലം വരയ്ക്കുന്നത്. നാമിപ്പോൾ ഉറുമ്പുപൊടിയിട്ടാണ് കോലം വരയ്ക്കുന്നത്.

ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന സൂര്യന്റെ തേജസ്സും അഗ്നിയുടെ തേജസ്സും ചന്ദ്രന്റെ തേജസ്സും ഭഗവൽതേജസ്സാണ്. ഇവയുടെ സാന്നിധ്യത്തിൽ നാം ഈശ്വര സാന്നിധ്യത്തിലാണെന്നറിയണം. ആ തേജസ്സാണ് നമുക്കുള്ളിലുമുള്ളത്. ഇതറിയാതെ നാം നാലുകൈയുമായി 'വത്സാ കണ്ണുതുറക്കൂ, ചോദിക്കൂ' എന്നുപറയുന്ന ഈശ്വരനെ തേടി നടക്കുകയാണ്. കിട്ടില്ല. ഭഗവാൻ തന്റെ ഓജസ്സുകൊണ്ട് ഭൂമിയിൽ ജീവജാലങ്ങളെയെല്ലാം നിലനിർത്തുന്നു. നമുക്കാവശ്യമായ പോഷകങ്ങളെയെല്ലാം ഫലരൂപത്തിൽ നൽകുന്നു. ഈ മഹാ കാരുണ്യത്തെ കാണാത്ത അജ്ഞതയുടെ മൂർധന്യത്തിലാണ് അമ്പലത്തിനു മുന്നിൽ പോയി നിന്ന് 'എന്നോടിതു ചെയ്തല്ലോ, എനിക്കൊന്നും തന്നില്ലല്ലോ' എന്നു വിലപിക്കുന്നത്.ദേഹത്തിലിരിക്കുന്നതായിട്ടോ, വിട്ടുപോകുന്നതായിട്ടോ, വിഷയങ്ങളെ അനുഭവിക്കുന്നതായിട്ടോ ഉള്ള ജീവനെ ജ്ഞാനദൃഷ്ടിയുള്ളവർ കാണുന്നു. ആത്മശുദ്ധിയില്ലാത്തവർ എത്രതന്നെ പ്രയത്നിച്ചാലും തന്നിൽത്തന്നെയുള്ള ജീവാത്മാവിനെ കാണുന്നില്ല. ജീവാത്മാവ് ഇന്ദ്രിയങ്ങളെയും മനസ്സിനെയും അധിഷ്ഠാനമാക്കി വിഷയങ്ങളെ അനുഭവിക്കുന്നു. നാമാർജിച്ച സംസ്കാരമാകുന്ന മനസ്സ്കാരണമാണ് എല്ലാ ഇന്ദ്രിയങ്ങളും പ്രവർത്തിക്കുന്നത്. ശരികേടാകുന്ന പ്രതലത്തിലൂടെ നോക്കിയാൽ എല്ലാം ശരികേടായേ മനസ്സിലാക്കാനാകൂ. പൂ വിരിയുന്നതു കാണുവാനാകാത്തതാണ് ഇപ്പോൾ നമ്മുടെ കണ്ണ്. മനസ്സിനെ കരുത്തുറ്റതാക്കി ഇന്ദ്രിയങ്ങളെ സൂക്ഷ്മതലങ്ങളിലേക്ക്, പരിശുദ്ധമായവയിലേക്ക് വ്യാപിപ്പിക്കണം. ഏതിലും ശുദ്ധിമാത്രം കാണണം, കേൾക്കണം.

-86-

## ഗീത പറയുന്ന ഭക്തൻ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു

ഹെക്ടറുകണക്കിന് മരം നശിപ്പിച്ചാൽ, മലകൾ മുഴുവൻ വെളുപ്പിച്ചാൽ ഇന്നൊരു ഭക്തനും നോവില്ല. അതിനു പകരം ഒരു വിഗ്രഹം കാണാതായാൽ, അമ്പലത്തിന്റെ കല്ലിളകിയാൽ, ആരെങ്കിലും ഒരു കല്ലെറിഞ്ഞാൽ ആകെ പ്രശ്നമാകും. നാം ഈശ്വരനെ ശബരിമല, ഗുരുവായൂർ, ചോറ്റാനിക്കര തുടങ്ങിയ സ്ഥലങ്ങളിലിരുത്തിയിരിക്കുകയാണ്. ഭഗവാൻ എവിടെയാണെന്ന്, എന്തു

ചെയ്യുന്നുവെന്ന് അറിവില്ലാതെ അമ്പലങ്ങളിലേക്കുള്ള കറക്കം അദ്ദേഹത്തെ അപമാനിക്കലാണ്.ഒന്നൊഴിയാതെ എല്ലാറ്റിന്റെയും കേന്ദ്രത്തിൽ ഞാൻ നിലകൊള്ളുന്നു എന്ന് ഭഗവാൻ പറയുന്നു. ഓർമ്മ, അറിവ്, മറവി എല്ലാം ഭഗവാനാണ്. ജീവിതത്തിലെ വലിയ ദുരന്തങ്ങൾ മറക്കാൻ സഹായിക്കുന്നതും അറിവ് നൽകുന്നതും അത് ഓർത്തുവയ്ക്കുന്നതും ഭഗവദ് അനുഗ്രഹത്താലാണ്. ചിലത് തന്ന്, ചിലത് മാറ്റി നിരന്തരപ്രേരണയായി അത് ഉള്ളിലുണ്ട്. അവനവനെ പഠിച്ചാൽ വിശ്വത്തെ അറിയാം. ഏതൊന്നാണോ ബ്രഹ്മാണ്ഡമായി നിലകൊള്ളുന്നത് അതാണ് പിണ്ഡാണ്ഡമായ നാമോരോരുത്തരും. പക്ഷേ നാം വൃഥാ പുറത്തേക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്.

ഭൂതങ്ങളെല്ലാം നശിക്കുന്നതാണ്, ക്ഷരപുരുഷനാണ്. നാമരൂപങ്ങളുള്ളതാണിവ. എല്ലാറ്റിനെയും മാറാൻ സഹായിച്ചുകൊണ്ട് മാറ്റമില്ലാതെ നിൽക്കുന്ന നാമരൂപരഹിതമായതാണ് അക്ഷരപുരുഷൻ. നശ്വരപ്രപഞ്ചത്തെ അതിവർത്തിച്ച് അക്ഷരത്തേക്കാളും ശ്രേഷ്ഠമായി വർത്തിക്കുന്നതാണ് പുരുഷോത്തമനായ ഭഗവാൻ. അവ്യയനായ ഈ ഈശ്വരൻ മൂന്നു ലോകങ്ങളെയും (നമ്മെ സംബന്ധിച്ച് മൂന്നു ലോകങ്ങളെന്നത് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നു അനുഭവമണ്ഡലങ്ങളാണ്) ആവേശിച്ച് നിലകൊള്ളുന്നു.

സംസാരവൃക്ഷത്തെ ക്ഷരപുരുഷനായും അതിന്റെ ബീജത്തെ അക്ഷരപുരുഷനായും അതിനെയും അതിവർത്തിച്ചു നിൽക്കുന്ന വേരുകൾ ആഴ്ന്നുപോയ ബ്രഹ്മത്തെ പുരുഷോത്തമനായും ഇവിടെ മനസ്സിലാക്കാം. നമുക്കുവേണ്ട എല്ലാ പോഷകങ്ങളെയും ഫലമൂലാദികളിൽനിറയ്ക്കുന്നതും നാം ഭക്ഷിച്ച അവയെ ദഹിപ്പിച്ച് നമുക്കാവശ്യമുള്ളവയെ സ്വാംശീകരിക്കുന്നതും ഭഗവാനാണ്. ജീവശാസ്ത്രപരമായി സസ്യഭോജികളായാണ് നമ്മേ സൃഷ്ടിച്ചിരിക്കുന്നത്. നമ്മുടെ നഖം, പല്ല്, താടിയെല്ല്, ഉമിനീര് ഒന്നും മാംസഭക്ഷണത്തിന് അനുയോജ്യമല്ല. തേജസുറ്റ വാക്കിനും കരുത്തുറ്റ മനസ്സിനുമായാണ് ഓരോ ജീവജാലങ്ങൾക്കും അനുയോജ്യമായ ഭക്ഷണത്തെ ഭഗവാനൊരുക്കിയിരിക്കുന്നത്. ഭക്ഷണം പ്രകൃതിനിശ്ചയത്തിന് വിരുദ്ധമായാൽ അത് ശരീരത്തിലെ ഭഗവാനെ ദ്രോഹിക്കലാകും.

## -87-

### പാകമായ മത്തൻപോലെ ബന്ധനങ്ങൾ വിടുക

പാകമായ മാതള മത്തൻ അതിന്റെ ഞെട്ടിൽനിന്നു വിടുന്നതുപോലെ ബന്ധനങ്ങളിൽനിന്ന് വിടണം. വള്ളിയിൽ നിന്ന് എല്ലാം സ്വീകരിച്ച് പാകത വന്നാൽ സ്വാഭാവികമായി, അല്പംപോലും പ്രയാസമില്ലാതെ മത്തൻ വിട്ടുപോരുന്നു. ചെടിക്കോ ഫലത്തിനോ അതിൽ പരിഭവമില്ല. അതുപോലെ വിശ്വത്തിൽനിന്ന് എല്ലാം സ്വീകരിച്ച്, അറിവിനാൽ പാകതവന്ന നാം വിശ്വത്തെ, ലോകബന്ധത്തെ ഉപേക്ഷിക്കുക. ഇതാണ് മൃത്യുഞ്ജയ മഹാമന്ത്രം. ഇതിലൂടെ സിദ്ധമായതാണ് അഭയം. ഒന്നിനെക്കുറിച്ചും പേടിയില്ലാതിരിക്കുക.

അഭയം, മനഃശുദ്ധി, ജ്ഞാനയോഗത്തിലുള്ള നിഷ്ഠ, ദാനം, ഇന്ദ്രിയ നിഗ്രഹം, യജ്ഞം (ലോക സേവനം), പഠനം, ആർജ്ജവം, അഹിംസ, സത്യം, ക്രോധമില്ലായ്മ, ത്യാഗം, ശാന്തി, പരദോഷം പറയാതിരിക്കൽ, ഭൂതദയ, ആശയില്ലായ്മ, മാർദവം, ലജ്ജ, ചാപല്യമില്ലായ്മ, തേജസ്സ്, ക്ഷമ, ധൈര്യം, ശുചിത്വം, ദ്രോഹമില്ലായ്മ, ഞാനെന്ന ഭാവമില്ലായ്മ ഇതൊക്കെ ദൈവിക ഗുണങ്ങളാണ്.

ഇതിൽ ഉറച്ചു നിൽക്കൽ (നിഷ്ഠ) അങ്ങേയറ്റം പ്രകൃത്യാനുസാരിയാകണം. ദാനം ഇത് എൻേറതല്ല, ജഗദീശ്വരൻേറതാണ്. ഞാനൊരു ഉപാധിമാത്രം. ഇതിനവസരം കിട്ടിയതിന് നന്ദി എന്ന ഭാവത്തിലാണ് നൽകേണ്ടത്. കൊടുക്കുന്നവനല്ല, വാങ്ങുന്നവനാണ് ഭാരതീയ പാരമ്പര്യത്തിൽ ശ്രേഷ്ഠൻ. ദ്രോഹിക്കാതിരിക്കലാണ് മഹത്തായ ദാനം. ശരീരംകൊണ്ടോ മനസ്സുകൊണ്ടോ, എന്തെങ്കിലും കൊടുത്തോ ദ്രോഹിക്കാം. നമ്മുടെ പല ദാനങ്ങളും ദ്രോഹമാണ്. എക്കാലവും മറ്റൊരാളെ കൈനീട്ടി നിർത്തിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഏറ്റവും നല്ലത്, ആവശ്യമുള്ളത് ആണ് ദാനമായി നൽകേണ്ടത്.

ഇന്ദ്രിയ നിഗ്രഹം കെട്ടിയിടലോ അഴിച്ചുവിടലോ അല്ല, അറിയലാണ്. ദേഷ്യം വരുമ്പോൾ ദേഷ്യം വന്നു എന്നറിയുക. സത്യം ഉള്ളതിനെ നല്ലവണ്ണം പ്രകാശിപ്പിക്കലാണ്. ദയ എല്ലാ ജീവജാലങ്ങളും തൻെറ തന്നെ മറ്റൊരു രൂപമാണെന്നറിയലാണ്.

## -88-

### അസുരഗുണങ്ങൾ; നരകജീവിതം

ദേവഗുണങ്ങൾ മോക്ഷത്തിനും അസുരഗുണങ്ങൾ ബന്ധനത്തിനും ഹേതുവാകുന്നു. ഇന്ദ്രിയങ്ങളും ഇന്ദ്രിയവിഷയങ്ങളും സത്യമെന്നു കരുതി അതിൽ രമിക്കുന്നവരാണ് അസുരർ. അവരുടെ മനസ്സ് പല പല വ്യാപാരങ്ങളിലേർപ്പെട്ട് ഒന്നിലും ശാന്തികിട്ടാതെ, തെറ്റിദ്ധാരണകളാകുന്ന വലയിൽ കുടുങ്ങി, ഇന്ദ്രിയസുഖാനുഭവങ്ങളിൽ മുഴുകി, നിന്ദ്യമായ നരകത്തിൽ ചെന്നുവീഴുന്നു. നരകം ഭൂമിയിൽ നിന്നന്യമായ വേറേതോ ലോകമാണെന്നു കരുതരുത്. മനുഷ്യർ എവിടെ ദുഃഖമനുഭവിക്കുന്നുവോ അതാണ് നരകം. ആത്മാവിനെ നശിപ്പിക്കുന്ന, അറിയാതിരിക്കാൻ കാരണമാകുന്ന കാമം, ക്രോധം, അത്യാഗ്രഹം ഇവ മൂന്നും നരകത്തിലേക്കുള്ള വാതിലുകളാണ്. അതിനാൽ അവ ഉപേക്ഷിക്കണം.

അസുരപ്രകൃതികൾക്ക് എന്ത് ചെയ്യണം, എന്ത് ചെയ്യാതിരിക്കണം എന്നറിയില്ല. ശുചിത്വമില്ല, സത്യമില്ല, എങ്ങനെ പെരുമാറണം, എന്തു പറയണം തുടങ്ങിയ ആചാരങ്ങളുമില്ല. അവർക്ക് സ്വന്തം പരിമിതികൾ അറിയില്ല. പരിമിതികൾ അറിഞ്ഞ് അതിനെ അതിവർത്തിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. അതിനുപകരം ചുറ്റുപാടുകളെയോ വിധിയെയോ ശപിക്കലല്ല. അസുരഗുണമാർന്നവർ ഈ ലോകം അസത്യമാണ്, അതിന് അടിസ്ഥാനമില്ല, ഈശ്വരനുമില്ല, അന്യോന്യ പാരസ്പര്യമില്ല, ഹേതു ആഗ്രഹം മാത്രമാണ്, വേറൊന്നുമില്ല എന്നെല്ലാം കരുതുന്നു. ഈ അല്പബുദ്ധികൾ ഒരാൾക്കും ഹിതം വരാത്ത, സർവജീവജാലങ്ങളെയും ശത്രുക്കളായി കാണുന്ന ക്രൂരകർമങ്ങൾ ചെയ്യുന്നു. ലോകത്തെ നശിപ്പിക്കുന്നു.മതിവരാത്ത ആഗ്രഹങ്ങളാൽ ദംഭം മാനം മദം എന്നിവയോടുകൂടി അന്യായമായ പ്രവൃത്തികൾ ചെയ്യുന്നു. അന്യായമായി ധനം സമ്പാദിക്കാൻ ശ്രമിക്കുന്നു.ഞാനിതു ചെയ്തു, ഞാൻ നേടി, എനിക്കിത്ര ഉണ്ട്, ശത്രുക്കളെ വകവരുത്തി, ഞാൻ കേമനാണ്, ഞാൻ സുഖിക്കും, ഞാൻ ദാനം ചെയ്യും, യജ്ഞം ചെയ്യും എന്നിങ്ങനെ പണത്തിൻെറയും സ്ഥാനത്തിൻെറയും ദുരഭിമാനത്തിൻെറയും ഫലത്തിൽ അവർ കരുതുന്നു. ഇതെല്ലാം നമ്മെത്തന്നെ അളക്കാനുള്ളതാണ്. ഇവയുമായി മറ്റൊരാളെ നോക്കിയാൽ നാമും ഇതിൻെറ ഭാഗമായി. ഇത്തരം അജ്ഞാനികളോട് ക്രൂരത പ്രവർത്തിക്കുന്നവരോട് പകരം ചോദിക്കണം, കനത്ത ശിക്ഷ നൽകണം എന്ന് കരുതുന്നതും അസുരപ്രകൃതിയാണ്. അവരെ ജ്ഞാനമാർഗത്തിലേക്കെത്തിക്കാനുള്ള വഴികളാണ് ഗീതാ വിദ്യാർത്ഥി ചെയ്യേണ്ടത്.

## -89-

## ശാസ്ത്രം പ്രമാണമായിരിക്കട്ടെ

നമ്മുടെ ഏതു ചെയ്തികൾക്കും ശാസ്ത്രം പ്രമാണമായിരിക്കട്ടെ. ശാസ്ത്രവിധിയെ ഉപേക്ഷിച്ച് തനിക്ക് തോന്നിയവണ്ണം പ്രവർത്തിക്കുന്നവർക്ക് പരമമായ ഗതിയോ സുഖമോ ലഭിക്കില്ല. ഒരു മനുഷ്യൻ ഏതൊക്കെ വഴിയിലൂടെയൊക്കെയാണോ സഞ്ചരിക്കുന്നത് അവയിലൊക്കെ വ്യക്തമായ ദിശാബോധം നൽകാൻ കഴിവുള്ള ശാസ്ത്രമാണ് ഭാരതീയ സംസ്കാരത്തിൻേറത്. ഒരു കുഞ്ഞിൻെറ ജനനത്തിനു മുമ്പുമുതൽ മരണത്തിനു ശേഷം വരെ ചെയ്യേണ്ട എല്ലാ കാര്യങ്ങളും വള്ളിപുള്ളി വിസർഗം വിടാതെ ഭാരതീയശാസ്ത്രങ്ങൾ പറഞ്ഞുവച്ചിട്ടുണ്ട്. തപസ്സിൽ നിന്നാണ് ഭാരതീയ സംസ്കാരത്തിൽ എല്ലാം ഉണ്ടാകുന്നത്. സ്ത്രീ അനുയോജ്യനായ വരനെ വരിക്കുന്നത് തപസ്സിലൂടെയാണ്. സന്താനത്തെ ജനിപ്പിക്കുന്നത് തപസ്സിലൂടെയാണ്. എപ്പോഴാണ് വിവാഹിതരാകേണ്ടത്, എങ്ങനെയായിരിക്കണം ദാമ്പത്യജീവിതം, ഗർഭകാലം എങ്ങനെ ചെലവഴിക്കണം, കുട്ടിക്ക് എങ്ങനെ പേരിടണം, ഭക്ഷണം നൽകണം, വിദ്യാഭ്യാസം നൽകണം, മരണത്തെ എങ്ങനെ കാണണം, മരണാനന്തരം എന്തുചെയ്യണം, വീട് എങ്ങനെ പണിയണം, മറ്റുള്ളവരോട് എങ്ങനെ പെരുമാറണം - എല്ലാം ഭാരതീയ ശാസ്ത്രത്തിലുണ്ട്. പ്രകൃതി മുഴുവൻ ഒന്നിനായി തയ്യാറാകുമ്പോഴാണ് നാം ആ കർമം ചെയ്യേണ്ടത്. അല്ലെങ്കിൽ പ്രകൃതിക്കപരിചിതനാകും.

ഉപദേശം കൊണ്ട് നമ്മെ മുകളിലേക്ക് കൊണ്ടുപോകുന്നതാണ് ശാസ്ത്രം. ഒരു ഗ്രന്ഥവും കിട്ടിയില്ലെങ്കിൽ ഉള്ളിലേക്ക് തിരിച്ച് ധ്യാനാവസ്ഥയിൽ അന്വേഷിച്ചാൽ ശരിയായ ഉത്തരം കിട്ടും. അത്തരം കർമങ്ങൾ ഒരിക്കലും അപരന് ബുദ്ധിമുട്ടുണ്ടാക്കുന്നതായിരിക്കുകയില്ല. സ്വശരീരത്തെ, മനസ്സിനെ, ചുറ്റുപാടുകളെ, മറ്റു ജീവികളെ പീഡിപ്പിച്ചുകൊണ്ടല്ല ഈശ്വര സാക്ഷാത്കാരം തേടേണ്ടത്. അവിവേകികൾ ശാസ്ത്രവിധിപ്രകാരമല്ലാത്ത ഭയങ്കരമായ തപസ്സുകൾ കൊണ്ട് ശരീരത്തിലെ ഭൂതങ്ങളെയും അന്തരാത്മാവിലെ ഭഗവാനെയും പീഡിപ്പിക്കുന്നു. നാരങ്ങാവിളക്ക് കത്തിക്കാനോ, ശൂലം തറച്ചു കയറ്റാനോ, തല വെട്ടിപ്പൊളിക്കാനോ, കോഴിയെ വെട്ടാനോ ഒന്നും ഒരു ശാസ്ത്രവും പറയുന്നില്ല.ഒരാളുടെ ശ്രദ്ധ തന്നെയാണ് അയാളുടെ പ്രകൃതം. ശ്രദ്ധ സംസ്കാരത്തെ അനുസരിച്ചിരിക്കും. സാത്വിക ശ്രദ്ധയുള്ളവർ ചൈതന്യത്തെ പൂജിക്കുന്നു. വനവത്കരണവും നദീശുദ്ധീകരണവുമൊക്കെ അങ്ങനെ ദേവപൂജയാണ്.

രജോഗുണപ്രധാനികൾ യക്ഷ രക്ഷസ ഭാവങ്ങളെയും തമോഗുണികൾ ഭൂതപ്രേതാദികളെയും (ഭയത്തെ) ആരാധിക്കുന്നു. എന്തിലാണോ ശ്രദ്ധയുള്ളത് അത് ലഭിക്കുകയും ചെയ്യും.

## -90-

## ഉച്ഛിഷ്ടം പങ്കുവയ്ക്കുന്നതല്ല ദാമ്പത്യത്തിൻെറ കരുത്ത്

ദാമ്പത്യത്തിൻെറ കരുത്ത് ഉച്ഛിഷ്ടം പങ്കുവയ്ക്കുന്നതിലല്ല. ഭർത്താവിൻെറ എച്ചിൽ ഭാര്യ കഴിക്കണമെന്ന് ഒരു ശാസ്ത്രവും പറയുന്നില്ല. ഭക്ഷണം കഴിക്കാൻ ഭർത്താവിൻെറ സമയം കാത്തിരിക്കുകയുമരുത്. ഓരോരുത്തർക്കും വിശക്കുമ്പോൾ കഴിക്കണം. അല്ലാഞ്ഞാൽ വൈശ്വാനരനായ ഭഗവാനെ അപമാനിക്കലാകും.

ഉച്ഛിഷ്ടം (ഈച്ച വന്നിരുന്നാൽ മതി, പിന്നെ അത് ഈച്ചയുടെ ഉച്ഛിഷ്ടമാകും), തണുത്താറിയ ഭക്ഷണം, സ്വാദുപോയ, ദുർഗന്ധമുള്ള, കെട്ട ഭക്ഷണം ഇതൊക്കെ അമേദ്യമാണ്, അശുദ്ധമായതാണ്. താമസഗുണമുള്ളവരാണ് ഇതു കഴിക്കുക. ദുഃഖത്തേയും രോഗത്തേയും മോഹത്തേയും ഉണ്ടാക്കുന്ന എരിവും പുളിയും ഉപ്പും ചൂടും അധികരിച്ച കൊഴുപ്പൊന്നുമില്ലാത്ത ഭക്ഷണമാണ് രാജസന്മാർക്ക് പ്രിയം.

ആയുസ്സ്, ഓജസ്സ്, ബലം, ആരോഗ്യം, സുഖം, തൃപ്തി ഇവയെ വർധിപ്പിക്കുന്ന കൊഴുപ്പുള്ള, സ്വാദുള്ള മാംസപുഷ്ടിയുണ്ടാക്കുന്ന ഹൃദ്യമായ ഭക്ഷണമാണ് സാത്വികന്മാർക്ക് പ്രിയം. ഭക്ഷണമായി മുന്നിൽ വന്നതിൻെറ ആരംഭം മുതൽ അറിയാവുന്നവയാകും അവ. ഈ ഗുണങ്ങളെല്ലാം ഇലക്കറികളിലും പഴവർഗങ്ങളിലുമേ ഉള്ളൂ. ഭക്ഷണമാണ് നമ്മുടെ എല്ലാ സ്വഭാവഗുണങ്ങളേയും സ്വാധീനിക്കുന്നത്. വളിച്ച ഭക്ഷണം കഴിച്ചാൽ വളിച്ച ചിന്തയേ വരൂ.

മനസ്സിനെ ഉറപ്പിച്ച് വിധിപ്രകാരമുള്ള കർമം ഇന്നത് കിട്ടണം എന്ന ഇച്ഛയില്ലാതെ, ചെയ്യാൻ കഴിഞ്ഞല്ലോ എന്ന സംതൃപ്തിയോടെ ചെയ്യുന്നതാണ് സാത്വികയജ്ഞം. പ്രയോജനത്തെ ഉദ്ദേശിച്ചോ സ്വമഹത്വം കാണിക്കുന്നതിനോ ഉള്ള യജ്ഞങ്ങൾ രാജസമാണ്. ശാസ്ത്രവിധിയില്ലാതെ, അന്നദാനമില്ലാതെ, മന്ത്രമില്ലാതെ, ശ്രദ്ധയില്ലാതെ, ദക്ഷിണ കൂടാതെ കർമം ചെയ്യുക തമോഗുണികളാണ്.

ദേവന്മാരെ, ദ്വിജന്മാരെ, ഗുരുവിനെ പൂജിക്കൽ (അവരുടെ സാന്നിധ്യം അനുഭവിക്കൽ) ശുചിത്വം, വക്രതയില്ലായ്മ, ബ്രഹ്മമാർഗത്തിൽ ചരിക്കൽ, അഹിംസ ഇവയൊക്കെ ശാരീരികമായ തപസ്സാണ്. ആരേയും ക്ഷോഭിപ്പിക്കാത്തതും സത്യവും പ്രിയവുമായതും ആലോചിച്ചുറപ്പിച്ചതുമായ സംസാരം വാങ്മയമായ തപസ്സാണ്. 'ആലോചിക്കാതെ പറഞ്ഞതാണ് ക്ഷമിക്കണം' എന്ന് ഒരിക്കലും പറയാനിട വരരുത്. ആരുടെയും മനസ്സിനെ വാക്കുകൊണ്ട് മുറിപ്പെടുത്തരുത്. മനഃശാന്തി, സൗമ്യത്വം, മൗനം, മനസ്സിൻെറ അടക്കം, സ്വഭാവ സംശുദ്ധി ഇവയെല്ലാം മനസ്സിൻെറ തപസ്സാണ്.

**-91-**

## ദാനം ദേശകാല പാത്രമനുസരിച്ച്

**ഇ**ത് കൊടുക്കേണ്ടത് എൻെറ കർത്തവ്യമാണ് എന്നു കരുതി, തിരിച്ചെന്തെങ്കിലും ചെയ്യാൻ കഴിവില്ലാത്തവന് ശരിയായ സ്ഥലത്തും കാലത്തും നൽകുന്ന ദാനം സാത്വികമാണ്. ശരിയായ പാത്രത്തിലാകണം, അർഹതയുള്ളവർക്കാകണം ദാനം. നാം നൽകുന്ന സമ്മാനങ്ങളും സംഭാവനകളുമൊക്കെ ദാനമാണ്. പല സംഭാവനകളും നാം പേടിച്ചിട്ടാണ് കൊടുക്കുന്നത്. മിമിക്സ് പരേഡ്, ഗാനമേള തുടങ്ങിയ പരിപാടികളുമായി വരുന്ന ക്ഷേത്രകമ്മിറ്റിക്കാർക്ക് പത്തുപൈസ കൊടുക്കരുത്. അതെല്ലാം ക്ഷേത്രസംസ്കാരത്തെ ഇല്ലാതാക്കുന്നതാണ്. ആനപ്പരിപാടിക്കും കൊടുക്കരുത്. ഭഗവാൻെറ വീടായ, ഉദ്യാനമായ കാട്ടിൽ സ്വൈരവിഹാരം നടത്തിയിരുന്ന അവയെ കുഴിയിൽച്ചാടിച്ച്, കൂട്ടിലടച്ച് പീഡിപ്പിച്ച് നടയ്ക്കുവക്കുന്നത് സാത്വികമാണെന്ന് കരുതരുത്. ഓടുന്ന വാഹനത്തിൽനിന്ന് ആരാധനാലയങ്ങളിലേക്ക് പണം എറിയുന്നതും ശ്രദ്ധയില്ലാതെയുള്ള ദാനമാണ്. അനാവശ്യമായും അർഹതയില്ലാതെയും ധനം വരുമ്പോഴാണ് ആരാധനാലയങ്ങളിൽ പോലും കളവും അഴിമതിയും നടക്കുന്നത്.

പ്രത്യുപകാരമോ ഫലമോ ഉദ്ദേശിച്ചോ വളരെ ബുദ്ധിമുട്ടിയോ നൽകുന്ന ദാനം രാജസമാണ്. വേണ്ടസമയത്തും വേണ്ടസ്ഥലത്തുമല്ലാതെ അനർഹർക്ക് ബഹുമാനമില്ലൊതെയും നിന്ദയോടുകൂടിയും കൊടുക്കുന്ന ദാനം താമസമാണ്.

ഒരാശക്ക് എന്തെങ്കിലും കൊടുക്കാമെന്നുപറഞ്ഞ് പത്തുവട്ടം നടത്തിക്കുന്നത് നിന്ദ്യയാണ്. വാങ്ങുന്നയാളോട് ആദരവുകാട്ടണം. അന്യരെ ദ്രോഹിക്കാനും സ്വയം പീഡിപ്പിച്ചും ചെയ്യുന്ന തപസ്സും താമസമാണ്. മൂഢതയിൽ എന്തിനെന്നില്ലാതെ പലതുംചെയ്യുന്ന താമസരുടെ മറ്റൊരു ലക്ഷണം സംശയമാണ്.സത്കാരം, മാനം, പൂജ ഇവയ്ക്കുവേണ്ടി, അഹന്തകാണിക്കാനായി ചെയ്യുന്ന രാജസമായ തപസ്സിനും ഈലോകത്ത് നിലനില്പില്ല. ഫലേച്ഛയില്ലാതെ അതീവ ശ്രദ്ധയോടെ ചെയ്യുന്ന തപസ്സാണ് സാത്വികം.

## -92-

### ശ്രദ്ധയില്ലാതെ ചെയ്യുന്നതെല്ലാം അസദ്

ശ്രദ്ധയില്ലാതെ ചെയ്യുന്ന കർമ്മങ്ങളെല്ലാം അസദ് ആണ്. അതുകൊണ്ട് ഇഹത്തിലും പരത്തിലും സുഖത്തിന് കാരണമാകില്ല. കർമ്മം ചെയ്യുന്ന സമയത്തും ശാന്തി കിട്ടില്ല. അതിനു ശേഷവും ശാന്തി കിട്ടില്ല. തപസ്സും യജ്ഞവും ദാനവുമെല്ലാം ശ്രദ്ധയില്ലാതെ ചെയ്താൽ ഈ അവസ്ഥയാണുണ്ടാവുക.ഏത് കർമ്മവും ഓം, തത്, സത് എന്നീ പദങ്ങളിലേതെങ്കിലും ചേർത്ത് അനുഷ്ഠിച്ചാൽ സാത്വികമാകും. ബ്രഹ്മത്തിനെ ഈ മൂന്നു ശബ്ദങ്ങൾ കൊണ്ടാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിനാലാണ് ബ്രാഹ്മണരേയും യജ്ഞങ്ങളേയും വേദങ്ങളേയുമൊക്കെ നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് ബ്രഹ്മജ്ഞാനികൾ യജ്ഞം, ദാനം, തപസ്സ് തുടങ്ങിയ ക്രിയകളൊക്കെ പ്രണവത്തേയും (ഓം) ചേർത്ത് ഉച്ചരിച്ച് പ്രവർത്തിക്കുന്നു. പ്രണവധ്യാനത്തിലാണ്, ആ സങ്കല്പത്തിലാണ് നാം എന്തും എടുക്കേണ്ടതും കൊടുക്കേണ്ടതും പ്രവർത്തിക്കേണ്ടതും. പ്രണവം എല്ലാറ്റിനേയും പവിത്രീകരിക്കുന്നു.

മോക്ഷേച്ഛുക്കൾ പല പ്രകാരത്തിലുള്ള ക്രിയകളൊക്കെ ഫലം ഇച്ഛിക്കാതെ തത് എന്നു പറഞ്ഞ് ചെയ്യുന്നു. നാം ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്തായാലും നമ്മുടെ സ്വാർത്ഥതാല്പര്യങ്ങളൊക്കെ മാറ്റി കർമ്മങ്ങളെ ഈ ശബ്ദങ്ങൾ പവിത്രീകരിക്കുന്നു. ഫലേച്ഛ കൂടാതെയുള്ള ജീവിതം എന്നത് ദരിദ്രവാസിയായിരിക്കണം എന്നല്ല. എല്ലാ അനുഭവങ്ങളെയും ഒരുപോലെ സ്വീകരിക്കണം എന്നാണ്. ഒന്നിനോടും പ്രത്യേക മമതയോ ദ്വേഷമോ പാടില്ല. രാജകൊട്ടാരത്തിലെ ജീവിതമാണ് വന്നുചേരുന്നതെങ്കിൽ പൂർണതൃപ്തിയോടെ അതനുഭവിക്കുക. വസ്ത്രം പോലുമില്ലാതെ മരച്ചുവട്ടിലെ ജീവിതമാണ് വന്നുചേരുന്നതെങ്കിൽ പൂർണതൃപ്തിയോടെ അതും അനുഭവിക്കുക. ഒന്നും നേടുമ്പോഴോ നഷ്ടപ്പെടുമ്പോഴോ അതുമായി താദാത്മ്യം പ്രാപിക്കരുത്. ഈ അറിവിൽ ഏതു പദാർത്ഥങ്ങളും നമുക്ക് വിനിമയം ചെയ്യാം, അനുഭവിക്കാം.

വാസ്തവമെന്ന ഭാവത്തിലും നല്ലതെന്ന ഭാവത്തിലുമാണ് സദ് എന്ന വാചകത്തെ ഉപയോഗിക്കുന്നത്. യജ്ഞതപദാനാദികളിലുള്ള നിഷ്ഠയും അവയെ സംബന്ധിച്ച കർമ്മവും സദ് ആണ്. മൂന്നു കാലത്തിലും നിലനിൽക്കുന്ന ഒന്നിന്റെ പ്രതീകം വിശ്വത്തിൽ നിന്നെടുത്ത് കൊടുക്കുന്നു. ഇവിടെ അതു മാത്രമേയുള്ള. ഞാൻ ഉപാധി മാത്രം എന്നതാണ് ദാനത്തിൽ ജ്ഞാനിയുടെ ഭാവം. അജ്ഞാനിയാകട്ടെ ഞാനിത്ര കൊടുത്തു, ഞാനിതു കൊടുത്തു എന്നെല്ലാം അഹങ്കാരത്തോടെ കരുതുന്നു. അതുകൊണ്ട് കൊടുക്കുന്നവനും വാങ്ങുന്നവനും പ്രയോജനമുണ്ടാകുന്നില്ല.

## -93-

## യുദ്ധത്തെ വെറുക്കുന്നവർ യുദ്ധത്തെ സ്നേഹിക്കുന്നുണ്ട്

**യു**ദ്ധത്തെ വെറുക്കുന്നവർ യുദ്ധത്തെ സ്നേഹിക്കുന്നുമുണ്ട്. ഉള്ളിൽ യുദ്ധമുള്ളതുകൊണ്ടാണ് നാം പുറമെ എതിർക്കുന്നത്. നാം എതിർക്കാൻ ശ്രമിക്കുന്നതെന്തായാലും ഇരട്ടി ശക്തിയിൽ ഉള്ളിലുണ്ടാകും. സമദർശി ഒന്നിനും എതിരല്ല. സത്വഗുണപ്രധാനിയായ ത്യാഗി മംഗളമല്ലാത്ത കർമ്മങ്ങളെ എതിർക്കുന്നില്ല. അയാൾ മംഗളകർമത്തിൽ ബന്ധിതനാകുന്നുമില്ല. സേവിച്ചേ അടങ്ങൂ എന്ന വാശിയും ബന്ധനമാണ്. കീർത്തിയോ മറ്റെന്തെങ്കിലുമോ അവർ ഫലമായി കാംക്ഷിക്കുന്നുണ്ട്.

ചെയ്യേണ്ട എല്ലാ കർമങ്ങളും ചെയ്യേണ്ടത് തന്നെയാണ് എന്ന വിചാരത്തിൽ കർമത്തിലുള്ള സംഗത്തെ, ഫലത്തെ ഉപേക്ഷിച്ച് ചെയ്യണം. എന്നെ ചെയ്യാൻ തിരഞ്ഞെടുത്തിരിക്കുന്നു, ഇത് എൻെറ അവസരമാണ് എന്ന വിചാരമാണ് വേണ്ടത്. അല്ലാതെ കഷ്ടപ്പാട് എന്നു കരുതരുത്. ശരീരത്തെ ക്ലേശിപ്പിക്കുമെന്ന ഭയംകൊണ്ട്, ദുഃഖകരമെന്നു കരുതി കർമത്തെ ത്യജിക്കുന്നത് രാജസമായത്യാഗമാണ്. ഗുണകരമല്ല. അവശ്യം ചെയ്യേണ്ടതായ കർമത്തിൻെറ സന്യാസം ഒരിക്കലും യുക്തമല്ല. ഭാര്യയേയും കുട്ടിയേയും ഉപേക്ഷിച്ച് സന്യാസത്തിനു പുറപ്പെടരുത്. അജ്ഞാനത്തിൽ നിന്നുള്ള അത്തരം പരിത്യാഗങ്ങൾ താമസമാണ്. സന്യാസിക്ക് പ്രണവം ജപിക്കുമ്പോൾ കിട്ടുന്ന ആനന്ദം അറിവിൻെറ നിറവിൽ കറിക്കരിയുമ്പോൾ തന്നെ കിട്ടും എന്ന് പരോക്ഷമായി ഭഗവാൻ സൂചിപ്പിക്കുന്നു. ഒന്നും മാറ്റിവെച്ച് നേടേണ്ടതല്ല സന്യാസം.ഫലപ്രതീക്ഷയുള്ള കർമങ്ങളുടെ ഉപേക്ഷയാണ് സന്യാസം. എല്ലാ കർമങ്ങളുടേയും ഫലത്തെ ഉപേക്ഷിക്കലാണ് ത്യാഗം. രണ്ടും ഫലത്തിൽ ഒന്നുതന്നെ. യജ്ഞദാനതപകർമങ്ങൾ ത്യജിക്കാൻ പാടില്ല. കർമങ്ങളെല്ലാം യജ്ഞമാക്കിയാൽ എന്താണ് ഒഴിവാക്കേണ്ടത്? ഈ ലോകത്ത് എൻേറത് എന്നു പറയാൻ ഒന്നുമില്ലാത്തപ്പോൾ, ഇദംസർവം ഈശാവാസ്യം എന്ന അറിവിൽ ത്യജിക്കാൻ ഒന്നുമില്ല.ചെയ്യേണ്ട കർമങ്ങൾ - യജ്ഞദാനതപകർമങ്ങൾ പോലും സംഗവും ഫലവും കൂടാതെ ചെയ്യേണ്ടതാണ്. ആകാശത്തിൽ പാടുകൾ വീഴ്ത്താതെ പക്ഷികൾ പറക്കുന്നത് പോലെയാകണം കർമങ്ങൾ. അല്ലെങ്കിൽ ആയിരം പശുക്കൾക്കിടയിൽ കിടാവ് തൻെറ തള്ളയെ കണ്ടുപിടിക്കുന്നതുപോലെ കർമഫലം നമ്മെത്തേടിവരും.

## -94-

## കൊന്നാലും കൊല്ലുന്നില്ല

**ഞാ**ൻ ചെയ്യുവനാണ് എന്ന ഭാവമില്ലാത്ത, ബുദ്ധി ഫലാകാംക്ഷയിൽ പറ്റിപ്പിടിക്കാത്ത ഒരുവൻ ലോകത്തെ മുഴുവൻ കൊന്നാലും അവൻ കൊല്ലുന്നില്ലെന്ന് ഭഗവാൻ പറയുന്നു. ഒരു പ്രകാരത്തിലും ആ കർമ്മം അവനെ ബന്ധിക്കുന്നില്ല. അവനങ്ങിനെ സച്ചിദാനന്ദം ലക്ഷണമായി ഇരിക്കുന്നു. അവനിൽ ഒരിക്കലും ഒരപ്രിയവും ഇല്ല. അതുകൊണ്ട് അവൻെറ കർമ്മങ്ങൾ ലോകത്തിന് അപ്രിയത്തെ ഉണ്ടാക്കുന്നില്ല. പ്രിയവുമുണ്ടാക്കുന്നില്ല. പ്രിയമുണ്ടെങ്കിൽ അവിടെ അപ്രിയവുമുണ്ട്. അറിവ്, അറിയേണ്ടത്, അറിയുന്നവൻ ഇതു മൂന്നുമാണ് കർമ്മത്തിൻെറ പ്രേരണ. നാമെന്തു ചെയ്യുമ്പോഴും ആരെ സഹായിക്കുമ്പോഴും ഉപദ്രവിക്കുമ്പോഴും അതിൻെറ പ്രേരണയെന്തെന്ന് അറിയണം. പ്രേരണ അറിഞ്ഞാൽ നമ്മുടെ പ്രവൃത്തികളിൽ ഉറപ്പുണ്ടാകും. ആർക്കും ഇളക്കാൻ കഴിയില്ല.

ശരീരമുള്ളവന്‍ കര്‍മ്മങ്ങള്‍ മുഴുവനായി ത്യജിക്കാന്‍ സാധ്യമല്ല. കര്‍മ്മഫലത്തെ ത്യജിക്കുന്നവനാണ്‍ ശരിയായ ത്യാഗി. ഫലത്തോടുള്ള സമീപനത്തിലാണ്‍ മാറ്റം വരേണ്ടത്‍. കര്‍മ്മത്തിന്‍ ഇഷ്ടം, അനിഷ്ടം, സമ്മിശ്രം എന്നിങ്ങനെ മൂന്നുതരത്തിലാണ്‍ ത്യാഗികളല്ലാത്തവര്‍ക്ക്‍ ഫലം ലഭിക്കുക. ഈ മൂന്നുതരത്തില്‍ അവര്‍ ലോകത്തെ അനുഭവിക്കും. സന്ന്യാസിക്ക്‍ ഇഹത്തിലും പരത്തിലും (ഒരിടത്തും) ഇവ മൂന്നുമില്ല.

എല്ലാ കര്‍മ്മങ്ങള്‍ക്കും അഞ്ച്‍ കാരണങ്ങളുണ്ട്‍. അധിഷ്ഠാനം (ഇരിപ്പിടം), കര്‍ത്താവ്‍ (വ്യക്തിബോധം), ജ്ഞാന - കര്‍മ്മേന്ദ്രിയങ്ങള്‍, വിവിധ ചേഷ്ടകള്‍, ദൈവം (പ്രകൃതിശക്തി) ഇവയാണ്‍ കാരണങ്ങള്‍. മനുഷ്യന്‍, ശരീരം, വാക്ക്‍, മനസ്സ്‍ എന്നിവകൊണ്ട്‍ ന്യായമായോ, അന്യായമായോ ഏതു കര്‍മ്മം ചെയ്യുന്നതിനും ഈ അഞ്ചാണ്‍ കാരണം. യാഥാര്‍ത്‍ഥ്യം ഇതായിരിക്കെ തന്നെ കര്‍ത്താവായി കാണുന്നവന്‍ സംസ്കാരശൂന്യമായ ബുദ്ധികൊണ്ട്‍ സത്യത്തെ കാണുന്നില്ല. അവന്‍ തന്റെ ശേഷി, തന്റെ ശേഷി, താന്‍ നേടി, താന്‍ അനുഭവിക്കുന്നു എന്നൊക്കെ കരുതുന്നു. ദുര്യോധനന്‍ ഈ ഭാവമാണുള്ളത്‍.ദുര്യോധനന്‍ ചിന്താശൂന്യനാണ്‍. ഭഗവാന്‍ ചിന്താരഹിതനും. അതുകൊണ്ട്‍ യുദ്ധം രണ്ടുപേര്‍ക്കും പ്രശ്നമല്ല. അര്‍ജ്ജുനന്‍ ഒരുപാട്‍ ചിന്തകളുണ്ട്‍. നടുക്കാണ്‍ നില്പ്‍. ഒന്നുകില്‍ താഴേയ്ക്ക്‍, ദുര്യോധനന്റെ അജ്ഞാനത്തിലേക്ക്‍ വീഴാം. പക്ഷേ, പറ്റില്ല. ഭഗവാന്റെ അവസ്ഥയിലേക്ക്‍ ഉയരുക മാത്രമാണ്‍ അന്വേഷണം ആരംഭിച്ചവരുടെ വഴി.

## 95

## സാത്വികമായ അറിവ്‍

വിഭജിക്കപ്പെട്ട (വെവ്വേറെയായ) എല്ലാ സൃഷ്ടികളിലും വിഭജിക്കപ്പെടാത്തതായി ഏകമായി നാശമില്ലാത്തതായി ആത്മസത്തയെ കാണാന്‍ കാരണമാകുന്ന അറിവാണ്‍ സാത്വികം. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചമഹാ ഭൂതങ്ങളുടെ വ്യത്യസ്ത അനുപാതത്തിലുള്ള ചേര്‍ച്ചയാണ്‍ ഈ വിശ്വത്തിലെല്ലാം. ഏതിലും ഇതഞ്ചുമാണുള്ളത്‍. എവിടെ നോക്കിയാലും ഇത്‍ മാത്രമെന്നറിഞ്ഞ ധീരന്‍ അതുകൊണ്ടുതന്നെ മോഹിക്കുന്നില്ല. എല്ലാ വൈവിധ്യങ്ങളിലും അതിനൊക്കെ നിദാനമായി നിലകൊള്ളുന്ന സദ്‍വസ്തുവിനെ ദര്‍ശിക്കാനാകണം.

സകലഭൂതങ്ങളിലും വെവ്വേറെയായുള്ള ഭാവങ്ങളെ വെവ്വേറെയായി അറിയുന്നതാണ്‍ രാജസമായ അറിവ്‍. വിശ്വത്തെ കോര്‍ത്ത ചരട്‍ ഇവിടെ കാണുന്നില്ല.

കവിയും കച്ചവടക്കാരനും ഒരു പുഷ്പത്തെ വെവ്വേറെയായി കാണുന്നപോലെ ഇവിടെ പലതരം അറിവുള്ളവര്‍ പലപ്രകാരത്തില്‍ വിശ്വത്തെ കാണുന്നു.

ഒറ്റക്കാര്യത്തില്‍മാത്രം മുറുകെ പിടിക്കുന്ന യുക്തിക്ക്‍ നിരക്കാത്തതും യാഥാര്‍ഥ്യമല്ലാത്തതും അല്പമായിട്ടുള്ളതുമായ അറിവാണ്‍ താമസം. ഒരു തുള്ളി ജലത്തില്‍ കപ്പലോടിക്കാന്‍ പറ്റാത്തതുകൊണ്ട്‍ പലതുള്ളി ജലമായ സമുദ്രത്തിലും കപ്പലോടിക്കാന്‍ പറ്റിലെന്നൊക്കെ വാദിക്കുന്നവര്‍ താമസമായ അറിവുള്ളവരാണ്‍.

നമ്മുടെ ഉത്തരവാദിത്വമായ കര്‍മങ്ങളെ ഫലകാമനയില്ലാതെ, അതില്‍ സംഗമില്ലാതെ, രാഗദ്വേഷമില്ലാതെ ചെയ്യുന്നുവെങ്കില്‍ അത്‍ സാത്വികമായ കര്‍മമാണ്‍.പ്രവൃത്തി ആരംഭിക്കുന്നത്‍ മനസ്സിലാണ്‍. വിചാരം വാക്കാകുന്നു. വാക്കിന്റെ സ്ഥൂലഭാവമാണ്‍ പ്രവൃത്തി. അതാണ്‍ പെരുമാറ്റം, സംസ്കാരമാകുന്നത്‍.

സംസ്കാരം രൂപംകൊള്ളുന്നത് വിചാരത്തിലാണ്. മനസ്സ് അടിസ്ഥാനമായിരിക്കുന്നത് ഭക്ഷണത്തിലാണ്. ഒരു ജനത കഴിക്കുന്ന ഭക്ഷണം ആ ജനതയുടെ സംസ്കാരത്തെ വെളിപ്പെടുത്തുന്നു. അതുകൊണ്ട് വിചാരവിപ്ലവം മതി സനാതന ധർമത്തെ സംരക്ഷിക്കാൻ. മറ്റൊന്നും വേണ്ട.

## -96-

## ഇങ്ങനെ ഈ ശരീരത്തെ അറിയുക

പഞ്ചഭൂതങ്ങളിൽ ഓരോന്നിൻെറയും സാത്വികാംശം കൊണ്ട് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും (കാത്, ത്വക്ക്, നേത്രം, നാക്ക്, മൂക്ക്) എല്ലാറ്റിൻേറയും ചേർന്ന് സമഷ്ടിസാത്വികാംശം കൊണ്ട് മനോബുദ്ധി ചിത്ത അന്തകരണങ്ങളും ഉണ്ടായി. ഓരോന്നിൻെറയും രാജസാംശം കൊണ്ട് വാക്ക്, പാണി, പാദം, ജനനേന്ദ്രിയം, വിസർജ്ജനേന്ദ്രിയം എന്നീ കർമേന്ദ്രിയങ്ങളും സമഷ്ടിരാജസാംശംകൊണ്ട് പഞ്ചപ്രാണനും ഉണ്ടായി. താമസാംശം പഞ്ചഭൂതങ്ങളിൽ ഓരോന്നിലും മറ്റുനാലിൻേറയും അംശങ്ങൾ ചേർന്ന പഞ്ചീകരിക്കപ്പെട്ട പഞ്ചഭൂതങ്ങളാകുന്നു. ഇവയോരോന്നിലും നിന്ന് പ്രത്യേകം ബ്രഹ്മാണ്ഡങ്ങളും അവയിൽ പതിനാല് ലോകങ്ങളും അതിൽ ഭൂമിയും ഉണ്ടായി. ഭൂമിയിൽ നിന്ന് പലവിധത്തിൽ പലവ ജന്മമെടുത്തു. അതതിൻെറ ശരീരത്തിൽ അഭിമാനുള്ള ജീവനും ബ്രഹ്മാണ്ഡശരീരമായ ഈശ്വരനും (സമഷ്ടി ശരീരാഭിമാനി) ഇപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ശങ്കരാചാര്യരുടെ 'തത്വബോധം' വിശദീകരിക്കുന്നു. അതിനാൽ ജീവനും ഈശ്വരനും തമ്മിൽ ഭേദചിന്ത പാടില്ല.

ആത്മാവ് സ്ഥൂല, സൂക്ഷ്മ, കാരണശരീരങ്ങളിൽ നിന്ന് ഭിന്നമായതും അന്നമയവും പ്രാണമയവും മനോമയവും വിജ്ഞാനമയവും ആനന്ദമയവുമായ കോശങ്ങളിൽ നിന്ന് അതീതമായതും ജാഗ്രത്, സ്വപ്ന, സുഷുപ്തി അവസ്ഥകൾക്ക് സാക്ഷിയായതുമായ സച്ചിദാനന്ദ സ്വരൂപമാണ്. മൂന്നുകാലത്തും നിലനിൽക്കുന്ന (സദ്) അറിവ് സ്വരൂപമായ (ചിത്) സുഖഭാവ (ആനന്ദ) ത്തിലുള്ളതാണ് താനെന്ന് അറിയണം.

സാധകനുവേണ്ട ഗുണങ്ങളെക്കുറിച്ച് ആചാര്യർ പറയുന്നു: നിത്യവും അനിത്യവുമായ ഏതൊക്കെയെന്ന് വേർതിരിച്ചറിയാനുള്ള വിവേകം; ഇഹലോകത്തിൽ എന്തെങ്കിലും സുഖഭോഗങ്ങൾ അനുഭവിക്കണമെന്നോ സ്വർഗ്ഗം കിട്ടണമെന്നോ ഉള്ള ആഗ്രഹമില്ലായ്മ, ക്ഷമ, ദമം, സ്വധർമാനുഷ്ഠാനം, സുഖദുഃഖാദി വിപരീതഭാവങ്ങളെസ്വീകരിക്കൽ, ഗുരുവരം - ശാസ്ത്രവാക്യങ്ങളിലുള്ള ശ്രദ്ധ, മനസ്സിൻെറ ഏകാഗ്രത, മോക്ഷം വേണമെന്ന ആഗ്രഹം എന്നിവയാണവ.

## -97-

## വിദ്യയേയും അവിദ്യയേയും ഒരുമിച്ച് അറിയുക

വിദ്യയേയും അവിദ്യയേയും ഒരുമിച്ച് അറിയലാണ് വിശേഷപ്പെട്ട ജ്ഞാനം. പ്രവൃത്തിയേയും നിവൃത്തിയേയും കാര്യത്തേയും അകാര്യത്തേയും ഭയത്തേയും അഭയത്തേയും ബന്ധത്തേയും മോക്ഷത്തേയും കൃത്യമായി അറിയുന്നതാണ് സാത്വിക ബുദ്ധി. ചക്ക മുറിക്കണം. അതേസമയം, ഒട്ടലില്ലാതിരിക്കാൻ കൈയിൽ മുമ്പേ എണ്ണ പുരട്ടുകയും വേണം. ഇവ ശരിയായി അറിയാതിരിക്കൽ രാജസബുദ്ധിയും എല്ലാ കാര്യങ്ങളും എതിരായി മനസ്സിലാക്കുന്നത് താമസബുദ്ധിയുമാണ്.

വിശിഷ്ടങ്ങളായി ഭഗവാൻ പറഞ്ഞ കാര്യങ്ങളോടുള്ള ചേർച്ചനിമിത്തം മറ്റൊന്നിലും പ്രവേശിക്കാത്ത സമാധിനിഷ്ഠയാർന്ന ധൃതി (ബുദ്ധിപൂർവം ആരംഭിച്ച പ്രവൃത്തി തുടരാനും പൂർത്തിയാക്കാനുമുള്ള ധൈര്യം) മനസ്സിൻേറയും പ്രാണൻേറയും ഇന്ദ്രിയങ്ങളുടേയും ക്രിയകളെ ശരിയാംവണ്ണം ധരിക്കുന്ന സാത്വികഭാവത്തിലുള്ളതാകുന്നു. ശരിയായ ഉൾക്കൊള്ളലും അവസരങ്ങൾക്കൊത്തുയരാനുള്ള ധിഷണാവൈഭവവുമാണിത്.

ഓം സാത്വിക ജ്ഞാനത്തേയും തത് സാത്വിക കർമത്തേയും സത് സാത്വിക കർത്താവിനേയും പ്രതിനിധീകരിക്കുന്നു. പ്രാണനാണ് കർമത്തിൻെറ ഏറ്റവും സൂക്ഷ്മമായ അംശം. പ്രാണനുള്ളിടത്തൊക്കെ കർമമുണ്ട്. പ്രണവധ്യാനത്തിലൂടെ പ്രാണൻ അകത്തേക്കെടുക്കുമ്പോൾ സാത്വിക ജ്ഞാനമായി. അതിൽ ചെയ്യുന്നതെല്ലാം സാത്വിക കർമങ്ങളാകും.കാമനയോടെയും അഹങ്കാരത്തോടെയും വളരെ ബുദ്ധിമുട്ടി ചെയ്യുന്ന കർമം രാജസമാണ്. ഭാവിഫലത്തേയും നാശത്തേയും പരദ്രോഹത്തേയും ഒന്നും നോക്കാതെ അജ്ഞാനത്തിൽ നിന്ന് ആരംഭിക്കുന്ന കർമം താമസമാണ്.കർമത്തോട് ബന്ധപ്പെടാതെ, കർത്താവെന്ന് അഭിമാനിക്കാത്തവനായി ധൈര്യോത്സാഹ സമന്വിതനായി, കിട്ടുക-കിട്ടാതിരിക്കുക ഇവയിൽ നിർവികാരനായി നിലനിൽക്കുന്ന കർത്താവ് സാത്വികനാണ്. വിഷയസുഖത്തിൽ രമിക്കുകയും കർമഫലത്തിൽ ആശവയ്ക്കുകയും ലുബ്ധപ്രകൃതിയും മറ്റുള്ളവരെ ദ്രോഹിക്കുകയും ശുചിത്വമില്ലായ്മയും സന്തോഷവും ഒപ്പം ദുഃഖവുമുണ്ടാവുകയും രാജസൻെറ ലക്ഷണങ്ങളാണ്. അയുക്തമായ മനസ്സോടുകൂടി, സംസ്കാരമില്ലാതെ, ഒന്നിനും വഴങ്ങാതെ, രഹസ്യമായി ഉപദ്രവിക്കുകയും മറ്റുള്ളവരെ നിന്ദിക്കുകയും ചെയ്ത് അലസമായി, വിഷാദിയായി കർമം ചെയ്യുന്നവൻ താമസനാണ്.

**-98-**

## ശൂദ്രനാണ് ധർമാധികാരി

ശമം, ദമം, തപസ്സ്, ശുചിത്വം, ക്ഷമ, വക്രതയില്ലായ്മ, ജ്ഞാനം, അനുഭവജ്ഞാനം, ശ്രദ്ധ ഇവയെല്ലാം സ്വാഭാവികമായ ബ്രാഹ്മണകർമങ്ങളാണ്. ശൗര്യം, വീര്യം, ധൈര്യം, സാമർഥ്യം, ദാനം, യുദ്ധത്തിൽ പിന്തിരിഞ്ഞോടാതിരിക്കൽ, യജമാനത്വം ഇതെല്ലാം ക്ഷത്രിയകർമങ്ങളാണ്. കൃഷി, ഗോരക്ഷ, വാണിജ്യം എന്നിവ വൈശ്യകർമങ്ങളും ജനസേവനം ശൂദ്രകർമവുമാണ്.

ശൂദ്രകർമം ചെയ്യുന്നവർ ധർമത്തിനും വൈശ്യർ അർഥത്തിനും ക്ഷത്രിയൻ കാമത്തിനും ബ്രാഹ്മണൻ മോക്ഷത്തിനും അധികാരിയാണ്. ജന്മംകൊണ്ടുള്ള കാര്യമല്ല ഗീത പറയുന്നത്. ഓരോരുത്തരും അവരവരുടെ സ്വാഭാവിക ഗുണങ്ങൾക്കനുസരിച്ച് തങ്ങളുടെതായ കർമത്തിലെത്തിച്ചേരുന്നു. ബിസിനസുകാരൻ (വൈശ്യൻ) ബിസിനസ് നിർത്തി ആത്മാന്വേഷണപാതയിലേക്കു വന്നാൽ ബ്രാഹ്മണനാകും. ഗുണങ്ങളിൽ നിന്നു വേർപെട്ട് പ്രപഞ്ചത്തിൽ ഒന്നുമില്ല. അവനവൻെറ കർമം ശരിയായി ചെയ്താൽ അവർ പരമമായ പദത്തെ പ്രാപിക്കുന്നു.

ധർമാർഥകാമങ്ങളെ (മോക്ഷം ഒഴികെ) ധരിക്കുകയും ഫലകാംക്ഷയുള്ളതുമായ ധൃതി രാജസവും ഉറക്കവും ഭയവും ശോകവും മനഃക്ഷീണവും മദവും വിടാത്ത ദുഷ്ടബുദ്ധി താമസമായ ധൃതിയുമാണ്.

ആത്മബോധത്തിൽ നിന്നു ജനിക്കുന്ന ആദ്യം വിഷംപോലെയും പിന്നീട് അമൃതായും ഇരിക്കുന്ന സുഖം സാത്വികമാണ്. ആരംഭത്തിൽ അമൃതുപോലെയും പരിണാമത്തിൽ വിഷംപോലെയുമിരിക്കുന്ന രാജസമായ സുഖം വിഷയങ്ങളുടെയും ഇന്ദ്രിയങ്ങളുടെയും സംയോഗത്തിൽ നിന്നുണ്ടാകുന്നതാണ്. നിദ്ര, ആലസ്യം, പ്രമാദം എന്നിവയിൽ നിന്നുണ്ടാകുന്നതും ആദ്യവും അവസാനവും ആത്മാവിന് മോഹം മാത്രമുണ്ടാക്കുന്നതുമായ സുഖം താമസമാണ്.

ഗീതയിലെ മർമപ്രധാനമായ ശ്ലോകങ്ങൾ കരന്യാസമെന്ന പേരിൽ കൈയിൽ സൂക്ഷിക്കേണ്ട നിധി യായി സംഗ്രഹിച്ചിരിക്കുന്നു. കരന്യാസത്തിലൂടെ കരചലനങ്ങളിലേക്ക് ഗീതയെ ആവാഹിച്ച് പ്രതിഷ്ഠിച്ച് നാം ഗീതയായി മാറണം.

ഗീതയുടെ ഋഷിയായി വ്യാസനെ ധ്യാനിക്കുന്നു. അറി യാൻ ശ്രമിക്കുന്ന ബോധത്തിൽ ഋഷീശ്വരന്മാരുടെ അനുഗ്രഹത്തിനായാണിത്. ഛന്ദസ്സ് അനുഷ്ടുപ്പ് ആണ്. ഗീതയാകട്ടെ ഇനി നമ്മുടെ വാക്ക് എന്നാണിവിടെ താത്പര്യം. ഭാഷണം ശാസ്ത്രവെളിച്ചത്തിലാകട്ടെ, നാവിൽ സരസ്വതിയാകട്ടെ എന്ന പ്രാർഥനയാണിത്. എല്ലാറ്റിൻെറയും കേന്ദ്രത്തിൽ, ഹൃദയത്തിൽ ഭഗവാനാണെന്ന സങ്കല്പത്തിൽ ദേവതയായി ശ്രീകൃഷ്ണ പരമാത്മാവിനെ ധ്യാനിക്കുന്നു.

ദുഃഖിക്കാൻ പാടില്ലാത്തിനെച്ചൊല്ലി ദുഃഖിക്കുകയും എന്നിട്ട് പണ്ഡിതരെപ്പോലെ സംസാരിക്കുകയുംചെയ്യുന്നു എന്ന വരിയാണ് ഗീതയുടെ ബീജം. നമ്മുടെ എല്ലാ പ്രശ്നങ്ങളുടെയും ബീജവും ഇതാണ്. അറിവുള്ളവർ ദുഃഖിക്കില്ല. എല്ലാ ധർമാധർമങ്ങളെയും പരിത്യജിച്ച് ആ സദ്വസ്തുവെത്തന്നെ ശരണം പ്രാപിക്കുക എന്നതാണ് ശക്തി. ജോലിയും കുടുംബവും വീടുമെല്ലാം ഉപേക്ഷിക്കണമെന്നല്ല, അസ്ഥിരമായവയിൽ സ്ഥിരബുദ്ധി വയ്ക്കരുത് എന്നാണിവിടെ അർഥം. എല്ലാ പാപങ്ങളിൽനിന്നും നമ്മെ ഭഗവാൻ മോചിപ്പിക്കുമെന്നും ദുഃഖിക്കേണ്ടെന്നുമുള്ള വരിയാണ് ഗീത അടിച്ചുറപ്പിച്ച കുറ്റി. ഇതിലാണ് നാം നമ്മെ കെട്ടേണ്ടത്.

ശാസ്ത്രങ്ങൾ പരമമായ സത്യത്തെ മുറിവേല്പിക്കുന്നില്ല, അഗ്നി ദഹിപ്പിക്കുന്നില്ല, വെള്ളം നനയ്ക്കുകയോ കാറ്റ് ഉണക്കുകയോ ചെയ്യുന്നില്ല. ആത്മാവ് നിത്യമായതും സർവവ്യാപിയും ഇളക്കമില്ലാത്തതുമാണ്. വിശ്വത്തിലെ എല്ലാം ഭഗവാൻെറ രൂപങ്ങളാണ്. ഇവ പ്രതിപാദിക്കുന്ന രണ്ടാം അധ്യായത്തിലെ 23, 24 ശ്ലോകങ്ങളും 11-ാം അധ്യായത്തിലെ 5-ാം ശ്ലോകവും കരന്യാസത്തിൻെറയും ഹൃദയാദിന്യാസത്തിൻെറയും ഭാഗമായി വിരലുകളിലേക്കും ഹൃദയാദികളിലേക്കും ധ്യാനരൂപത്തിൽ സന്നിവേശിപ്പിക്കണം. ഈ അറിവിൻെറ നിറവിലായിരിക്കണം നമ്മുടെ വാക്കും മനസ്സും പ്രവൃത്തിയും. നമ്മുടെ ദൃഷ്ടിയായും കവചമായും അസ്ത്രമായും തീരേണ്ടത് ഗീതാശ്ലോകങ്ങളാണ്.

ഗീതയുടെ എല്ലാ ഭാവങ്ങളും ഉൾക്കൊള്ളിച്ച നാമജപമാണ് നൂറ്റെട്ട് നാമങ്ങളടങ്ങിയ അഷ്ടോത്തര ശതനാമാവലി. നാം ഗീതയായി മാറിക്കഴിഞ്ഞാൽ ഈ നാമാവലി നമുക്കുള്ളതാണ്. നമുക്ക് നമ്മെ പൂജിക്കാനുള്ളതാണ്.

## -99-

## കരന്യാസം

ഗീതയിലെ മർമപ്രധാനമായ ശ്ലോകങ്ങൾ കരന്യാസമെന്ന പേരിൽ കൈയിൽ സൂക്ഷിക്കേണ്ട നിധിയായി സംഗ്രഹിച്ചിരിക്കുന്നു. കരന്യാസത്തിലൂടെ കരചലനങ്ങളിലേക്ക് ഗീതയെ ആവാഹിച്ച് പ്രതിഷ്ഠിച്ച് നാം ഗീതയായി മാറണം. ഗീതയുടെ ഋഷിയായി വ്യാസനെ ധ്യാനിക്കുന്നു. അറിയാൻ ശ്രമിക്കുന്ന

ബോധത്തിൽ ഋഷീശ്വരന്മാരുടെ അനുഗ്രഹത്തിനായാണിത്. ഛന്ദസ്സ് അനുഷ്ടുപ്പ് ആണ്. ഗീതയാകട്ടെ ഇനി നമ്മുടെ വാക്ക് എന്നാണിവിടെ താത്പര്യം. ഭാഷണം ശാസ്ത്രവെളിച്ചത്തിലാകട്ടെ, നാവിൽ സരസ്വതിയാകട്ടെ എന്ന പ്രാർഥനയാണിത്. എല്ലാറ്റിൻെറയും കേന്ദ്രത്തിൽ, ഹൃദയത്തിൽ ഭഗവാനാണെന്ന സങ്കല്പത്തിൽ ദേവതയായി ശ്രീകൃഷ്ണ പരമാത്മാവിനെ ധ്യാനിക്കുന്നു.

ദുഃഖിക്കാൻ പാടില്ലാത്തതിനെച്ചൊല്ലി ദുഃഖിക്കുകയും എന്നിട്ട് പണ്ഡിതരെപ്പോലെ സംസാരിക്കുകയും ചെയ്യുന്നു എന്ന വരിയാണ് ഗീതയുടെ ബീജം. നമ്മുടെ എല്ലാ പ്രശ്നങ്ങളുടേയും ബീജവും ഇതാണ്. അറിവുള്ളവർ ദുഃഖിക്കില്ല. എല്ലാ ധർമാധർമങ്ങളെയും പരിത്യജിച്ച് ആ സദ്വസ്തുവെത്തന്നെ ശരണം പ്രാപിക്കുക എന്നതാണ് ശക്തി. ജോലിയും കുടുംബവും വീടുമെല്ലാം ഉപേക്ഷിക്കണമെന്നല്ല, അസ്ഥിരമായവയിൽ സ്ഥിരബുദ്ധി വെക്കരുത് എന്നാണിവിടെ അർഥം. എല്ലാ പാപങ്ങളിൽ നിന്നും നമ്മെ ഭഗവാൻ മോചിപ്പിക്കുമെന്നും ദുഃഖിക്കേണ്ടെന്നുമുള്ള വരിയാണ് ഗീത അടിച്ചുറപ്പിച്ചു കുറ്റി. ഇതിലാണ് നാം നമ്മെ കെട്ടേണ്ടത്.

ശാസ്ത്രങ്ങൾ പരമമായ സത്യത്തെ മുറിവേല്പിക്കുന്നില്ല. അഗ്നി ദഹിപ്പിക്കുന്നില്ല. വെള്ളം നനയ്ക്കുകയോ കാറ്റ് ഉണക്കുകയോ ചെയ്യുന്നില്ല. ആത്മാവ് നിത്യമായതും സർവവ്യാപിയും ഇളക്കമില്ലാത്തതുമാണ്. വിശ്വത്തിലെ എല്ലാം ഭഗവാൻെറ രൂപങ്ങളാണ്. ഇവ പ്രതിപാദിക്കുന്ന രണ്ടാം അധ്യായത്തിലെ 23, 24 ശ്ലോകങ്ങളും 11-ാം അധ്യായത്തിലെ 5-ാം ശ്ലോകവും കരന്യാസത്തിൻെറയും ഹൃദയാദിന്യാസത്തിൻേറയും ഭാഗമായി വിരലുകളിലേക്കും ഹൃദയാദികളിലേക്കും ധ്യാനരൂപത്തിൽ സന്നിവേശിപ്പിക്കണം. ഈഅറിവിൻെറ നിറവിലായിരിക്കണം നമ്മുടെ വാക്കും മനസ്സും പ്രവൃത്തിയും. നമ്മുടെ ദൃഷ്ടിയായും കവചമായും അസ്ത്രമായും തീരേണ്ടത് ഗീതാശ്ലോകങ്ങളാണ്. ഗീതയുടെ എല്ലാ ഭാവങ്ങളും ഉൾക്കൊള്ളിച്ച നാമജപമാണ് നൂറ്റെട്ട് നാമങ്ങളടങ്ങിയ അഷ്ടോത്തര ശതനാമാവലി. നാം ഗീതയായി മാറിക്കഴിഞ്ഞാൽ ഈനാമാവലി നമുക്കുള്ളതാണ്. നമുക്ക് നമ്മെ പൂജിക്കാനുള്ളതാണ്.

## -100-

## പൂജ സ്വകർമാനുഷ്ഠാനമാണ്

**എ**ല്ലാറ്റിൻേറയും പ്രഭവസ്ഥാനമായ, എല്ലാം നിറഞ്ഞിരിക്കുന്ന പരമാത്മാവിനെ സ്വന്തം കർമങ്ങൾകൊണ്ട് പൂജിക്കുന്നവരാണ് സിദ്ധിയെ പ്രാപിക്കുന്നത്. മറ്റുള്ളവരുടെ കർമം നന്നായി ചെയ്യുന്നതിലും ശ്രേയസ്കരമാണ് സ്വന്തം കർമം മോശമായാണെങ്കിലും ചെയ്യുന്നത്. നന്നായി ചെയ്യാനാകുന്നില്ല, അതിൽ ദോഷമുണ്ട് എന്നൊക്കെ കരുതി സ്വന്തം കർമത്തെ ഉപേക്ഷിക്കുന്നതാണ് ദോഷം. ഏതൊരു കർമത്തിനും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദോഷം കാണാൻ പറ്റും. അതിനാൽ ദോഷശങ്കയാൽ കർമംചെയ്യാതിരിക്കരുത്.

പരിശുദ്ധമായ ബുദ്ധിയോടുകൂടി ധൈര്യത്താൽ മനസ്സിലെ നിയമനംചെയ്ത് ശബ്ദാദിവിഷയങ്ങൾക്ക് അപ്പുറത്തുനിന്ന് രാഗദ്വേഷങ്ങളെ പൂർണമായി കളഞ്ഞ്, മിതമായി ഭക്ഷിച്ച് വാക്കും മനസ്സും ശരീരവും തമ്മിൽ പാരസ്പര്യം ഉണ്ടാക്കി ധ്യാനനിഷ്ഠനായി വൈരാഗ്യത്തെ നല്ലവണ്ണം ആശ്രയിച്ച് അഹങ്കാരം (ഞാൻ ചെയ്തു, ഞാൻ അനുഭവിക്കുന്നു എന്നൊക്കെയുള്ള ഭാവം), ബലം, ദർപ്പം, കാമം, ക്രോധം, തൻേറതെന്ന ഭാവം ഇവയൊക്കെ വെടിഞ്ഞ് ഒന്നിനോടും മമതയില്ലാതെ ശാന്തമായി ഏകാന്തതയിൽ ഇരിക്കുന്നവർ ബ്രഹ്മാനുഭൂതിക്ക് യോഗ്യനാണ്.

കരിങ്കല്ലിന് വിഗ്രഹമാകണമെങ്കിൽ അനാവശ്യ ഘടകങ്ങളെ അടർത്തിമാറ്റണം. അഹങ്കാരം പ്രകൃതിയിൽനിന്ന് നമ്മെ അകറ്റുന്നു, പൂർണതയെ പ്രാപിക്കുന്നതിൽ നിന്ന് തടയുന്നു. പ്രകൃതിയുമായി പാരസ്പര്യമില്ലാത്തതിനുകാരണം ഭയമാണ്. ഇഴുകിച്ചേർന്നാൽ എന്തെങ്കിലും നഷ്ടമായാലോ എന്ന ഭയം. ഇവയൊക്കെ വെടിയണം. തിരക്കുപിടിച്ച ജീവിതത്തിൽ ബഹളങ്ങളിലേക്കു പോകാതെ ശാന്തി കാത്തുസൂക്ഷിക്കാനാണ് ഗീത ഉപദേശിക്കുന്നത്.

സഹജമായ ഗുണങ്ങൾക്കനുസരിച്ച് ഓരോരോ കർമങ്ങൾ ചെയ്യുന്നവരെ വിഭജിക്കുമ്പോൾ ആയുഷ്കാലബ്രാഹ്മണനോ ശൂദ്രനോ ഇല്ലെന്ന് മനസ്സിലാക്കണം. ഒരാൾ രാവിലെ ധ്യാനിക്കുമ്പോൾ ബ്രാഹ്മണനാണ്, പിന്നെ കച്ചവടം ചെയ്യുമ്പോൾ വൈശ്യനാണ്, എതിരിടുമ്പോൾ ക്ഷത്രിയനാണ്, സമൂഹനന്മയ്ക്കായി ജനസേവനംചെയ്യുമ്പോൾ ശൂദ്രനാണ്. എല്ലാ ഗുണങ്ങളും എല്ലാവരിലുമുണ്ട്. ഗാന്ധിജിയുടെ ജീവിതത്തിൽ നിന്നും നാം ഉൾക്കൊള്ളേണ്ട സന്ദേശം ഇതാണ്. ചെയ്യേണ്ട എല്ലാ കർമങ്ങളും എല്ലാവരും ചെയ്യണം.

## -101-

### സത്യം ഏറ്റവും ലളിതമാണ്

സത്യം ഏറ്റവും ലളിതവും പ്രാപിക്കാൻ ഏറെ എളുപ്പമുള്ളതുമാണ്. ഇല്ലാത്ത പൂട്ട് തുറക്കാൻ ശ്രമിച്ചാണ് നാം പരാജയപ്പെടുന്നത്. ഒട്ടും സങ്കീർണമല്ലാത്തതിനെ നാം പറഞ്ഞ് സങ്കീർണമാക്കുകയാണ്. ബ്രഹ്മത്വം പ്രാപിച്ചവൻ ഒന്നിലും ദുഃഖിക്കുന്നില്ല, ഒന്നും ആഗ്രഹിക്കുന്നില്ല. സർവഭൂതങ്ങളിലും സമഭാവനയുള്ള അവന് ഉത്തമമായ ഭക്തിയുണ്ടാകും. മരിച്ചു കഴിഞ്ഞല്ല, ഇവിടെ, ഇപ്പോഴാണ് മോക്ഷം വേണ്ടത്. മനുഷ്യനൊഴികെ മറ്റു ജീവികൾ എല്ലായ്പ്പോഴും സമാധി അവസ്ഥയിലാണ്. ഭക്തികൊണ്ട് തത്ത്വവിചാരത്തിലൂടെ ഭഗവാനിലേക്ക് നാം പ്രവേശിക്കണം. ഈ ഭക്തിക്ക് ക്ഷേത്രദർശനമോ കുറിയുടെ വലിപ്പമോ വ്രതങ്ങളോ ഒന്നും ബാധകമല്ല. ഭഗവാനെ ശരണം പ്രാപിക്കലെന്നത് അമ്പലത്തിൽപോയി ഉറക്കെ വിളിക്കലല്ല. ബുദ്ധിസങ്കല്പങ്ങൾക്കു പിന്നിലെ ബോധത്തെ അറിയലാണത്. ഏകാന്തധ്യാനത്തിലാണ് ഒരുവൻ തന്റെ ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങുന്നത്.മനസ്സുകൊണ്ട് എല്ലാ കർമങ്ങളും ഭഗവാനിൽ സമർപ്പിക്കണം. കരചലനങ്ങൾ എവിടെയാണോ അവിടെ മനോബുദ്ധികളും ഉണ്ടായിരിക്കലാണ് ഈ സമർപ്പണം. വേറൊരു ഈശ്വരനെ കെട്ടിവലിച്ച് ബുദ്ധിമുട്ടണ്ട. ഒന്നു ചെയ്യുമ്പോൾ വേറൊന്നും ചിന്തിക്കരുത്. നാമം ചൊല്ലി കറിക്കരിയണ്ട. കറിക്കരിയുമ്പോൾ പൂർണ ശ്രദ്ധയോടെ കറിക്കരിയുക. അപ്പോൾ പരമാത്മാവിൽ ഉറച്ച മനസ്സുണ്ടാകും. ശാന്തമായ പരമപദത്തെ പ്രാപിക്കും. അഹങ്കാരംകൊണ്ട് യുദ്ധ ചെയ്യില്ലെന്ന് കരുതി യാലും പ്രകൃതി അതു ചെയ്യിക്കുമെന്ന് ഭഗവാൻ അർജുനനോട് പറയുന്നു. അർജുനന്റെ പ്രകൃതം അതാണ്. പ്രകൃതി ഗുണങ്ങൾക്കനുസരിച്ച് സ്വാഭാവികമായ കർമങ്ങൾ ഏതൊരാളും ചെയ്തേ മതിയാകൂ. യന്ത്രപ്പാവകളെപ്പോലെ സകല സൃഷ്ടിവർഗങ്ങളെയും കർമത്തിൽ പ്രവർത്തിപ്പിക്കുന്നവനായി ഭഗവാൻ എല്ലാ ജീവജാലങ്ങളുടെയും കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നു. നാലുതരത്തിൽ നമുക്ക് ലോകത്തെ നോക്കിക്കാണാം. ഒന്നിന്റെ ആ രൂപത്തിൽ കാണുന്നത് - സ്ത്രീയായി, പുരുഷനായി, പുസ്തകമായി, മേശയായി ഒക്കെ - വസ്തുദൃഷ്ടി. അമ്മയായി, അച്ഛനായി, സഹോദരനായി, ഗീതയായി ഒക്കെ കാണുന്നത് പ്രതീകദൃഷ്ടി. എല്ലാം ഭഗവാന്റെ വിഭൂതിയായി കാണുന്നത് ദിവ്യദൃഷ്ടി. ആ വിഭൂതിയെ താൻ തന്നെയായി കാണുന്നത് പരംദിവ്യദൃഷ്ടി. ഈ വളർച്ചയിലേക്കാണ് ഗീത നമ്മെ നയിക്കുന്നത്.

-102-

## ചോദ്യം ഉയരുമ്പോാം ധ്യാനം ആരംഭിക്കുന്നു

എൻെറ ഉള്ളിൽ എന്തൊക്കെയാണ്ം നടക്കുന്നത്ം എന്ന അന്വേഷണം ആവശ്യമാണ്ം. ഏതു മനുഷ്യമനസ്സിലും ധർമാധർമങ്ങാം തമ്മിലുള്ള യുദ്ധം അനുസ്യൂതം നടക്കുകയാണ്ം. നമ്മളാണ്ം നമുക്കെതിരായി നിൽക്കുന്നത്ം. ഉള്ളിൽ ചോദ്യം ഉയരുമ്പോാം ധ്യാനം ആരംഭിക്കുന്നു. അന്വേഷിക്കുന്നത്ം പഴയകാലത്ത്ം എന്തു നടന്നു എന്ന കാര്യങ്ങളല്ല. എനിക്ക്ം ഇപ്പോാം എന്തു പ്രയോജനം എന്നാണ്ം അന്വേഷണം. എൻെറ മനസ്സിൽ കർമങ്ങളിൽ ദുഷ്ടഭാവങ്ങളും (ദുര്യോധനാദികളും) സദ്ംഭാവങ്ങളും (പാണ്ംഡവപക്ഷം) ആയി നിൽക്കുന്നതെന്തൊക്കെ? വികാരപൂർണമാണ്ം സമീപനമെങ്കിൽ ദുര്യോധനാദികളും, വിചാരപൂർണമാണ്ം സമീപനമെങ്കിൽ പാണ്ംഡവരും നമ്മിൽ നിലകൊള്ളുന്നു. പ്രപഞ്ചമാകുന്ന വില്ലിൽആത്മാവാകുന്ന ശരം തൊടുക്കുമ്പോാം ബ്രഹ്മത്തെയാണ്ം ലക്ഷ്യമാക്കേണ്ടത്ം. ഇതിനായി ഗുരു പഠിപ്പിക്കുന്ന യുദ്ധമാണ്ം സാധകനെ സംബന്ധിച്ചിടത്തോളം ഗീത. ഒരു ശിശു ജനിക്കുന്നതുപോലെയാണ്ം, കൃഷ്ണാർജുനന്മാർ രഥത്തിൽ പ്രവേശിക്കുന്നത്ം. വെളുത്ത കുതിരകാം ശുദ്ധമായ അന്തഃകരണത്തിൻെറ പ്രതീകമാണ്ം. ശരീരത്തിൻെറ മാഹാത്മ്യം വിവേകമുണ്ട്ം, മാധവനുണ്ട്ം എന്നതാണ്ം.

ശബ്ദസ്പർശ രസരൂപഗന്ധങ്ങളെ സത്യമെന്ന്ം കരുതുന്നവരുടെ പ്രതീകമാണ്ം പഞ്ചജനൻ. ആ ആസുരികഭാവങ്ങളെ മാറ്റി ഭഗവാൻ അവരുടെ ശരീരം ധർമകാഹളത്തിനായി ഉപയോഗിക്കുന്നു. പിന്നെ നമ്മിൽനിന്ന്ം പുറപ്പെടുന്നത്ം ധർമ്മമായിരിക്കും. നാം മുരളിയായി ഭഗവാന്ം നിന്നുകൊടുക്കണം. മധുരമായ നാദം വരണമെങ്കിൽ ഉള്ളിൽ ഒന്നും പാടില്ല. ആ ധർമ്മനാദം ദേശകാലാദികളെ അതിവർത്തിച്ച്ം നിലകൊള്ളും. ഭൂമിയേയും ആകാശത്തേയും കിടിലംകൊള്ളിക്കുമെന്നതിൻെറ സാരാംശം ഇതാണ്ം. ആഗ്രഹിക്കുന്നില്ലെങ്കിലും ആരോ ബലമായി പാപം ചെയ്യിക്കുന്നു. ഇതിൻെറ പിന്നിൽ ആരാണെന്ന്ം അർജുനൻ ചോദിക്കുന്നു. പലതരത്തിലുള്ള മോഹമാണ്ം ദുഷ്ംചെയ്തികാംക്കു പിറകിൽ. ആഗ്രഹങ്ങളകന്നവനാൽ ലോകം സമൃദ്ധിയെ പ്രാപിക്കുന്നു. അല്ലെങ്കിൽ നശിക്കുന്നു. ആഗ്രഹങ്ങളില്ലാത്തവന്ം ജീവിതത്തിൽ ശാന്തി മാത്രമേയുള്ളൂ. അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരനു സുഖത്തിനായ്ം വരേണമെന്ന നാരായണ ഗുരുവചനമാകണം നമ്മുടെ അടിത്തറ.

**സുഖത്തിനായി**

ഒരു പാവപ്പെട്ട മുക്കുവൻ വഞ്ചിയിൽ നീണ്ടുനിവർന്ന്ം സുഖമായങ്ങനെ കിടക്കുകയാണ്ം. ഇതുകണ്ട്ം ഒരാാം വന്ന്ം പറഞ്ഞു. ''നിങ്ങളിങ്ങനെയായാൽ ശരിയാകില്ല.'' മുക്കുവൻ എണീറ്റിട്ട്ം ചോദിച്ചു. ''പിന്നെ?'' ''ഇങ്ങനെ മടിപിടിച്ചിരുന്നാൽ എങ്ങനെ ജീവിക്കും.'' ''ഞാനെന്തു ചെയ്യണം?'' ''എണീറ്റ്ം ധാരാളം മീൻ പിടിക്കണം.'' ''എന്നിട്ട്ം?'' ''വലയും സഞ്ചിയുമെല്ലാം വാങ്ങണം. എന്നിട്ട്ം കൂടുതൽ പണമുണ്ടാക്കണം.'' ''എന്നിട്ട്ം?'' ''ഒരുപാട്ം ബോട്ടുകളും മത്സ്യസംസ്കരണ ഫാക്ടറിയുമൊക്കെ തുടങ്ങണം.'' ''എന്നിട്ട്ം?'' ''എന്നിട്ടെന്താ, സുഖമായങ്ങനെ കഴിയണം.'' ''ഇത്ര കഷ്ടപ്പെട്ട്ം നേടാമെന്ന്ം നിങ്ങാം പറയുന്നത്ം ഞാനിപ്പോഴേ അനുഭവിക്കുന്നു. പിന്നെന്തിനാ ഇതെല്ലാം?'' മുക്കുവൻ വീണ്ടും കിടക്കുന്നു.

ജീവിക്കുന്ന സാഹചര്യങ്ങളിൽ തൃപ്തനായിരിക്കുക ജ്ഞാനിയുടെ ലക്ഷണമാണ്ം. അയാാം ഭോഗങ്ങാംക്കു പിന്നാലെ ആർത്തിപിടിച്ച്ം പായുന്നില്ല. വേഗമല്ല, സാവകാശമാണ്ം, ബഹളമല്ല, ശാന്തിയാണ്ം അയാളുടെ തിരഞ്ഞെടുപ്പ്ം.

103

**എല്ലാം അറിവിൽ പരിശുദ്ധമാകുന്നു**

ഗീത എല്ലാറ്റിനേയും യജ്ഞമാക്കുന്നു. ഇന്ദ്രിയങ്ങളെ ആത്മസംയമനമാകുന്ന യോഗാഗ്നിയിൽ ഹോമിക്കുന്നു. കാഴ്ച യജ്ഞമാണ്, അറിവിൽ ഹോമിച്ചാൽ. അതിൽ നിറം ചേർക്കരുത്. പ്രപഞ്ചത്തെ ജ്ഞാനാഗ്നിയിൽ സ്വീകരിക്കുന്നതാണ് യജ്ഞം. എല്ലാം അറിവിൽ പരിശുദ്ധമാകുന്നു. അറിവാണ് ഏറ്റവും പവിത്രം. അനാഥർക്ക്, അശരണർക്ക് വിശപ്പടക്കാൻ എന്തെങ്കിലും നൽകുകയല്ലേ ഗീതാപ്രഭാഷണത്തേക്കാൾ മുഖ്യം എന്ന് ചിലർ ചോദിക്കാറുണ്ട്. അനാഥരെ സംരക്ഷിക്കുന്നവർ എപ്പോഴും അനാഥരെ കാത്തിരിക്കുന്നു. അവർ പരോക്ഷമായെങ്കിലും പ്രശ്നങ്ങളെ സ്നേഹിക്കുന്നു. അതേസമയം അനാഥരുണ്ടാകാത്ത സംസ്കാരത്തെ ജനിപ്പിക്കാനുള്ള ശ്രമമാണ് അറിവു പകരൽ. അതാണ് ശാശ്വതമായ മോചനം.

നമ്മുടെ സൃഷ്ടി യജ്ഞഭാവത്തിലാണ്. തന്നിലെ യജ്ഞഭാവത്തിന് തടസ്സം വരുമ്പോഴൊക്കെ ഏത് അധർമിക്കും അലോസരമുണ്ടാകും. ശാസ്ത്രം ശ്രവിച്ച മനസ്സുകൊണ്ട് വിഷയങ്ങളിൽ പോയി തളർന്ന മനസ്സിനെ ഉയർത്തി കാമനകളെ ജയിക്കണം. വികാരവിചാരങ്ങളുടെ കൂടെ പോകരുത്. ഒരിക്കലും സ്വയം താഴ്ത്തരുത്. പഴയ നിസ്സാരകാര്യങ്ങൾ ഓർത്ത് വിഷമിച്ച് കഴിയുന്നതാണ്, ഗതകാലസ്മരണകളുമായി കഴിയുന്നതാണ് ഏറ്റവും വലിയ പാപം. സങ്കല്പങ്ങളെ ഉപേക്ഷിക്കാതെ ഒരുവനും യോഗിയോ സന്ന്യാസിയോ ആകില്ല. കർമ്മഫലത്തെ ആശ്രയിക്കാതെ ചെയ്യേണ്ട കർമത്തെ ചെയ്യുന്നവരാണ് സന്ന്യാസി. ഒരാളോടും ദ്വേഷ്യമില്ലാത്തവർ, ഒന്നും ആഗ്രഹിക്കാത്തവർ, വിഷയധ്യാനം ഒഴിഞ്ഞവർ, രണ്ടെന്ന ഭാവത്തെ അതിജീവിച്ചവർ നിത്യസന്ന്യാസികളാണ്. ഇത്ര ലളിതമാണ് സന്ന്യാസം.

കർമവും സന്ന്യാസവും ജ്ഞാനികൾക്ക് രണ്ടല്ല, ജ്ഞാനംകൊണ്ട് പ്രാപിക്കാവുന്നതുതന്നെ കർമം കൊണ്ടും പ്രാപിക്കുന്നു. രണ്ടും പരസ്പര പൂരകമാണ്. സ്വഗുണത്തിനനുസരിച്ച കർമങ്ങൾ ചെയ്യണം. സ്വരൂപത്തിൽനിന്ന് അന്യമായിട്ടുള്ളത് താനാണെന്ന് ധരിക്കുന്നതുതന്നെ പരധർമമാണ്. ഞാൻ ശരീരമാണ്, മനസ്സാണ്, വികാരവിചാരങ്ങളാണ് എന്നൊന്നും കരുതരുത്. ഞാൻ കൊല്ലുന്നു എന്നു പറയുന്നതുതന്നെ പരധർമമാണ്. എനിക്ക് കർതൃത്വമില്ല. നമ്മുടെ സ്വരൂപം ആനന്ദമാണ്. ഇത് ധ്യാനത്തിലൂടെ അനുഭവിക്കാം.

104

**മാതൃത്വത്തിലും ഉന്നതമായ ഭാവമില്ല**

മാതൃത്വത്തിലും വലിയ ഭാവമില്ല. സന്ന്യാസിക്ക് അമ്മയെ മാത്രമേ നമസ്കരിക്കേണ്ടൂ. ധ്യാനത്തിനൊരുങ്ങുന്ന മനസ്സ് അമ്മയെ, പിതൃഭാവത്തെ, ഗുരുവിനെ ഒക്കെ മനസ്സാ നമസ്കരിച്ചാണ് തുടങ്ങുന്നത്. എല്ലാ വൈവിധ്യങ്ങളേയും ഉൾക്കൊള്ളുന്ന ഭാവത്തിനായി പിന്നെ ഭൂമിയെ പ്രാർത്ഥിക്കുന്നു. തേജസ്സായി സൂര്യനക്ഷത്രഗ്രഹജാലത്തെ വണങ്ങുന്നു. സമസ്ത ജീവജാലങ്ങളിലുമുള്ള മഹത്തായ ദർശനങ്ങൾക്കായി ഓരോന്നിനെയും സ്മരിക്കുന്നു. നികൃഷ്ടമായതിനെ സ്വീകരിച്ച് ഉദാത്തമായതിനെ നൽകുന്ന പശുവിനെ, ആൽവൃക്ഷത്തെ ഒക്കെ വന്ദിച്ചാണ് ധ്യാനം തുടങ്ങുന്നത്.

ധ്യാനത്തിനിരിക്കും മുമ്പുതന്നെ അറിയാനുള്ള ശ്രമത്തിൽ നിന്ന് ഒരിക്കലും പിന്മാറില്ലെന്നും ഞാൻ അറിയുക തന്നെ ചെയ്യുമെന്നുമുള്ള ദൃഢനിശ്ചയം വേണം. ധ്യാനത്തിലാണ് നമ്മുടെ എല്ലാ കർമ്മങ്ങളും ആരംഭിക്കേണ്ടത്. എന്നെ ഇതിനു തയ്യാറാക്കിയ അജ്ഞാതമായ കരങ്ങൾക്കു മുമ്പിലെ സമർപ്പണഭാവമാണ് ധ്യാനം. മനസ്സുകൊണ്ട് മനസ്സിനെ നിരീക്ഷിക്കുന്ന അങ്ങേയറ്റത്തെ ജാഗ്രതയാണത്. പത്മാസനത്തിലും മറ്റും ഇരിക്കുവാനാകാത്തവർക്ക് കാൽനീട്ടിയോ കസേരയിലിരുന്നോ എങ്ങനേയും ധ്യാനിക്കാം. പക്ഷേ, ആത്മാന്വേഷണ വിഷയത്തിൽ സ്വയം കബളിപ്പിക്കാൻ പാടില്ല. ശാന്തമായ മനസ്സിൽ ഉണ്ടാകുന്ന സംശയങ്ങളാണ് ഒരുവനെ സത്യത്തിലേക്ക് നയിക്കുന്നത്. അശാന്ത മനസ്സിലെ സംശയങ്ങൾ രോഗത്തിലേക്ക് നയിക്കും. അറിയാതെ ചെയ്യുന്ന പ്രവൃത്തികളെല്ലാം ഭ്രാന്താണ്. ചെയ്യുന്ന കാര്യങ്ങളിൽ പൂർണ അറിവ് വേണം.

ബാഹ്യലോകത്തെ നിരീക്ഷിക്കുന്നതുപോലെ ആന്തരിക ചിത്തവൃത്തികളേയും നിരീക്ഷിക്കുക. ശബ്ദങ്ങളേയും നിശ്ശബ്ദതയേയും അറിയുക. മനസ്സിനെ നിരീക്ഷിക്കാൻ തുടങ്ങുമ്പോൾ മനസ്സ് ബലമുള്ളതാകുന്നു. നിരീക്ഷിക്കാത്ത മനസ്സ് അടച്ചിട്ടമുറിപോലെയാണ്.ഗുരുവായി പ്രപഞ്ചത്തിലെ ഏതിനെയും സ്വീകരിക്കാം. ഗ്രന്ഥത്തെ, വ്യക്തിയെ, സമുദ്രത്തെ, കരിയിലയെ ഒക്കെ. പുലർച്ചയ്ക്ക് എഴുന്നേൽക്കാൻ സ്വയം സാധിക്കാത്തവരെ സഹായിക്കാനുള്ള അലാമിൻെറ ദൗത്യമാണ് ഗുരുവിൻേറത്. അതെ ചെയ്യാവൂ. ഉണർത്താൻ കഴിവില്ലാത്തതിനെ ഗുരുവായി സ്വീകരിക്കരുത്. അതേപോലെ ശിഷ്യഭാവം ആടിയുലയുന്നതാകരുത്. ഗുരുവിൽ പൂർണസമർപ്പണം വേണം. മതം, ആചാര്യന്മാർ, ഗുരു തുടങ്ങിയ വേഷങ്ങളിലുള്ള പലതിനും വിഷമങ്ങൾ ഉണ്ടായിരിക്കലാണ് ആവശ്യം. പ്രശ്നപരിഹാരത്തിനായുള്ള പൂജയും ഹോമവുമൊക്കെ നടത്തലാണവരുടെ തൊഴിൽ. അത്തരക്കാരുടെ പിറകെ പോകരുത്.

**105**

**ഗീത നൽകുന്നത് തോന്നിയതു ചെയ്യാനുള്ള സ്വാതന്ത്ര്യം**

ഗീത നമുക്ക് അപരിമിതമായ സ്വാതന്ത്ര്യം തരുന്നു. രഹസ്യത്തേക്കാൾ രഹസ്യമായ അറിവിനെ പറഞ്ഞുതരാമെന്ന് ഭഗവാൻ പറയുന്നു. തുടർന്നു പറയുന്നത് ഇതിനെ ഒന്നൊഴിയാതെ ആലോചിച്ച് വിമർശനവിധേയമാക്കി എങ്ങിനെ തോന്നുന്നുവോ (അറിവിൻെറ വെളിച്ചത്തിൽ എന്താണോ തോന്നുന്നത്) അതുപോലെ ചെയ്യു എന്നാണ്. ഭഗവാൻ നമ്മുടെ മുഴുവൻ സാധ്യതയും പുറത്തെടുക്കാൻ പ്രേരിപ്പിക്കുന്നു.

ലോകത്തിലെ എല്ലാ അനിഷ്ടങ്ങളും ഇഷ്ടങ്ങളും നമ്മുടെ ഉള്ളിലുണ്ട്. നാം കണ്ണാടി നോക്കുന്ന പോലെയാണ് ലോകത്തെ കാണേണ്ടത്. നമ്മുടെ പ്രതിരൂപമാണ് വിശ്വം. അറിവാകുന്ന ദൃഷ്ടി കൊണ്ടേ ഇങ്ങനെ കാണാൻ കഴിയൂ. സൂര്യോദയം കണ്ട്, ചന്ദ്രനെ കണ്ട്, പൂക്കളെ കണ്ട് ഒക്കെ മതിയായവനേ ഇനി ജന്മം വേണ്ടെന്ന് പറയു. ഈ ഭാരതഭൂമിയിൽ ഇനിയും ജനിക്കാൻ തയ്യാറാണെന്നാണ് സ്വാമി വിവേകാനന്ദൻ തന്നെ പറഞ്ഞത്. ഈ പ്രപഞ്ചത്തിലെല്ലാറ്റിലൂടെയുമാണ് നാം കടന്നുവന്നത്. നമുക്കായി എല്ലാം ഒരുങ്ങിയിരിക്കുന്നു. ഈ വന്ന വഴിയെ പ്രാർഥനാപൂർവം സ്മരിക്കുന്നതിൻെറ ഭാഗമായാണ് നാം പ്രതീകങ്ങൾ അർഹിക്കുന്നത്. ധ്യാനത്തിലൂടെ നാം വന്നവഴികളിലേക്ക് സഞ്ചരിക്കാം.ധ്യാനം പരിശീലിക്കുന്നത് സൈക്കിൾ പഠിക്കുന്ന പോലെയാണ്. പഠിക്കുന്ന സമയത്ത് അതിൻേറതായ നിയമങ്ങൾ മുഴുവൻ പാലിക്കണം. സൈക്കിൾ പഠിക്കുന്ന സമയത്ത് ആരും ഒരു കൈവിട്ട് ചവിട്ടില്ല. പഠിച്ചു കഴിഞ്ഞാൽ പല നിയമങ്ങളും കടന്ന് അനായാസേന സഞ്ചരിക്കും. ധ്യാനം സ്വായത്തമാക്കിയാൽ പുതിയ സാധ്യതകൾ തേടാം. പിന്നെ ഒരിടത്തിരിക്കണമെന്നും തന്നെയില്ല. ആത്മജ്ഞാനം നേടിയവർ മുഴുവൻ സമയവും എന്തു ചെയ്യുമ്പോഴും

ധ്യാനാവസ്ഥയിലായിരിക്കും. ഇത് അറിവുകൊണ്ട് വേണം നേടാൻ. കടുത്ത പരീക്ഷണങ്ങളൊന്നും വേണ്ട. മാർഗത്തിൽ വാശിപിടിച്ച് ലക്ഷ്യത്തെ അവഗണിക്കരുത്. ഞാൻ ചെയ്തത് ശരിയായില്ല എന്ന കുറ്റബോധം ഒരിക്കലും പാടില്ല. 'എനിക്കിനി പറ്റില്ലല്ലോ, പണ്ടായിരുന്നെങ്കിൽ' എന്ന ചിന്തയും വേണ്ട. എപ്പോഴായാലും എങ്ങനെയായാലും ശ്രദ്ധയാണ് പരമപ്രധാനം. ആത്മാന്വേഷണത്തിനായി ഗൃഹത്തിലിരിക്കുന്നവൻ വനത്തിലിരിക്കുന്നവനെപ്പോലെയും വനത്തിലിരിക്കുന്നവൻ ഗൃഹസ്ഥനെപ്പോലെയും ആചരിക്കരുതെന്ന് തപോവനസ്വാമികൾ പറയുന്നു. വിവേകിയായ ഗൃഹസ്ഥൻ ഭോഗേച്ഛ കൂടാതെ സ്വധർമാനുഷ്ഠാനമായി വിഷയങ്ങൾ ഗ്രഹിക്കുന്നു. അതിലൂടെ ആത്മസത്യത്തെ പ്രാപിക്കുന്നു.

**106**

**ഏതു ധർമങ്ങളെയാണ് പരിത്യജിക്കേണ്ടത്?**

എല്ലാ ധർമങ്ങളേയും പരിത്യജിച്ച് എന്നെത്തന്നെ ശരണം പ്രാപിച്ചാൽ എല്ലാ പാപങ്ങളിൽ നിന്നും രക്ഷിക്കാമെന്നും ദുഃഖിക്കേണ്ടെന്നും ഭഗവാൻപറയുന്നു. ഗീതയിലെ മുഖ്യമായ ഈ ശ്ലോകം ഏറെ ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. എല്ലാ ജോലിയും ബന്ധങ്ങളും ഉപേക്ഷിച്ച് ഒരുത്തരവാദിത്വവും ഏറ്റെടുക്കാതെ അമ്പലപരിസരത്തോ ആശ്രമത്തിലോ കഴിയലാണ് ഇതിനർഥമെന്ന് ധരിക്കുന്നവരുണ്ട്.

ഒരു വസ്തുവിനെ അതാക്കിനിർത്തുന്നതാണ് ധർമം. അഗ്നിയുടെ ധർമങ്ങളായ ചൂടും പ്രകാശവും മാറ്റിയാൽ അഗ്നി അഗ്നിയല്ലാതാകും. അങ്ങനെ ഈ വിശ്വത്തെധരിച്ചിരിക്കുന്നത് ബ്രഹ്മമാണ്. ആ ബ്രഹ്മത്തിലേക്ക് നമ്മെ കൊണ്ടുപോകുന്ന എല്ലാ മൂല്യങ്ങളേയും ധർമമെന്നു പറയും. ബ്രഹ്മപരിത്യാഗമല്ല അതിനാൽ ഇവിടെ പറയുന്നത്. ഏകമായ ബ്രഹ്മത്തെ (എന്നെ) ധ്യാനത്തിലൂടെ അറിയാനാണ് (അറിവാണ് ശരണം പ്രാപിക്കൽ) ഭഗവാൻ പറയുന്നത്. ശരീരധർമങ്ങളിൽ (കാണൽ, കേൾക്കൽ, ചിന്തിക്കൽ തുടങ്ങിയവയിൽ) 'ഞാൻ' ചെയ്യുന്നു എന്ന ഭാവത്തെ ഉപേക്ഷിക്കാനാണ് ഗീത ആവശ്യപ്പെടുന്നത്. എൻേറതായി ഒന്നുമില്ലാതാകുമ്പോൾ ഒന്നും ഉപേക്ഷിക്കാനുമില്ല. ജനലിലൂടെ ആകാശം കാണുന്നവനെ പുറത്തിറക്കി നിർത്തലാണിത്. പിന്നെ അവിടെ രണ്ടില്ല. കർതൃത്വത്തിൻെറ ഉപേക്ഷയാണ് ഇവിടെ ധർമങ്ങളുടെ പരിത്യാഗമെന്നത്.

കർത്താവിൽ അപകർഷതാബോധമുണ്ടാക്കുന്നതാണ് പാപം. 'എൻെറ ഗതി ഇതായല്ലോ' എന്ന ചിന്ത പാപമാണ്. ഭഗവാനിൽ ശരണംപ്രാപിക്കുക എന്നത് സങ്കല്പങ്ങളിൽ ജീവിക്കാതെ പച്ചയായ ജീവിതത്തിനെ സ്വീകരിക്കലാണ്. ഒരു തിര ഞാൻ സമുദ്രമാണ് എന്നറിയലാണ് ആ ശരണംപ്രാപിക്കൽ. അതിൻെറ പ്രതീക്ഷയല്ലാതെ ചെയ്യുന്ന നമസ്കാരാദികളൊക്കെ വ്യർഥമാണ്. ആരെ നമസ്കരിച്ചാലും പരമാത്മചൈതന്യത്തെ നമസ്കരിക്കുന്നു എന്ന ഭാവത്തിൽ വേണം ചെയ്യാൻ. ഏതെങ്കിലും ക്ഷേത്രത്തേയോ പൂജാരിയേയോ വിഗ്രഹത്തേയോ ശരണമായി ഗമിക്കണമെന്നല്ല ഇവിടെ പറഞ്ഞിട്ടുള്ളത്. ഭക്തനാവുകയെന്നത് ഞാൻ പ്രപഞ്ചത്തിൽ നിന്നന്യനല്ല എന്ന് അറിയലാണ്. വിശ്വത്തിനേൽക്കുന്ന ഏതു മുറിവും എനിക്കേൽക്കുന്നതാണ്. ഞാൻ സംരക്ഷിക്കേണ്ടതാണ് വിശ്വം. നമ്മളും പ്രകൃതിയുമായുള്ള പാരസ്പര്യമാണ്, സർവഭൂതപ്രേമമാണ് നീ എനിക്കു പ്രിയപ്പെട്ടവനെന്ന് ഭഗവാൻ പറയുന്നതിൻെറ സാരം. അറിവുകൊണ്ടുമാത്രമേ ഇത് സാധിക്കൂ. ദിവസവും രാവിലെ കുളിച്ച് അമ്പലത്തിൽ പോയാൽ പ്രിയപ്പെട്ടവനാകില്ല.

107

**ജീവിതപാദമാണ്‌ ഭഗവദ്‌പാദം**

ജീവിതത്തിന്റെ പാദമാണ്‌ ഭഗവാന്റെ പാദം. ഭഗവാന്റെ പാദത്തിലേക്ക്‌ ചെല്ലാൻ പറയുന്നതിന്റെ അർഥം ജീവിതത്തെ സ്വീകരിക്കാനാണ്‌. നമുക്ക്‌ ജീവിതം എങ്ങനെയാണോ അതേ നിലയിൽ പൂർണമനസ്സോടെ സ്വീകരിക്കുക. മറ്റെല്ലാറ്റിനെയും വിട്ടുകഴിഞ്ഞാലേ പരമമായതിനെ സ്വീകരിക്കാൻ പറ്റൂ. ഭഗവദ്‌സേവ ഭഗവാനെ പരിചയപ്പെടുത്തലാണ്‌. ഒരുപാട്‌ ക്ഷേത്രങ്ങൾ നിർമിക്കണമെന്നല്ല ജ്ഞാനത്തിലൂടെ ഞാനാരെന്ന്‌ (ശാസ്ത്രമെന്തെന്ന്‌) പ്രചരിപ്പിക്കണമെന്നാണ്‌ ഭഗവാൻ പറഞ്ഞിട്ടുള്ളത്‌. കുറഞ്ഞപക്ഷം വീട്ടുകാരെയെങ്കിലും ഈ അന്വേഷണപാതയിലേക്ക്‌ നയിക്കണം. ശരിയായി ശാസ്ത്രം ഉപദേശിക്കുന്നവൻ ഭഗവാന്‌ പ്രിയപ്പെട്ടവനാണ്‌. ആരാണോ എന്നെ ശരിക്ക്‌ പരിചയപ്പെടുത്തുന്നത്‌ അവൻ എനിക്ക്‌ പ്രിയപ്പെട്ടവനാണെന്ന്‌ ഭഗവാൻ പറയുന്നു. ഇതിലും മികച്ച ഒരു പ്രവൃത്തിയും ലോകത്തിലില്ല. ധർമത്തിൽനിന്നും വ്യതിചലിക്കാതെ ശാസ്ത്രം പഠിക്കുന്നതാണ്‌ ശരിയായ ആരാധന. ശ്രദ്ധയോടെ അസൂയയില്ലാതെ കേൾക്കുകയെങ്കിലും ചെയ്താൽ അവനും പുണ്യകർമഫലം കിട്ടും.

കേൾക്കുന്നത്‌ ഏകാഗ്രതയിലാകണം. വെറുതെ കേട്ടുപോയതുകൊണ്ട്‌ ഫലമില്ല. ശ്രവണവും മനനവും നടക്കണം. കേട്ടതിനെക്കുറിച്ച്‌ ചിന്തിച്ച്‌ ശബ്ദാർഥവും ഭാവാർഥവും അറിയണം. എങ്കിൽ മോഹം നശിക്കും. ശാസ്ത്രശ്രവണത്തിന്‌ അവസരമുണ്ടാകുന്നതുതന്നെ നാം തിരഞ്ഞെടുക്കപ്പെട്ടവരായതുകൊണ്ടാണ്‌.തപസ്സും ഭക്തിയുമില്ലാത്തവന്‌, പരസേവനംചെയ്യാത്തവന്‌, അസൂയയുള്ളവന്‌ ഒന്നും ശാസ്ത്രം ഉപദേശിക്കരുതെന്ന്‌ ഗീത പറയുന്നു. താത്‌പര്യമില്ലാത്തവർക്ക്‌ നൽകരുത്‌. ശൂദ്രൻ, സ്ത്രീ ഇവരൊന്നും ബ്രഹ്മവിദ്യക്ക്‌ അധികാരികളല്ലെന്ന്‌ കരുതുന്നവരുണ്ട്‌. ആർക്കാണ്‌ ബ്രഹ്മവിദ്യക്കധികാരമില്ലാത്തതെന്ന്‌ ഭഗവാൻ ഇവിടെ സംശയമേതുമില്ലാതെ പറഞ്ഞിരിക്കുന്നു. ജനിച്ച കുലമോ ലിംഗമോ ഒന്നും ഇവിടെ പ്രസക്തമല്ല.ഒരുതരത്തിലുള്ള പ്രയത്നവുമില്ലാത്തവന്‌ ശാസ്ത്രം ഉപദേശിക്കരുത്‌. സന്തോഷപൂർവം അനുഷ്ഠിക്കുന്ന പ്രയാസമാണ്‌ തപസ്സ്‌. ജടപിടിച്ചിരിക്കലല്ല. സ്വരാജ്യസേവനമാണ്‌ സർവേശ്വരസേവനമെന്നും ജനങ്ങളോടുള്ള ഭക്തിയാണ്‌ പരമാത്മഭക്തിയെന്നും അറിയാത്തവനാണ്‌ പരസേവനം ചെയ്യാത്തവർ, അന്യർക്ക്‌ ഒരു ശുശ്രൂഷയും ചെയ്യാത്തവൻ, പ്രകൃതിക്ക്‌ ഒരു ശുശ്രൂഷയും ചെയ്യാത്തവനാണ്‌. മറ്റുള്ളവരോട്‌ അസൂയപ്പെടുന്നവർ ഭഗവാനോടാണ്‌ അസൂയപ്പെടുന്നത്‌.

108

**വേണ്ടത്‌ ലോക സമന്വയം**

യോഗേശ്വരനായ ശ്രീകൃഷ്ണൻ ആധ്യാത്മികതയുടെ പ്രതീകമാണ്‌. ധനുർധരനായ പാർഥൻ, കർമപ്രതീകവും. ഇവയുടെ സമന്വയമുണ്ടാകുന്നിടത്ത്‌ ഐശ്വര്യം, വിജയം, അഭിവൃദ്ധി, ശരിയായ നീതി ഇതൊക്കെയുണ്ടാകും. ഈ ചേർച്ചയുടെ അഭാവം കൊണ്ടാണ്‌ ഇവ ഇല്ലാതെ പോകുന്നത്‌. അമേരിക്കയിൽ പാർഥനുണ്ട്‌, യോഗേശ്വരന്റെ അഭാവമുണ്ട്‌. ഭാരതത്തിന്‌ ആധ്യാത്മികതയുണ്ട്‌, പാർഥനില്ല. ലോകങ്ങളുടെ ഒരു സമ്മേളനമാണ്‌ അതിനാൽ ഇവിടെ ആവശ്യമെന്ന്‌ സ്വാമി സന്‌ദീപ്‌ ചൈതന്യ പറഞ്ഞു. മനുഷ്യരാശിയുടെ നന്മയ്ക്കായി, മുഴുവൻ സാധ്യതകളേയും പുറത്തെടുക്കണം. അപ്പോൾ അണുബോംബോ യുദ്ധമോ ഒന്നും ഉണ്ടാകില്ല.

ശരിയായ കാഴ്ചപ്പാട്, തിരിച്ചറിവ് ലഭിച്ചതിലൂടെ എന്റെ സ്മൃതി ഉണർന്നു എന്ന് അർജുനൻ പറയുന്നു. എന്റെ ഉള്ളിൽ ഉള്ളതുതന്നെയാണ് അത്. അതിനെ ഉണർത്തിവിടുകയാണ് ഭഗവാൻ ചെയ്തത്. ഭഗവാന്റെ വാക്കനുസരിച്ച് പ്രവർത്തിക്കാമെന്ന് അർജുനൻ ഉറപ്പു നൽകുന്നു. അത് പ്രകൃത്യാനുസാരിയായ ജീവിതമാണ്. പ്രകൃതിവിരുദ്ധമാകില്ല പിന്നെ കർമങ്ങളും.

തത്ത്വമസി എന്ന മഹാ വാക്യത്തിന്റെ വിശദാംശങ്ങളിലേക്കാണ് ഗീത നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ആദ്യത്തെ ആറ് അധ്യായങ്ങളിൽ 'ത്വം' (നീ) പദ നിരൂപണവും പിന്നത്തെ ആറ് അധ്യായങ്ങളിൽ 'തത്' (അത്, പരമാത്മാവ്) പദ നിരൂപണവും അവസാനത്തെ ആറ് അധ്യായങ്ങളിൽ 'അസി' അവ തമ്മിലുള്ള ചേർച്ചയായും പറയുന്നു. അത് നീയാകുന്നു എന്നത് ബോധ്യപ്പെട്ട് ഞാൻ ബ്രഹ്മമാകുന്നു എന്ന ഭാവത്തിലെത്തിച്ചേരണം, ശാസ്ത്രപഠനത്തിലൂടെ. ആ അറിവിലേക്കായിരിക്കണം പിന്നെ കർമങ്ങളെല്ലാം.